2020 ഏപ്രിൽ
21
ചൊവ്വ
1195 മേടം 08

മെട്രോ വാർത്ത

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | റായ്പുർ
www.metrovaartha.com
16 പേജ് ₹ 7.00
KOZHIKODE

കൊവിഡ് രോഗമുക്തനായ ഇറ്റലിക്കാരൻ റോബർട്ടോ ടൊണോസോ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്ന് മടങ്ങും മുൻപ് എല്ലാവരോടും നന്ദി പറയുന്നു.

നന്ദി പറഞ്ഞ് റോബർട്ടോ കേരളം വിട്ടു

കേരളം മറ്റെവിടത്തേക്കാളും സുരക്ഷിതം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കൊവിഡ് 19ൽ നിന്നു മുക്തി നേടിയ ഒരു വിദേശി കൂടി കേരളത്തോട് നന്ദി പറഞ്ഞു യാത്രയായി. ഇറ്റലിക്കാരൻ റോബർട്ടോ ടൊണോസോ (57) ആണ് നീണ്ട ആശുപത്രിവാസത്തിനു ശേഷം തികഞ്ഞ സന്തോഷത്തോടെ തലസ്ഥാനത്തോടു വിട പറഞ്ഞത്. തിരുവനന്തപുരത്തു നിന്നും ബംഗളൂരുവിലേക്കും അവിടെ നിന്ന് ഇന്ന് ഇറ്റലിയിലേക്കുമാണ് റോബർട്ടോ പോകുന്നത്. റോബർട്ടോയുമായി ആരോഗ്യമന്ത്രി കെ.കെ. ശൈലജ വിഡിയോ കോൾ വഴി സംസാരിച്ചു. സഹകരണ മന്ത്രി കടകംപള്ളി സുരേന്ദ്രൻ യാത്രയയ്ക്കാനെത്തി.

കൊവിഡിന്റെ രണ്ടാം ഘട്ടത്തിൽ വർക്കലയിൽ ഏറെ ആശങ്കയുണ്ടാക്കിയയാളാണ് റോബർട്ടോ. മാർച്ച് 13നാണ് ഇദ്ദേഹത്തിന് കോവിഡ് സ്ഥിരീകരിച്ചത്. ഉടൻ തിരുവനന്തപുരം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു. നിരീക്ഷണത്തിലായിരുന്ന സമയത്ത് ഇദ്ദേഹം നിരവധി സ്ഥലങ്ങളിൽ യാത്ര നടത്തിയിരുന്നു. എവിടെയൊക്കെ പോയി, ആരോടെല്ലാം സമ്പർക്കം പുലർത്തി എന്നു പറയാൻ കഴിയാത്തതും ഭാഷാ പ്രശ്നവും സമ്പർക്ക ലിസ്റ്റും റൂട്ട് മാപ്പുമുണ്ടാക്കാൻ വലിയ ബുദ്ധുമുട്ടുണ്ടാക്കി. ഒടുവിൽ ഇറ്റാലിയൻ ഭാഷ അറിയുന്ന ആളിന്റെ സഹായത്തോടെയാണ് 126 പേരുള്ള നീണ്ട സമ്പർക്ക ലിസ്റ്റ് ഉണ്ടാക്കിയത്. ഗുരുതരമായ മറ്റ് അസുഖങ്ങളും ഉണ്ടായിരുന്ന റോബർട്ടോയ്ക്ക് മെഡിക്കൽ ബോർഡ് രൂപീകരിച്ച് മികച്ച ചികിത്സയാണ് നൽകിയത്.

കൊവിഡ് പരിശോധനാഫലം നെഗറ്റീവായി രോഗമുക്തി നേടിയതിനെ തുടർന്ന് മാർച്ച് 25ന് ഡിസ്ചാർജ് ചെയ്തു. തുടർന്ന് നിരീക്ഷണത്തിനായി ഹോട്ടലിൽ താമസിപ്പിച്ചാൽ വീണ്ടും പുറത്തു പോകാൻ സാധ്യതയുള്ളതിനാൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും പ്രത്യേക മുറിയിലാക്കി. ഈ കാലാവധിയും കഴിഞ്ഞ ശേഷമാണ് ജനറൽ ആശുപത്രിയിൽ നിന്നും യാത്രയായത്.

മികച്ച ചികിത്സ നൽകിയ കേരളത്തിനു നന്ദി പറയുന്നതായി റോബർട്ടോ വിഡിയോ കോളിൽ ശൈലജയോടു പറഞ്ഞു. ഇന്ത്യയിൽ പലതവണ വന്നിട്ടുണ്ട്. കേരളത്തെ ഏറെ സ്നേഹിക്കുന്നു. എന്നാൽ ഇത്തവണ നിർഭാഗ്യവശാൽ കൊവിഡ് ബാധിച്ചു. ഡോക്റ്റർമാരും നഴ്സുമാരും നല്ല സേവനമാണ് നൽകിയത്. മികച്ച ഭക്ഷണവും നൽകി. ഈയൊരവസ്ഥ കടന്നുപോയാൽ അടുത്തവർഷവും കേരളത്തിലെത്തും. ഈ സന്ദർഭത്തിൽ കേരളത്തക്കാൾ സുരക്ഷിമായൊരു സ്ഥലമില്ല- അദ്ദേഹം പറഞ്ഞു.

വി.കെ. പ്രശാന്ത് എംഎൽഎ, മേയർ കെ. ശ്രീകുമാർ, ജില്ലാ കലക്റ്റർ ഗോപാലകൃഷ്ണൻ, ജില്ലാ പ്രോഗ്രാം മാനെജർ ഡോ. പി.വി. അരുൺ, മെഡിക്കൽ കോളെജ് ആശുപത്രി സൂപ്രണ്ട് ഡോ. എം.എസ്. ഷർമ്മദ്, ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. പത്മലത എന്നിവർ യാത്രയയപ്പിൽ പങ്കെടുത്തു.

ജനം കൂട്ടമായി നിരത്തിൽ

രണ്ടുലക്ഷം പ്രവാസികളെ ക്വാറന്റൈൻ ചെയ്യാം

തിരുവനന്തപുരം: വിദേശത്തുനിന്ന് പ്രവാസികളെ തിരിച്ചെത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായാൽ രണ്ടു ലക്ഷം പേരെ ക്വാറന്റൈൻ ചെയ്യുന്നതിനുള്ള സംവിധാനം സംസ്ഥാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അതിൽ കൂടുതൽ പേർ എത്തിയാലും അവരെയെല്ലാം സുരക്ഷിതമായി പാർപ്പിക്കാനുള്ള പദ്ധതി തയാറാക്കിയിട്ടുണ്ട്.

കേന്ദ്രസർക്കാർ പ്രത്യേക വിമാനം ഏർപ്പെടുത്തിയാൽ പ്രായം ചെന്നവർ, ഗർഭിണികൾ, കൊവിഡ് ഒഴികെയുള്ള മറ്റു രോഗങ്ങൾക്ക് ചികിത്സ തേടുന്നവർ എന്നിവർക്ക് മുൻഗണന നൽകേണ്ടിവരും. പ്രവാസികൾ എത്തിയാൽ അവരെ ക്വാറന്റൈൻ ചെയ്യുന്നതു മുതൽ വീട്ടിലെത്തിക്കുന്നതു വരെയുള്ള എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യും. പ്രവാസികളെ തിരിച്ചെത്തിക്കുന്നതിൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് അനുകൂല തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷയെന്നും മുഖ്യമന്ത്രി പറഞ്ഞു.

സംസ്ഥാനത്തെ 1,296 ആശുപത്രികളിലായി 49,722 കിടക്കകൾ ഇപ്പോൾ സജ്ജം. 1,369 ഐസിയു കിടക്കകളും 800 വെന്റിലേറ്ററുകളും സർക്കാർ ആശുപത്രികളിലുണ്ട്. 81,904 കിടക്കകളും 6,059 ഐസിയു കിടക്കകളും 1,578 വെന്റിലേറ്ററുകളും സ്വകാര്യ ആശുപത്രികളിലും തയാറാണ്.

വലഞ്ഞ് പൊലീസ്

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ലോക് ഡൗണിൽ സർക്കാർ ഇളവുകൾ പ്രഖ്യാപിച്ചതോടെ സംസ്ഥാനത്ത് മിക്കയിടങ്ങളിലും ജനങ്ങളെല്ലാം നിരത്തിലേക്കിറങ്ങിയത് പൊലീസിനെ വലച്ചു. അധിക ഇളവുകൾ നൽകിയ എഴു ജില്ലകളിലാണ് വാഹനവുമായി ഇറങ്ങിയ ജനങ്ങൾ പ്രതിസന്ധി സൃഷ്ടിച്ചത്. തിരക്കു നിയന്ത്രിക്കാൻ നഗരങ്ങളിലടക്കം പൊലീസ് പരമാവധി ശ്രമിച്ചെങ്കിലും മിക്കയിടങ്ങളിലും കാര്യങ്ങൾ പാളി.

പൊതുഗതാഗതത്തിന് അനുമതിയില്ലെങ്കിലും ജനജീവിതം സാധാരണ നിലയിലേക്ക് എത്തുന്ന തരത്തിൽ ഇളവുകൾ ഉണ്ടാവുമെന്നായിരുന്നു അറിയിപ്പുകൾ. എന്നാൽ, ഹോട്ട് സ്പോട്ടുകളിലേക്കുള്ള പ്രവേശനം നിഷേധിച്ചതും നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിൽ വിവിധ സർക്കാർ വകുപ്പുകൾക്കിടയിലെ ആശയക്കുഴപ്പവും തിരക്കു വർധിക്കാൻ കാരണമായി. തിരുവനന്തപുരം ജില്ല ഇളവുകൾ പ്രഖ്യാപിച്ച ഓറഞ്ച്- ബി മേഖലയിൽ ആയിരുന്നെങ്കിലും കോർപ്പറേഷൻ പരിധി ഹോട്ട് സ്പോട്ടിലായിരുന്നത് ജനങ്ങളിൽ ആശയക്കുഴപ്പമുണ്ടാക്കി. സ്വന്തം കാറുകളിലും ഇരുചക്ര വാഹനങ്ങളിലുമെത്തിയ ജനങ്ങളെക്കൊണ്ട് തിക്കും തിരക്കുമായി.

എംസി റോഡിലടക്കം വാഹനങ്ങളുടെ നീണ്ട നിരയായിരുന്നു. ഇതിനിടെ പൊലീസ് പരിശോധനയും കൂടിയായതോടെ മണിക്കൂറുകളോളം റോഡുകൾ ബ്ലോക്കിലായി. കാട്ടാക്കടയിൽ തുണിക്കടകളും ചെരിപ്പുകടകളും വരെ തുറന്നു. നെടുമങ്ങാട് വിലക്ക് ലംഘിച്ച് ഓട്ടോകൾ നിരത്തിലിറങ്ങി.

ലോക് ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചതോടെ നിരത്തിലിറങ്ങിയ ചക്ക കയറ്റിയ വാഹനം. എറണാകുളം വടക്കൻ പറവൂരിൽ നിന്നുള്ള ദൃശ്യം. മനു ഷെല്ലി

കൊല്ലത്തും ആലപ്പുഴയിലും അവശ്യ സാധനങ്ങൾ വിൽക്കുന്ന കടകളല്ലാത്തവ പൊലീസ് അടപ്പിച്ചു. കോട്ടയത്തും ഹോട്ട് സ്പോട്ടായ എറണാകുളം നഗരത്തിലും ജനങ്ങൾ മാർക്കറ്റുകളിലേക്കെത്തിയത് തിരക്കിന് കാരണമായി.

ആളുകൾ കൂട്ടമായി എത്തുന്നതു വർധിച്ചതോടെ കോട്ടയത്ത് പൊലീസ് വീണ്ടും കർശനമായി ഇടപെട്ടു. നിയന്ത്രണങ്ങൾ ലംഘിക്കപ്പെടുമെന്നായതോടെ ജില്ലാ പൊലീസ് മേധാവി തന്നെ റോഡിലിറങ്ങി ഉദ്യോഗസ്ഥർക്ക് നിർദേശങ്ങൾ നൽകേണ്ട സ്ഥിതിയായി. ഗ്രീൻ സോണിൽ പെട്ട കോട്ടയത്തും ഇടുക്കിയിലും ഇന്നു മുതലാണ് ഇളവുകൾ പ്രാബല്യത്തിലെന്നാണ് കലക്റ്റർമാർ അറിയിച്ചത്. എന്നാൽ ഇന്നലെത്തന്നെ കോട്ടയത്ത് സ്വകാര്യ കാറുകളും ഓട്ടോകളും റോഡിലിറങ്ങി.

തൃശൂർ പാലിയേക്കരയിൽ രാവിലെ ടോൾ പിരിവ് തുടങ്ങിയത് യൂത്ത് കോൺഗ്രസ് പ്രതിഷേധവുമായി എത്തിയതോടെ നിർത്തിവച്ചു. പാലക്കാട്ട് സ്വകാര്യ വാഹനങ്ങൾ കൂടുതൽ റോഡിലെത്തിയതോടെ പൊലീസ് തടഞ്ഞ് തിരിച്ചയച്ചു. ജില്ലയിലേക്കുള്ള പ്രവേശനകവാടങ്ങളെല്ലാം അടയ്ക്കുകയും ചെയ്തു. വയനാട്ടിൽ ജ്വല്ലറികളും തുണിക്കടകളും തുറക്കാൻ അനുമതി നൽകിയിരുന്നു. ഇളവുകൾ വന്ന ഗ്രീൻ സോണിലെയും ഓറഞ്ച് ബിയിലെയുടേയും ഹോട്ട് സ്പോട്ടുകളിൽ നിയന്ത്രണങ്ങൾ ശക്തമായി തുടരുകയാണ്. ആളുകൾ കൂട്ടത്തോടെ ഇറങ്ങുന്നതിനാൽ ആരോഗ്യവകുപ്പ് ആശങ്കയിലാണ്.

കേന്ദ്രം പറഞ്ഞു, ഇളവുകൾ റദ്ദാക്കി കേരളം

കേന്ദ്രവുമായി ഒരു സംഘർഷവുമില്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിൽ ലോക്ഡൗണിന്റെ കാര്യത്തിൽ ഒരു സംഘർഷവുമില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. റെഡ് സോൺ ഉൾപ്പെടെ ചില കാര്യങ്ങളിൽ നമ്മൾ വരുത്തിയ മാറ്റം കേന്ദ്രം അംഗീകരിച്ചിട്ടുണ്ട്. ചില നിയന്ത്രണങ്ങളിൽ വ്യത്യാസമുണ്ടെന്നേയുള്ളൂ- മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

കേരളം കേന്ദ്ര മാനദണ്ഡങ്ങൾക്കു വിരുദ്ധമായി അധിക മേഖലകളിൽ ഇളവുകൾ നൽകിയതിനെതിരേ കേന്ദ്ര ആഭ്യന്തര സെക്രട്ടറി സംസ്ഥാനത്തിനു കത്തയച്ചിരുന്നു. ഇതു കണക്കിലെടുത്ത് അധികമായി നൽകിയ ഇളവുകൾ ഇന്നലെത്തന്നെ സംസ്ഥാനം പിൻവലിക്കുകയും ചെയ്തു. നിയന്ത്രണങ്ങളോടെ ബസ് സർവീസ്, ബാർബർ ഷോപ്പുകൾ തുറക്കൽ, ഹോട്ടലുകൾ തുറക്കൽ തുടങ്ങിയവയാണു കേരളം പിൻവലിച്ചത്.

- റസ്റ്ററന്റുകളിൽ ഇരുന്ന് ഭക്ഷണം കഴിക്കാൻ അനുമതിയില്ല
- ബാർബർ ഷോപ്പുകൾ പ്രവർത്തിക്കാനാവില്ല
- വാഹന പരിശോധന കർശനമാക്കും
- മത്സ്യലേലത്തിന് വേറെ നിറം നൽകാൻ നോക്കരുതെന്ന് മുഖ്യമന്ത്രി

ലോക് ഡൗൺ ഇളവുകൾ നൽകാനായി കേരള സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ ആശങ്ക അറിയിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേരളത്തിനു കത്തു നൽകി. ഡിസാസ്റ്റർ മാനെജ്മെന്റ് ആക്റ്റ് അനുസരിച്ച് ആഭ്യന്തര മന്ത്രാലയം മുന്നോട്ടുവച്ച ചില നിയന്ത്രണങ്ങളെ ലംഘിക്കുന്നതാണ് കേരളത്തിന്റെ നടപടി. നിയന്ത്രണങ്ങൾ ആവശ്യമുള്ള ചില മേഖലകൾ കേരളം തുറന്നുകൊടുത്തു.

പുണ്യ സലില ശ്രീവാസ്തവ
വക്താവ്, ജോയിന്റ് സെക്രട്ടറി, കേന്ദ്ര ആഭ്യന്തര മന്ത്രാലയം

6 പേർക്കു കൂടി കൊവിഡ്

ശ്വാസം വിടാവുന്ന ഘട്ടമല്ലെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ ആറു പേർക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. എല്ലാവരും കണ്ണൂർ ജില്ലക്കാരാണ്. അഞ്ചു പേർ വിദേശത്തു നിന്നുവന്നവർ. ഒരാൾക്ക് സമ്പർക്കത്തിലൂടെയാണ് വൈറസ് ബാധയുണ്ടായത്. ഇന്നലെ 21 പേരുടെ ഫലം നെഗറ്റീവായി- കാസർഗോഡ് 19, ആലപ്പുഴ 2.

ഇന്നലെ 62 പേരെ നിരീക്ഷണത്തിനായി ആശുപതിയിൽ പ്രവേശിപ്പിച്ചു. സംസ്ഥാനത്ത് ആകെ നിരീക്ഷണത്തിലുള്ളത് 46,323 പേരാണ്- 45,925 പേർ വീടുകളിലും 398 പേർ ആശുപത്രികളിലും. ഇതുവരെ 19,756 സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 19,074 എണ്ണത്തിൽ രോഗബാധയില്ല. ക്വാറന്റൈനിലുള്ള മുഴുവൻ പേരെയും പരിശോധിക്കാനാണ് ഉദ്ദേശിക്കുന്നത്. രണ്ടുമൂന്നു ദിവസം കൊണ്ട് ഇത് പൂർത്തിയാക്കാൻ കഴിയും- മുഖ്യമന്ത്രി പറഞ്ഞു.

"പൊങ്ങച്ചം പറയാനല്ല വാർത്താസമ്മേളനം ഉപയോഗിച്ചത്. ആരോഗ്യപ്രവർത്തകരുടെ പ്രയത്നത്തിന്റെ ഫലമാണ് ഇപ്പോൾ ശ്വാസം വിടാമല്ലോ എന്ന നിലയിലെത്തിച്ചത്. എന്നാൽ, ഇത് ശ്വാസം വിടാവുന്ന ഘട്ടമല്ലെന്ന് മുഖ്യമന്ത്രി ഓർമിപ്പിച്ചു. വരാനിരിക്കുന്ന ദിവസങ്ങൾ വിശ്രമിക്കാനുള്ളതല്ല. ഓരോ നിമിഷവും അതീവജാഗ്രത പാലിക്കേക്കണം. നാം ഇപ്പോൾ വളരെ സുരക്ഷിതാവസ്ഥയിലാണ് എന്ന് ചിലരൊക്കെ ധരിച്ചിരിക്കുന്നു. അങ്ങനെയല്ല. നിതാന്ത ജാഗ്രതയും കണ്ണിമ തെറ്റാത്ത ശ്രദ്ധയും വേണ്ട അവസ്ഥയാണ്"- മുഖ്യമന്ത്രി മുന്നറിയിപ്പു നൽകി.

ചുവടുറപ്പിച്ചു തന്നെ..!

കൊവിഡ് അവലോകനത്തിനു ശേഷം വിഡിയോ കോൺഫറൻസിലൂടെ പതിവു പത്രസമ്മേളനം നടത്താനായി മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയറ്റിന്റെ മൂന്നാം നിലയിലെ തന്റെ ഓഫിസിൽ നിന്നും താഴെത്തെ നിലയിലെ മീഡിയാ റൂമിലേക്ക് ലിഫ്റ്റിൽ വന്നിറങ്ങുന്നു. കെ.ബി. ജയചന്ദ്രൻ

വിവാദങ്ങൾക്ക് ലോക് ഡൗൺ; നയം വ്യക്തമാക്കി പിണറായി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: കൊവിഡ് കാലത്ത് വിവാദങ്ങൾക്കായി കളയാൻ സമയമില്ലെന്നും ഇനിയുള്ള ദിനങ്ങൾ വിശ്രമിക്കാനുള്ളതല്ലെന്നും പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ ആറു മണിയുടെ പതിവു വാർത്താസമ്മേളനത്തിന്റെ നയം വ്യക്തമാക്കി. പാർട്ടി സെക്രട്ടറിയായിരുന്ന സമയത്ത് തന്നെ വേട്ടയാടിയതു പോലെ ഇനി അനുവദിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

"ഒരു കൂട്ടർ ശുദ്ധമായ നുണ കെട്ടിച്ചമയ്ക്കുമ്പോൾ തനിക്കില്ലാത്ത വേവലാതി മാധ്യമപ്രവർത്തകർക്കെന്തിനാണെന്ന് മുഖ്യമന്ത്രി. "നിങ്ങളുടെ പുതിയ രീതികൾ കണ്ടിട്ട് വല്ലാതെ വേവലാതിപ്പെടുന്ന ആളായി എന്നെ കാണരുത്. വിവാദങ്ങളിലല്ല, കൊവിഡ് വൈറസിനെതിരെയുള്ള പ്രതിരോധത്തിലാണ് ഇപ്പോൾ ശ്രദ്ധ. ശുദ്ധമായ നുണകൾ ചിലർ പറയുമ്പോൾ അതിനു മറുപടി പറയാൻ തനിക്കു നേരമില്ല. ആരോപണങ്ങൾക്ക് പിന്നിൽ എന്താണെന്ന് എല്ലാവർക്കും മനസിലാകും."

മാധ്യമ സിൻഡിക്കേറ്റ് എന്ന് സിപിഎം സംസ്ഥാന സെക്രട്ടറിയായിരുന്നപ്പോൾ താൻ ചില മാധ്യമപ്രവർത്തകരെ പരാമർശിച്ചത് ആ പേരു പറയാതെ ഓർമിപ്പിച്ചശേഷം അദ്ദേഹം തുടർന്നു: "നാലഞ്ചു പേർ ഒരു കേന്ദ്രത്തിലിരുന്ന് വാർത്തകൾ മെനയുന്നു. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. അന്നത്തേതിന്റെ ചില അംശങ്ങൾ ഇപ്പോഴുമുണ്ട്. അവർ തെളിവുകൾ കൊണ്ടുവരട്ടെ. അതിൽ നിങ്ങൾ മാത്രമല്ല, മറ്റു ചിലരുമുണ്ട്. നിങ്ങൾ എന്തു തെളിവുകൾ കൊണ്ടുവന്നാലും ഞാൻ അതിന് തടസം നിൽക്കില്ല."

സേവ് സിപിഎം ഫോറം എന്ന പേരിൽ വാർത്ത തയാറാക്കി എന്ന പഴയ ആരോപണം മുഖ്യമന്ത്രി ആവർത്തിച്ചു. മുഖ്യമന്ത്രിയുടെ മകളുടെ കമ്പനിക്കെതിരേ പി.ടി. തോമസ് എംഎൽഎ ഉയർത്തിയ ആരോപണത്തിനു മറുപടി പറയാനും അദ്ദേഹം തയാറായില്ല. "ഓ, അത് ഭയങ്കര ഗുരുതരമല്ലേ, ഇതെല്ലാം എല്ലാവർക്കും മനസിലാവും. ഇതെന്തോ വലിയ ആനക്കാര്യമല്ലേ? നിജസ്ഥിതി പറയണമെങ്കിൽ എന്തെങ്കിലും ഉണ്ടാവേണ്ടേ?"- മുഖ്യമന്ത്രി ചോദിച്ചു.

"നിങ്ങൾ നേർവഴിക്ക് ചിന്തിക്കാൻ ശ്രമിക്കണം. കേരളത്തിലെ ഉത്തരവാദപ്പെട്ട മാധ്യമപ്രവർത്തകരായ നിങ്ങൾ കൊവിഡ് പ്രതിരോധത്തെ വേറേ വഴിക്ക് തിരിച്ചുവിടാനാണ് നോക്കുന്നത്" - മുഖ്യമന്ത്രി കുറ്റപ്പെടുത്തി. 'ഇന്നു വൈകിട്ട് കാണാം' എന്ന് പറഞ്ഞാണ് മുഖ്യമന്ത്രി വാർത്താസമ്മേളനം അവസാനിപ്പിച്ചത്.

ലോകം

രോഗബാധിതർ
24,44,689

ആകെ മരണം
1,68,011

യുഎസ്	: 41,356
ഇറ്റലി	: 24,114
സ്പെയിൻ	: 20,852

മണിപ്പുരും കൊവിഡ് 19 മുക്തം

ന്യൂഡൽഹി: ഗോവയ്ക്കു പിന്നാലെ മണിപ്പുരും കൊവിഡ് 19 മുക്ത സംസ്ഥാനമായി. ചികിത്സയിലുണ്ടായിരുന്ന രണ്ടു രോഗികളും സുഖം പ്രാപിച്ചു വീട്ടിലേക്കു മടങ്ങിയെന്നും സംസ്ഥാനത്ത് ഇനിയാരും നിരീക്ഷണത്തിൽ പ്പോലുമില്ലെന്നും മുഖ്യമന്ത്രി എൻ. ബിരേൻ സിങ്ങാണു വെളിപ്പെടുത്തിയത്.

യുകെയിൽ നിന്നെത്തിയ ഇരുപത്തിമൂന്നുകാരനായിരുന്നു ആദ്യ രോഗി. നിസാമുദീൻ മർക്കസിലെ തബ്‌ലീഗ് ജമാഅത്ത് സമ്മേളനത്തിൽ പങ്കെടുത്ത അറുപത്തിമൂന്നുകാരനായിരുന്നു പിന്നീട് രോഗം ബാധിച്ചത്. ഇയാൾ കഴിഞ്ഞദിവസം രോഗമുക്തി നേടി.

ഗോവയിൽ ഏഴു പേർക്കാണു രോഗം ബാധിച്ചത്. ആറു പേർ വിദേശത്തു നിന്നെത്തിയവരും ഒരാൾക്ക് ഇവരിൽ നിന്നു പകർന്നതുമായിരുന്നു. എല്ലാവരും രോഗമുക്തി നേടി.

സ്വർണം

ഗ്രാം	- 4,450
പവൻ	- 33,200

മെട്രൊ മാധ്യമം

ആശ്വസിക്കാൻ സമയമായിട്ടില്ലെന്ന് മുഖ്യമന്ത്രി

ചെന്നിത്തലയോടാണോ?

www.facebook.com/metrovaarthaofficial

പെൻഷൻ തുക കൈമാറി

തലശേരി : കതിരൂർ അഞ്ചാം മൈൽ കാരക്കുന്ന് ഇഎംഎസ് നഗറിലെ പനോളി ദേവകി രണ്ടു മാസത്തെ കർഷക തൊഴിലാളി പെൻഷൻ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കായി നൽകി. കോട്ടയം പഞ്ചായത്ത് പ്രസിഡന്റ് ടി. ഷബ്ന പെൻഷൻ തുക ഏറ്റുവാങ്ങി.

റിലീഫ് വിതരണം

തിരൂരങ്ങാടി: അശ്റഫ് കൂട്ടായ്മ സംസ്ഥാന കമ്മിറ്റിയുടേയും മലപ്പുറം ജില്ലാ കമ്മിറ്റിയുടേയും കിഴിൽ മണ്ഡലങ്ങൾ നടത്തുന്ന റിലീഫ് വിതരണത്തിന്റെ ഭാഗമായി കോട്ടക്കൽ മണ്ഡലം റിലീഫ് വിതരണം നടത്തി. കോട്ടക്കൽ മണ്ഡലം സെക്രട്ടറി എൻ.കെ. കുഞ്ഞുട്ടി അശ്റഫ്, താജ് അശ്റഫ് എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ റിലീഫ് വിതരണം അശ്റഫ് ദാരാണി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വേങ്ങര മണ്ഡലം സെക്രട്ടറി കെ.ടി. അശ്റഫ്, പ്രസിഡന്റ് കപ്പൂർ അശ്റഫ്, മലപ്പുറം ജില്ലാ വൈ. പ്രസി: ഹൈട്ടക്ക് അശ്റഫ്, ജോ: സെക്രട്ടറി സെഞ്ചുറി അശ്റഫ് തുടങ്ങിയവർ പങ്കടുത്തു

പച്ചക്കറി സാധനങ്ങൾ നൽകി

തിരൂരങ്ങാടി: മുനിസിപ്പാലിറ്റി കൊവിഡ് കമ്യൂണിറ്റി കിച്ചണിലേക്ക് റിട്ടയേർഡ് റവന്യൂ കൂട്ടായ്മ തിരൂരങ്ങാടി താലൂക്ക് കമ്മിറ്റി പച്ചക്കറി സാധനങ്ങൾ നൽകി. ആർആർകെ ജില്ലാ വൈസ് പ്രസിഡന്റ്പി.കെ. അച്ചുതൻ നായർ നഗരസഭാ വൈസ് ചെയർമാൻ ശഅബ്ദുറഹ്മാൻ കുട്ടിക്ക് കൈമാറി. ടി.ഗോപാലകൃഷ്ണൻ, പി.സുരേന്ദ്രൻ, എം.അബൂബക്കർ തുടങ്ങിയവർ പങ്കെടുത്തു.

കാട്ടുപന്നികളുടെ ആക്രമണം: കരുമലയിൽ ഗൃഹനാഥന് പരുക്ക്

ബാലുശ്ശേരി: കാടിറങ്ങി നാടിനെ കുട്ടിച്ചോറാക്കി കാട്ടുപന്നികൾ അതിക്രമ പാതയിൽ.ഇന്നലെ കരുമല അങ്ങാടിയിൽ നിന്ന്കാലത്ത് വീട്ടിലേക്ക് ചായക്കുള്ള പഞ്ചസാര വാങ്ങി തിരിച്ചു വരുന്ന കോമ്പിൽ ഉണ്ണി മാധവൻ നായരെ (64) ഏഴോളം വരുന്ന കാട്ടുപന്നിക്കൂട്ടം കുത്തിക്കീറി. കാലിനും ദേഹമാസകലവും സാരമായി പരുക്കേറ്റ മാധവൻ നായരുടെ നിലവിളിക്കേട്ടെത്തിയവർ കോഴിക്കോട് ഗവ: ആസ്പത്രിയിലെത്തിക്കുകയായിരുന്നു. പന്നികൾ കൂട്ടമായി കുതിച്ചെത്തിയതോടെ ഓടാനായില്ല. ഇവറ്റകൾ ജനശബ്ദം കേട്ടതോടെ തൊട്ടചൂരക്കണ്ടിമല ഭാഗത്തേക്ക് പിൻവലിഞ്ഞു.കരുമല തേനാക്കുഴി പ്രദേശത്ത് കാട്ടുപന്നി ശല്യം രൂക്ഷമാണ്.പടം :കൂട്ടമായെത്തിയ പന്നികളുടെ കുത്തേറ്റു ചികിത്സ തേടി വീട്ടിലെത്തിയ കോമ്പിൽ ഉണ്ണി മാധവൻ.

റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്താൽ നടപടി

കോഴിക്കോട്: റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽ പെട്ടാൽ ശിക്ഷാ നടപടി സ്വീകരിക്കുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. എ.എ.വൈ./ മുൻഗണനാ വിഭാഗങ്ങളിൽപ്പെട്ട റേഷൻ കാർഡുടമകൾ അവർക്കനുവദിച്ച റേഷന് സാധനങ്ങള് വാങ്ങി വില്പന നടത്തുന്നതായി വ്യാപകമായി പരാതികൾ ലഭിക്കുന്ന സാഹചര്യത്തിലാണ് മുന്നറിയിപ്പ്. റേഷൻ സാധനങ്ങൾ ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുന്ന പക്ഷം നാളിതുവരെ വാങ്ങിയ റേഷൻസാധനങ്ങളുടെ വില ഈടാക്കുന്നതും അത്തരം റേഷന് കാർഡുകൾ പൊതുവിഭാഗത്തിലേക്ക് മാറ്റുന്നതുമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും.

അത്തോളി ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ നൽകി

കോഴിക്കോട്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അത്തോളി ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ നൽകി. കലക്റ്ററേറ്റ് കോൺഫറൻസ് ഹാളിൽ തൊഴിൽ വകുപ്പ് മന്ത്രി ടി.പി രാമകൃഷ്ണൻ തുക ഏറ്റുവാങ്ങി. എരഞ്ഞിക്കൽ പി.വി.എസ് ഹൈസ്കൂൾ വിദ്യാർഥികൾ സമാഹരിച്ച 58,350 രൂപയും മന്ത്രിക്ക്കൈമാറി.

ആയുർവേദ ക്ലിനിക്കുകൾ ആരംഭിച്ചു

തേഞ്ഞിപ്പലം: പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ചേലേമ്പ്ര ഗവണ്മെന്റ് ആയുർവേദാശുപത്രിയിൽ 'സുഖായുഷ്യം ആയുർരക്ഷ ' എന്ന പേരിൽ രണ്ടു പ്രത്യേക ക്ലിനിക് ആരംഭിച്ചു. അറുപത് വയസിന് മുകളിലുള്ളവർക്കായി സുഖായുഷ്യം എന്ന പേരിലും 60വയസിൽ താഴെയുള്ളവർക്കായി ആയുർരക്ഷ എന്ന പേരിലും പ്രത്യേക പാർച്ചവ്യാധി പ്രതിരോധ ചികിത്സക്കായാണ് ഈ ക്ലിനിക്കുകളുടെ പ്രവർത്തനം. ക്ലിനിക്കുകളുടെ വിശദാശംങ്ങൾക്കായി ഗവണ്മെന്റ് ആയുർവേദ ഹോസ്പിറ്റലുമായി ബന്ധപ്പെടുക ഫോൺ .04832890840

വരൾച്ചയും വറുതിയും... വേനൽ കനത്തതോടെ വരണ്ടു കിടക്കുന്ന പാടവും ചൂടേറ്റ് തളർന്ന തെരുവ് നായയും. കോഴിക്കോട് നല്ലളം മുണ്ടകൻ പാടത്തു നിന്നുള്ള കാഴ്ച. - വിമിത്ത് ഷാൽ

കോഴിക്കോട് പുതിയ പോസിറ്റീവ് ഇല്ല

കോഴിക്കോട്: ജില്ലയിൽ ഇന്നലെ പുതിയ കൊറോണ പോസിറ്റീവ് കേസ് റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതുവരെ രോഗം സ്ഥിരീരിച്ച 20 കോഴിക്കോട് സ്വദേശികളിൽ 11 പേരും 4 ഇതര ജില്ലക്കാരിൽ 2 കണ്ണൂർ സ്വദേശികളും മെഡിക്കൽ കോളെജ് ആശുപത്രിയിൽ ചികിത്സയിലുണ്ട്. 9 കോഴിക്കോട് സ്വദേശികളും 2 കാസർഗോഡ് സ്വദേശികളും ഉൾപ്പെടെ 11 പേർ രോഗമുക്തരായി ആശുപത്രി വിട്ടു. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 28 പേരുടെ ഫലം കൂടി ലഭിക്കാനുണ്ട്.934 പേർ കൂടി വീടുകളിൽ നിരീക്ഷണം പൂർത്തിയാക്കിയതായി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജയശ്രീ വി. അറിയിച്ചു. ഇതോടെ നിരീക്ഷണ കാലയളവ് പൂർത്തിയാക്കിയവരുടെ എണ്ണം 15,306 ആയി. 7494 പേരാണ് നിരീക്ഷണത്തിൽ തുടരുന്നത്. ഇന്ന് പുതുതായി വന്ന 3 പേർ ഉൾപ്പെടെ 22 പേരാണ് ആശുപത്രിയിൽ നിരീക്ഷണത്തിലുള്ളത്. 7 പേരെ ഡിസ്ചാർജ് ചെയ്തു. ഇന്നലെ 10 സ്രവ സാംപിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ആകെ 720 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 692 എണ്ണത്തിന്റെ ഫലം ലഭിച്ചു. ഇതിൽ 668 എണ്ണം നെഗറ്റീവ് ആണ്.ജില്ലയുടെ ചുമതലയുള്ള മന്ത്രി ടി.പി രാമകൃഷ്ണൻ കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികളുമായി വകുപ്പു തലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

വെള്ളം തുറന്ന് വിടാതെ കിടക്കുന്ന കൈ കനാൽ

കൈകനാലിൽ വെള്ളമില്ല തുറന്ന് വിടണമെന്ന് നാട്ടുകാർ

കുറ്റ്യാടി: വേളം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കനാലിൽ വെള്ളം തുറന്ന് വിടാത്തതിനാൽ പരിസരവാസികൾ ഏറെ പ്രയാസത്തിലാണ്. കനാലിൽ വെള്ളം എത്തിയാൽ മാത്രമേ പരിസരവാസിളുടെ. കിണറുകളിൽ കുടി വെള്ളം ലഭിക്കുകയുള്ളു. വേനൽചൂടിന്റെ കാഠിന്യം കാരണം മിക്ക വീടുകളിലെയും കിണറു കൾ വറ്റിവരണ്ടിരിക്കുകയാണ്. വേളം പഞ്ചായത്തിലെ തീക്കുനി, പൂമുഖം ജിലാനി, വട്ടക്കണ്ടിപ്പാറ പ്രദേശങ്ങളിലെ കനാൽ പരിസരത്ത് താമസിക്കുന്ന നൂറോളം കുടുംബങ്ങളാണ് ജലക്ഷാമം അനുഭവിക്കുന്നത്. മാസങ്ങൾ മുമ്പ് കനാലും പരിസരവും വൃത്തിയാക്കിയിരുന്നു .ഏപ്രിൽ മാസം അവസാനിക്കുകയാണ്. നാട്ടുകാർ പലതവണ ബന്ധപെട്ട അധികൃതരെ വിവരം അറിയിച്ചിട്ടും യാതൊരു നടപടിയും ഉണ്ടായിട്ടില്ലന്നാണ് നാട്ടുകാർ പറയുന്നത്. കൊവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കുടുംബാംഗങ്ങൾ എല്ലാം വീടുകളിൽ കഴിയുന്ന സാഹചര്യത്തിലെങ്കിലും ആവശ്യത്തിനുള്ള വെള്ളം ലഭ്യമാക്കാൻ കനാലിലേക്ക് വെള്ളം തുറന്ന് ആവശ്യം ശക്തിപെടുകയാണ്.

സർക്കാർ നിർദേശിച്ച നിബന്ധനകൾ പാലിച്ചുകൊണ്ട് കൊയ്ത്ത് നടത്തുന്ന ഇതരസംസ്ഥാന തൊഴിലാളികൾ. ചേളന്നൂർ ഗ്രാമപഞ്ചായത്തിലെ പാലത്ത് - എരവന്നൂർ റോഡിൽ കാവിൽ താഴം വയലിൽ നിന്നുള്ള ദൃശ്യം.

ലോക്ഡൗൺ കാലത്തും ലഹരിക്കച്ചവടം : മഞ്ചേരിയിൽ രണ്ട് പേർ പിടിയിൽ

മഞ്ചേരി : ലോക്ഡൗണിന്റെ മറവിൽ മഞ്ചേരിയിൽ ലഹരിക്കച്ചവടം. നിരോധിത പുകയില ഉത്പന്നങ്ങളും വിദേശ സിഗരറ്റ് പായ്കറ്റുകളുമായി മഞ്ചേരിയിൽ രണ്ട് പേർ പിടിയിൽ. മഞ്ചേരി വട്ടപ്പാറ സ്വദേശി പൂഴിക്കുത്ത് അഷ്റഫ് എന്ന സലീന കുഞ്ഞാപ്പ (50), കൊണ്ടോട്ടി തുറക്കൽ കണ്ണഞ്ചേരി വീട്ടിൽ അബ്ദുസലീം (37) എന്നിവരെയാണ് മഞ്ചേരി പൊലീസ് പിടികൂടിയത്. ജില്ലാ പൊലീസ് മേധാവി യു. അബ്ദുൽ കരീമിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആന്റി നാർകോട്ടിക് സ്ക്വാഡാണ് പരിശോധന നടത്തിയത്. മഞ്ചേരി മുള്ളമ്പാറയിൽ വെച്ചാണ് കൊണ്ടോട്ടി സ്വദേശിയായ അബ്ദുസലീമിനെ പിടികൂടിയത്. ഇയാൾ സ്കൂട്ടറിൽ ഹാൻസ് കടത്തുകയായിരുന്നു.സലീമിനെ ചോദ്യം ചെയ്തതോടെയാണ് ജില്ലയിലെ മൊത്തകച്ചവടക്കാരനായ അഷ്റഫ് എന്ന സലീന കുഞ്ഞാപ്പയെ കുറിച്ചുള്ള വിവരം ലഭിച്ചത്. മഞ്ചേരി പഴയ ബസ് സ്റ്റാന്റിനുള്ളിലെ സലീന സ്റ്റോർ നടത്തുന്നയാളാണ് അഷ്റഫ്. ഇയാളിൽ നിന്നാണ് 1500 ഓളം പായ്കറ്റ് ഹാൻസും നിരോധിത വിദേശ നിർമിത സിഗരറ്റുകളും വാങ്ങിയതെന്ന് അബ്ദുസലീം പൊലീസിനോട് പറഞ്ഞു. ലഹരി വസ്തുക്കൾ ലഭിക്കാൻ 135000 രൂപ അഷ്റഫ് വാങ്ങിയെന്നും സലീം സമ്മതിച്ചു. ഇതിനെ തുടർന്ന് പൊലീസും നഗരസഭാ ആരോഗ്യ വിഭാഗവും സലീന സ്റ്റോറിൽ പരിശോധന നടത്തി. ആയിരത്തോളം പാക്കറ്റ് സിഗരറ്റും 234 കിലോ നിരോധിത പ്ലാസ്റ്റിക് കവറുകളും പിടിച്ചെടുത്തു.കണക്കിൽ പെടാത്ത ഒന്നര ലക്ഷം രൂപയും കണ്ടെത്തി. പിടിച്ചെടുത്ത പ്ലാസ്റ്റിക് കവറുകൾ നഗരസഭാ ആരോഗ്യ വിഭാഗത്തിന് കൈമാറിയതായി പൊലീസ് പറഞ്ഞു. അഷ്റഫ് എന്ന സലീന കുഞ്ഞാപ്പയെ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലഹരി സംഘത്തിലെ കൂടുതൽ ആളുകളെ കുറിച്ച് പൊലീസിന് വിവരം ലഭിച്ചിട്ടുണ്ട്. ഇവർക്കായി അന്വേഷണം ഊർജിതപ്പെടുത്തിയതായി പൊലീസ് പറഞ്ഞു. പച്ചക്കറി ലോഡുകളുടെ മറവിലാണ് മഞ്ചേരിയിലേക്ക് ലഹരി വസ്തുക്കൾ എത്തുന്നതെന്നാണ് വിവരം. മുൻപ് കുഞ്ഞാപ്പയുടെ വീട്ടിൽ ജോലി ചെയ്തിരുന്ന ആളിൽ നിന്ന് 10 ലക്ഷം രൂപ വില വരുന്ന ഹാൻസ് ഉത്പന്നങ്ങൾ ജില്ലാ ആന്റിനാർകോട്ടിക് സ്ക്വാഡ് പിടികൂടിയിരുന്നു.മഞ്ചേരി സി.ഐ അലവി, എസ്.ഐ സുമേഷ് സുധാകർ, ജില്ലാ ആന്റിനാർകോട്ടിക് സ്ക്വാഡ് അംഗങ്ങളായ അബ്ദുൽ അസീസ്, സത്യനാഥൻ മനാട്ട്, ഉണ്ണികൃഷ്ണൻ മാരാത്ത്, പി. സഞ്ജീവ്, ഹരികൃഷ്ണൻ, സുബൈർ, ശശികുമാർ എന്നിവരാണ് അന്വേഷണ സംഘത്തിലുണ്ടായിരുന്നത്.

അറസ്റ്റിലായ പ്രതികൾ

ബ്ലാക്ക് മാൻ ഭീഷണിയിൽ ചേളാരി

തേഞ്ഞിപ്പലം: ബ്ലാക്ക് മാൻ ഭീഷണിയിൽ ചേളാരി . ഒരാഴ്ചയായി ചേളാരിയിലും പരിസര പ്രദേശങ്ങളിലും ജനങ്ങൾ ബ്ലാക്ക് മാൻ ഭീഷണി നേരിടുന്നതായ് നാട്ടുകാരുടെ പരാതി . ആളുകളെ ഭയപ്പെടുന്ന വിധത്തിൽ കറുത്ത നിറത്തിലുള്ള വസ്ത്രം ധരിച്ച് രാത്രിയിൽ വീടുകളിൽ എത്തി സ്ത്രീകളെയും കുട്ടികളെയും ഭയപ്പെടുത്തുന്ന രീതിയിലാണ് ബ്ലാക്ക്മാൻ എന്ന് പറയപ്പെടുന്ന അജ്ഞാതൻ ചെയ്യുന്നതെന്ന് നാട്ടുകാർ വ്യക്തമാക്കുന്നത്. കഴിഞ്ഞ നാല് ദിവസങ്ങളിൽ നിരവധി വീടുകളിൽ അജ്ഞാതൻറെ സാന്നിദ്ധ്യമുണ്ടായതായി പറയുന്നു.ചേളാരിയിലെ വിവിധ പ്രദേശങ്ങളായ മുണ്ടിയൻമാട് , കോലാർകുന്ന്, വലിയപറമ്പ് , പൂതേരി വളപ്പ് , ചാപ്പപാറ , മേലേ ചേളാരി എന്നീ വടങ്ങളിലെ വിവിധ വീടുകളിലാണ് അജ്ഞാതൻ എത്തിയതെന്നിയുന്നു. കൊവിഡ് - 19 ന്റെ പശ്ചാത്തലത്തിൽ ലോക് ഡൗണിനെ തുടർന്ന് വീടുകളിൽ ഒതുങ്ങി നിൽക്കുന്നവരെ ഭയപ്പെടുത്തി പുറത്തെത്തിച്ച്ആ ൾക്കൂട്ടം സൃഷ്ടിക്കാനുള്ള ചില സാമൂഹ്യ ദ്രോഹികളുടെ ശ്രമമാണെന്ന് നാട്ടുകാരുടെ ആക്ഷേപം. മാത്രമല്ല ഒരേ സമയത്ത് ഒരു എരിയായിൽ ഒരേ ഡ്രസ്സിൽ ഒന്നി ലധികം പെരെ കണ്ടിട്ടുണ്ടത്രെ . .കഴിഞ്ഞ ദിവസങ്ങളിൽ രാത്രി കാലങ്ങളിൽ കണ്ടതായി പറയുന്ന അജ്ഞാതനെ പിടികൂടാൻ നാട്ടുകാർ ശ്രമിച്ചിട്ടും നടന്നിട്ടില്ല. അജ്ഞാതൻ ഏറെയും വീടുകളിലെ പിൻവശത്ത് ജനലിൻ്റെയും കതകിന്റെ സമീപത്തായാണ് കാണുന്നത് - ഇക്കാര്യത്തിൽ പൊലീസ് രാത്രി കാലങ്ങളിൽ പെടൊളിംഗ് ശക്തമാക്കി അജ്ഞാത ബ്ലാക്ക്മാൻ എന്ന പേരിൽ നടക്കുന്ന സാമൂഹ്യ ദ്രോഹികളുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കണമെന്ന് നാട്ടുകാരുടെ ആവശ്യം ശക്തമാണ്.

തലശേരിയിൽ നിലവിലുള്ള നിയന്ത്രണങ്ങൾ തുടരും

തലശേരി : കൊവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ട് പോകുന്നുണ്ടെന്ന് തലശേരി നഗരസഭ. കച്ചവട സ്ഥാപനങ്ങൾ നിലവിലുള്ള നിയന്ത്രണം പോലെ തുടരും. അനാദി, ബേക്കറി, പച്ചക്കറി, പഴക്കടകൾ എന്നിവ രാവിലെ എട്ടു മുതൽ ഉച്ചയ്ക്ക് രണ്ടു വരെ മാത്രം. മത്സ്യം, മാംസം വിൽപ്പന ഒരറിയിപ്പ് ഉണ്ടാകുന്നത് വരെ അടച്ചിടും. നഗരസഭയിലെ പ്രസ്സുകൾ രാവിലെ ഒൻപത് മുതൽ ഉച്ചയ്ക്ക് രണ്ടു വരെ ശുചീകരിക്കാം. നഗരസഭാ പരിധിക്കുള്ളിൽ ഒറ്റപ്പെട്ട് പോയവർക്കും അതിഥി തൊഴിലാളികൾക്കും ഇതുവരെയായി 11655 പൊതിച്ചോറുകൾ നൽകി. 1200 ഭക്ഷണ കിറ്റുകൾ അതിഥി തൊഴിലാളികൾക്ക് ഇതിനോടകം കൊടുത്തു കഴിഞ്ഞു. തലശേരി ഫയർഫോഴ്സിന്റെ ആഭിമുഖ്യത്തിൽ പൊതു സ്ഥലങ്ങൾ അണു വിമുക്തി യായി കഴിഞ്ഞു. മലബാർ കാൻസർ സെന്ററിൽ നിന്ന് മരുന്നുകൾ മറ്റ് ജില്ലകളിലേക്ക് എത്തിച്ചു നൽകുന്നുണ്ടെന്നും പത്രകുറിപ്പിൽ അറിയിച്ചു.

ചീട്ടുകളി സംഘത്തെ പിടികൂടി

തലശേരി : ധർമടം അണ്ടല്ലൂരിൽ പൊലീസ് നടത്തിയ പരിശോധനയിൽ ചീട്ടുകളി സംഘത്തെ പിടികൂടി. അണ്ടല്ലൂർ ക്ഷേത്രത്തിന് സമീപത്തെ ആളൊഴിഞ്ഞ പറമ്പിൽ വച്ച് ചീട്ടുകളിക്കുകയായിരുന്ന അഞ്ച് പേരെയാണ് പൊലീസ് അറസ്റ്റ് ചെയ്തത്.ഇവരിൽ നിന്ന് ആറായിരം രൂപയും കണ്ടെടുത്തു.ധർമ്മടം സി.ഐ. ശ്രീജിത്ത് കൊടേരിക്ക് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ എസ്.ഐ മഹേഷ് കണ്ടേമ്പത്തും സംഘവും നടത്തിയ പരിശോധനയിലാണ് ചീട്ടുകളി സംഘം വലയിലായത്.പാലയാട് സ്വദേശികളായ നിഖിൽ, ഗീബേഷ് കുമാർ, അർജുൻ, അണ്ടല്ലൂർ സ്വദേശി മനോജൻ, മേലൂർ സ്വദേശി ധനീഷ് എന്നിവരാണ് അറസ്റ്റിലായത്. ഇവർക്കെതിരെ രണ്ട് കേസുകൾ പൊലീസ് രജിസ്റ്റർ ചെയ്തു. കൊവിഡ് നിയമം ലംഘിച്ചതിനും , പണം വച്ച് ചീട്ടുകളിച്ചതിനുമാണ് കേസ്.പിന്നീട് ഇവരെ സ്റ്റേഷൻജാമ്യത്തിൽ വിട്ടയച്ചു. എ എസ് ഐ ശ്രീജിത്ത്, പൊലീസുകാരായ ലിജിൻ, സന്ദീപ്, ബൈജു എന്നിവരടങ്ങിയ സംഘമാണ് ചീട്ടുകളി സംഘത്തെ പിടികൂടിയത്.

നോർക്ക സഹായം മുഴുവൻ പ്രവാസികൾക്കും ലഭ്യമാക്കണമെന്ന്

തിരൂരങ്ങാടി: കൊവിഡ് 19 ന്റെ പശ്ചാതലത്തിൽ കേരളത്തിൽ കുടുങ്ങി കിടക്കുന്ന പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ച 5000രൂപ സഹായധനം 2020 ജനുവരിക്ക് മുൻപ് കേരളത്തിലെത്തുകയും ലോക്ഡൗൺ കാരണം തിരിച്ച് പോവാൻ കഴിയാത്ത പ്രവാസികൾക്ക് കൂടി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഗൾഫ് മലയാളി കോ- ഓർഡിനേഷൻ കമ്മറ്റി ചെയർമാൻ അശ്റഫ് കളത്തിങ്ങൽ പാറ മുഖ്യമന്തി പിണറായി വിജയൻ, നോർക്ക റൂട്ട്സ് സി.ഇ.ഒ എന്നിവർക്ക് ഇമെയിൽ വഴിഅയച്ച നിവേദനത്തിൽ ആവശ്യപ്പെട്ടു. നോർക്ക വകുപ്പ് ഇപ്പോൾ പുറത്തിറക്കിയിരിക്കുന്ന മാർഗ്ഗ നിർദ്ദേശത്തിൽ പറയുന്നത് 2020 ജനുവരി ഒന്നിന് ശേഷം നാട്ടിലെത്തിയവർ അപേക്ഷിക്കണമെന്നാണ്. എന്നാൽ ഇക്കഴിഞ്ഞ നവംബർ, ഡിസംബർ മാസങ്ങളിൽ നാട്ടിലെത്തുകയും അനുവദിക്കപ്പെട്ട ലീവ്, റീ എൻട്രി തീരുകയും ചെയ്തിട്ടും ലോക്ഡൗൺ കാരണം യാത്രാ സൗകര്യം ലാഭിക്കാത്തത് കൊണ്ട് കേരളത്തിൽ കുടുങ്ങി കിടക്കുന്ന ആയിരക്കണക്കിന് പ്രവാസികൾ ഉണ്ട്. സർക്കാർ മാർഗനിർദേശപ്രകാരം ഇത്തരക്കാർക്ക് സഹായത്തിന് അപേക്ഷിക്കാൻ കഴിയില്ല. നാട്ടിൽ എത്തി പ്രയാസപ്പെടുന്ന പ്രവാസികളെ രണ്ട് തട്ടിലാക്കി നിർത്തുന്ന രീതി ശരിയല്ലെന്നും ഇത്തരക്കാർക്ക് കൂടി നോർക്ക സഹായം ലഭിക്കത്തക്ക രീതിയിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടു.

ആധുനിക സംവിധാനങ്ങളുപയോഗിച്ച് വാറ്റ്: മൂന്നു പേർ പിടിയിൽ

ബാലുശേരി: കോഴിക്കോട് എക്സൈസ് ഇന്റലിജൻസും താമരശേരി എക്സൈസ് റെയ്ഞ്ച് ടീമും ബാലുശേരി മുക്കിലെ ഐ.കോൺ പ്ലാസ ടൂറിസ്റ്റ് ഹോം കേന്ദ്രീകരിച്ച് 208 നമ്പർ മുറിയിൽ വച്ച് ആധുനിക സംവിധാനങ്ങളുപയോഗിച്ച് വാറ്റിയ മുന്നു പേരെ അറസ്റ്റ് ചെയ്തു.തിരുവാഞ്ചേരി പൊയിൽ വടക്കേടത്ത് ശിവശങ്കരന്റെ മകൻ റിജേഷ്, തിരുവാഞ്ചേരി പൊയിൽകാവും പുറത്ത് ബാബു മകൻ അശ്വന്ത് മിഥുൻ, ഇടുക്കി ഉടുമ്പൻ ചോലരാജാക്കാട് കണ്ടത്തിൽ പരമേശ്വരൻ മകൻ ബിബിൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്.ഇവരിൽ നിന്ന് എട്ട് ലിറ്റർ ചാരായവും വാറ്റാൻ ഉപയോഗിച്ച ഗ്യാസ് അടുപ്പും കുക്കറും കണ്ടെടുത്തു. എക്സൈസ് ഇന്റലിജന്റ് പ്രിവന്റീവ് ഓഫീസർ യു.പി.മനോജ് കുമാർ, ചന്ദ്രൻ കുഴിച്ചാലിൽ'താമരശേരി റെയ്ഞ്ച് പ്രിവന്റീവ് ഓഫീസർമാരായ എം. അനിൽകുമാർ, പി.കെ.അനിൽകുമാർ എൻ രാജു സിവിൽ എക്സൈസ് ഓഫീസർമാരായ ശ്യാംജിൽ, ദീപേഷ് എന്നിവരായിരുന്നു റെയ്ഡ് നടത്തിയത്.

എക്സൈസ് സംഘം പിടികൂടിയ സംഘം

മോർച്ചറിയിൽ സൂക്ഷിച്ച യുവതിയുടെ മൃതദേഹം ബന്ധുക്കൾക്ക് വിട്ടു നൽകി

തലശേരി : കൊവിഡ് - 19 വൈറസ് സംശയം ദൂരീകരിക്കാൻ തലശേരി ജനറൽ ആശുപത്രി മോർച്ചറിയിൽ മൂന്ന് നാൾ സൂക്ഷിച്ച കതിരൂരിലെ യുവതിയുടെ മൃതദേഹം ഇന്നലെ രാവിലെ ബന്ധുക്കൾക്ക് വിട്ടു നൽകി. പൊന്ന്യം സ്രാമ്പിക്കടുത്ത ഉച്ചുമ്പള്ളി റസിയത്തിന്റെ മൃതദേഹമാണ് പൊലീസ് സർജ്ജന്റെ നേതൃത്വത്തിൽ പോസ്റ്റ്മോർട്ടം നടത്തി കൈമാറിയത്. റെഡ് സോണിൽ പെടുത്തിയ പ്രദേശത്ത് ദേഹാസ്വാസ്ഥ്യത്തെ തുടർന്ന് കഴിഞ്ഞ ദിവസം രാത്രിയിലായിരുന്നു യുവതി മരണപ്പെട്ടത്. നേരിയ മാനസിക പ്രയാസങ്ങളുള്ള യുവതിയെ ശാരീരിക അസ്വാസ്ഥ്യത്തെ തുടർന്ന് തലശേരിയിലെ സ്വകാര്യ ആശുപത്രിയിൽ എത്തിച്ചതായിരുന്നു. ഇവിടെയെത്തും മുമ്പേ മരണം സംഭവിച്ചതിനെ തുടർന്ന് മൃതദേഹം ജനറൽ ആശുപത്രിയിലേക് മാറ്റി.പൊലീസ് ഇൻക്വസ്റ്റിന് ശേഷം പോസ്റ്റ്മോർട്ടത്തിന് തയ്യാറെടുക്കുന്നതിനിടയിലാണ് മരണപ്പെട്ട യുവതിയുടെ വീടിനടുത്ത വീട്ടിലെ ബന്ധു കാരണ്ടെനിലുണ്ടായ പ്രവാസിയാണെന്ന് സൂചന ലഭിച്ചത്. ഗൾഫിൽ നിന്നെത്തിയ ഇയാളുടെ ആദ്യ പരിശോധനാ ഫലം നഗറ്റീവായിരുന്നുവെങ്കിലും തുടർന്നും നിരീക്ഷണത്തിൽ കഴിയണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചതിനാൽ ഇദ്ദേഹം വീട്ടിൽ കഴിയുകയാണ്. ഈ സാഹചര്യത്തിലാണ് തൊട്ടടുത്ത വീട്ടിലെ യുവതി മരണപ്പെട്ടത്. സ്വാഭാവിക മരണമായിരുന്നെങ്കിലും കൊവിഡ് - 19വൈറസില്ലെന്ന് ഉറപ്പാക്കാനാണ് മൃതദേഹത്തിൽ നിന്നും സ്രവം ശേഖരിച്ച് പരിശോധനക്കയച്ചത്. ഇതിന്റെ പരിശോധനാ ഫലം തിങ്കളാഴ്ച രാവിലെ ലഭിച്ചതോടെയാണ് അനിശ്ചിതത്വം ഒഴിവായത്. തുടർന്ന് ജനറൽ ആശുപത്രിയിൽ നിന്ന് തന്നെ പോസ്റ്റ്മോർട്ട നടപടികൾ പൂർത്തിയാക്കിയത്. അഷ്റഫ് ഹാജിയുടെയും സക്കീനയുടെയും മകളാണ്.

നട്ടുച്ചപ്പന്തം സംഘടിപ്പിച്ചു

തിരൂരങ്ങാടി: സ്പ്രിംഗ്ലർ അഴിമതിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് ചെമ്മാട് ടൗണിൽ നട്ടുച്ചപ്പന്തം പ്രതിഷേധം സംഘടിപ്പിച്ചു. കൊറോണ കാലത്ത് മലയാളികളുടെ ആരോഗ്യ വിവരങ്ങൾ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ളറിന് കൈമാറിയതിലൂടെ കേരള ജനതയെ വഞ്ചിച്ച മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലീം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാന പ്രകാരമാണ് നട്ടുച്ചപ്പന്തം സംഘടിപ്പിച്ചത്. തിരൂരങ്ങാടി മണ്ഡലം മുസ്‌ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി യു.എ റസാഖ് ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് 12 മണിക്ക് തുടങ്ങിയ സമരം 12.30 ഓടെ സമാപിച്ചു. നാല് പേര് മാത്രം അണി നിരന്നുള്ള സമരം തിരൂരങ്ങാടി നിയോജക ണ്ഡലത്തിൽ മാത്രം 121 കേന്ദ്രങ്ങളിലാണ് നടന്നത്. കൊറോണ കാലത്തെ നിയന്ത്രണങ്ങൾ പാലിച്ചായിരുന്നു സമരം. സമരത്തിൽ തിരൂരങ്ങാടി മുൻസിപ്പാലിറ്റി മുസ്‌ലീം യൂത്ത് ലീഗ് വൈസ് പ്രസിഡന്റ് ജാഫർ കുന്നത്തേരി, ചെമ്മാട് ടൗൺ മുസ്‌ലീം യൂത്ത് ലീഗ് ജനറൽ സെക്രട്ടറി കെ അലി, അൻസാർ എന്നിവർ പങ്കെടുത്തു.

നവവധു ദുരിതാശ്വാസ നിധിയിലേക്കുള്ള തുക പഞ്ചായത്ത് പ്രസിഡന്റിനെ ഏൽപ്പിക്കുന്നു.

നവവധു തന്റെ വിവാഹ ചെലവ് ദുരിതാശ്വാസ നിധിയിലേക്ക് നൽകി

കുറ്റ്യാടി : മകളുടെ വിവാഹ ചിലവിലേക്ക് മാറ്റിവച്ചിരുന്ന തുക മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകി. സിപിഎം വടയം ലോക്കൽ കമ്മിറ്റി സെക്രട്ടറിയും അധ്യാപകനുമായിരുന്ന പി.പി. ചന്ദ്രനാണ് മകൾ അപർണയുടെ വിവാഹത്തിനായി മാറ്റിവച്ച കാൽ ലക്ഷം രൂപ ദുരിതാശ്വാസ നിധിയിലേക്ക് നൽകിയത്. മകളുടെ കല്യാണം ഈ മാസം നടത്താൻ തീരുമാനിച്ചതായിരുന്നു. കൊറോണ പ്രതിരോധ പ്രവർത്തനത്തിന്റെ പശ്ചാത്തലത്തിൽ കല്യാണം മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചു. ഈ അവസരത്തിലാണ് അപർണ അച്ഛന്റെയും കർഷകസംഘം സംസ്ഥാന കമ്മിറ്റി അംഗവുമായ ബന്ധു കെ.പി.ചന്ദ്രിയുടേയും സാന്നിദ്ധ്യത്തിൽ കുറ്റ്യാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.എൻ ബാലകൃഷ്ണന്ന് തുക കൈമാറിയത്.

മലപ്പുറം നിരീക്ഷണത്തിലുള്ളത് 5,831 പേർ

മലപ്പുറം : കൊവിഡ് 19 വ്യാപനം തടയുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ ഇന്നലെ മുതൽ 34 പേർക്കുകൂടി പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തി. ഇതോടെ ജില്ലയിൽ നിരീക്ഷണത്തിലുള്ളവരുടെ എണ്ണം 5,831 ആയതായി ജില്ലാ കലക്റ്റർ ജാഫർ മലിക് അറിയിച്ചു. ഇന്നലെ 30 പേരാണ് വിവിധ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. കൊവിഡ് പ്രത്യേക ചികിത്സാ കേന്ദ്രമായ മഞ്ചേരി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ 26, നിലമ്പൂർ ജില്ലാ ആശുപത്രിയിൽ മൂന്ന്, തിരൂർ ജില്ലാ ആശുപത്രിയിൽ ഒരാളുമാണ് ഐസൊലേഷനിലുള്ളത്. 48 പേരെ ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം വീടുകളിലെ പ്രത്യേക നിരീക്ഷണത്തിൽ നിന്ന് ഇന്നലെ ഒഴിവാക്കി. 5,713 പേരാണ് ഇപ്പോൾ വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നത്. 88 പേർ കൊവിഡ് കെയർ സെന്ററുകളിലും സ്വയം നിരീക്ഷണത്തിൽ കഴിയുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No. 109 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

സ്പ്രിംക്ലറിൽ പിണറായിക്കെതിരേ വീണ്ടും ഹർജി

കൊച്ചി: അമേരിക്കൻ കമ്പനിയായ സ്പ്രിംക്ലറിന് കൊവിഡ് രോഗികളുടേയും നിരീക്ഷണത്തിൽ ഇരിക്കുന്നവരുടേയും വിവരങ്ങൾ കൈമാറിയെന്ന വിഷയത്തിൽ അന്വേഷണം ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി സർക്കാരിനെതിരെ ഹൈക്കോടതിയിൽ പൊതുതാത്പര്യ ഹർജി. സ്വകാര്യ ലാഭമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് മുഖ്യമന്ത്രിയും ഐടി വകുപ്പും പ്രവർത്തിച്ചതെന്ന് ചൂണ്ടിക്കാട്ടിയാണ് വീണ്ടും ഹർജി സമർപ്പിച്ചിരിക്കുന്നത്. ഹർജി ഹൈക്കോടതി ഇന്നു പരിഗണിക്കും.

സ്പ്രിംക്ലർ വിവാദത്തിൽ അന്വേഷണമാവശ്യപ്പെട്ട് രണ്ടാമത്തെ ഹർജിയാണ് ഹൈക്കോടതിയിൽ എത്തുന്നത്. അബ്ദുൾ ജബ്ബാറുദ്ദീൻ എന്നയാളാണ് ഹർജി നൽകിയിട്ടുള്ളത്. കൊവിഡ് ബാധിതരുടെ മൗലികാവകാശങ്ങൾ സർക്കാർ കവർന്നെടുത്തു. കരാർ പൊതുജനത്തിന്റെ സ്വകാര്യതയും ജീവനും അപകടത്തിലാക്കിയെന്നും കുറ്റക്കാർക്കെതിരെ അന്വേഷണത്തിന് ഉത്തരവിടണമെന്നും ഹർജിയിൽ ആവശ്യപ്പെടുന്നുണ്ട്.

മുഖ്യമന്ത്രി പിണറായി വിജയനെയും കേന്ദ്ര സർക്കാർ ഉൾപ്പെടെ 16 പേരെയും എതിർകക്ഷികളാക്കിയാണ് ഹർജി. നേരത്തെ സമാന വിഷയത്തിൽ ബാലു ഗോപാലകൃഷ്ണൻ എന്ന വ്യക്തിയും അന്വേഷണമാവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിച്ചിരുന്നു. മുഖ്യമന്ത്രിക്കും ഐടി വകുപ്പിനുമെതിരെയാണ് ഈ ഹർജിയിലും അന്വേഷണം ആവശ്യപ്പെട്ടത്.

കപിൽ ദേവ് ത്രിപാഠി രാഷ്ട്രപതിയുടെ സെക്രട്ടറി

ന്യൂഡൽഹി: രാഷ്ട്രപതി രാംനാഥ് കോവിന്ദിന്റെ സെക്രട്ടറിയായി ഇപ്പോഴത്തെ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് (പിഇഎസ്ബി) ചെയർമാൻ കപിൽ ദേവ് ത്രിപാഠിയെ നിയമിച്ചു. 1980 ബാച്ച് ഐഎഎസ് (റിട്ടയേഡ്) ഓഫിസറാണ് അസം- മേഘാലയ കേഡറിൽപ്പെട്ട ത്രിപാഠി. പ്രധാനമന്ത്രി അധ്യക്ഷനായ നിയമനകാര്യങ്ങൾക്കായുള്ള ക്യാബിനറ്റ് കമ്മിറ്റിയുടേതാണ് കരാർ അടിസ്ഥാനത്തിലുള്ള നിയമനം.

രോഗികൾക്ക് ഭക്ഷണവും മരുന്നുമെത്തിക്കാൻ റോബോട്ട്; കണ്ട് സംസാരിക്കാനുള്ള സംവിധാനവും

തിരുവനന്തപുരം: ചൈനയിലെ വുഹാനിൽ കൊവിഡ് 19 റിപ്പോർട്ട് ചെയ്ത സമയത്ത് നമ്മളെ അത്ഭുതപ്പെടുത്തിയ ഒന്നാണ് കോവിഡ് രോഗികളുടെയടുത്ത് ഭക്ഷണമെത്തിച്ച റോബോട്ടുകൾ. രോഗ വ്യാപനമുണ്ടാകുന്നതിനാൽ പി.പി.ഇ. കിറ്റുൾപ്പെടെ ധരിച്ച് മാത്രമേ ഇത്തരം രോഗികളുടെ അടുത്തെത്താൻ പറ്റൂ. ഈയൊരു സാഹചര്യത്തിലാണ് റോബോട്ട് ശ്രദ്ധ നേടിയത്. ചൈനയിലാകാമെങ്കിൽ നമുക്കും ആകാമെന്ന് ഉറച്ച് വിശ്വസിക്കുകയാണ് കേരളവും. കൂടുതൽ പോസിറ്റീവ് കേസുകളുള്ള കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ജില്ലാ കോവിഡ് സെന്ററിലാണ് ആരോഗ്യ പ്രവർത്തകരെ സഹായിക്കാനായി റോബോട്ടും രംഗത്തെത്തിയത്.

ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ചെമ്പേരി വിമൽജ്യോതി എഞ്ചിനീറിംഗ് കോളേജിലെ വിദ്യാർത്ഥികളാണ് 'നൈറ്റിംഗൽ19' രൂപകൽപന ചെയ്തത്. ചൈനയേക്കാൾ വെല്ലുന്ന സാങ്കേതികവിദ്യയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ചൈനയിൽ ഭക്ഷണവും മരുന്നും മാത്രം നൽകാനാണ് റോബോട്ടിനെ ഉപയോഗിച്ചത്. എന്നാൽ ഇതിൽ ഘടിപ്പിച്ച പ്രത്യേക ഡിസ്പ്ലേയിലൂടെ ജീവനക്കാരുമായോ ബന്ധുക്കളുമായോ കണ്ട് സംസാരിക്കാവുന്നതാണ്.

6 പേർക്കുള്ള ഭക്ഷണവും വെള്ളവും അല്ലെങ്കിൽ 25 കിലോഗ്രാം ഭാരം വരെ കൊണ്ടുപോകാനുള്ള ശേഷി ഈ റോബോട്ടിനുണ്ട്. റിമോട്ട് കൺട്രോളിലൂടെ ഒരു കിലോമീറ്ററോളം റോബോട്ടിനെ നിയന്ത്രിക്കാനാകും. രോഗികൾക്ക് ആവശ്യമായ ഭക്ഷണവും മരുന്നും റോബോട്ടിന് നൽകിയാൽ അത് കൃത്യമായി ഓരോ മുറിയിലുമെത്തിക്കും. റോബോട്ടിലെ വീഡിയോ സിസ്റ്റം വഴി ജീവനക്കാരുമായി സംസാരിക്കാനും വേറെന്തെങ്കിലും ആവശ്യമുണ്ടോന്ന് അറിയാനും കഴിയും. ഓരോ തവണത്തെ യാത്രയ്ക്ക് ശേഷവും റോബോട്ടിനെ അണുവിമുക്തമാക്കിയതിന് ശേഷമാണ് വീണ്ടും ഉപയോഗിക്കുന്നത്.

ഈ സംവിധാനത്തിന്റെ പ്രവർത്തനോദ്ഘാടനം റോബോട്ടിന്റെ വീഡിയോ സംവിധാനം വഴി തിരുവനന്തപുരത്ത് നിന്നും ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ഉദ്ഘാടനം ചെയ്തു. കോവിഡ് ബാധിച്ച ചെറുവാഞ്ചേരിയിലെ കുടുംബാഗങ്ങളുമായി റോബോട്ട് വഴി മന്ത്രി സംസാരിച്ചു. അവർക്ക് ആത്മവിശ്വാസം നൽകുകയും മികച്ച ചികിത്സ ഉറപ്പു വരുത്തിയതായി അറിയിക്കുകയും ചെയ്തു.

കണ്ണൂർ ജില്ല മെഡിക്കൽ ഓഫീസർ ഡോ. നാരായണ നായിക്, ജില്ല പ്രോഗ്രാം മാനേജർ ഡോ. ലതീഷ്, ജില്ല സർവയലൻസ് ഓഫീസർ ഡോ. ഷാജ്, ജില്ലാ കോവിഡ് സെന്റർ നോഡൽ ഓഫീസർ ഡോ. അജിത്കുമാർ എന്നിവർ അഞ്ചരക്കണ്ടി ജില്ലാ കോവിഡ് സെന്ററിൽ നിന്നും പങ്കെടുത്തു.

അപ്പീൽ തള്ളി, മല്യയെ തിരിച്ചെത്തിക്കും

ലണ്ടൻ: ബാങ്ക് വായ്പാ തട്ടിപ്പു കേസിൽ വിദേശത്തേക്കു മുങ്ങിയ വിവാദ വ്യവസായി വിജയ് മല്യ ഇന്ത്യയിൽ മടങ്ങിയെത്താനുള്ള വഴിതുറന്നു. തന്നെ ഇന്ത്യയിലേക്കു മടക്കി അയക്കരുതെന്നു കാണിച്ച് മല്യ സമർപ്പിച്ച ഹർജി ബ്രിട്ടനിലെ ഹൈക്കോടതി തള്ളിയ സാഹചര്യത്തിലാണിത്. ഇന്ത്യൻ വംശജയായ ആഭ്യന്തര സെക്രട്ടറി പ്രീതി പട്ടേൽ ഇതു സംബന്ധിച്ച ഫയലിൽ ഒപ്പുവയ്ക്കുന്നതോടെ മൂന്നു വർഷമായി ബ്രിട്ടനിൽ കഴിയുന്ന മല്യയെ ഇന്ത്യയിൽ തിരിച്ചെത്തിക്കും. നടപടികൾ വേഗത്തിലാക്കുമെന്ന് ഇന്ത്യൻ എംബസി.

കിങ് ഫിഷർ എന്ന സ്വന്തം വിമാനക്കമ്പനിക്കു വേണ്ടി വിവിധ ബാങ്കുകളിൽ നിന്ന് 9,000 കോടി രൂപ വായ്പയെടുത്തതു തിരിച്ചടച്ചില്ല എന്നാണ് മല്യക്കെതിരായ കേസ്. രാജ്യത്തെ ഏറ്റവും വലിയ മദ്യക്കച്ചവടക്കാരൻ കൂടിയായിരുന്ന മല്യ, വായ്പകൾ തിരിച്ചടയ്ക്കാൻ കഴിയാതെ പാപ്പർ ഹർജിയിലേക്കു നീങ്ങിയപ്പോഴാണ് 2017ൽ ഇന്ത്യയിൽ നിന്ന് ബ്രിട്ടനിലേക്ക് ഒളിച്ചു കടന്നത്. അവിടെ ഒളിവിൽ കഴിയുന്നതിനിടെ റോയൽ പൊലീസിന്റെ പിടിയിലാവുകയായിരുന്നു.

ഇന്ത്യയ്ക്ക് ആവശ്യമുള്ള സാമ്പത്തിക കുറ്റവാളിയാണു മല്യ എന്നു ചൂണ്ടിക്കാട്ടി അന്നുമുതൽ ഇന്ത്യ ബ്രിട്ടനു മേൽ സമ്മർദം ചെലുത്തി വരികയായിരുന്നു. എന്നാൽ ബ്രിട്ടീഷ് കോടതിയിൽ നിന്ന് എതിർവിധി വാങ്ങി, അവിടെത്തന്നെ കഴിയുന്നതിനിടെ, കഴിഞ്ഞ ഡിസംബറിൽ മല്യയെ ഇന്ത്യക്കു കൈമാറണമെന്നു വെസ്റ്റ്മിൻസ്റ്റർ മജിസ്ട്രേറ്റ് കോടതി ഉത്തവിടുകയും ചെയ്തു. ഇതിനെതിരേയാണ് മല്യ ഹൈക്കോടതിയെ സമീപിച്ചത്.

ഇന്ത്യയിലെ ജയിലുകൾ വൃത്തിഹീനമാണെന്നും തന്നെ അവിടേക്ക് അയയ്ക്കരുതെന്നുമായിരുന്നു മല്യയുടെ ആവശ്യം. എന്നാൽ ഇന്ത്യയിലെ കേസുകൾ അവിടുത്തെ കോടതികളും ഗവണ്മെന്റുമാണ് നടപടി സ്വീകരിക്കുന്നതെന്നും മല്യയെ ഇന്ത്യയ്ക്കു കൈമാറണമെന്നും ഹൈക്കോടതി ഉത്തരവിടുകയായിരുന്നു. മല്യ ഇന്ത്യയിൽ മടങ്ങിയെത്തിയാൽ തിഹാർ ജയിലിൽ പാർപ്പിക്കാനാണ് കേന്ദ്ര സർക്കാർ ആലോചിക്കുന്നത്. മറ്റൊരു സാമ്പത്തിക കുറ്റവാളിയായ നീരവ് മോദിയെയും ഇന്ത്യയിലെത്തിച്ചു തിഹാർ ജയിലിലടയ്ക്കാനാണു പദ്ധതി. നീരവ് മോദിയും ഇപ്പോൾ ബ്രിട്ടീഷ് തടവിലാണ്.

ലോക് ഡൗൺ ലംഘിച്ച് വാഹനങ്ങൾ; മുന്നറിയിപ്പുമായി മന്ത്രി

സ്വന്തം ലേഖകൻ

കൊച്ചി: ലോക് ഡൗൺ ഇളവുകൾ നിലവിലില്ലാത്ത എറണാകുളം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിരോധനാജ്ഞ ലംഘിച്ചു വാഹനങ്ങൾ കൂട്ടത്തോടെ നിരത്തിലിറങ്ങി. ഹോട്ട്സ്പോട്ടുകളായി സർക്കാർ പ്രഖ്യാപിച്ച കൊച്ചി കോർപ്പേറേഷൻ പരിധിയിലും കണ്ടെയ്നർ റോഡ് കടന്നു പോകുന്ന മുളവുകാട് പഞ്ചായത്ത് പരിധിയിലും ഉൾപ്പെടെ തിരക്കനുഭവപ്പെട്ടു. ഇതേത്തുടർന്നു ജില്ലയിൽ യാതൊരും ഇളവും നിലവിൽ ഇല്ലെന്ന വിശദീകരണമായി മന്ത്രി വി.എസ്. സുനിൽകുമാർ തന്നെ രംഗത്തെത്തി.

രാവിലെ മുതൽ ഇരുചക്ര വാഹനങ്ങൾക്കൊപ്പം കാറുകളും ധാരളമായി നിരത്തിലിറങ്ങിയതാണ് പൊലീസിന് തലവേദനയായത്. ഓറഞ്ച് എ വിഭാഗത്തിൽപ്പെട്ട എറണാകുളം ജില്ലയ്ക്ക് ഇളവുകൾ ബാധകമല്ല. ഇതു കണക്കിലെടുക്കാതെയാണ് വാഹനങ്ങൾ ഓട്ടം തുടങ്ങിയത്. ആലുവ മുട്ടം മെട്രൊ സ്റ്റേഷന് സമീപം റോഡിൽ ബാരിക്കേഡ് തീർത്തു പരിശോധിച്ച ശേഷമാണു വാഹനങ്ങൾ പൊലീസ് കടത്തിവിട്ടത്. ഇതോടെ, മുട്ടത്ത് വാഹനങ്ങളുടെ നീണ്ട നിര രൂപപ്പെട്ടു. കണ്ടെയ്നർ റോഡ് വഴി കൊച്ചിയിലേക്ക് വരുന്ന വാഹനങ്ങൾ ബോൾഗാട്ടിക്കു സമീപം തടഞ്ഞു പരിശോധിച്ചു. രാവിലെ റോഡിൽ വൻ തിരക്കായിരുന്നു. പൊലീസ് പരിശോധന ശക്തമായതോടെ ഉച്ചയോടെ വാഹനങ്ങളുടെ വരവ് കുറഞ്ഞു.

അനാവശ്യമായി പുറത്തിറങ്ങിയതായി ബോധ്യപ്പെട്ട വാഹനങ്ങൾ പൊലീസ് കസ്റ്റഡിയിലെടുത്തു. മറ്റു ചില വാഹനങ്ങൾ തിരിച്ചയച്ചു. കൊച്ചി നഗരത്തിലും കഴിഞ്ഞ ദിവസങ്ങളതിനക്കോൾ തിരക്കനുഭവപ്പെട്ടു. കൂടുതൽ പലചരക്കു കടകളും പഴം, പച്ചക്കറി കടകളും തുറന്നു പ്രവർത്തിച്ചു. എംജി റോഡിന് ഇരുവശവും ഒട്ടേറെ കാറുകൾ പാർക്ക് ചെയ്തിരിക്കുന്നതു കാണാമായിരുന്നു. കലൂർ, പാലാരിവട്ടം എന്നിവിടങ്ങളിലും തിരക്കനുഭവപ്പെട്ടു. ബാങ്കുകളിലും കൂടുതൽ ആൾക്കാർ എത്തി.

ഹോട്ട് സ്പോട്ട് മേഖലയിൽ പ്രവേശനം രണ്ട് എൻട്രി, എക്സിറ്റ് പോയിന്റുകളായി നിജപ്പെടുത്തുമെന്നു മന്ത്രി സുനിൽ കുമാർ വ്യക്തമാക്കി. ഹോട്ട് സ്പോട്ടുകളിലേക്ക് ആവശ്യ സേവനങ്ങൾ ഒഴികെയുള്ള യാത്ര അനുവദിക്കില്ല. ബാരിക്കേഡുകളും പൊലീസ് ചെക്ക്പോസ്റ്റുകളും സ്ഥാപിക്കും. ഇരുചക്ര വാഹനങ്ങളിൽ കുടുംബാംഗങ്ങൾ ഒന്നിച്ച് യാത്ര ചെയ്യാൻ അനുവദിക്കില്ല. പുറത്തിറങ്ങുന്നവർ മാസ്ക് നിർബന്ധമായും ധരിക്കണം. അല്ലാത്തവർക്കെതിരേ നിയമ നടപടി സ്വീകരിക്കും- മന്ത്രി പറഞ്ഞു.

നെടുമ്പാശേരിയിൽ ഇന്നു മോക്ക്ഡ്രിൽ

കൊച്ചി: നെടുമ്പാശേരി രാജ്യാന്തര വിമാനത്താവളം തുറക്കുന്നതു സംബന്ധിച്ച തീരുമാനങ്ങൾ ആയിട്ടില്ലെങ്കിലും, വിമാനത്താവളം തുറന്നതിനു ശേഷമുള്ള കാര്യങ്ങൾ സംബന്ധിച്ച വിശദമായ തയാറെടുപ്പുകൾ നടത്തി വരികയാണെന്നും മന്ത്രി വി.എസ് സുനിൽകുമാർ . ഇതിന്റെ ഭാഗമായുള്ള മോക്ഡ്രിൽ ചൊവ്വാഴ്ച നടത്തും. പ്രവാസികൾ എത്തിത്തുടങ്ങിയാൽ അവരെ എങ്ങനെ പരിശോധിക്കണമെന്നും പുറത്തേക്ക് ഇറക്കണമെന്നതും ഡ്രില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കവചം തീർക്കാനുള്ള സിപിഎം ശ്രമം ആത്മഹത്യാപരം: മുല്ലപ്പള്ളി

തിരുവനന്തപുരം: സ്പ്രിംക്ലർ ഡാറ്റ ഇടപാടിൽ മുഖ്യമന്ത്രി പിണറായി വിജയന് രാഷ്ട്രീയ കവചം തീർത്ത് പ്രതിരോധിക്കാനുള്ള സിപിഎം നേതൃത്വത്തിന്റെ നിലപാട് ആത്മഹത്യാപരമാണെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ.

സിപിഎം ഇതുവരെ സ്വീകരിച്ചുവന്നിട്ടുള്ള ഡാറ്റാ ചോർച്ചയും സരംക്ഷണവും സംബന്ധിച്ചുള്ള നിലപാടുകളെ തള്ളിയാണ് മുഖ്യമന്ത്രി കോർപ്പറേറ്റ് താത്പര്യങ്ങളോട് ചേർന്നുനിൽക്കുന്ന നിലപാട് സ്വീകരിച്ചത്. സിപിഐ എന്നും ഇത്തര പ്രശ്നങ്ങളിൽ എടുക്കുന്ന നിലപാട് പൊതുസമൂഹം അഗീകരിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ സിപിഐ മുഖപത്രത്തിലെ ലേഖനം കോൺഗ്രസ് സ്വാഗതം ചെയ്യുന്നു. പക്ഷെ അത്യന്തം അപകടരമായ ഡാറ്റാ കച്ചവടത്തിനെതിരെ സിപിഐ മൗനംതുടരുന്നത് ഒട്ടും ഭൂഷണമല്ലെന്നും മുല്ലപ്പള്ളി.

ആത്മവിശ്വാസം അഹങ്കാരത്തിന് വഴിമാറരുത്: വി. മുരളീധരൻ

■ ഇളവുകൾ പിൻവലിച്ചതിനെ പിന്നീട് സ്വാഗതം ചെയ്തു

ന്യൂഡൽഹി: കേന്ദ്ര മാനദണ്ഡങ്ങൾ മറികടന്ന് ലോക് ഡൗൺ ഇളവുകൾ പ്രഖ്യാപിച്ച സംസ്ഥാന സർക്കാരിനെതിരേ കേന്ദ്ര വിദേശകാര്യ മന്ത്രി വി. മുരളീധരൻ. കേരളം വളരെ മികച്ച രീതിയിൽ കൊവിഡ് പ്രതിരോധം നടത്തിയെന്ന ആത്മവിശ്വാസം അഹങ്കാരത്തിന് വഴിമാറരുതെന്ന് അദ്ദേഹം ഫെയ്സ്ബുക്കിലൂടെ ചൂണ്ടിക്കാട്ടി. എന്നാൽ, പിന്നീട് ചില ഇളവുകൾ സർക്കാർ തന്നെ പിൻവലിച്ചതിനെ തുടർന്ന് അതിനെ സ്വാഗതം ചെയ്തും അദ്ദേഹം പ്രതികരിച്ചു.

കൊവിഡിന്റെ വ്യാപനം പിടിച്ചുകെട്ടാൻ കേരളത്തിന് കഴിഞ്ഞത് ലോക്ഡൗൺ കർശനമാക്കിയതുകൊണ്ടാണ്. ആ നിയന്ത്രണങ്ങളെല്ലാം ഇളവുകളോടെ നടപ്പാക്കുമ്പോൾ അടച്ചിടൽ എന്ന ആശയത്തിന്റെ ലക്ഷ്യം തന്നെ ഇല്ലാതാവുകയാണ്. ഏഴു ജില്ലകളിൽ ഇളവുകൾ പ്രാബല്യത്തിൽ വന്നതോടെ ആളുകൾ കൂട്ടമായി പുറത്തിറങ്ങുകയാണ്. തിരുവനന്തപുരം നഗരാതിർത്തികളിൽ നിയന്ത്രണം പാളിയെന്ന് വ്യക്തമാക്കുന്നതാണ് നിരത്തുകളിൽ കാണുന്ന വൻ തിരക്ക്.

ലോക് ഡൗൺ പൊതു മാനദണ്ഡങ്ങൾ ലംഘിച്ചതിന് ചീഫ് സെക്രട്ടറിയോട് കേന്ദ്ര സർക്കാർ വിശദീകരണം തേടി. മാർഗരേഖയിൽ വെള്ളം ചേർത്തത് അംഗീകരിക്കാനാവില്ല. സാമൂഹിക അകലം പാലിച്ചാൽ മാത്രമേ നമുക്ക് ഈ മഹാമാരിയെ തുരത്താനാകൂ. കേരളം വളരെ മികച്ച രീതിയിൽ കൊവിഡ് പ്രതിരോധം നടത്തിയെന്ന ആത്മവിശ്വാസം അഹങ്കാരത്തിന് വഴിമാറരുത് എന്നാണ് എന്റെ അഭ്യർഥന. ബാർബർ ഷോപ്പുകളും ഹോട്ടലുകളുമടക്കം കടകളെല്ലാം തുറന്നിട്ടാൽ പിന്നെ ലോക് ഡൗൺ കൊണ്ടെന്ത് പ്രയോജനം.

കൊവിഡ് ലക്ഷണങ്ങളില്ലാതിരുന്ന പ്രവാസിക്ക് ഗൾഫിൽ നിന്നു വന്ന് 35 ദിവസമായപ്പോൾ രോഗം സ്ഥിരീകരിച്ചു. കേരളം കരുതലോടെ ഇരിക്കണമെന്ന മുന്നറിയിപ്പാണ് ഇത്തരം കേസുകൾ നൽകുന്നത്. രോഗ ബാധ സാമൂഹിക വ്യാപനത്തിലേക്ക് എത്താതിരിക്കാൻ ലോക് ഡൗൺ മാനദണ്ഡങ്ങൾ കർശനമായി പാലിച്ചേ മതിയാകൂ. ഇളവുകൾ പിൻവലിക്കാൻ മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണം- മുരളീധരൻ ആവശ്യപ്പെട്ടു.

ഇതിനു പിന്നാലെയാണ് ചില ഇളവുകൾ പിൻവലിക്കുന്നതായി സംസ്ഥാന സർക്കാർ വ്യക്തമാക്കിയത്. തുടർന്ന്, ചീഫ് സെക്രട്ടറിയുടെ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നുവെന്ന് മുരളീധരൻ ചൂണ്ടിക്കാട്ടി. ബാർബർ ഷോപ്പ് പ്രവർത്തനം, റസ്റ്ററന്റിൽ ഇരുന്ന് ഭക്ഷണം കഴിയ്ക്കൽ എന്നിവ പിൻവലിക്കുമെന്നാണ് അറിഞ്ഞത്. സാമൂഹിക അകലം എത്രത്തോളം പാലിക്കുന്നോ അത്രത്തോളം സുരക്ഷിതരാകും. ഇളവുകൾ ദുരുപയോഗം ചെയ്യുന്നത് ഒരു സമൂഹത്തെ ഒന്നാകെ അപകടത്തിൽപ്പെടുത്തും. അവസരോചിത ഇടപെടലുകളാണ് സർക്കാരുകൾ നടത്തേണ്ടത്. തെറ്റു തിരുത്താൻ തയാറായതിൽ സന്തോഷം- മുരളീധരൻ പറഞ്ഞു.

സ്പ്രിംക്ലർ കരാറിൽ മാനദണ്ഡങ്ങൾ പാലിച്ചില്ല: കെ. മുരളീധരൻ

സ്വന്തംലേഖകൻ

കോഴിക്കോട്: വിദേശ കമ്പനി സ്പ്രിംക്ലറുമായി കരാർ ഒപ്പിടുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സർക്കാർ പാലിച്ചിട്ടില്ലെന്ന് കെ. മുരളീധരൻ എംപി. ലോക് ഡൗൺ കഴിഞ്ഞാൽ കരാറിനെതിരേ പ്രതിപക്ഷം പ്രത്യക്ഷ സമരത്തിനിറങ്ങും. മുഖ്യമന്ത്രിയെക്കൊണ്ട് മറുപടി പറയിക്കും. ഇന്ത്യയിൽനിന്ന് കൊണ്ടുപോകുന്ന മരുന്ന് അമെരിക്ക തിരികെ ഇന്ത്യയിലേക്കു തന്നെ കൊണ്ടുവരും. കരാറിന്റെ വസ്തുതകൾ പുറത്ത് കൊണ്ടുവരാൻ സിബിഐ അന്വേഷണം നടത്തണം. കോൺഗ്രസ് ഇക്കാര്യത്തിൽ ഏതറ്റംവരെയും പോകും- മുരളീധരൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

പിണറായി ആയിരുന്നില്ല മുഖ്യമന്ത്രിയെങ്കിൽ കേരളത്തിലുള്ളവരെല്ലാം കൊവിഡ് ബാധിച്ച് മരിച്ചേനെ എന്ന് വരുത്താനാണ് എൽഡിഎഫ് ശ്രമം. യുഡിഎഫായിരുന്നു ഭരിച്ചതെങ്കിൽ കാസർഗോഡ് അതിർത്തിയിൽ ചികിത്സ കിട്ടാതെ ആളുകൾ മരിക്കില്ലായിരുന്നു. കാസർഗോഡ് മെഡിക്കൽ കോളെജ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. വൈകീട്ട് ആറ് മണിക്ക് ജനങ്ങൾ വാർത്താചാനലുകൾക്കു മുന്നിൽ ജനങ്ങൾ ഇരുന്നത് മുഖ്യമന്ത്രിയെ കാണാനല്ല, എത്ര പേർക്ക് കൊവിഡ് ബാധിച്ചു എന്നറിയാനാണ്. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരിക്കെ എംഎൽഎമാർക്ക് ടിവി നൽകുന്നതിനെ എതിർത്ത സിപിഎം സ്പ്രിംക്ലറിന്റെ സൗജന്യം കണ്ടപ്പോൾ വീണു.

ഓഖിയും നിപയും രണ്ട് പ്രളയവും വന്നിട്ടും ഡാറ്റ കൈകാര്യം ചെയ്യാൻ സിഡിറ്റിനെ സജ്ജമാക്കാതിരുന്നത് ദുരൂഹമാണ്. ഈ ഇടപാടിൽ മുഖ്യമന്ത്രി അന്വേഷണം നേരിടണം. മുഖ്യമന്ത്രിയുടെ കുടുംബാംഗങ്ങളെ വിമർശിക്കരുതെന്ന് പറയുന്ന സിപിഎം, യുഡിഎഫ് ഭരണ കാലത്ത് സ്വീകരിച്ച നിലപാട് ഓർമിക്കണം.

മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ കാർബൺ കോപ്പിയാണ്. . കേസ് നിയമപരമായും രാഷ്ട്രീയമായും നേരിടുമെന്നും മുരളീധരൻ പറഞ്ഞു

കൊച്ചിയിലെത്തിയ ഡോൾഫിനുകൾക്ക് ലോക് ഡൗണില്ല

സ്വന്തം ലേഖകൻ

കൊച്ചി അഴിമുഖത്ത് എത്തിയ ഡോൾഫിൻ കൂട്ടം. പശ്ചിമകൊച്ചിയിലെ വള്ളക്കാർ പകർത്തിയ ചിത്രം.

മട്ടാഞ്ചേരി: കൊച്ചിയുടെ സുന്ദര തീരത്തേക്ക് ഡോൾഫിനുകൾ വീണ്ടും കൂട്ടത്തോടെ. ശാന്തമായ അന്തരീക്ഷം ഉടലെടുത്തതോടെ ഡോൾഫിനുകൾ കൂട്ടത്തോടെ കൊച്ചി അഴിമുഖത്തേക്ക് എത്തിയിരിക്കയാണ്.

സാധാരണ ഈ അഴിമുഖം സദാ തിരക്കിലാണ്. കപ്പലുകളും ബോട്ടുകളും വള്ളങ്ങളും ജങ്കാറുകളും എപ്പോഴും കടന്നു പൊയ്ക്കൊണ്ടിരിക്കും. എന്നാൽ ലോക് ഡൗൺ പ്രഖ്യാപിച്ചതോടെ ബോട്ടും മറ്റു ജലയാനങ്ങളും ജെട്ടികളിലും യാർഡുകളിലുമൊക്കെയാണ്. തലങ്ങും വിലങ്ങും ഇരമ്പിപ്പായുന്ന ജലവാഹനങ്ങളുടെ അഭാവത്തിൽ കടലും കായലും അഴിമുഖവുമെല്ലാം ശാന്തം. ജലജീവികൾക്ക് ഇത് ആനന്ദക്കാലവും.

ഓയിലും എണ്ണയും മാലിന്യങ്ങളും കലരാത്ത തെളിനീർ ഡോൾഫിനുകളുടെ വിനോദത്തിനും വഴി തെളിയിച്ചിരിക്കയാണ്. രണ്ടു മാസം മുൻപ് മത്സ്യബന്ധന ബോട്ടിലെ പ്രൊപ്പല്ലറിന്റെ അടിയേറ്റതിനെ തുടർന്ന് അഴിമുഖത്തെത്തിയ ഒരു ഡോൾഫിൻ ചത്തിരുന്നു. ഇതോടെ ഡോൾഫിൻ കൂട്ടങ്ങൾ അപ്രത്യക്ഷമായി.

എന്നാൽ ഇപ്പോൾ ഏതാണ്ട് ഒരു ഡസനോളം ഡോൾഫിനുകളാണ് അഴിമുഖത്ത് എത്തിയിരിക്കുന്നതെന്ന് ചെറുവള്ളങ്ങളിൽ മീൻ പിടിക്കുന്നവർ പറയുന്നു.

വായുവിലേക്ക് ഉയർന്നു ചാടികരണം മറിയുന്ന ഡോൾഫിൻ കൂട്ടത്തിന്റെ കാഴ്ച ഏറെ മനോഹരം. പക്ഷേ ഇത് ആസ്വദിക്കാൻ സഞ്ചാരികളും നാട്ടുകാരുമില്ലാത്ത അവസ്ഥ. ലോക് ഡൗണായതോടെ ഫോർട്ടുകൊച്ചി ടൂറിസം മേഖല വിജനമാണ്. തങ്ങളുടെ ഫോട്ടോ പകർത്താൻ ആരുമില്ലെങ്കിലും ഇവരുടെ കരണം മറിയൽ നിർബാധം തുടരുകയാണ്.

സ്പ്രിംക്ലർ കരാർ: ഒളിയമ്പെയ്ത് സിപിഐ മുഖപത്രം

തിരുവനന്തപുരം: സ്പ്രിംക്ലർ കരാറുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെ സിപിഎമ്മിനും മുഖ്യമന്ത്രിക്കുമെതിരേ ഒളിയമ്പെയ്ത് സിപിഐ മുഖപത്രമായ ജനയുഗം. വിവാദം സംബന്ധിച്ചു പരസ്യ പ്രതികരണത്തിന് ഇതുവരെ ഘടകക്ഷിയായ സിപിഐ പ്രതികരിച്ചില്ലെങ്കിലും പരോക്ഷ വിമർശനമാണ് ജനയുഗം നടത്തിയത്. കമ്പനിയുടെ പേരോ, അവരുമായുള്ള സർക്കാരിന്റെ കരാറോ എടുത്തു പറയാതെയാണ് മുഖപ്രസംഗം.

വിവര സമ്പദ്വ്യവസ്ഥയിലെ മൂലധനശക്തികൾ ഇന്ത്യയടക്കമുള്ള വികസ്വര രാജ്യങ്ങളെ ലക്ഷ്യമിടുകയാണ്. വിവര സുരക്ഷയും സ്വകാര്യതയും വ്യക്തിയുടെയും രാഷ്ട്രത്തിന്റെയും സുരക്ഷയ്ക്ക് പ്രധാനം. ഇത്തരം മൂലധന ശക്തികൾ തങ്ങളുടെ ലാഭാർത്തിക്ക് അനുയോജ്യമായ രാഷ്ട്രീയ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിർണായക പങ്കുവഹിക്കുന്നു. ഈ സാഹചര്യത്തിൽ സ്വതന്ത്ര്യം, ജനാധിപത്യം, പരമാധികാരം, സ്വാശ്രയബോധം എന്നീ മൂല്യങ്ങൾ എങ്ങനെ സംരക്ഷിക്കാം എന്നത് സജീവപരിഗണന വേണ്ട വിഷയമാണ്- മുഖപ്രസംഗം വ്യക്തമാക്കുന്നു. സ്പ്രിങ്ക്ളറുമായുള്ള കരാറിനെതിരേ സിപിഐയിൽ കടുത്ത അമർഷം നിലനിൽക്കെയാണ് ജനയുഗത്തിലൂടെ വിമർശനം പുറത്തുവരുന്നത്.

ഡാറ്റ ചോരണം, അനധികൃത പങ്കുവയ്ക്കൽ, ദുരുപയോഗം എന്നിവ സംബന്ധിച്ച വാർത്തകൾ പതിവായിട്ടും ഡാറ്റ സ്വകാര്യത, സുരക്ഷിതത്വം എന്നിവ അർഹിക്കുന്ന പ്രാധാന്യത്തോടെ ഇനിയും കണക്കിലെടുത്തിട്ടില്ലെന്ന് മുഖപ്രസംഗത്തിൽ പറയുന്നു. 'ആധാർ' വ്യാപകമായ എതിർപ്പ് വിളിച്ചുവരുത്തിയത് ജനങ്ങളെ സംബന്ധിക്കുന്ന വിവരസമാഹരണം സുരക്ഷിതമായിരിക്കുമോ, അത് ദുരുപയോഗം ചെയ്യപ്പെടുമോ എന്ന ആശങ്കകൊണ്ടാണ്. വിവര സ്വകാര്യതയും വിവര സുരക്ഷിതത്വവും അതുകൊണ്ടു തന്നെ വ്യക്തികളുടെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെ തന്നെയും സ്വാതന്ത്ര്യം, സുരക്ഷിതത്വം, പരമാധികാരം എന്നിവയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു- മുഖപ്രസംഗം ചൂണ്ടിക്കാട്ടി.

പ്രതിപക്ഷത്തിന്റേത് കുലുക്കിക്കുത്ത്: ജനതാദൾ (എസ്)

തിരുവനന്തപുരം: ആശുപത്രി വരാന്തയിൽ കുലുക്കിക്കുത്ത് നടത്തുന്നവരായി പ്രതിപക്ഷം അധഃപതിച്ചിരിക്കുകയാണെന്ന് ജനതാദൾ(എസ്) പാർലമെന്ററി പാർട്ടി. ഒരു മഹാമാരിക്കെതിരേ പടപൊരുതുമ്പോൾ തരംതാണ രാഷ്ട്രീയ ആരോപണക്കച്ചവടത്തിന് പ്രതിപക്ഷം ശ്രമിക്കുന്നത് പരിഹാസ്യമാണ്. സ്പ്രിംക്ലർ കരാറുമായി ബന്ധപ്പെട്ട് പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷ നേതാക്കളും മറ്റും പരിശ്രമിക്കുന്നത്.

കരാറിന്മേൽ സംസ്ഥാന സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയുമില്ലെന്ന് വ്യക്തമായിട്ടും അഴിമതി ആരോപണം ഉന്നയിക്കുന്നത് കാണുമ്പോൾ ചോര തന്നെ കൊതുകിന് കൗതുകം എന്നു പറയേണ്ടി വരും.

മെട്രൊ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 മേടം 8 ശഅ്ബാൻ 27
2020 ഏപ്രിൽ 21 ചൊവ്വ

കെട്ടടങ്ങിയാലും വിട്ടുപോകില്ല, കൊവിഡ് ഭീഷണി

ലോകത്ത് ഒരു കൈവിരലിലെണ്ണാവുന്ന ഏതാനും ചെറു രാജ്യങ്ങളിലൊഴികെ ഏഴു ഭൂഖണ്ഡങ്ങളിലും താണ്ഡവമാടുകയാണു സാർസ് കോവ് 2 എന്ന വർഗത്തിൽപ്പെട്ട കൊവിഡ് 19 വൈറസ്. മരണസംഖ്യ 1.64 ലക്ഷവും കടന്നു കുതിക്കുന്നു. എയ്ഡ്സിനു ശേഷം യുഎസ് കണ്ട ഏറ്റവും വലിയ പകർച്ചവ്യാധിയായ കൊവിഡ് 19ന്റെ ഇരകളായി 41,000 പേർ അവിടെ മാത്രം മരണത്തിനു കീഴടങ്ങി. യൂറോപ്പിലെ 17 രാജ്യങ്ങളിലായി ഒരു ലക്ഷത്തിൽപ്പരം പേരാണു കൊവിഡ് ബാധിച്ചു മരിച്ചത്. ഈ രാജ്യങ്ങളിലെല്ലാം രോഗവ്യാപനത്തിന്റെ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങൾ പിന്നിട്ടു. അപ്പോഴും രോഗം വരുതിയിൽ വരാനോ, വ്യാപനത്തിന്റെ തോത് കുറയ്ക്കാനോ കഴിയുന്നില്ല. ഇന്ത്യയിലും മരണസംഖ്യ ആശങ്കാജനകമാം വിധം വർധിക്കുകയാണ്. രോഗവ്യാപനം കുറവെന്നു രേഖപ്പെടുത്തിയ ഇന്ത്യയിൽ കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 1500ലധികം പേർക്കു രോഗം സ്ഥിരീകരിക്കപ്പെട്ടു. ഒരു ദിവസം രേഖപ്പെടുത്തുന്ന ഏറ്റവും ഉയർന്ന സംഖ്യയാണിത്. യുഎസിലും യൂറോപ്യൻ യൂണിയനിലുമാണ് വ്യാപനം ഏറ്റവും രൂക്ഷമായിട്ടുള്ളത്. വരുംദിവസങ്ങളിലും സ്ഥിതി ഭയാനകമായിരിക്കുമെന്നാണ് അവിടെ നിന്നുള്ള റിപ്പോർട്ടുകളെല്ലാം.

എന്നാൽ, കഴിഞ്ഞ ഏതാനും ദിവസങ്ങളായി ആരോഗ്യ പ്രവർത്തകരെയും മെഡിക്കൽ സയൻസിനെയും അത്ഭുതപ്പെടുത്തുന്ന മറ്റൊരു പ്രതിഭാസം ഉടലെടുക്കുന്നതാണ് ഇതിനെക്കാളെല്ലാം ജനങ്ങളെ ഭയവിഹ്വലരാക്കുന്നത്. ഒരിക്കൽ വൈറസ് ബാധയേറ്റ് ചികിത്സ തേടിയ ശേഷം വീടുകളിലേക്കു മടങ്ങുന്ന വലിയൊരു വിഭാഗത്തിനു വീണ്ടും രോഗബാധ ഉണ്ടാകുന്നു എന്ന വെളിപ്പെടുത്തൽ നിസാരമായി തള്ളിക്കളയാൻ കഴിയില്ല. രോഗപ്രതിരോധത്തിൽ വളരെ മുന്നിലായിരുന്ന ദക്ഷിണ കൊറിയയിലാണ് ഒരാളിൽത്തന്നെ രണ്ടാം വരവ് ഏറ്റവും കൂടുതലായി രേഖപ്പെടുത്തപ്പെട്ടത്. ഇവിടെ ചികിത്സ കഴിഞ്ഞു മടക്കിവിട്ടവരിൽ പലരും വീണ്ടും രോഗലക്ഷണങ്ങളുമായി ആരോഗ്യ കേന്ദ്രങ്ങളിൽ തിരിച്ചെത്തി. ഇവരുടെ സ്രവങ്ങൾ പരിശോധനയ്ക്കയച്ചപ്പോൾ 2.1 ശതമാനം പേരുടെയും ഫലം പോസിറ്റീവ്. കൊറിയൻ സെന്റർ ഫൊർ ഡിസീസ് കൺട്രോൾ എന്ന സർക്കാർ സ്ഥാപനം മുഖേന നടത്തിയ പിസിആർ പരിശോധനയിലാണ് ഫലം പോസിറ്റീവ് ആയി കണ്ടെത്തിയത്.

കൊറോണ രോഗം പിടിപെട്ടയാൾക്കു നൽകിയ ചികിത്സയെത്തുടർന്ന് അയാളുടെ രക്തത്തിലുണ്ടായിരുന്ന കൊവിഡ് വൈറസുകളുടെ ജനിതക മാറ്റത്തെക്കുറിച്ചും നശിച്ചു പോയ വൈറസുകളുടെ അവശിഷ്ടങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള പരിശോധനകളാണു നടത്തിയത്. കൊവിഡ് വൈറസുകളെ അപ്പാടെ നശിപ്പിക്കുന്ന വാക്സിനുകളൊന്നും ഇതുവരെ ഒരിടത്തും വികസിപ്പിച്ചിട്ടില്ല. അഞ്ചാംപനി, മീസെൽസ്, എബോള, എയ്ഡ്സ് തുടങ്ങിയ മറ്റു മാരക വൈറൽ രോഗങ്ങൾക്കുള്ള മറുമരുന്നുകളാണ് ഗുരുതരാവസ്ഥയിലുള്ള രോഗികൾക്കു നൽകുന്നത്. അതിന്റെ ഫലപ്രാപ്തിയെക്കുറിച്ചും പാർശ്വഫലങ്ങളെക്കുറിച്ചുമൊക്കെയുള്ള പരിശോധനകളാണ് നടത്തുന്നത്.

രണ്ടാം പരിശോധനയിൽ പോസിറ്റീവ് ആണെന്നു കണ്ടെത്തിയവരുടെ സ്രവങ്ങളിൽ രക്തത്തിൽ നശിപ്പിക്കപ്പെട്ട വൈറസുകളുടെ അവശിഷ്ടങ്ങളാണു കണ്ടെത്തിയത്. ഈ അവശിഷ്ടങ്ങൾക്കു സജീവമായ വൈറസുകളെപ്പോലെ രോഗലക്ഷണങ്ങളുണ്ടാക്കാൻ കഴിയില്ല. പക്ഷേ, ഇത്തരം അവശിഷ്ടങ്ങൾ വഹിക്കുന്നവരിൽ നാമമാത്രമായെങ്കിലും രോഗലക്ഷണങ്ങൾ നിലനിർത്താൻ ഈ അവശിഷ്ടങ്ങൾക്കു കഴിയും. ഇത്തരക്കാരിൽ ഒരിക്കൽക്കൂടി സജീവ വൈറസുകൾ കടന്നു വന്നാൽ രോഗവ്യാപനം വളരെ വേഗത്തിലാകുമെന്നും കെസിഡിസി നടത്തിയ പഠനത്തിൽ കണ്ടെത്തി. അതേസമയം, പിസിആർ പരിശോധനയ്ക്കു വിധേയരായവരിൽ നടത്തിയ ആദ്യ പരിശോധനാ ഫലം ശരിയല്ലെങ്കിലും രണ്ടാം പരിശോധനയിൽ ഫലം പോസിറ്റീവ് ആകാനിടയാക്കും. പരിശോധനാ ഫലങ്ങളുടെ കൃത്യതയിലുള്ള അന്തരം തെറ്റിദ്ധാരണ ഉണ്ടാക്കുമെന്നും കെസിഡിസി ചൂണ്ടിക്കാട്ടുന്നു.

അപ്പോഴും ഒരു കാര്യം വ്യക്തം. കൊവിഡ് പ്രതിരോധവും ചികിത്സയും ക്വാറന്റൈനും ലോക്ക് ഡൗണുമൊന്നും വളരെപ്പെട്ടെന്ന് അവസാനിപ്പിക്കേണ്ട കാര്യങ്ങളല്ല. രോഗം വരാതിരിക്കാൻ സോഷ്യൽ ഡിസ്റ്റൻസിങ് മാത്രമാണു വഴിയെന്ന് ലോകവ്യാപകമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ലോക് ഡൗണുകളിലടക്കം ചെറിയ ഇളവുകൾ ലഭിക്കുമ്പോൾ നിയന്ത്രണങ്ങളുടെ സമസ്ത വലകളും ഭേദിച്ചു പുറത്തുചാടാനുള്ള ലൈസൻസ് ആയി ആരും കരുതരുത്. ഗ്രീൻ സോണായി പ്രഖ്യാപിക്കപ്പെട്ട കോട്ടയം, ഓറഞ്ച് സോണിൽപ്പെട്ട എറണാകുളം, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ ഇന്നലെ രൂപപ്പെട്ട തിക്കും തിരക്കും ദക്ഷിണ കൊറിയ നൽകുന്ന മുന്നറിയിപ്പ് ഗൗനിക്കാത്തതിന്റെ ഫലമാണ്. ദക്ഷിണ കൊറിയയിൽ മാത്രമല്ല, ചൈനയിലും ജപ്പാനിലും ഇതുപോലെ സെക്കൻഡ് ടെസ്റ്റ് പോസിറ്റീവ് ആയ നിരവധി കേസുകളുണ്ട്. ഈ സാധ്യത നമുക്കും ബാധകമാണെന്ന് എല്ലാവരും ഓർക്കണം. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ലക്ഷങ്ങളെ കൊന്നൊടുക്കിയ സ്പാനിഷ് ഫ്ളൂ, ഏഷ്യൻ ഫ്ളൂ, മസൂരി, പ്ലേഗ്, എയിഡ്സ് തുടങ്ങിയ മഹാമാരികൾ വരുതിയിലാകാൻ ദശാബ്ദങ്ങൾ തന്നെ വേണ്ടി വന്നു. കൊവിഡും അത്രയും തന്നെ കാലാവധി എടുത്തേക്കും, പൂർണമായി കെട്ടടങ്ങാൻ. അതു വരെയും അത്യാവശ്യം തന്നെയാണു പ്രതിരോധവും സുരക്ഷാ ക്രമീകരണങ്ങളും.

ഈ ഭൂമിയെ സംരക്ഷിക്കുക നാം

പ്രൊഫ. കെ.വി. തോമസ്
മുൻ കേന്ദ്ര മന്ത്രി

ഏപ്രിൽ 22. ഇതാ ഒരു ഭൗമദിനം കൂടി. 1969ൽ സൻഫ്രാൻസിസ്കോയിൽ നടന്ന യുനെസ്കോയുടെ സമ്മേളനത്തിൽ ജോൺ മക് കേണൽ എന്ന സാമൂഹ്യപ്രവർത്തകനാണ് ഭൗമദിനം എന്ന ആശയം മുന്നോട്ടുവച്ചത്. 1970 മാർച്ച് 21ന് ആദ്യമായി ഭൗമദിനം ആചരിച്ചു. പിന്നീട് അമെരിക്കൻ ഐക്യനാടുകളിൽ ഏപ്രിൽ 22ന് ഭൗമദിനം ആചരിക്കാൻ ആരംഭിച്ചു. 1990ഓടെ ഇത് ആഗോള തലത്തിലും അംഗീകരിക്കപ്പെട്ടു.

ബ്രസീലിലെ ആമസോൺ കാടുകളിൽ കത്തിയെരിഞ്ഞ ചാരകൂമ്പാരത്തെ സാക്ഷിയാക്കിയും ലോകത്താകമാനം ഭയം വിതച്ചുകൊണ്ടിരിക്കുന്ന കൊവിഡിന്റെ പിടിയിൽ അമർന്നുലഞ്ഞും ഇരിക്കെയാണ് ഭൗമദിനത്തിന്റെ 50-ാം വർഷം നാം ഇന്ന് ആചരിക്കുന്നത്. മനുഷ്യനും, ഭൂമിയും പ്രകൃതിയും,ജീവജാലങ്ങളും എല്ലാം ദൈവത്തിന്റെ വരദാനങ്ങളാണ്. ഇവയെല്ലാം സൗഹാർദത്തിലും സന്തോഷത്തിലും അധിവസിക്കപ്പെടണമെന്നതാണ് സൃഷ്ടിയുടെ നിയമം.

ദൈവത്തിന്റെ ദാനമായ, 'നമ്മുടെ ഭൂ മാതാവ് ഏതാണ്ട് 454 കോടി വർഷങ്ങൾക്കു മുൻപ് സൂര്യനു ചുറ്റുമുണ്ടായിരുന്ന സൗര വാതകപടലങ്ങൾ ഉറഞ്ഞുകൂടിയാണ് ഉണ്ടായത് എന്ന് പറയപ്പെടുന്നു. സൂര്യനിൽനിന്നു മൂന്നാമതായി സ്ഥിതിചെയ്യുന്ന ഭൂമിക്ക് വലിപ്പത്തിൽ അഞ്ചാം സ്ഥാനമാണുള്ളത്. 71 ശതമാനവും വെള്ളത്താൽ ചുറ്റപ്പെട്ട ഗ്രഹമായതിനാൽ ആകാശത്തു നിന്ന് നോക്കുമ്പോൾ നീല നിറത്തിൽ കാണപ്പെടുന്നു. അതുകൊണ്ട് നീലഗ്രഹം എന്ന പേരിലും അറിയപ്പെടുന്ന ഭൂമി, ലോഹങ്ങളും പാറകളും കൊണ്ട് രൂപപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ 100 കോടി വർഷങ്ങൾക്കിടയിലാണ് ജീവൻ തുടിക്കുന്ന ഒരേയൊരു ഇടമായ ഈ ഭൂമിയിയിൽ ജീവൻ പ്രത്യക്ഷമായതെന്ന് ശാസ്ത്രം സാക്ഷ്യപ്പെടുത്തുന്നു. ഭൂമിയുടെ കാന്തിക മണ്ഡലവും, ഓസോൺ പാളിയും ചേർന്നാണ് ജീവന്റെ നിലനിൽപിന് ആപത്കരമായ പുറം കിരണങ്ങളെ തടഞ്ഞുനിർത്തി നമ്മെ സംരക്ഷിക്കുന്നത്. എന്നാൽ നമുക്ക് ഭൂമിയെ പറ്റിയോ നമ്മുടെ ചുറ്റുമുള്ള പരിസ്ഥിതിയെ പറ്റിയോ ചിന്തിക്കാൻ സമയമില്ല. ആഗോളതാപനം, കാലാവസ്ഥയിലെ വ്യതിയാനങ്ങൾ, വനനശീകരണം, ജന്തുജീവജാലങ്ങളുടെ നാശം, മലിനീകരണം, ജലസ്രോതസുകളുടെ ശോഷണം തുടങ്ങിയ അനേകം പ്രശ്നങ്ങൾ മൂലം ഓസോൺ പാളികളിൽ രൂപപ്പെടുന്ന വിള്ളലുകൾ നമ്മെ പേടിപ്പെടുത്തുന്നു.

ശാസ്ത്ര പുരോഗതിയിലൂടെ നാം കൈവരിച്ച നേട്ടങ്ങൾ തെറ്റായ രീതിയിൽ ഉപയോഗിക്കപ്പെടുമ്പോൾ അത് ഭൂമിയുടെയും സർവ ജീവജാലങ്ങളുടെയും നാശത്തിനാണ് വഴിയൊരുക്കുക. നല്ലതിനായി കണ്ടെത്തിയ പലതും പിന്നീട് വൻ ദുരന്തത്തിന് വഴിയൊരുക്കുന്നതിന് ഏറ്റവും വലിയ ദൃഷ്ടാന്തമാണ് ആണവോർജത്തിന്റെ ഉപയോഗം. ഊർജത്തിന് വേണ്ടി ഉൽപാദിപ്പിക്കുന്ന ഈ അപകടകാരി ഭൂമിയുടെ നാശത്തിന് വഴിവയ്ക്കുന്നു. എന്നിട്ടും ഇതിന്റെ ഉൽപാദനത്തെ നാം പുകഴ്ത്തി പാടുന്നു. ഓരോ ആണവ നിലയത്തിൽ നിന്നും പുറപ്പെടുന്ന വികിരണങ്ങൾ ഭൂമിയെ ഇരുണ്ടതാക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളും, വ്യവസായ സ്ഥാപനങ്ങളിലെ വിഷപ്പുകയും, വിഷ ദ്രാവകങ്ങളും, കൃഷിയിടങ്ങളിലെ കീടനാശിനികളും ഒക്കെ കൊണ്ട് ഭൂമി വീർപ്പുമുട്ടുകയാണ്. ഇതിനെല്ലാം ഒരു തിരിച്ചടി കിട്ടി തുടങ്ങിയാൽ അതിഭയാനകമായിരിക്കും അവസ്ഥ. സുനാമി നാം കണ്ടുകഴിഞ്ഞു. ഭൂകമ്പങ്ങൾ, വെള്ളപ്പൊക്കം എന്നിവ തുടർക്കഥയാവുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് ക്രമാതീതമായി ഉയരുന്നു.

ലോകത്തെ ഓക്സിജന്റെ 20 ശതമാനവും നിർമിക്കുന്ന, ഭൂമിയുടെ ശ്വാസകോശം എന്നറിയപ്പെടുന്ന, ലോകത്തേറ്റവും സസ്യവൈവിധ്യമുള്ള ആമസോൺ മഴക്കാടുകൾ ബ്രസീലിൽ മനുഷ്യനിർമിതമായ തീപിടിത്തത്താൽ കത്തിയെരിഞ്ഞത് ആശങ്കയോടെ നോക്കി നിൽക്കാനേ ലോകരാഷ്ട്രങ്ങൾക്ക് കഴിഞ്ഞുള്ളൂ. എല്ലാ വർഷവും ആ രാജ്യത്തിന്റെ വികസനത്തിന് വേണ്ടി ഈ തീയിടൽ നടത്താറുണ്ടെങ്കിലും ഈ വർഷം 74,000ത്തിലധികം തീപിടിത്തങ്ങളാണ് നടന്നത്. മുൻ വർഷത്തെക്കാൾ 84 ശതമാനം കൂടുതൽ. ഇത് ലോക രാജ്യങ്ങളെയും മനുഷ്യകുലത്തെയും ഒരുപോലെ ആശങ്കപ്പെടുത്തുന്നതാണ്.

WWF (World Wide Fund for Nature) ന്റെ കണക്കുകൾ പ്രകാരം ആഗോള താപനം മൂലം ഏകദേശം 1,60,000 ആളുകൾ പ്രതിവർഷം മരിക്കുന്നു. 2025 ആകുന്നതോടെ ഇത് മൂന്നു ലക്ഷം കവിയുമെന്ന് കണക്കാക്കുന്നു. ഇപ്പോഴുള്ള ചൂട് പോലും താങ്ങാനാകാതെ നമ്മൾ വിയർക്കുന്നു. ഹിമപാളികൾ ഉരുകുന്നതുമൂലം സമുദ്രനിരപ്പ് ഉയരുകയും ദ്വീപുകൾ ഉൾപ്പടെ മിക്ക പ്രദേശങ്ങളും കടലിനടിയിൽ ആവുകയും ചെയ്യുമെന്നും പഠനങ്ങൾ ചൂണ്ടികാട്ടുന്നു.

മണ്ണിനെ മറന്നുള്ള മനുഷ്യന്റെ പ്രവൃത്തിയുടെ ദുരന്തങ്ങൾ നാം അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. അടുത്തയിടെ കേരളത്തെ പിടിച്ചുലച്ച പ്രളയം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. കേവലം കാലവർഷ വെള്ളപ്പൊക്കമെന്നതിനേക്കാൾ പ്രകൃതിയുടെ സംഹാരരൂപം നാം കണ്ടറിഞ്ഞു. നൂറു കണക്കിന് മനുഷ്യ ജീവനുകളും മറ്റ് ജീവജാലങ്ങളും ജീവനോപാധികളും കൃഷിയിടങ്ങളും എല്ലാം പ്രകൃതി തിരിച്ചെടുത്തു. റോഡുകളും പുഴകളും, കായലുകളും, തണ്ണീർതടങ്ങളും നമ്മുടെ സൗകര്യത്തിനുവേണ്ടി നികത്തുന്നു. നിബിഢ വനങ്ങൾ തരിശു ഭൂമിയാകുന്നു. പാറക്കെട്ടുകളും, കുന്നുകളും നോക്കിനിൽക്കെ നിരപ്പാകുന്നു. വനസമ്പത്ത് സംരക്ഷിക്കാൻ കാതലായ നിയമങ്ങൾ സൃഷ്ടിക്കപ്പെടണം. മരങ്ങൾ വച്ചു പിടിപ്പിക്കുകയെന്നത് ജീവിതചര്യയായി മാറ്റപ്പെടണം.

ഈ വർഷത്തെ ഭൗമദിനം പാരിസ്ഥിതിക പ്രശ്നങ്ങളിലേക്കുള്ള ചൂണ്ടുവിരൽ മാത്രമല്ല. ഈ കാലഘട്ടം നേരിട്ട സ്പാനിഷ് ഫ്ളൂ, നിപ്പ, ലോകം ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്ന കൊവിഡ് 19 മുതലായ ഒട്ടനവധി ജീവൽ പ്രശ്നങ്ങളെ ഇനിയും നാം നേരിടേണ്ടതായി വന്നേക്കാം. അതാകട്ടെ രാജ്യം, ദേശം, ഭാഷ, വർഗം എന്നീ വിധത്തിൽ വേർതിരിച്ച് സാധ്യവുമല്ല. ആയുധ സംഭരണത്തേക്കാളേറെ ഇനി ആവശ്യം ആരോഗ്യരക്ഷയാണ് എന്ന തിരിച്ചറിവിലേക്ക് നാം എത്തിച്ചേരേണ്ടതുണ്ട്. ലോകം ഒന്നാകെ മനുഷ്യരാശിയുടേയും ജീവിവർഗങ്ങളുടെയും നിലനില്പിനാധാരമായ കാര്യങ്ങളുടെ ഗൗരവതരമായ നടപടികളിലേക്കു നിങ്ങേണ്ടതിന്റെ ആവശ്യകത കൂടി കൊറോണക്കാലത്തെ ഭൗമദിനം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്.

ഭൂമിയ്ക്ക് മേൽ അടിച്ചമർത്തുന്ന പ്രഹരങ്ങൾ അടിക്കടി വർധിച്ചുവരുന്ന സാഹചര്യത്തിൽ നാം ഓരോരുത്തരും നമ്മളെ നിലനിർത്തുന്ന ഭൂമിയെ നമുക്കാവുന്ന വിധത്തിൽ അങ്ങേയറ്റം സ്നേഹിക്കാനും സംരക്ഷിക്കാനും പ്രതിജ്ഞാബദ്ധരാണ്. ഭൂമിയെ രക്ഷിക്കാനും പരിസ്ഥിതിയെ സംരക്ഷിക്കാനും വേണ്ടി രാജ്യാന്തര തലത്തിൽ സഹകരണം ഉറപ്പാക്കുന്നതിനും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും ഈ ദിനാചരണത്തിലൂടെ കഴിയണം. ഒന്നിനും സമയമില്ലാത്ത നമുക്കു വേണ്ടി പരിസ്ഥിതി പ്രവർത്തകർ ശബ്ദം ഉയർത്തുമ്പോൾ നമ്മുക്കവരെ പ്രോൽസാഹിപ്പിക്കാം, മിച്ചം നിൽക്കുന്ന ഹരിതഭൂമിയെങ്കിലും കാത്തു സൂക്ഷിക്കുന്നതിനായി.

'പൂർവികരിൽനിന്നും നമുക്കു പൈതൃക സ്വത്തായി ലഭിച്ചതല്ല, ഭാവി തലമുറകളിലിൽ നിന്ന് കടംവാങ്ങിയതാണീ ഭൂമി' (ഒരേയോരു ഭൂമി) എന്ന പുസ്തകത്തിലെ ഈ വാചകങ്ങൾ]ഓർമിച്ചുകൊണ്ട്, സുസ്ഥിര ഭാവിയിലേക്കു ചുവടുവയ്ക്കാനായി, ഭാവിതലമുറയ്ക്ക് ഭൂമിയെ സുരക്ഷിതമായി കൈമാറാനായി, കരുതലോടെ സംരക്ഷിക്കാം നമുക്ക് ഈ ഭൂമാതാവിനെ.

കൊവിഡ് കാലത്തെ ചില ആയുധങ്ങൾ

വിജയ് ചൗക്ക്

സുധീർ നാഥ്

രാജ്യം കൊവിഡ് ഭീതിയിലാണെങ്കിലും ദേശീയ, പ്രാദേശിക തലത്തിൽ പരസ്പരം പഴിചാരുന്നത് വ്യാപകമായി തുടരുന്നു. കേന്ദ്ര സർക്കാരിനെ ഒരു കൂട്ടർ വ്യാപകമായി കല്ലെറിയുന്നു. സംസ്ഥാനങ്ങളിലെ സ്ഥിതിയും മറിച്ചല്ല. എല്ലാ സംസ്ഥാനങ്ങളിലും ഭരിക്കുന്ന സർക്കാരിനെതിരെ രൂക്ഷ വിമർശനം നടക്കുന്നു. ഇതിനിടയിലാണ് ജാതി തിരിച്ചുള്ള ആക്ഷേപം. ഈ ഭീതിജനകമായ കാലത്തും നടക്കുന്ന ഇത്തരം പ്രവൃത്തികൾ രാജ്യത്തിന്റെ ആരോഗ്യകരമായ കെട്ടുറപ്പിനെ ദേഷകരമായി ബാധിക്കും.

ഫെബ്രുവരി അവസാന വാരം അമെരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഇന്ത്യയിൽ പറന്നിറങ്ങിയപ്പോൾ അവിടെ, അമെരിക്കയിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച മനുഷ്യരുടെ എണ്ണം നൂറിനോട് അടുക്കുകയായിരുന്നു. അന്ന് കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഡൽഹിയിൽ മാധ്യമങ്ങൾ വഴി രാജ്യത്തിന് അപകട സൂചന നൽകിയിരുന്നു എന്നതു വാസ്തവമാണ്. ലോകപരിചയമുള്ള ശശി തരൂരും കൊവിഡ് വൈറസിന്റെ അപകടകരമായ വരവിനെ രാജ്യത്തിന് മുന്നിൽ അവതരിപ്പിച്ചിരുന്നു. പക്ഷെ അതിന് കേന്ദ്ര സർക്കാർ ചെവികൊടുത്തില്ല എന്ന വീഴ്ച തിരിഞ്ഞുനോക്കിയാൽ ബോധ്യപ്പെടും.

പാർലമെന്റ് സമ്മേളനം മാർച്ച് മാസം സജീവമായി നീണ്ടത് വ്യാപക പ്രതിഷേധത്തിന് ഇടനൽകി. രാജ്യം ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിക്കണമെന്ന് കേരള സർക്കാർ ആവശ്യപ്പെട്ടിരുന്നു. പല സംസ്ഥാനങ്ങളും ലോകരാജ്യങ്ങളിൽ പടരുന്ന വൈറസിനെ ഭയത്തോടെ നോക്കിക്കണ്ടു. കേരളവും ഗോവയും നടപടികളുമായി മുന്നേറി. കേന്ദ്ര ആരോഗ്യ വകുപ്പ് രാജ്യത്ത് നിയന്ത്രണങ്ങൾ മാത്രം കൊണ്ടുവന്നു.



മാർച്ച് 10ന് കേരളം ശക്തമായ നടപടികളുമായി മുന്നിട്ടിറങ്ങി. പിന്നാലെ മറ്റു സംസ്ഥാനങ്ങളിൽ ആരോഗ്യ പ്രവർത്തകർ വൈറസ് പരക്കുന്നത് തടയാൻ നടപടികളെടുത്തു. തമിഴ്നാട്ടിൽ റോഡരുകിലിരുന്ന് ഇഡ്ഡലി തിന്നുന്ന ആരോഗ്യ മന്ത്രിയുടെ ഫോട്ടൊ പ്രദർശിപ്പിച്ച്, പ്രതിരോധ പ്രവർത്തനത്തിന് തമിഴ്നാട് മോഡൽ കണ്ടുപഠിക്കണമെന്ന് പറഞ്ഞ് കേരളത്തിന്റെ നടപടികളെ പരിഹസിക്കുകയുണ്ടായി. പക്ഷെ ഇപ്പോൾ കൊവിഡ് രോഗികളുടെ എണ്ണം കൊണ്ട് തമിഴ്നാട് രാജ്യത്തിന് തന്നെ ഭീഷണി ഉയർത്തുന്നു.

കൊവിഡ് രോഗം രാജ്യത്ത് പടർന്നു പിടിക്കുന്ന അവസരത്തിലാണ് മധ്യപ്രദേശ് സർക്കാരിനെ അട്ടിമറിച്ച് ശിവരാജ് സിങ് ചൗഹാൻ മുഖ്യമന്ത്രിയായി ചുമതലയേറ്റത്. ഇതിനു പിന്നാലെ പാർലമെന്റ് സമ്മേളനം നിർത്തിവയ്ക്കാനും, രാജ്യം ലോക് ഡൗണിലേക്ക് പോകാനും തീരുമാനമായി. വ്യോമയാന മേഖലയും റെയ്ല്, പൊതുഗതാഗത മാർഗങ്ങളും നിർത്തലാക്കിയത് വൈറസ് വ്യാപനത്തിനു തടയിട്ടു എന്നു തന്നെ പറയണം.

കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് നൽകാൻ പ്രഖ്യാപിച്ച ധനസഹായത്തിന്റെ കണക്ക് രാജ്യം കൗതുകത്തോടെയാണ് കണ്ടത്. രാഷ്ട്രീയ ചായ്‌വ് നോക്കി ധനസഹായം നൽകിയത് വ്യാപക പ്രതിഷേധത്തിന് സാഹചര്യമൊരുക്കി. കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് തടസമായി പ്രാദേശിക വിശ്വാസങ്ങളും നിരക്ഷരതയും വ്യാജവാർത്തകളും കാരണമായി എന്നും പറയേണ്ടിയിരിക്കുന്നു. തമിഴ്നാട്ടിൽ ജെല്ലിക്കെട്ട് കാളയുടെ അന്ത്യകർമങ്ങളിൽ പങ്കെടുക്കാൻ മൂവായിരത്തിലേറെ പേർ കൂടിയതും, രാജ്യത്തിന്റെ പല മേഖലകളിലും ഇതരസംസ്ഥാന തൊഴിലാളികൾ തെരുവിൽ കൂട്ടമായി ഇറങ്ങിയതും, നിസാമുദ്ദീൻ തബ്‌ലീഗ് മർക്കസിലെ സമ്മേളനത്തിൽ പങ്കെടുത്തവർ ആരോഗ്യപരിശോധനയ്ക്കു കൂട്ടാക്കാതെ രാജ്യവ്യാപകമായി കറങ്ങിനടന്നതും ചില ഉദാഹരണങ്ങൾ മാത്രം.

കേരളം ആരോഗ്യരംഗത്ത് മാതൃകയായതിൽ എല്ലാ മലയാളിക്കും അഭിമാനിക്കാം. ഇത് കൊവിഡ് കാലത്ത് നടന്ന പ്രവർത്തനങ്ങൾ കൊണ്ടു മാത്രം ലഭിച്ചതല്ല. കാലാകാലങ്ങളായി പ്രാഥമികാരോഗ്യരംഗത്ത് നൽകിയ ശ്രദ്ധയും വികസനവും ഒരു കാരണമാണ്. ക്രിസ്ത്യൻ മിഷിനറിമാർ നൽകിയ സംഭാവനയും എടുത്തുപറയണം. കേരള സർക്കാർ പ്രതിരോധ പ്രവർത്തനത്തിൽ മികച്ച നടപടികളാണ് സ്വീകരിച്ചതെന്നത് വിസ്മരിക്കാനും സാധിക്കില്ല. ദീർഘവീക്ഷണത്തോടെയുള്ള നടപടികളും അച്ചടക്കമുള്ള പ്രവൃത്തിയും വിജയത്തിനു കാരണമായി. ഇത് ലോകാരോഗ്യ സംഘടനയടക്കം എല്ലാവരും അംഗീകരിച്ചു. കേന്ദ്ര സർക്കാരും, കേന്ദ്ര ആരോഗ്യ മന്ത്രാലയവും പരസ്യമായി ഇത് പ്രഖ്യാപിക്കുകയും ചെയ്തു.

കേരള സർക്കാരിന് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് കൈയടി കിട്ടിയതിൽ ആശങ്കയുണ്ടായത് പ്രതിപക്ഷത്തിനാണ്. സ്പ്രിംഗ്ലർ അഴിമതി ഒരു മികച്ച ആയുധമായി അവർ എടുത്തു. അത് ഉയർത്തിക്കൊണ്ടുവന്നതിന് പിന്നിൽ ഡാറ്റ അനലറ്റിക്സ് രംഗത്ത് സമാനമായി പ്രവർത്തിക്കുന്ന ഇടതുപക്ഷ അനുഭാവമുള്ള മറ്റൊരു മലയാളിയുടെ സ്ഥാപനമാണെന്നാണു പറയുന്നത്. അവരും ഈ ജോലിക്കായി ശ്രമം നടത്തിയിരുന്നതായി അറിയുന്നു. കൈയിൽ നിന്നു നഷ്ടപ്പെട്ട കരാറാണ് വിവാദങ്ങൾക്കു കാരണമെന്നു ചുരുക്കം.

പ്രതിരോധ കുത്തിവയ്പ്പുകളും കേരളവും

ഡോ. മോഹൻദാസ് നായർ

പ്രതിരോധ കുത്തിവെപ്പുകൾ നമ്മുടെ പൊതുജനാരോഗ്യരംഗത്തിനു നൽകിയ സംഭാവനകളെപ്പറ്റി ജനങ്ങൾ ഏറ്റവും ബോധവാന്മാരാണിപ്പോൾ. കൊറോണ വൈറസിനെതിരായി ഒരു ഫലപ്രദമായ വാക്സിൻ വികസിപ്പിച്ചിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്തവരില്ല. ഇതിലധികം ആരോഗ്യ പ്രശ്നങ്ങളാണ് പണ്ട് കാലത്ത് വസൂരി, അഞ്ചാംപനി, ഡിഫ്തീരിയ, ടെറ്റനസ്, പോളിയോ തുടങ്ങിയ രോഗങ്ങൾ ഉണ്ടാക്കിയിരുന്നത് എന്ന് പറയുമ്പോൾ വിശ്വസിക്കാൻ മടികാണിച്ചിരുന്ന പലർക്കും അത് ശരിയായിരിക്കാമെന്ന് ഇപ്പോൾ തോന്നുന്നുണ്ട്.

അതേസമയം ലോക്ക് ഡൗൺ കാരണം നമ്മുടെ റുട്ടീൻ പ്രതിരോധ കുത്തിവെപ്പുകൾ മുടങ്ങിപ്പോകുന്ന സാഹചര്യമാണ് ഇന്നുള്ളത്. ഏകദേശം ഒരു മാസത്തിലേറെയായി ഈ സാഹചര്യം ഉരുത്തിരിഞ്ഞിട്ട്. പ്രതിരോധ കുത്തിവെപ്പുകൾ ദീർഘനാളത്തേക്ക് ഒഴിവാക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്. സോവിയറ്റ് യൂണിയന്റെ പതനത്തോടനുബന്ധിച്ച് ഇത്തരം ഒരു സാഹചര്യമുണ്ടായപ്പോൾ, 1992 ൽ പതിനായിരക്കണക്കിന് ആൾക്കാർക്ക് ഡിഫ്തീരിയ ബാധ ഉണ്ടായത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിക്ക മാതാപിതാക്കളും തങ്ങളുടെ കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പുകൾ മുടങ്ങിയതിൽ ആശങ്കാകുലരാണ്. പലരും ആരോഗ്യ പ്രവർത്തകരെ വിളിച്ച് ഈ ആശങ്ക പങ്കുവയ്ക്കുന്നുണ്ട്.

കുത്തിവെപ്പ് എടുക്കാൻ വീട്ടിൽ നിന്നിറങ്ങണം. ആശുപത്രിയിലോ സബ് സെന്ററിലോ പോകണം. പലയിടങ്ങളിലും ശാരീരിക അകലം പാലിക്കുന്നതിൽ തടസം നേരിടാം. യാത്രാ സൗകര്യങ്ങൾ കുറവ്. അരോഗ്യ പ്രവർത്തകർ മറ്റു പല പ്രവർത്തനങ്ങളിലും മുഴുകിയിരിക്കുന്നു. അതു കൊണ്ട് തന്നെ കുറ്റമറ്റ രീതിയിൽ ഈ സമയത്ത് കുത്തിവെപ്പ് പരിപാടി നടത്തിക്കൊണ്ട് പോകാൻ പറ്റുമോ എന്ന ആശങ്ക. തുടങ്ങി നിരവധി കാരണങ്ങൾ കാരണം ലോക്ക് ഡൗൺ കാലത്ത് കുത്തിവയ്പ്പുകൾ നിർത്തി വച്ചിരിക്കുകയായിരുന്നു.

ഇങ്ങനെ കുത്തിവയ്പ്പുകൾ വൈകിയാൽ കുഴപ്പമുണ്ടോ?

പ്രസവിച്ച ഉടനെയുള്ള BCG, Hepatitis. B, പോളിയോ തുള്ളിമരുന്ന് എന്നിവ ഇപ്പോളും കൊടുക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ 6, 10, 14 ആഴ്ചകളിൽ എടുക്കുന്ന കുത്തിവെപ്പ് പല വികസിത രാജ്യങ്ങളിലും എടുക്കുന്നത് 2, 4, 6 മാസങ്ങളിലാണ്. ജനസാന്ദ്രത കുറഞ്ഞ, പകർച്ചവ്യാധികൾ കുറഞ്ഞ നാടായതിനാലാണ് അവർക്ക് അങ്ങനെ ചെയ്യാൻ പറ്റുന്നത്. കൂടുതൽ പ്രതിരോധ ശക്തി ലഭിക്കുക ഈ രീതി അനുവർത്തിച്ചാലാണ്.

നമ്മുടെ രാജ്യത്തെ സ്ഥിതി അങ്ങനെയല്ല. ജനസാന്ദ്രത കൂടുതലായതു കാരണവും രോഗവ്യാപന സാധ്യത കൂടുതലായതിനാലും ചില രോഗങ്ങൾക്കുള്ള കുത്തിവെപ്പുകൾ നമ്മൾ ഇത്തിരി നേരത്തെ കൊടുക്കുന്നുവെന്ന് മാത്രം. അത് അങ്ങനെതന്നെ തുടരുന്നതാണ് ശരിയും.

ഇപ്പോഴത്തെ സാമൂഹിക സാഹചര്യങ്ങൾ ആകെ മാറിയിരിക്കുകയാണ്. മനുഷ്യന്റെ ചലനങ്ങളാണ് പകർച്ചവ്യാധികൾ പകരുന്നതിന് ഏറ്റവും വലിയ കാരണങ്ങളിലൊന്ന്. ഇപ്പോഴത്തെ സവിശേഷ സാഹചര്യത്തിൽ അതിനുള്ള സാധ്യത വളരെ കുറവാണ്. വീടുകളിലേക്ക് അതിഥികൾ ആരും വരുന്നില്ല, കുഞ്ഞുകുട്ടികൾ പുറത്ത് പോകുന്നില്ല, ശാരീരിക അകലം പാലിക്കപ്പെടുന്നു, മുതിർന്നവർ മാസ്ക് ഉപയോഗിക്കുന്നു, കൈകഴുകുന്നു, ഇക്കാര്യങ്ങളെല്ലാം വാക്സിൻ എടുത്തിട്ടില്ലെങ്കിൽ കൂടി രോഗാണുബാധ ഉണ്ടാകാതിരിക്കാൻ ഏറെക്കുറെ സഹായകരമാണ്.

കൊറോണക്കെതിരായ യുദ്ധം ഏതാനും ആഴ്ചകൾ കൊണ്ട് തീരില്ല. മാസങ്ങളോളം നീണ്ടു നിൽക്കും അത്. അത്രയും നാൾ പ്രതിരോധകുത്തിവെപ്പുകൾ കൊടുക്കാതിരിക്കുന്നത് നല്ലതാവില്ല. സമൂഹത്തിൽ വലിയൊരു ശതമാനം കുഞ്ഞുങ്ങൾ ദീർഘനാൾ വാക്സിൻ എടുക്കാതെ വരുമ്പോൾ അത് ഹെർഡ് ഇമ്യൂണിറ്റിയെ ബാധിക്കുകയും രോഗവ്യാപനസാധ്യത ഉണ്ടാവുകയും ചെയ്യും.

അതിനാൽ നമുക്ക് ഈ ലോക്ക് ഡൗണിനിടയിലും പ്രതിരോധ കുത്തിവെപ്പുകൾ പുനരാരംഭിച്ചേ പറ്റൂ. ലോകം മുഴുവൻ കൊറോണയാൽ നിശ്ചലമായിരിക്കുന്ന ഈ ഘട്ടത്തിൽ വാക്സിനുകളുടെ ലഭ്യതയും വരും മാസങ്ങളിൽ പ്രശ്നമാകാൻ സാധ്യതയുണ്ട്.

അപ്പോൾ ഇനി...?

കേരള സർക്കാർ പ്രതിരോധ കുത്തിവെപ്പുകൾ അടുത്ത ആഴ്ച മുതൽ പുനരാരംഭിക്കണമെന്ന തീരുമാനം എടുത്തിട്ടുണ്ട്. അതിനുള്ള മാർഗ നിർദേശങ്ങളും നൽകിയിട്ടുണ്ട്. അവിടെ പൊതുജനങ്ങളും ആരോഗ്യപ്രവർത്തകരും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ,

1. പ്രതിരോധകുത്തിവയ്പ്പ് വീണ്ടും ആരംഭിച്ചു എന്ന് കരുതി, അടുത്ത ദിവസം എവിടെയെങ്കിലും ഓടിപ്പോയി കുത്തിവെപ്പ് എടുക്കാൻ നിൽക്കരുത്. കേരളത്തിൽ കോവിഡ്19 കേസുകൾ കുറഞ്ഞു വരുന്നത് സത്യം. എങ്കിലും ഒട്ടും ജാഗ്രതക്കുറവ് പാടില്ല. കോവിഡ് പ്രതിരോധത്തിന് ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി നല്ല അവബോധമുണ്ടായിരിക്കണം. 'ബ്രേക്ക് ദി ചെയ്ൻ' നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം.

2. ഓരോ സബ് സെന്ററിനു കീഴിലും കുത്തിവെപ്പ് എടുക്കാനുള്ള കുട്ടികൾ ആരൊക്കെ എന്നതിന്റെ ലിസ്റ്റുണ്ടാവും. അവരെല്ലാം ഇപ്പോൾ അവരവരുടെ വീടുകളിൽ തന്നെ കാണുകയും ചെയ്യും. ബന്ധപ്പെട്ട JPHN അല്ലെങ്കിൽ ആശാ വർക്കർ അവരെയെല്ലാം ഫോൺ വഴി ബന്ധപ്പെടണം. ആവശ്യമെങ്കിൽ രക്ഷകർത്താക്കൾക്ക് അവരെ തിരിച്ചും ബന്ധപ്പെടാം.

3. കുത്തിവെപ്പ്, എവിടെ വെച്ചു മുടങ്ങിയോ അവിടെനിന്നും പുനരാരംഭിക്കണം. എടുത്ത ഡോസ് വീണ്ടും എടുക്കേണ്ട ആവശ്യമില്ല.

4. കഴിയുന്നതും കുത്തിവെപ്പിനുള്ള കുട്ടികളുടെ രക്ഷിതാക്കളെ ഫോൺ വഴി ബന്ധപ്പെട്ട് എത്തിച്ചേരേണ്ട സമയം പറഞ്ഞു കൊടുക്കുകയാണെങ്കിൽ ഒരേ സമയത്ത് അനേകം പേർ എത്തിച്ചേരുന്നത് ഒഴിവാക്കാം.

5. അതിനായി ഓരോ ദിവസവും അരമണിക്കൂർ വീതമുള്ള 6 സെഗ്മെന്റുകളാക്കി, ഓരോ സെഗ്മെന്റിലും പരമാവധി 5 കുട്ടികൾക്ക് വീതം വരാനുള്ള നിർദ്ദേശം നൽകണം. കുറെപ്പേർ ഒന്നിച്ച് വന്ന് കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കാനാണിത്.

6. മാസ്ക് ധരിച്ചു വേണം പുറത്തിറങ്ങാൻ. മറ്റ് ആൾക്കാരിൽ നിന്നും അകലം പാലിക്കണം. ചുമയും പനിയും മറ്റും ഉള്ളവർ പുറത്തിറങ്ങരുത്.

7. ഒരു കുഞ്ഞിന്റെ കൂടെ കഴിവതും ഒരാൾ മാത്രം പോവുക.

8. ആശുപത്രിയിൽ പനിയും മറ്റുമായി കാണിക്കാൻ വരുന്നവരുമായി ഇടകലരാത്ത വിധത്തിൽ പ്രത്യേക സ്ഥലത്ത് വേണം പ്രതിരോധ കുത്തിവെപ്പ് സജ്ജീകരിക്കാൻ.

9. കുത്തിവെപ്പിനു മാത്രം വന്നതാണെങ്കിൽ ഒ.പി ടിക്കറ്റ് എടുക്കേണ്ട കാര്യമില്ല. എന്തെങ്കിലും രീതിയിലുള്ള ബുദ്ധിമുട്ടുകളോ രോഗങ്ങളോ ഉള്ള കുട്ടികളെ മാത്രം ഡോക്റ്ററെ കാണിച്ചാൽ മതി.

10. കൈ സോപ്പും വെള്ളവും വെച്ച് കഴുകിയ ശേഷം മാത്രം കുത്തിവെപ്പിനായി പ്രവേശിക്കുക. .

ഓർക്കണം, പ്രതിരോധകുത്തിവെപ്പുകൾ പ്രധാനപ്പെട്ടത് തന്നെയാണ്. പക്ഷേ അത്രതന്നെ പ്രാധാന്യമുണ്ട് കോവിഡ് പടരാതിരിക്കാനുള്ള മുൻകരുതലുകൾക്കും. അതുകൊണ്ട് സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു മാത്രമേ കുഞ്ഞുങ്ങളെ പ്രതിരോധ കുത്തിവയ്പ്പിനായി കൊണ്ടുപോകാവൂ..

nചപവർബാങ്ക്

മനസിനെ നിയന്ത്രിച്ച് പരിശീലനം

ആ മനസിനെ നിയന്ത്രിച്ച് പരിശീലനം നടത്തിയാൽ നമ്മൾ ആഗ്രഹിക്കുന്ന പൊസിഷനിൽ നമ്മുക്ക് എത്തിച്ചേരുവാൻ കഴിയും. ലക്ഷ്യത്തിലേക്കു എത്തിച്ചേരുവാനുള്ള ഉത്തേജനം മനസ്സു നൽകുന്ന അവസ്ഥ നമ്മുക്ക് ഏറെ ഗുണം ചെയ്യും. ലോക് ഡൗണിൽ ചില കാര്യങ്ങളിൽ ശ്രദ്ധയൂന്നിയാൽ നമ്മുടെ ലക്ഷ്യങ്ങൾക്കുള്ള പ്രചോദനമായി മനസിനെ മാറ്റിയെടുക്കാം.

ആദ്യം നമ്മുടെ ലക്ഷ്യം ഏതെന്നു തീരുമാനിക്കുക. തുടർന്ന് ആ ലക്ഷ്യത്തെ ഓർമിപ്പിക്കുന്ന വാചകങ്ങൾ, ദൃശ്യങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവ നമ്മൾ ചിലവഴിക്കുന്ന എല്ലാ മുറികളിലും പ്രദർശിപ്പിക്കുക. ഇത് ലക്ഷ്യത്തെ പറ്റി എപ്പോഴും ബോധവാനായിരിക്കുവാൻ ഉപകരിക്കുന്നു. നിങ്ങളുടെ ലക്ഷ്യത്തെപറ്റി മറ്റുള്ളവരോട് ആത്മവിശ്വാസത്തോടെ, വാചാലതയോടെ സംസരിക്കുക. അവസരം കിട്ടുമ്പോഴൊക്കെ ഇതു തുടരുക. ലക്ഷ്യത്തെ പറ്റിയുള്ള ആത്മവിശ്വാസം വളർത്തുവാനിതുപകരിക്കും.

ഇപ്പോൾ വെറുതെയിരിക്കുന്ന അവസരങ്ങളിൽ നിങ്ങൾ ലക്ഷ്യത്തിനു വേണ്ടി പ്രവർത്തിക്കുന്നതും അതിൽ വിജയിക്കുന്നതുമായ കാര്യങ്ങൾ മനസ്സിൽ കാണുക. തീർച്ചയായും നിങ്ങളിൽ പോസിറ്റീവ് ആയ ചിന്തകൾ ഉണരും. മനസ്സിൽ കാണുന്നത് പ്രവർത്തിയായി കാണുവാൻ നിങ്ങൾ ആഗ്രഹിക്കും. അതിനു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തും. ലക്ഷ്യങ്ങൾ നേടിയെടുത്തു കഴിയുമ്പോൾ നിങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ ഏതൊക്കെയെന്നു ആലോചിക്കുക. അവ ഒരു ഡയറിയിൽ എഴുതിയിടുക. സമയം കിട്ടുമ്പോൾ അവ വായിച്ചു ആസ്വദിക്കുക

രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ പുനരാരംഭിച്ചു

തിരുവനന്തപുരം: രജിസ്ട്രേഷൻ വകുപ്പിലെ സേവനങ്ങൾ ഗ്രീൻ, ഓറഞ്ച്- ബി സോണുകളിൽ നിയന്ത്രണത്തോടെ ആരംഭിച്ചെന്ന് വകുപ്പു മന്ത്രി ജി. സുധാകരൻ. ഇന്നലെ മാത്രം 29 ആധാരങ്ങളും 2,629 ഗഹാനുകളും രജിസ്റ്റർ ചെയ്തു. 2,400 കുടിക്കട സർട്ടിഫിക്കറ്റുകൾ തയാറാക്കി.

ലോക് ഡൗൺ പ്രഖ്യാപിച്ച കഴിഞ്ഞ മാസം 25 മുതൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരുന്നു. ആധാരം രജിസ്ട്രേഷൻ, കുടിക്കട സർട്ടിഫിക്കറ്റുകൾ, ആധാരങ്ങളുടെ പകർപ്പുകൾ, ഗഹാനുകളുടെ രജിസ്ട്രേഷൻ എന്നിവ മുടങ്ങിയതിനാൽ ഒട്ടേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും ഈ സേവനങ്ങൾ പുനരാരംഭിക്കണമെന്നും നിരവധി നിവേദനങ്ങൾ ലഭിച്ചിരുന്നു.

കേന്ദ്ര- സംസ്ഥാന സർക്കാരുകൾ നിയന്ത്രണങ്ങളിൽ ഇളവുകൾ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഗ്രീൻ, ഓറഞ്ച്- ബി സോണുകളിൽപ്പെട്ട തിരുവനന്തപുരം, കോട്ടയം, ഇടുക്കി, തൃശൂർ, പാലക്കാട്, ആലപ്പുഴ, വയനാട് ജില്ലകളിൽ ഇന്നലെ മുതലും ഓറഞ്ച്- എ സോണിൽപ്പെട്ട പത്തനംതിട്ട, എറണാകുളം, കൊല്ലം ജില്ലകളിൽ 24 മുതലും സേവനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചത്. ഈ ജില്ലകളിൽ ഹോട്ട് സ്പോട്ടുകളായി പ്രഖ്യാപിച്ചിട്ടുള്ള മേഖലകളിലെ ഓഫിസുകളുടെ പ്രവർത്തനം സർക്കാർ നിർദേശങ്ങൾക്ക് അനുസൃതമായി മാത്രം ആരംഭിക്കും. റെഡ് സോണിൽപ്പെട്ട മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിൽ ലോക് ഡൗൺ പൂർത്തിയായശേഷം സേവനങ്ങൾ ആരംഭിക്കും.

ഓഫിസിൽ ഹാജരാകേണ്ട ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ട്. സബ് രജിസ്ട്രാർ ഓഫിസിൽ പരമാവധി 10 ആധാരങ്ങളേ രജിസ്റ്റർ ചെയ്യൂ. ഓൺലൈൻ സേവനങ്ങളായ കുടിക്കട സർട്ടിഫിക്കറ്റുകൾ, ഗഹാനുകളുടെ രജിസ്ട്രേഷൻ എന്നിവ പൂർണതോതിൽ നടക്കും. രജിസ്ട്രേഷനായി ഓഫിസിൽ ഒരേസമയം അഞ്ചുപേരേ പാടുള്ളൂ.

ആവശ്യമെങ്കിൽ വസ്തു വിൽക്കുന്ന കക്ഷികളുടെ വിരലടയാളം എടുക്കുന്നത് ഒഴിവാക്കിയാണ് ആധാരം രജിസ്ട്രേഷൻ നടത്താൻ നിയമപരമായ നടപടികൾ സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. പണമിടപാടുകൾ ഓൺലൈനായി മാത്രം സ്വീകരിക്കണമെന്നും സൊസൈറ്റി രജിസ്ട്രേഷൻ സേവനങ്ങൾ നിയന്ത്രിത രീതിയിൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

തോക്കുമായി നായാട്ട് സംഘം അറസ്റ്റിൽ

■ വെടിയൊച്ച മുഴങ്ങിയതിനെ തുടർന്നായിരുന്നു തെരച്ചിൽ

സ്വന്തം ലേഖകൻ

കോതമംഗലം: നേര്യമംഗലം വനത്തിൽ നായാട്ടിനിടെ തോക്കുമായി സംഘം അറസ്റ്റിൽ. വനാന്തരത്തിൽ തെരച്ചിലിന് എത്തിയ വനപാലക സംഘം വെടിയൊച്ച കേട്ടു നടത്തിയ അന്വേഷണത്തിലാണ് ഇവർ കുടുങ്ങിയത്. കൂട്ടമ്പുഴ പിണവൂർകുടി സ്വദേശികളായ ചക്കാനിക്കൽ അനിൽകുമാർ (51), ഉരുമ്പിൽ വീട്ടിൽ മനോജ് (41), മുളമൂട്ടിൽ സജി (47) എന്നിവരാണ് പിടിയിലായത്.

നേര്യമംഗലം ഫോറസ്റ്റ് റേഞ്ചിലെ വാളറ സ്റ്റേഷൻ പരിധിയിൽ പിണവൂർകുടി ക്യാംപ് ഷെഡ് സ്റ്റേഷൻ പരിധിയിലെ വനത്തിൽ കഴിഞ്ഞ ദിവസം രാത്രിയാണു സംഘത്തെ കസ്റ്റഡിയിലെടുത്തത്. കാട്ടിൽ രാത്രി ക്യാംപ് ചെയ്യാൻ പോയ വനപാലകരാണ് അവിടെ തമ്പടിച്ചിരുന്ന നായാട്ട് സംഘത്തെ കണ്ടെത്തിയത്. ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും തുടർന്നു നടത്തിയ തെരച്ചിലിൽ മൂന്നു പ്രതികളെയും നിറതോക്കുമായി കസ്റ്റഡിയിലെടുത്തു.

ഒപ്പമുണ്ടായിരുന്ന മൂന്നു പ്രതികളെ കൂടി കിട്ടാനുണ്ടെന്നും അവർക്കായി തെരച്ചിൽ ഊർജിതമാക്കിയിട്ടുണ്ടെന്നും വനപാലകർ അറിയിച്ചു. പ്രതികളുടെ പക്കൽ നിന്നും ഹെഡ് ലൈറ്റ്, ടോർച്ച്, വാക്കത്തി, പടുത, ഭക്ഷണം പാകം ചെയ്യുവാനുള്ള സാമഗ്രികൾ, ഒരു നാടൻ തോക്ക് എന്നിവയും കണ്ടെടുത്തിട്ടുണ്ട്. വന്യമൃഗങ്ങളെ ഇറച്ചിയ്ക്കും മറ്റുമായി വേട്ടയാടാൻ എത്തിയതാണെന്നാണ് സംഘം നൽകിയ മൊഴി. തിരകൾ സഹിതമാണ് തോക്ക് പിടികൂടിയത്. ഇത് വ്യാജനിർമിതമാണെന്നു സംശയിക്കുന്നു.

ഡെപ്യൂട്ടി റേഞ്ച് ഓഫിസർ ആർ. അജയ്, എസ്എഫ്ഒമാരായ എ.വി. വിനോദ് കുമാർ, പി.എ. സുനി, ബിഎഫ്ഒമാരായ എം.എം. ഉമ്മർ, എ. നൗഷാദ്, മുഹമ്മദ് ഷാ, സച്ചിൻ സി. ഭാനു, അരുൺ രാജ്, ഡ്രൈവർ വാച്ചർമാരായ സനീഷ്, വിജയമ്മ എന്നിവരടങ്ങുന്ന സംഘമാണ് വനത്തിൽ പരിശോധന നടത്തിയത്.

നേര്യമംഗലം വനത്തിൽ തോക്കുമായി വനംവകുപ്പിന്റെ പിടിയിലായ നായാട്ട് സംഘം.

പ്രവാസികൾക്കുള്ള ധനസഹായം ബാങ്ക് അക്കൗണ്ടിൽ

തിരുവനന്തപുരം: ഈ വർഷം ജനുവരി ഒന്നിനോ അതിനു ശേഷമോ വിദേശരാജ്യങ്ങളിൽ നിന്നു മടങ്ങിയെത്തുകയും ലോക് ഡൗൺ കാരണം മടങ്ങിപ്പോകാൻ കഴിയാതെ വരികയും ചെയ്തവർക്കും ഈ കാലയളവിൽ വിസാ കാലാവധി കഴിഞ്ഞവർക്കും നിബന്ധനകൾ പ്രകാരം 5,000 രൂപ സർക്കാർ ധനസഹായം പ്രഖ്യാപിച്ചിരുന്നു.

കൊവിഡ് പശ്ചാത്തലത്തിൽ അനുവദിക്കുന്ന ഈ ധനസഹായം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് അയയ്ക്കുന്നത്. സേവിങ്സ് ബാങ്ക് അക്കൗണ്ട് ഇല്ലാത്ത പ്രവാസികൾ എൻആർഒ/ സ്വദേശത്തുള്ള ജോയിന്റ് ബാങ്ക് അക്കൗണ്ട് നമ്പർ എന്നിവ നൽകണം. ഇത്തരം അക്കൗണ്ട് ഇല്ലാത്തവർ ഭാര്യ/ ഭർത്താവിന്റെ ബാങ്ക് അക്കൗണ്ട് നമ്പറും ബന്ധുത്വം തെളയിക്കുന്നതിനുള്ള മതിയായ രേഖകളും സമർപ്പിക്കണം.

എൻആർഐ അക്കൗണ്ടിലേക്ക് പണം അയയ്ക്കില്ല. അപേക്ഷ നോർക്കയുടെ വെബ്സൈറ്റായ www. norkaroots.org -ൽ ഓൺലൈനായി 30 വരെ സമർപ്പിക്കാം

വ്യാജവാർത്തകൾ തടയാൻ സംവിധാനം വരും

■ ചീഫ് സെക്രട്ടറി മാധ്യമ എഡിറ്റർമാരുമായി ചർച്ച നടത്തി

തിരുവനന്തപുരം: കൊവിഡ്19 സംബന്ധിച്ച് പ്രചരിക്കുന്ന വ്യാജവാർത്തകളുടെ നിജസ്ഥിതി ജനങ്ങളെ അറിയിക്കുന്നതിന് പ്രത്യേക സംവിധാനം വരും. പ്രചരിക്കുന്ന വാർത്തകൾ ശരിയോ തെറ്റോ എന്ന് ഉറപ്പാക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം വേണമെന്ന് ചീഫ് സെക്രട്ടറി ടോം ജോസിന്റെ അധ്യക്ഷതയിൽ സെക്രട്ടേറിയറ്റ് പിആർ ചേംബറിൽ ചേർന്ന യോഗത്തിൽ മാധ്യമ എഡിറ്റർമാർ നിർദേശിച്ചു.

ടെലിവിഷൻ, പത്രങ്ങൾ, ഓൺലൈനുകൾ എന്നിവയുടെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളെ വ്യാജ വാർത്തകൾ തടയാൻ ശക്തമായി ഉപയോഗിക്കണം. മാധ്യമങ്ങളുടെ ലോഗോ വെച്ച് വ്യാജവാർത്തകൾ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നതിനെതിരെ നടപടി ശക്തമാക്കാൻ സൈബർ സെല്ലിന് നിർദേശം നൽകണമെന്നും നിർദേശമുണ്ടായി. പ്രമുഖ മാധ്യമസ്ഥാപനങ്ങളുടെയും വാർത്താ ഏജൻസികളുടെയും എഡിറ്റർമാർ നേരിട്ടും വിഡിയോ കോൺഫറൻസിലൂടെയും ചർച്ചയിൽ പങ്കെടുത്തു.

കൊവിഡ്19 പ്രതിരോധവുമായി ബന്ധപ്പെട്ടും വ്യാജ വാർത്തകൾ പ്രതിരോധിക്കാനും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ ചീഫ് സെക്രട്ടറി യോഗത്തിൽ വിശദീകരിച്ചു. പിആർഡിയും പൊലീസിലെ സൈബർ സെൽ വിഭാഗവുമാണ് വ്യാജവാർത്തകൾ നിരീക്ഷിക്കുന്നത്.

വ്യാജവാർത്തകൾ ലഭിച്ചാലുടൻ ആന്റി ഫേക് ന്യൂസ് ഡിവിഷൻ മുഖേന വ്യക്തത വരുത്തി നൽകുന്നത് പരിഗണിക്കുമെന്ന് ചീഫ് സെക്രട്ടറി വ്യക്തമാക്കി. ഏകീകൃത കേന്ദ്രത്തിൽ നിന്ന് അപ്ഡേഷനുകൾ ലഭിക്കുന്ന കാര്യവും ശ്രദ്ധിക്കും. നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പുലർത്തും.

ഹോട്ട്സ്പോട്ടുകൾ തീരുമാനിച്ചത് പോസിറ്റീവ് കേസുകൾ, സമ്പർക്ക കേസുകൾ തുടങ്ങിയവ ശാസ്ത്രീയമായി അവലോകനം ചെയ്തശേഷമാണ്. പോസിറ്റീവ് കേസുകളുടെ എണ്ണം മാത്രമല്ല, പ്രാഥമിക സമ്പർക്ക പട്ടിക, രണ്ടാംഘട്ട സമ്പർക്ക പട്ടിക തുടങ്ങിയവ കൂടി പരിഗണിച്ചാണ് ഹോട്ട് സ്പോട്ടുകൾ തിരഞ്ഞെടുത്തത്.

ഡിജിപി ലോക്നാഥ് ബെഹ്റ, ആഭ്യന്തര അഡീ. ചീഫ് സെക്രട്ടറി വിശ്വാസ് മേത്ത, ഐപിആർഡി സെക്രട്ടറി പി. വേണുഗോപാൽ, ഡയറക്റ്റർ യു.വി. ജോസ് എന്നിവരും വിവിധ മാധ്യമ എഡിറ്റർമാരും പങ്കെടുത്തു.

'ക്വിക് ഡോക്റ്റർ' തട്ടിപ്പ് കമ്പനിയാണെന്ന് വി.ഡി. സതീശൻ

തിരുവനന്തപുരം: സ്പ്രിംഗ്ലർ വിവാദത്തിന് പിന്നാലെ ജനങ്ങൾക്ക് ടെലിമെഡിസിൻ സേവനം ഉറപ്പാക്കാനായി സർക്കാർ നിയോഗിച്ച ക്വിക് ഡോക്റ്റർ എന്ന കമ്പനിക്കെതിരേയും രൂക്ഷ വിമർശനവുമായി പ്രതിപക്ഷം. ക്വിക്ക് ഡോക്റ്റർ എന്ന സ്ഥാപനം തട്ടിപ്പ് കമ്പനിയാണെന്നാണ് വി.ഡി. സതീശൻ എംഎൽഎ. ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ ചോർത്താനുള്ള പദ്ധതിയാണിത്. ഇത് സ്പ്രിംഗ്ലറിന്റെ ബിനാമി കമ്പനിയാണോ എന്ന് അന്വേഷിക്കണമെന്നു സതീശൻ ആവശ്യപ്പെട്ടു.

രജിസ്ട്രാർ ഓഫ് കമ്പനീസ് വിവരപ്രകാരം ക്വിക് ഡോക്റ്റർ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത് ഫെബ്രുവരി 19നാണ്. ഒരു എറണാകുളം സ്വദേശിയും തിരുവനന്തപുരത്ത് താമസിക്കുന്ന ചങ്ങനാശേരി സ്വദേശിയുമാണ് രേഖകൾ പ്രകാരം ഡയറക്റ്റർമാർ. ഇതിലൊരാൾ ഓട്ടൊ ഡ്രൈവറും മറ്റൊരാൾ ലോഡ്ജ് നടത്തിപ്പുകാരനുമാണെന്നാണ് വിവരം. വാണിജ്യ മന്ത്രാലയത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം ഈ രണ്ടു പേരുടെയും പേരിൽ മറ്റൊരു ബിസിനസും ഇല്ല. ക്വിക് ഡിആർ എന്ന സംരംഭം ഇവരുടെ ആദ്യ സംരംഭവുമാണ്.

മുഖ്യമന്ത്രി ഏപ്രിൽ ഒന്നിനാണ് ടെലിമെഡിസിൻ പദ്ധതി പ്രഖ്യാപിച്ചത്. എന്നാൽ ഈ കമ്പനിയുടെ വെബ്സൈറ്റ് രജിസ്റ്റർ ചെയ്തത് ഏഴിനാണ്. ഈ പദ്ധതി പ്രകാരം ഒരു നമ്പറിലേക്ക് വിളിക്കുമ്പോൾ അവരുടെ സംഭാഷണം മുഴുവൻ റെക്കോർഡ് ചെയ്യപ്പെടുകയും ഡോക്റ്റർമാർ ഇവരോട് സംസാരിച്ചു ശേഖരിക്കുന്ന വിവരങ്ങൾ അവരുടെ സെർവറിൽ എത്തുകയും ചെയ്യും. വിളിക്കുന്നവരുടെ മെഡിക്കൽ ഹിസ്റ്ററി ഉൾപ്പടെയുള്ള സുപ്രധാനമായ വിവരങ്ങളാണ് ശേഖരിക്കുന്നത്. ഈ ഡാറ്റയാണ് യാതൊരു മുൻപരിചയവും വിശ്വാസ്യതയും ഇല്ലാത്ത സ്വകാര്യ കമ്പനിക്ക് കൈമാറിയത്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനാണ് (ഐഎംഎ) ഇതിനായി ഡോക്റ്റർമാരുടെ സേവനം വിട്ടുനൽകിയത്. എന്നാൽ ഇതു സംബന്ധിച്ച കരാറൊന്നും അറിയില്ലെന്ന് ഐഎംഎ വൃത്തങ്ങൾ പറയുന്നു.

സർക്കാരിന്റെ പദ്ധതിയെന്ന് വിശ്വസിച്ചു വിളിക്കുന്ന ജനങ്ങളുടെ ആരോഗ്യ വിവരങ്ങളാണ് കമ്പനി ശേഖരിച്ചതെന്ന് സതീശൻ ആരോപിച്ചു. ഈ സേവനം ലഭ്യമാക്കാൻ നിരവധി സ്റ്റാർട്ട് അപ്പുകൾ സർക്കാരിനെ സമീപിച്ചിരുന്നു. അവരെ തഴഞ്ഞ് പുതുതായി കമ്പനി രൂപീകരിച്ചു നടത്തിയ ഈ ഇടപാട് വലിയ തട്ടിപ്പാണ്.

ഈ കാലയളവിൽ ഐടി വകുപ്പ് നടത്തിയിട്ടുള്ള എല്ലാ ഇടപാടുകളും അന്വേഷിക്കണം. സ്പ്രിംഗ്ലർ കമ്പനിക്കു ബഹുരാഷ്ട്ര മരുന്നുനിർമാണ കുത്തകയായ ഫൈസർ കമ്പനിയുമായുള്ള ബന്ധത്തെപ്പറ്റി പുറത്തുവന്നിട്ടുള്ള വിവരങ്ങൾ ദുരൂഹത വർധിപ്പിക്കുകയാണെന്നും വി.ഡി. സതീശൻ ആരോപിച്ചു.

2,231 പേർക്ക് എതിരെ കേസെടുത്തു

തിരുവനന്തപുരം: ലോക് ഡൗൺ നിരോധനം ലംഘിച്ചു യാത്ര ചെയ്തതിന് സംസ്ഥാനത്തൊട്ടാകെ ഇന്നലെ 2,231 പേർക്കെതിരെ കേസെടുത്തു. വിവിധ കേസുകളിലായി 2,297 പേർ അറസ്റ്റിലായപ്പോൾ 1,784 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്.

മഞ്ചേരി മെഡി. കോളെജിൽ കൊവിഡ് പരിശോധന ഇന്നു മുതൽ

തിരുവനന്തപുരം: ഐസിഎംആർ അനുമതി ലഭിച്ചതോടെ മലപ്പുറം മഞ്ചേരി മെഡിക്കൽ കോളെജിൽ കൊവിഡ് 19 പരിശോധന ഇന്നു തുടങ്ങുമെന്ന് ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. രണ്ടാഴ്ച മുമ്പുതന്നെ റിയൽ ടൈം പിസിആർ മെഷീൻ ഇവിടെയെത്തിച്ചിരുന്നു. ലാബ് കിറ്റ്, ഡിഎൻഎ എക്സ്ട്രാക്റ്റ് കിറ്റ്, റീയേജന്റ് കിറ്റ് എന്നിവയെല്ലാം ലഭ്യമാക്കിക്കഴിഞ്ഞു. ജീവനക്കാർക്ക് മതിയായ പരിശീലനവും നൽകി.

രോഗികളുടെ എണ്ണം വർധിച്ച സാഹചര്യത്തിൽ പരിശോധനകൾ വേഗത്തിലാക്കാൻ 10 റിയൽ ടൈം പിസിആർ മെഷീനുകൾ വാങ്ങാൻ സർക്കാർ അനുമതി നൽകിയിരുന്നു. ഇതിലാണ് മഞ്ചേരി മെഡിക്കൽ കോളെജിനേയും ഉൾപ്പെടുത്തിയിരുന്നത്. മൈക്രോ ബയോളജി വിഭാഗത്തിലെ ലാബിനോട് ചേർന്നാണ് കോവിഡ് ലാബും പ്രവർത്തിക്കുക.

മഞ്ചേരി മെഡിക്കൽ കോളെജിലെ സാംപിളുകൾ കൊവിഡ് പരിശോധനയ്ക്കായി ആലപ്പുഴ മെഡിക്കൽ കോളെജിലെ ലാബിലേക്കാണ് ഇതുവരെ അയച്ചിരുന്നത്. മഞ്ചേരി ലാബിൽ പരിശോധനകൾ ആരംഭിക്കുന്നതോടെ കൂടുതൽ പരിശോധനകൾ വേഗത്തിൽ നടത്താം. ഇതോടെ കേരളത്തിൽ 12 സർക്കാർ ലാബുകളിലും രണ്ട് സ്വകാര്യലാബുകളിലുമാണ് സംസ്ഥാനത്ത് കൊവിഡ് സ്രവ പരിശോധന നടത്തുന്നത്.

ലോട്ടറി തൊഴിലാളികൾക്ക് സഹായം നൽകണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: ലോക് ഡൗൺ വീണ്ടും നീട്ടിയ സാഹചര്യത്തിൽ ലോട്ടറിയുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളികൾക്കും 5,000 രൂപ സഹായധനം നൽകണമെന്നാവശ്യപ്പെട്ട് മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ധനമന്ത്രി ഡോ. തോമസ് ഐസക്കിന് കത്തയച്ചു.

ലോക് ഡൗൺ മൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ ലോട്ടറി ജീവനക്കാർക്ക് 2,000 രൂപ ക്ഷേമനിധി ബോർഡിൽ നിന്നു നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും കുടിശികയുണ്ടെന്ന പേരിൽ ഇവരിൽ പലർക്കും 1,000 രൂപ പോലും നൽകിയില്ല. രജിസ്ട്രേഷൻ ഇല്ലാത്ത ലോട്ടറി വില്പനക്കാർക്കു കൂടി സഹായധനം നല്കണമെന്നും ഉമ്മൻ ചാണ്ടി അഭ്യർഥിച്ചു.

കേരള പൊലീസിന് കേന്ദ്രത്തിന്റെ കാൽലക്ഷം മാസ്ക്കുകൾ

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര നൈപുണ്യ വികസന സംരംഭക മന്ത്രാലയം കേരള പൊലീസിന് കാൽലക്ഷം ടു ലെയർ മാസ്കുകൾ നൽകുന്നു. കേന്ദ്ര മന്ത്രാലത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന ദേശീയ നൈപുണ്യ പരിശീലന കേന്ദ്രമാണ് (എൻഎസ്ടിഐ) മാസ്കുകൾ നിർമിക്കുക.

സംസ്ഥാനത്തെ പൊലീസ് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കുമായി മൂന്നുദിവസം കൊണ്ട് ഇവർ തയാറാക്കി വിതരണം ചെയ്തത് 500ലേറെ മാസ്കുകൾ. സംസ്ഥാന പൊലീസിന്റെ അഭ്യർഥനപ്രകാരം പുനരുപയോഗിക്കാവുന്ന മാസ്കുകൾ വലിയ തോതിൽ നിർമിക്കാനുള്ള ചുമതല എൻഎസ്ടിഐ ഏറ്റെടുത്തിട്ടുണ്ട്. കൊവിഡ് വ്യാപനത്തിന്റെ വെളിച്ചത്തിൽ പൊതുസ്ഥലങ്ങളിൽ മാസ്ക്കുകൾ ധരിക്കുന്നത് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർബന്ധമാക്കിയ സാഹചര്യത്തിലാണിത്.

രാജ്യത്ത് കോവിഡിനെതിരായ പോരാട്ടത്തിൽ മറ്റു വകുപ്പുകൾക്കൊപ്പം നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയത്തിനും പങ്കുവഹിക്കാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നു മന്ത്രി ഡോ. മഹേന്ദ്രനാഥ് പാണ്ഡെ പറഞ്ഞു. സംസ്ഥാന പൊലീസ് സേനയ്ക്കായി 25,000 ഇരട്ടപ്പാളി മുഖാവരണങ്ങൾ നിർമിക്കാനുള്ള ഉത്തരവാദിത്തമാണ് എൻഎസ്ടിഐ ഏറ്റെടുത്തിട്ടുള്ളത്. കേരള പൊലിസ് ഇതിനുള്ള എല്ലാ സാമഗ്രികളും പിന്തുണയും നൽകും.

ജസ്റ്റിസ് ഉബൈദിന്റെ നിയമനം റദ്ദാക്കണം: കെ. സുരേന്ദ്രൻ

തിരുവനന്തപുരം: സംസ്ഥാന റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അഥോറിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ ചെയർമാനായി റിട്ട. ജസ്റ്റിസ് പി. ഉബൈദിനെ നിയമിച്ചത് വിവാദമായ സാഹചര്യത്തിൽ ആ നിയമനം റദ്ദാക്കണമെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ. സുരേന്ദ്രൻ.

ഉബൈദിന്റെ നിയമനം ഉദ്ദിഷ്ട കാര്യത്തിനുള്ള ഉപകാര സ്മരണയാണെന്ന ആരോപണമാണ് ഉയർന്നിരിക്കുന്നത്. പിണറായി വിജയൻ പ്രതിയായ ലാവലിൻ അഴിമതിക്കേസിൽ അദ്ദേഹത്തെ വിചാരണ കൂടാതെ കുറ്റവിമുക്തനാക്കി വിധി പറഞ്ഞയാളാണ് ജസ്റ്റിസ് ഉബൈദ്. ഇപ്പോഴത്തെ നിയമനം അതിനുള്ള പ്രതിഫലമാണെന്ന് സംശയിക്കുന്നവരെ കുറ്റപ്പെടുത്താനാകില്ല. നിയമനം രാഷ്ട്രീയപ്രേരിതമല്ലെന്ന് ജസ്റ്റിസ് ഉബൈദ് പറയുന്നതു കൊണ്ടുമാത്രം അതങ്ങനെയാകണമെന്നില്ലന്ന് സുരേന്ദ്രൻ പറഞ്ഞു.

റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അഥോറിറ്റി അപ്പലേറ്റ് ട്രിബ്യൂണൽ ചെയർമാൻ സ്ഥാനം വിവാദത്തിന് അതീതമാകണം. ഹൈക്കോടതിയുടെ പാനലിൽ നിന്നാണ് ചെയർമാനെ നിയമിക്കുന്നത്.

ധാർമിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നയാളാണെങ്കിൽ ജസ്റ്റിസ് ഉബൈദ് ഈ സ്ഥാനം ഏറ്റെടുക്കാൻ തയാറാകരുതെന്നും സുരേന്ദ്രൻ പറഞ്ഞു.

വേനൽ മഴ ശക്തമാകുന്നു, യെല്ലോ അലെർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽമഴ ശക്തമാകുന്നു. 24 വരെ കേരളത്തിൽ ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വേഗതയിൽ വീശിയടിക്കുന്ന കാറ്റിനും സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. അതിനാൽ വ്യാഴാഴ്ച മലപ്പുറത്തും വെള്ളിയാഴ്ച വയനാടും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ ലഭിക്കുന്ന മഴയോടനുബന്ധിച്ച് ഉച്ചയ്ക്ക് രണ്ടു മുതൽ രാത്രി 10 മണിവരെയുള്ള സമയത്താണ് ഇടിമിന്നലിനുള്ള സാധ്യത കൂടുതൽ. ചില സമയങ്ങളിൽ രാത്രി വൈകിയും ഇത് തുടർന്നേക്കാം. ഇത്തരം ഇടിമിന്നൽ അപകടകാരികളാണ്. അവ മനുഷ്യ ജീവനും വൈദ്യുത ചാലകങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള വീട്ടുപകരണങ്ങൾക്കും വലിയ നാശനഷ്ടം സൃഷ്ടിക്കുന്നുണ്ട്.

സംസ്ഥാന ദുരന്ത നിവാരണ അഥോറിറ്റി ഇടിമിന്നലിനെ ഒരു സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. വേണ്ട മുൻകരുതൽ കാർമേഘം കണ്ടുതുടങ്ങുന്ന സമയം മുതൽ തന്നെ സ്വീകരിക്കണം. ഉച്ചയ്ക്ക് രണ്ടുമുതൽ രാത്രി 10 മണി വരെ അന്തരീക്ഷം മേഘാവൃതമാണെങ്കിൽ, കുട്ടികൾ തുറസായ സ്ഥലത്തും ടെറസിലും കളിക്കുന്നത് ഒഴിവാക്കുക.

ലോക്ക് ഡൗൺ വിലക്ക് ലംഘിച്ച സഹ. ബാങ്ക് ചെയർമാൻ അറസ്റ്റിൽ

മട്ടാഞ്ചേരി: ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ചു സൗജന്യ കിറ്റ് വിതരണം നടത്തിയ സഹകരണ ബാങ്ക് ചെയർമാൻ അറസ്റ്റിൽ. മട്ടാഞ്ചേരി സാർവജനിക് സഹകരണ ബാങ്കിന്റെ ആർ. നവീൻകുമാറിനെയാണ് അറസ്റ്റ് ചെയ്തു ജാമ്യത്തിൽ വിട്ടത്.

ശനിയാഴ്ച രജിസ്ട്രേഷൻ നടത്തിയതിനെ തുടർന്നു നൂറുകണക്കിനാളുകളാണു വിലക്കുലംഘിച്ചു ബാങ്കിൽ തടിച്ചുകൂടിയത്. ഇത് വലിയ പ്രതിഷേധത്തിന് വഴിവച്ചതോടെ പൊലിസെത്തി നിർത്തിവയ്പ്പിച്ചിരുന്നു. ഇന്നലെ വീണ്ടും ബാങ്ക് അധികൃതർ രജിസ്ട്രേഷൻ പുനരാരംഭിക്കുകയായിരുന്നു.

ഇതോടെ ശനിയാഴ്ച എത്തിയതിനേക്കാൾ കൂടുതൽ ആളുകളാണ് എത്തിയത്. സംഭവം വാർത്തയായതോടെ പൊലീസെത്തി ബാങ്ക് ചെയർമാനെ കസ്റ്റഡിയിലെടുത്തു.

ബാങ്ക് അധികൃതർക്കെതിരെ കേസെടുക്കണമെന്നാവശ്യപ്പെട്ട് മഹാത്മാ സാംസ്കാരിക വേദി മട്ടാഞ്ചേരി അസി. കമ്മിഷണർക്ക് പരാതി നൽകിയിരുന്നു. ബിപിഎൽ അംഗങ്ങൾക്കാണ് കിറ്റ് വിതരണ പ്രഖ്യാപനം നടത്തിയത്.

30,000ത്തിലേറെ ബിപിഎൽ അംഗങ്ങളുടെ ഡാറ്റ അധികൃതരുടെ കൈവശമുണ്ടെന്നിരിക്കെ രജിസ്ട്രേഷന്റെ പേരിൽ ആളുകളെ തെരുവിലേക്കിറക്കിയത് ബാങ്ക് അധികൃതരുടെ ഭാഗത്ത് നിന്നുണ്ടായ കൃത്യവിലോപമാണെന്ന് പരാതി ഉയർന്നിരുന്നു.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി: പഠിച്ചവിഷയത്തോടുനുബന്ധമായ ഉദ്യോഗം ലഭിക്കും. മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. വ്യവസ്ഥകൾ പാലിക്കും.

■ ഭരണി: അപൂർണമായ ചർച്ചകൾ മാറ്റിവെക്കും. അശ്രദ്ധകൊണ്ടു വീഴ്ചയ്ക്കു സാധ്യതയുണ്ട്, ചുമതലകൾ മറ്റൊരാളെ ഏൽപ്പിക്കരുത്.

■ കാർത്തിക: വിദേശബന്ധമുള്ള വ്യാപാരം തുടങ്ങാൻ പുനരാലോചിക്കും. മേലധികാരിയുടെ ജോലികൂടി ചെയ്തുതീർക്കേണ്ടതായിവരും.

■ രോഹിണി: പുതിയ ഭരണപരിഷ്കാരം ഏറ്റെടുക്കും. താമസിക്കുന്നതിന്റെ അടുത്തുള്ള പട്ടണത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ക്രയവിക്രയങ്ങളിൽ സാമ്പത്തികനേട്ടമുണ്ടാകും.

■ മകയിരം: പുത്രപൗത്രാദിസൗഖ്യമുണ്ടാകും. പുണ്യപ്രവർത്തികളിലും മംഗളകർമങ്ങളിലും പങ്കെടുക്കും. പുതിയ ഭരണപരിഷ്ക്കാരങ്ങൾ പ്രാവർത്തികമാക്കും.

■ തിരുവാതിര: കഴിവു പ്രകടിപ്പിക്കാൻ അവസരമുണ്ടാകും. പദ്ധതി വിജയത്താൽ അധികൃതരുടെ പ്രീതിനേടും. ഉന്നതരെ പരിചയപ്പെടാനവസരമുണ്ടാകും.

■ പുണർതം: ആശയവിനിമയങ്ങളിൽ അപാകതകളുണ്ടാവാതെ സൂക്ഷിക്കണം. കക്ഷിരാഷ്ട്രീയ പ്രവർത്തനങ്ങൾ ഉപേക്ഷിക്കും. അനാവശ്യമായ പരിഭ്രമം ഉത്കണ്ഠ എന്നിവ ഉപേക്ഷിക്കണം.

■ പൂയ്യം: മേലധികാരിയുടെ ചുമതലകൾ ഏറ്റെടുക്കും. അവസരോചിതമായി പ്രവർത്തിക്കാൻ യുക്തിതോന്നും. ആഗ്രഹങ്ങൾ സാധിക്കും.

■ ആയില്യം: ഓർമ്മശക്തിക്കുറവിനാൽ സാമ്പത്തിക വിഭാഗത്തിൽ നിന്നും പിന്മാറും. കൃത്യത പോരാത്തതിനാൽ പരീക്ഷണങ്ങൾ പരാജയപ്പെടും. വ്യവസ്ഥകൾ പാലിക്കാൻ കഠിനപ്രയത്നം വേണ്ടിവരും.

■ മകം: ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കും. ചർച്ചയിൽ വിജയിക്കും. പുതിയ കരാറുജോലിയിൽ ഒപ്പുവെക്കും. വ്യവസ്ഥകൾ പാലിക്കും.

■ പൂരം: ആശയവിനിയങ്ങളിൽ അപാകതകളുണ്ടാവാതെ സൂക്ഷിക്കണം. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങൾ ഉപേക്ഷിക്കും. പാഠ്യപദ്ധതിയുടെ അന്തിമഭാഗം സമർപ്പിക്കും.

■ ഉത്രം: പുതിയ ഗൃഹം വാങ്ങാൻ അന്വേഷിക്കും. കർമ്മരംഗങ്ങളിൽ പുരോഗതിയുണ്ടാകും. നിശ്ചയദാർഢ്യത്തോടുകൂടി പ്രവർത്തിച്ചാൽ ആഗ്രഹസാഫല്യമുണ്ടാകും.

■ അത്തം: പുതിയ സുഹൃത്ബന്ധം ഉടലെടുക്കും. ഊഹക്കച്ചവടത്തിൽ ലാഭമുണ്ടാകും. റോഡുവികസനത്തിന് ഭൂമിവിട്ടുകൊടുക്കും. ആഗ്രഹം സാധിക്കും.

■ ചിത്തിര: ബന്ധുക്കൾ വിരുന്നുവരും. വിജ്ഞാനപ്രദമായ വിഷയങ്ങൾ ചർച്ചചെയ്യും. സൗമ്യസമീപനം സർവ്വകാര്യവിജയങ്ങൾക്കും വഴിയൊരുക്കും.

■ ചോതി: സമൂഹത്തിൽ ഉന്നതരെ പരിചയപ്പെടാനവസരമുണ്ടാകും. നറുക്കെടുപ്പ് തുടങ്ങിയവയിൽ വിജയിക്കും. സഹപാഠിയോടൊപ്പം ഉപരിപഠനത്തിന് ചേരാൻ സാധിക്കും.

■ വിശാഖം: ചെലവിനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തും. അപകീർത്തി ഒഴിവാക്കാൻ സംഘനേതൃത്വസ്ഥാനം ഒഴിയും. വിദഗ്ധോപദേശം സ്വീകരിക്കാതെ ഒരുമേഖലകളിലും പണം മുടക്കരുത്.

■ അനിഴം: പുതിയ കരാറുജോലികൾ ഒപ്പുവെക്കുമെങ്കിലും ഒരുപരിധിയിലധികം പണം കുറച്ചുകൊണ്ടേറ്റെടുക്കരുത്. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

■ തൃക്കേട്ട: വൈദ്യനിർദേശത്താൽ ദുഃശീലങ്ങൾ ഒഴിവാക്കും. സാഹചര്യങ്ങൾക്കനുസരിച്ച് സ്വയംപര്യാപ്തത ആർജിക്കാൻ തയാറാകും. പ്രവർത്തനശൈലിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ വിദഗ്ധോപദേശം തേടും.

■ മൂലം: വരവും ചെലവും തുല്യമായിരിക്കും. പദ്ധതി സമർപ്പണത്തിൽ ലക്ഷ്യപ്രാപ്തി നേടും. അശ്രാന്തപരിശ്രമത്താൽ ഫലമുണ്ടാകും.

■ പൂരാടം: സാമ്പത്തികലാഭം വർധിക്കും. വിദ്യാർഥികൾക്ക് അനുകൂല സാഹചര്യം ഉണ്ടാകും. വിദഗ്ധാഭിപ്രായം സ്വീകരിച്ച്ചെയ്യുന്നപ്രവർത്തനങ്ങളെല്ലാം ലക്ഷ്യപ്രാപ്തിനേടും.

■ ഉത്രാടം: സഹവർത്തിത്വഗുണത്താൽ സദ്ചിന്തകൾ വർധിക്കും. ഔദ്യോഗികമായ ദൂരയാത്ര മാറ്റിവെക്കും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാൻ കഠിനപ്രയത്നം വേണ്ടിവരും.

■ തിരുവോണം: തൊഴിൽപരമായ അനിശ്ചിതാവസ്ഥകൾ തരണം ചെയ്യും. സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. പൊതുപ്രവർത്തനരംഗങ്ങളിൽ വിജയിക്കും.

■ അവിട്ടം: ഉപരിപഠനത്തിന് തയാറാകും. അവസരോചിതമായി പ്രവർത്തിക്കുന്നതിനാൽ അനിഷ്ടഫലങ്ങൾ ഒഴിവാകും. മേലധികാരിയുടെ സ്വകാര്യ ആവശ്യങ്ങൾക്ക് വിദേശയാത്ര വേണ്ടിവരും.

■ ചതയം: അനാവശ്യമായ ആധി ഉപേക്ഷിക്കണം. തൊഴിൽ മേഖലകളോട് ബന്ധപ്പെട്ട് ദൂരയാത്രവേണ്ടിവരും. അതിരുകടന്ന ആത്മപ്രശംസ അബദ്ധങ്ങൾക്കു വഴിയൊരുക്കും.

■ പൂരോരുട്ടാതി: മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. സഹപാഠിയോടൊപ്പം ഉപരിപഠനത്തിന് ചേരാൻ സാധിക്കും. വർഷങ്ങൾക്കു മുമ്പ് വാങ്ങിയ ഭൂമിയിൽ ഗൃഹസമുച്ചയം പണിയാൻ തീരുമാനിക്കും.

■ ഉത്രട്ടാതി: ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങും. മാതൃപിതൃസംരക്ഷണമുണ്ടാകും. ക്ഷയാവസ്ഥകൾ പരിഹരിക്കും. സുരക്ഷിതമായ പദ്ധതിയിൽ പണം നിക്ഷേപിക്കും.

■ രേവതി: അപൂർണമായ പദ്ധതികൾ തിരസ്കരിക്കപ്പെടും. ചെലവ് നിയന്ത്രിക്കണം. സൗന്ദര്യവർധക വസ്തുക്കളിൽ നിന്നും ത്വക്രോഗം പിടിപെടും.

ഇരുപതുകാരൻ പനി വന്നു മരിച്ചു, സംസ്കാരത്തിനു സമ്മതിക്കാതെ നാട്ടുകാർ

ഈറോഡ്: കടുത്ത പനി മൂലം മരിച്ച ഇരുപതുകാരന്റെ സംസ്കാരം ഗ്രാമത്തിൽ നടത്തുന്നതിനെ എതിർത്ത് നാട്ടുകാർ രംഗത്തെത്തി. കൊവിഡ് ബാധിച്ചാണു മരിച്ചതെന്നായിരുന്നു ഗ്രാമീണരുടെ ആശങ്ക. എസ്പിയടക്കം പൊലീസ് സംഘവും ആർഡിഒയുമെല്ലാം സ്ഥലത്തെത്തി ഏറെ നേരം സംസാരിച്ച ശേഷമാണ് ഗ്രാമീണർ പ്രതിഷേധം അവസാനിപ്പിച്ചത്. മരിച്ചതു കൊവിഡ് മൂലമല്ലെന്ന് ഡോക്റ്റർമാരും ജനങ്ങളെ ബോധ്യപ്പെടുത്തി.

ഗോബിചെട്ടിപാളയത്തിനു സമീപം നമ്പിയൂർ ഗ്രാമത്തിലെ ഇരുപതുകാരൻ ഈറോഡ് സർക്കാർ ആശുപത്രിയിലാണു മരിച്ചത്. ഏതാനും ദിവസം മുൻപ് പനിയുമായി ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇയാൾ ഐസൊലേഷൻ വാർഡിലായിരുന്നു. കൊവിഡ് പരിശോധനയിൽ നെഗറ്റീവായി. മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തപ്പോൾ ആശുപത്രിക്കു മുന്നിൽ തന്നെ പ്രതിഷേധം ആരംഭിച്ചു. നമ്പിയൂരിൽ സംസ്കാരത്തിനുള്ള എല്ലാ ഒരുക്കങ്ങളും നടത്തിയ ശേഷവും ജനങ്ങൾ എതിർപ്പുമായി രംഗത്തെത്തി. ജനങ്ങളുടെ കടുത്ത നിലപാട് ഏറെ നേരം പൊലീസിനെ കുഴക്കി.

എഫ്ഡിഐ നിബന്ധന വിവേചനമെന്നു ചൈന

ന്യൂഡൽഹി: ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യങ്ങളിൽ നിന്നുള്ള വിദേശ നിക്ഷേപത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി വേണമെന്ന നിബന്ധന വിവേചനപരമെന്ന് ചൈനയുടെ വിമർശനം. ലോക വ്യാപാര സംഘടനയുടെ തത്വങ്ങൾക്ക് എതിരാണിത്. പൊതുവായ സ്വതന്ത്ര വ്യാപാര മാനദണ്ഡങ്ങൾക്കും എതിരാണ്. ഏതെങ്കിലും പ്രത്യേക രാജ്യങ്ങളിൽ നിന്നു മാത്രമുള്ള വിദേശ നിക്ഷേപത്തിന് കടമ്പകളുണ്ടാക്കുന്നതു ശരിയല്ല- ചൈനീസ് എംബസി വക്താവ് കുറ്റപ്പെടുത്തി.

ചൈന, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, ഭൂട്ടാൻ, നേപ്പാൾ, മ്യാൻമർ, അഫ്ഗാനിസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള വിദേശ നിക്ഷേപത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി നിർബന്ധമാക്കി കേന്ദ്ര സർക്കാർ ഉത്തരവിറക്കിയത് അടുത്തിടെയാണ്. കൊവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ, അവസരം മുതലെടുത്ത് ചൈന ഇന്ത്യൻ കമ്പനികൾ ഏറ്റെടുക്കുന്നതു തടയാനുള്ള നീക്കത്തിന്റെ ഭാഗമായാണിതെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. വിവേചനമില്ലാത്തതും സുതാര്യവുമായ സ്വതന്ത്രവ്യാപാരത്തിന് ജി20 അംഗരാജ്യങ്ങൾക്കിടയിൽ ധാരണയായിരുന്നു. ഇപ്പോൾ ചില അധിക തടസങ്ങൾ വയ്ക്കുന്നത് ഈ ധാരണയ്ക്കു വിരുദ്ധമാണെന്നും ചൈനീസ് എംബസി വക്താവ് ജി റോങ് പ്രസ്താവനയിൽ പറഞ്ഞു.

മാർഗനിർദേശങ്ങളിൽ വെള്ളം ചേർക്കരുത്: സംസ്ഥാനങ്ങളോടു കേന്ദ്രം

ന്യൂഡൽഹി: കൊവിഡ് രോഗവ്യാപനം തടയാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ച മാർഗനിർദേശങ്ങളിൽ വെള്ളം ചേർക്കരുതെന്ന് എല്ലാ സംസ്ഥാന സർക്കാരുകളോടും മന്ത്രാലയം നിർദേശിച്ചു. മാർഗനിർദേശങ്ങൾ പ്രകാരം അനുവദിക്കാനാവാത്ത ഇളവുകൾ ചില സംസ്ഥാനങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ല സംസ്ഥാന ചീഫ് സെക്രട്ടറിമാർക്കയച്ച സന്ദേശത്തിൽ പറയുന്നു.

പുതുക്കി നൽകിയ മാർഗനിർദേശങ്ങൾ അതേപടി അനുസരിക്കാൻ ഞാൻ വീണ്ടും അഭ്യർഥിക്കുകയാണ്. ബന്ധപ്പെട്ടവർക്കെല്ലാം ഇതിനുള്ള നിർദേശം നൽകണം- സന്ദേശത്തിൽ പറയുന്നു. നിലവിലുള്ള മാർഗനിർദേശങ്ങൾക്കപ്പുറം കടുത്ത നടപടികൾ പ്രാദേശികമായ ആവശ്യം നോക്കി വേണമെങ്കിൽ സ്വീകരിക്കാം. പക്ഷേ, ഇളവുകൾ അനുവദിക്കരുത്. സംസ്ഥാന സർക്കാരുകളും സർക്കാർ അഥോറിറ്റികളും പൊതുജനങ്ങളും കേന്ദ്ര സർക്കാർ നിർദേശങ്ങൾ അക്ഷരം പ്രതി അനുസരിക്കണമെന്ന് അടുത്തിടെ സുപ്രീം കോടതി നിരീക്ഷണമുണ്ടായതും ഭല്ല ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഈ നിരീക്ഷണം പരമോന്നത കോടതിയുടെ നിർദേശമായി പരിഗണിക്കണം. ഏപ്രിൽ ഒന്നിന് സംസ്ഥാനങ്ങൾക്കയച്ച കത്തിൽ ഇക്കാര്യം താൻ ചൂണ്ടിക്കാട്ടിയിരുന്നതായും ഭല്ല പറയുന്നു.

ഗംഗാജലം കുടിക്കാം...!

ഹരിദ്വാർ: അടച്ചുപൂട്ടലിനെത്തുടർന്ന് ഫാക്റ്ററികൾ നിലയ്ക്കുകയും വിനോദസഞ്ചാര- തീർഥാടന കേന്ദ്രങ്ങൾ വിജനമാകുകയും ചെയ്തതോടെ ഗംഗാജലം ശുദ്ധമായതായി റിപ്പോർട്ട്. രാജ്യം അടച്ചുപൂട്ടലിലായതോടെ ദേശീയ തലസ്ഥാനമായ ഡൽഹിയിൽ ഉൾപ്പെടെ വായു മലിനീകരണത്തോത് കുറഞ്ഞതായി റിപ്പോർട്ടുകൾ വന്നിരുന്നു. ഇതിനു പിന്നാലെയാണ് ഗംഗാജലം കുടിക്കാനും യോഗ്യമായെന്ന് കണ്ടെത്തൽ.

തീർഥാടന കേന്ദ്രങ്ങളായ ഋഷികേശിലും ഹരിദ്വാറിലും ഗംഗാജലം തെളിനീരായി മാറിയെന്നും ക്ലോറിൻ ഉപയോഗിച്ചു ശുദ്ധീകരിച്ചാൽ കുടിക്കാനും യോഗ്യമെന്നും ഉത്തരഖണ്ഡ് പരിസ്ഥിതി സംരക്ഷണ, മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു. ഹർ കി പൗഡിയിലെ ജലം പരിശോധിച്ചശേഷമാണു വെളിപ്പെടുത്തൽ. ഹർകി പൗഡിയിലെ ഗംഗാജലത്തിൽ കോളിഫോം ബാക്റ്റീരിയയുടെ അളവ് 34 ശതമാനം കുറഞ്ഞു. മലിനജലത്തിന്റെ ഗുണനിലവാരത്തിൽ നിർണായകമായ ബയൊകെമിക്കൽ ഓക്സിജൻ ഡിമാൻഡ് (ബിഒഡി) 20 ശതമാനം കുറഞ്ഞെന്നും അധികൃതർ. ചരിത്രത്തിലാദ്യമാണു ഹർകി പൗഡിയിലെ വെള്ളം ക്ലാസ് എ വിഭാഗത്തിൽ വരുന്നതെന്ന് മുഖ്യ പരിസ്ഥിതി ഓഫിസർ. പിഎച്ച് മൂല്യം 6.5നും 8.5നും ഇടയിൽ വരുന്ന വെള്ളമാണ് ക്ലാസ് എ വിഭാഗത്തിലുള്ളത്.

ഇളവില്ലെന്ന് തമിഴ്നാട്, കർണാടക

■ ലോക് ഡൗൺ നീട്ടി തെലങ്കാന

ചെന്നൈ: കൊവിഡ് വ്യാപനം തടയാനുള്ള ലോക് ഡൗണിൽ യാതൊരുവിധ ഇളവുകളും അനുവദിക്കില്ലെന്ന് തമിഴ്നാട്, കർണാടക സർക്കാരുകൾ വ്യക്തമാക്കി. അതേസമയം, മേയ് ഏഴു വരെ ലോക് ഡൗൺ നീട്ടുകയാണെന്ന് തെലങ്കാന സർക്കാർ.

കൊറോണ സ്ഥിരീകരിക്കുന്ന രോഗികളുടെ എണ്ണത്തിൽ കുറവില്ലാത്ത സാഹചര്യത്തിലാണ് തെലങ്കാനയിൽ ലോക് ഡൗൺ നീട്ടുന്നത്. സാമൂഹിക അകലം പാലിക്കാനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കുമെന്നും സംസ്ഥാന സർക്കാർ ഉത്തരവിൽ പറയുന്നു. ഹോട്ട്സ്പോട്ടുകളിൽ അവശ്യവസ്തുക്കളുടെ വിതരണമൊഴികെ യാതൊരുവിധ പ്രവർത്തനങ്ങളും അനുവദിക്കില്ല. ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ച് പാചകം ചെയ്ത ഭക്ഷണം വീടുകളിൽ എത്തിക്കുന്നതും തടഞ്ഞിട്ടുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ വീട്ടുവാടക ഈടാക്കുന്നത് മാറ്റിവയ്ക്കാൻ മുഖ്യമന്ത്രി ചന്ദ്രശേഖർ റാവു വീട്ടുടമകളോടു നിർദേശിച്ചു. ഈ വാടകയ്ക്ക് പിന്നീട് പലിശ ഈടാക്കരുതെന്നും നിർദേശം. വീട്ടുടമസ്ഥർ സമ്മർദം ചെലുത്തിയാൽ വാടകക്കാർക്ക് പരാതി നൽകാം. സ്വകാര്യ സ്കൂളുകൾ ഫീസ് കൂട്ടരുതെന്നും നിർദേശം.

മേയ് മൂന്നുവരെ യാതൊരിളവും നൽകാതെ ലോക് ഡൗൺ തുടരാൻ ബംഗളൂരുവിൽ ഇന്നലെ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മൂന്നാലു ദിവസം കൂടുമ്പോൾ മുഖ്യമന്ത്രി യെദിയൂരപ്പയും കൊവിഡ് പ്രതിരോധത്തിനുള്ള ദൗത്യസംഘവും ചേർന്ന് കൂടിയാലോചിച്ച് ഇളവുകൾ നൽകണോ എന്നതു സംബന്ധിച്ചു തീരുമാനമെടുക്കുമെന്നും മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ച പാർലമെന്ററികാര്യ മന്ത്രി ജെ.സി. മധുസ്വാമി പറഞ്ഞു.

ലോക് ഡൗൺ കർശനമായി നടപ്പാക്കാൻ പ്രഖ്യാപിച്ചിരിക്കുന്ന നിരോധനാജ്ഞ പിൻവലിക്കില്ലെന്ന് തമിഴ്നാട് വ്യക്തമാക്കിയിട്ടുണ്ട്. അവശ്യ വസ്തുക്കളുടെ വിതരണത്തിനു നൽകിയിരിക്കുന്ന ഇളവുകൾ തുടരും. കൊവിഡ് രോഗബാധ ഏറ്റവും മോശമായ സംസ്ഥാനങ്ങളുടെ മുൻപന്തിയിലാണു തമിഴ്നാട്. സംസ്ഥാനത്ത് ഇന്നലെ 43 പേർക്കു കൂടി കൊവിഡ് സ്ഥിരീകരിച്ചു. ഇതോടെ മൊത്തം രോഗികൾ 1520 ആയി. പതിനേഴു പേർ മരിച്ചിട്ടുണ്ട്. ഞായറാഴ്ച മരിച്ച ഡോക്റ്റർ സൈമൺ ഹെർക്കുലിസും ഇവരിൽപ്പെടുന്നു.

മുംബൈ, കോൽക്കത്ത, ജയ്പുർ, ഇൻഡോർ

ഗുരുതരാവസ്ഥയിൽ

■ കേന്ദ്ര സംഘങ്ങളെ നിയോഗിച്ചു ■ വിയോജിപ്പുമായി മമത

ന്യൂഡൽഹി: മുംബൈ, പൂനെ, ജയ്പുർ, ഇൻഡോർ, കോൽക്കത്ത നഗരങ്ങളിലെ കൊവിഡ് സ്ഥിതി ഏറെ ഗുരുതരമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം. പശ്ചിമ ബംഗാളിന്റെ മറ്റു ചില പ്രദേശങ്ങളും ഗുരുതരമായ സാഹചര്യം നേരിടുന്നുണ്ട്. ലോക്ഡൗൺ മാനദണ്ഡങ്ങൾ ലംഘിക്കുന്നത് വലിയ തോതിൽ രോഗവ്യാപനത്തിന് ഇടയാക്കും- മന്ത്രാലയം ചൂണ്ടിക്കാട്ടുന്നു. ഈ നഗരങ്ങളിൽ നിരീക്ഷണത്തിന് ആറു കേന്ദ്ര സംഘങ്ങളെയും നിയോഗിച്ചു. മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, മധ്യപ്രദേശ്, രാജസ്ഥാൻ സംസ്ഥാനങ്ങളിലെ കൊവിഡ്ബാധിതർ ഏറെയുള്ള പ്രദേശങ്ങളിൽ ഈ സംഘങ്ങൾ അടുത്ത മൂന്നു ദിവസങ്ങളിൽ സന്ദർശനം നടത്തും. ദുരിതബാധിത പ്രദേശങ്ങൾ നേരിട്ടു സന്ദർശിക്കുന്ന സംഘം പരിഹാര നടപടികളെക്കുറിച്ച് കേന്ദ്ര സർക്കാരിനു റിപ്പോർട്ട് നൽകും.

രോഗബാധിത പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന ആരോഗ്യപ്രവർത്തകർക്കു നേരേ നടക്കുന്ന ആക്രമണങ്ങൾ തടയണമെന്നും ഈ നാലു സംസ്ഥാനങ്ങൾക്ക് ആഭ്യന്തര മന്ത്രാലയം അയച്ച ഉത്തരവിൽ പറയുന്നു. ഇവിടങ്ങളിൽ സാമൂഹിക അകലം പാലിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ലംഘിക്കപ്പെടുന്നുണ്ട്. നഗരമേഖലകളിൽ വാഹനങ്ങൾ ഓടുന്നുണ്ട്. ഇതൊക്കെ തടയണമെന്നും നിർദേശം.

ബാങ്കുകൾ, പൊതുവിതരണ ശൃംഖലയിലെ കടകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ സാമൂഹിക അകലം പാലിക്കണമെന്ന വ്യവസ്ഥ ലംഘിക്കപ്പെടുകയാണെന്ന് ആഭ്യന്തര മന്ത്രാലയം വിശദീകരിക്കുന്നു. ഹോട്ട്സ്പോട്ടുകളിലും ഹോട്ട്സ്പോട്ടുകളാകാൻ സാധ്യതയുള്ള പ്രദേശങ്ങളിലും ഇത്തരത്തിൽ മാനദണ്ഡങ്ങൾ ലംഘിക്കപ്പെട്ടാൽ രോഗവ്യാപനം ഏറും. പശ്ചിമ ബംഗാളിൽ കോൽക്കത്തയ്ക്കു പുറമേ ഹൗറ, ഈസ്റ്റ് മിഡ്നാപുർ, നോർത്ത് 24 പർഗാനാസ്, ഡാർജിലിങ്, കലിംപോങ്, ജയ്പാൽഗുരി എന്നിവിടങ്ങളിലും സ്ഥിതി ഗുരുതരമാണെന്നാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം കണക്കുകൂട്ടുന്നത്.

എന്നാൽ, ഈ ഉത്തരവിനെതിരേ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി രംഗത്തുവന്നു. എന്തിന്റെ അടിസ്ഥാനത്തിലാണു കേന്ദ്ര സംഘങ്ങൾ വരുന്നതെന്ന് അറിയില്ലെന്നു മമത. മതിയായ കാരണങ്ങളില്ലാതെ ഇത്തരത്തിൽ നീങ്ങുന്നത് രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിന് എതിരാണെന്നും അവർ.

"എല്ലാ ക്രിയാത്മക പിന്തുണയും നിർദേശങ്ങളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു; പ്രത്യേകിച്ച് കൊവിഡ് പ്രതിസന്ധിയുമായി ബന്ധപ്പെട്ട്. എന്നാൽ, എന്തടിസ്ഥാനത്തിലാണ് കേന്ദ്ര സംഘങ്ങളെ നിയോഗിക്കാനുള്ള തീരുമാനമെന്ന് വ്യക്തമല്ല. ഇതിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയോടും ആഭ്യന്തര മന്ത്രി അമിത് ഷായോടും ഞാൻ അഭ്യർഥിക്കുകയാണ്. അതുവരെ ഞാൻ ഭയപ്പെടുന്നു; ഇത് ഫെഡറലിസത്തിന് യോജിച്ചതല്ലെന്ന്"- മമത ട്വീറ്റ് ചെയ്തു.

ദുരന്ത നിവാരണ മാനെജ്മെന്റിനുള്ള ദേശീയ എക്സിക്യൂട്ടിവ് കമ്മിറ്റി ചെയർപെഴ്സൺ എന്ന നിലയിൽ കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ലയാണ് ഉത്തരവിൽ ഒപ്പുവച്ചിരിക്കുന്നത്. ഓരോ കേന്ദ്ര സംഘത്തിലും അഞ്ചംഗങ്ങൾ വീതമാണ് ഉണ്ടാകുക. കേന്ദ്ര സർക്കാരിന്റെ അഡീഷനൽ സെക്രട്ടറി റാങ്കിലുള്ള ഓഫിസർ സംഘങ്ങളെ നയിക്കും. ലോക്ഡൗൺ നടപടികൾ, അവശ്യ സാധനങ്ങളുടെ വിതരണം, സാമുഹിക അകലം പാലിക്കൽ, ആശുപത്രി സൗകര്യങ്ങൾ, സാംപിൾ പരിശോധനയുടെ വിവരങ്ങൾ, ആരോഗ്യ പ്രവർത്തകരുടെ സുരക്ഷ, പരിശോധനാ കിറ്റുകളുടെയും പിപിഇകളുടെയും മാസ്ക്കുകളുടെയും ലഭ്യത, ദുരിതാശ്വാസ ക്യാംപുകളുടെ അവസ്ഥ എന്നിവയെല്ലാം പരിശോധിക്കും. ഇവർക്കുള്ള വിമാനയാത്രാ സൗകര്യം വ്യോമഗതാഗത മന്ത്രാലയം ഒരുക്കുമെന്നും ഉത്തരവിൽ പറയുന്നു. സംസ്ഥാനങ്ങളിലെത്തിയാൽ വേണ്ട സൗകര്യങ്ങൾ സംസ്ഥാന സർക്കാരുകൾ നൽകണം.

മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, തമിഴ്നാട് സംസ്ഥാനങ്ങളിൽ ആരോഗ്യപ്രവർത്തകർക്കെതിരേ പലയിടത്തും ആക്രമണം നടന്നിരുന്നു. ഡോക്റ്റർമാർക്കും പൊലീസുകാർക്കും ഉൾപ്പെടെ പരുക്കേൽക്കുകയും ചെയ്തിരുന്നു.

രണ്ടുപേർക്ക് രോഗം ഭേദമായി, ആലപ്പുഴയും കൊവിഡ് വിമുക്തം

ആലപ്പുഴ: കൊവിഡ് 19 വൈറസ് ബാധിച്ച് ആലപ്പുഴ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലുണ്ടായിരുന്ന രണ്ടു പേർക്കു കൂടി രോഗം ഭേദമായി. മൂന്നാമത്തെ സാംപിളുകളും നെഗറ്റീവ് ആയതോടെ ഇവരെ ഡിസ്ചാർജ് ചെയ്യാൻ തീരുമാനിച്ചു. ഇതോടെ കോട്ടയം, ഇടുക്കി, തൃശൂർ ജില്ലകൾക്കു പിന്നാലെ ആലപ്പുഴയും കൊവിഡ് വിമുക്ത ജില്ലയായി.

ഡൽഹി നിസാമുദ്ദീനിൽ തബ്‌ലീഗ് സമ്മേളനത്തിൽ പങ്കെടുത്തു തിരിച്ചെത്തിയ ചെങ്ങന്നൂർ താലൂക്കിലെ രണ്ടു പേരാണ് ഇപ്പോൾ രോഗവിമുക്തരായി തിരിച്ചുപോകുന്നത്. ജില്ലയിലാകെ അഞ്ചുപേർക്കാണ് കൊവിഡ് ബാധിച്ചിരുന്നത്. ജനുവരി 31ന് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ച വുഹാനിൽ നിന്നെത്തിയ വിദ്യാർഥിക്കാണ് ജില്ലയിലും സംസ്ഥാനത്തും ആദ്യം രോഗബാധ സ്ഥിരീകരിച്ചത്. മാവേലിക്കര താലൂക്ക് സ്വദേശിയായ ഇയാൾ ഫെബ്രുവരി 13ന് രോഗമുക്തനായി ആശുപത്രി വിട്ടു.

മാർച്ച് 25ന് കൊവിഡ് സ്ഥിരീകരിച്ച് മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചത് ഖത്തറിൽ നിന്നെത്തിയ കാർത്തികപ്പള്ളി താലൂക്ക് സ്വദേശിയെയായിരുന്നു. ഏപ്രിൽ ആറിന് ഈ വ്യക്തി രോഗവിമുക്തനായി. തുടർന്ന് ഏപ്രിൽ നാലിനും എട്ടിനും നിസാമുദ്ദീനിൽ നിന്നെത്തിയ ഓരോരുത്തർക്ക് കൊവിഡ് സ്ഥിരീകരിച്ചു.

അച്ഛന്റെ സംസ്കാരച്ചടങ്ങിനില്ല, കൊവിഡ് പ്രതിരോധത്തിൽ മുഴുകി യോഗി ആദിത്യനാഥ്

ലക്നൗ: കൊവിഡ് 19 പ്രതിരോധ കാലത്തെ ഔദ്യോഗിക തിരക്കുകൾ മൂലം അച്ഛന്റെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കേണ്ടെന്നു തീരുമാനിച്ച് യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. മകനെന്ന നിലയിൽ മനസുലയുന്ന കാലമാണെങ്കിലും സംസ്ഥാനം നേരിടുന്ന ഗുരുതര പ്രതിസന്ധി കണക്കിലെടുത്ത് വ്യക്തിപരമായ ദുഃഖങ്ങൾ മാറ്റിവയ്ക്കുകയാണെന്ന് ആദിത്യനാഥ് അറിയിച്ചു.

ഉദരസംബന്ധമായ രോഗങ്ങളെത്തുടർന്ന് എയിംസിൽ പ്രവേശിപ്പിച്ചിരുന്ന ആനന്ദ് സിങ് ബിഷ്ഠ് (89)ഇന്നലെയാണു മരിച്ചത്. മുഖ്യമന്ത്രിയുടെ ജോലിത്തിരക്കുകളും അടച്ചിടൽ നിയന്ത്രണങ്ങളും മൂലം അവസാന നിമിഷങ്ങളിൽ കാണാനുമായിരുന്നില്ല ആദിത്യനാഥിന്.

യോഗി ആദിത്യനാഥ് ലക്നൗവിലെ വസതിയിൽ കൊവിഡ് അവലോകന യോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെ ഇന്നലെ രാവിലെ 10.44നാണ് ആനന്ദ് സിങ്ങിന്റെ മരണവാർത്തയെത്തുന്നത്. യോഗം അവസാനിപ്പിച്ചശേഷം മരണാനന്തരച്ചടങ്ങുകളിൽ പങ്കെടുക്കാൻ കഴിയില്ലെന്ന് അദ്ദേഹം പത്രക്കുറിപ്പ് പുറത്തിറക്കുകയായിരുന്നെന്ന് ആഭ്യന്തര അഡീഷനൽ സെക്രട്ടറി അവനീഷ് കെ. അശ്വതി. അച്ഛന്റെ മരണവാർത്തയറിഞ്ഞശേഷവും യോഗം ആദിത്യനാഥ് യോഗം തുടർന്നെന്നും രാജസ്ഥാനിലെ കോട്ടയിൽ പരീക്ഷാ പരിശീലന കേന്ദ്രങ്ങളിൽ നിന്നു പ്രത്യേക ബസുകളിലെത്തിച്ച കുട്ടികൾ സമ്പർക്ക വിലക്ക് പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനുള്ള നടപടികൾ തീരുമാനിച്ചശേഷമാണു യോഗം പിരിഞ്ഞതെന്നും ഐടി വകുപ്പ് ഡയറക്റ്റർ ശിശിർ.

അച്ഛൻ ആനന്ദ് സിങ് ബിഷ്ഠിനൊപ്പം മുഖ്യമന്ത്രി യോഗി ആദിത്യനാഥ്.

"അച്ഛന്റെ അവസാന നിമിഷങ്ങൾക്കു സാക്ഷിയാകണമെന്ന് അതിയായ ആഗ്രഹമുണ്ട്. എന്നാൽ, കൊവിഡ് മഹാമാരി പടരുമ്പോൾ 23 കോടി ജനങ്ങളുടെ സുരക്ഷ സംബന്ധിച്ച ഉത്തരവാദിത്വമാണ് പ്രധാനം. അടച്ചിടലിന്റെ വിജയവും കൊറോണ വൈറസിന്റെ പരാജയവും ഉറപ്പാക്കുന്നതിനാണ് ഇപ്പോൾ പരിഗണന നൽകുന്നത്. ഇന്നു നടക്കുന്ന സംസ്കാരച്ചടങ്ങിൽ എനിക്കു പങ്കെടുക്കാനാവില്ല"-ആദിത്യനാഥ് പ്രസ്താവനയിൽ പറഞ്ഞു.

അച്ഛന്റെ മരണത്തിൽ ഞാൻ ദുഃഖിതനാണ്. സത്യസന്ധതയും കഠിനാദ്ധ്വാനവും സ്വാർഥതയില്ലാത്ത പ്രവർത്തനവും കുട്ടിക്കാലം മുതൽ എന്നിൽ വളർത്തിയെടുത്തത് അച്ഛനാണ്- ആദിത്യനാഥ് കൂട്ടിച്ചേർത്തു.

ഉത്തരഖണ്ഡിലെ ഹരിദ്വാറിൽ ഇന്നു സംസ്കാരച്ചടങ്ങുകൾ നടക്കുമെന്ന് മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവ് മൃത്യുഞ്ജയ് കുമാർ അറിയിച്ചു. പ്രധാനമന്ത്രി നരേന്ദ് മോദി, കോൺഗ്രസ് ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി വാദ്ര തുടങ്ങി നിരവധി നേതാക്കൾ ആനന്ദ് സിങ്ങിന്റെ മരണത്തിൽ അനുശോചനമറിയിച്ചു.

അടച്ചിടലിനുശേഷം താൻ വീട്ടിലെത്തുമെന്ന അമ്മയെ അറിയിച്ച മുഖ്യമന്ത്രി നിയന്ത്രണങ്ങൾ പാലിച്ച് ആൾക്കൂട്ടം ഒഴിവാക്കി വേണം സംസ്കാരം നടത്താനെന്നും നിർദേശിച്ചിട്ടുണ്ട്.

അവിഭക്ത ഉത്തർപ്രദേശിലെ പൗരി ഗഡ്വാൾ സ്വദേശിയാണ് അജയ് സിങ് ബിഷ്ഠ് എന്ന യോഗി ആദിത്യനാഥ്. അച്ഛൻ ആനന്ദ് സിങ് യുപിയിൽ വനം വകുപ്പ് റെയ്ഞ്ചർ ആയിരുന്നു. ആദിത്യനാഥിന്റെ കൂടാതെ നാല് ആൺമക്കളും മൂന്നു പെൺമക്കളുമുണ്ട് ആനന്ദ് സിങ്ങിന്.

ലോക് ഡൗൺ ഇളവു പ്രഖ്യാപിച്ചതിനെത്തുടർന്ന് ഇന്നലെ തിരുവനന്തപുരം നഗരാതിർത്തിയായ കുണ്ടമൺകടവിൽ അനുഭവപ്പെട്ട വാഹനത്തിരക്ക്.

ആൾക്കൂട്ട ആക്രമണം: വർഗീയ നിറം നൽകരുതെന്ന് ഉദ്ധവ് താക്കറെ

■ 110 പേർ അറസ്റ്റിൽ

മുംബൈ: സംസ്ഥാനത്തു രണ്ടു സന്ന്യാസിമാരുൾപ്പെടെ മൂന്നു പേർ ആൾക്കൂട്ട ആക്രമണത്തിൽ കൊല്ലപ്പെട്ട സംഭവത്തിനു വർഗീയ നിറം നൽകരുതെന്ന് മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെ. ഇതിനു ശ്രമിക്കുന്നവർക്കെതിരേ നടപടിയെടുക്കണമെന്ന് അദ്ദേഹം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായോട് അഭ്യർഥിച്ചു.

കഴിഞ്ഞ 16നു നടന്ന ആക്രണത്തെക്കുറിച്ച് ഉന്നതതല അന്വേഷണത്തിന് ഉത്തരവിടുകയും 110 പേരെ കസ്റ്റഡിയിലെടുക്കുകയും ചെയ്തതിനു പിന്നാലെയാണു ഉദ്ധവിന്റെ അഭ്യർഥന. സംഭവം വർഗീയ വത്കരിക്കരുതെന്ന് അമിത് ഷായും നിർദേശിച്ചതായി ഉദ്ധവ് പറഞ്ഞു. അറസ്റ്റിലായവരിൽ ഒമ്പതു പേർ പ്രായപൂർത്തിയാകാത്തവരാണ്.

പതിനാറിന് സൂറത്തിൽ ഒരു മരണാനന്തര ചടങ്ങിൽ പങ്കെടുക്കാൻ മുംബൈയിൽ നിന്നു പോയ മഹന്ത് കൽപ്പവൃക്ഷ ഗിരി (75), സുശീൽ ഗിരി (35) എന്നീ സന്ന്യാസിമാരും കാർ ഡ്രൈവർ നീലേഷ് യെൽഗഡെ (30)യുമാണ് പാൽഘർ ജില്ലയിലെ ആദിവാസി ഗ്രാമം ഗഡ്ചിഞ്ചലെയിൽ ആൾക്കൂട്ട ആക്രമണത്തിനിരയായത്. മഹാരാഷ്ട്രയും കേന്ദ്ര ഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലിയുമായുള്ള അതിർത്തിയിലെ ഗ്രാമമാണിത്. അടച്ചിടൽ നിലനിൽക്കുന്നതിനാൽ പ്രധാന വഴികളൊഴിവാക്കി സൂറത്തിലേക്കു പോകാനുള്ള ശ്രമത്തിലായിരുന്നു സന്ന്യാസിമാർ. ഇതിനിടെ, ഗഡ്ചിഞ്ചലെയിൽ ഇവരെ വനംവകുപ്പ് അധികൃതർ തടഞ്ഞു വിശദീകരണം തേടുന്നതിനിടെ ഗ്രാമീണർ സംഘടിച്ചെത്തി ആക്രമിക്കുകയായിരുന്നു.

കുട്ടികളെ തട്ടിക്കൊണ്ടു പോകാനെത്തിയവരെന്നു തെറ്റിദ്ധരിച്ചായിരുന്നു ആക്രമണം. കുട്ടികളെ തട്ടിക്കൊണ്ടുപോകുന്നവരെ നേരിടാൻ ഗ്രാമത്തിൽ അടുത്തിടെ നിരീക്ഷണ കൂട്ടായ്മ രൂപീകരിച്ചിരുന്നു. കഴിഞ്ഞയാഴ്ച ഇവർ ഒരു ആക്റ്റിവിസ്റ്റ് ഉൾപ്പെടെ രണ്ടു പേരെ ആക്രമിക്കുകയും ചെയ്തിരുന്നു. സംഭവത്തിൽ വർഗീയത ആരോപിക്കരുതെന്നു കോൺഗ്രസും ആവശ്യപ്പെട്ടു.

മുംബൈയിൽ 53 മാധ്യമപ്രവർത്തകർക്കു കൊവിഡ് 19

മുംബൈ: ടിവി ചാനൽ റിപ്പോർട്ടർമാരും ഫോട്ടോഗ്രാഫർമാരും ക്യാമറാമാൻമാരും ഉൾപ്പെടെ നഗരത്തിൽ പ്രവർത്തിക്കുന്ന 53 മാധ്യമ പ്രവർത്തകർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. ബൃഹാൻ മുംബൈ മുനിസിപ്പൽ കോർപ്പറേഷൻ മാധ്യമ പ്രവർത്തകർക്കായി നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചിരിക്കുന്നത്. 171 മാധ്യമ പ്രവർത്തകർക്കാണു പരിശോധന നടത്തിയത്.

രോഗം സ്ഥിരീകരിച്ച മാധ്യമപ്രവർത്തകരിൽ ബഹുഭൂരിപക്ഷത്തിനും ലക്ഷണങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇതേത്തുടർന്ന ഇവർക്കൊപ്പം പ്രവർത്തിച്ചവരെയും കുടുംബാംഗങ്ങളെയും സമ്പർക്കവിലക്കിലാക്കി.

ധാരാവിയുൾപ്പെടെ ഹോട്ട്സ്പോട്ടുകൾ, രോഗം ബാധിച്ചവർ ചികിത്സയിലുള്ള കസ്തൂർബ ആശുപത്രി എന്നിവിടങ്ങളിൽ നിന്നു റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകരാണ് വൈറസ് സ്ഥിരീകരിച്ചവരിലേറെയും. ഫീൽഡിൽ പ്രവർത്തിക്കുന്ന മാധ്യമപ്രവർത്തകർക്കു കൊവിഡ് 19 പരിശോധന വേണമെന്നു കഴിഞ്ഞദിവസം ടിവി ജേണലിസ്റ്റ്സ് അസോസിയേഷൻ പ്രസിഡന്റ് വിനോദ് ജഗദലെ മഹാരാഷ്ട്ര മുഖ്യമന്ത്രി ഉദ്ധവ് താക്കറെയോട് അഭ്യർഥിച്ചിരുന്നു.

കൊവിഡ് ബാധിച്ച് ഒറ്റപ്പാലം സ്വദേശി ദുബായിൽ മരിച്ചു.

പാലക്കാട്: കോവിഡ് 19 ബാധിച്ച് ഒറ്റപ്പാലം സ്വദേശി ദുബായിൽ മരിച്ചു. ഒറ്റപ്പാലം മുളഞ്ഞൂർ നെല്ലിക്കുറുശ്ശി സ്വദേശി അഹമ്മദ് കബീർ (47) ആണ് മരിച്ചത്. ചുമയും ശ്വാസതടസവും തൊണ്ടവേദനയും മൂലം ഏപ്രിൽ ഒന്നു മുതൽ ചികിത്സയിലായിരുന്നു. ആദ്യ കൊറോണ പരിശോധനാഫലം നെഗറ്റീവ് ആയിരുന്നു. എന്നാൽ വീണ്ടും അസുഖമുണ്ടാവുകയും മാറിമാറി ഡോക്ടറെ കണ്ട് ചികിത്സതേടുകയുമായിരുന്നു. വ്യാഴാഴ്ച അസുഖം ഗുരുതരമായതിനെ തുടർന്ന് ദുബായ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിശോധനാഫലം പോസ്റ്റീവ് ആയിരുന്നു. അച്ഛൻ: മുളക്കൽ കമ്മുകുട്ടി. അമ്മ: ഖദീജ. ഭാര്യ: സജില. മൃതദേഹം ദുബായിൽ സംസ്കരിക്കുമെന്ന് ബന്ധുക്കൾ അറിയിച്ചു.

ഇതുകൂടാതെ ഇന്നലെ യുഎഇയിൽ നാലു പേർ കൂടി മരിച്ചു. ഇതോടെ ഗൾഫിൽ മരണസംഖ്യ നൂറ്റിഅറുപത്തൊന്നായി. രോഗബാധിതരായ ഇന്ത്യക്കാരുടെ എണ്ണം ആയിരത്തിഎൺപത്തേഴാണ്. 1915 പേരാണ് ആകെ രോഗബാധിതർ. 305 പേർ രോഗമുക്തി നേടി. ഖത്തറിൽ 440 പേർക്ക് കൂടി കോവിഡ് രോഗബാധ സ്ഥിരീകരിച്ചു. ഇതോടെ ആകെ രോഗം രോഗബാധിതർ 5448 ആയി.

എടുത്തുചാടരുത്, രോഗം മാറിയാലും കൊവിഡ് തിരിച്ചെത്താം

സോൾ: ലോക്ക് ഡൗണിൽ അല്പം ഇളവുകൾ പ്രഖ്യാപിച്ചതോടെ റോഡിലിറങ്ങുന്നവരെല്ലാം ജാഗ്രത. നിയന്ത്രണങ്ങളെല്ലാം ഒറ്റയടിക്കു പൊട്ടിച്ചെറിഞ്ഞ് എടുത്തുചാടിയാൽ ദുഃഖിക്കേണ്ടി വരുമെന്നു ദക്ഷിണ കൊറിയൻ സെന്റർ ഫൊർ ഡിസീസ് കൺട്രോൾ അധികൃതരുടെ മുന്നറിയിപ്പ്.

ഒരാളിൽ കൊറോണ രോഗം സുഖപ്പെട്ടാലും അതുണ്ടാക്കുന്ന കൊവിഡ് 19 വൈറസുകൾ അയാളുടെ ശരീരത്തിൽ നിലനിൽക്കുമെന്നാണു കൊറിയയിലെ പരിശോധനകൾ വ്യക്തമാക്കുന്നത്. കൊവിഡ് പൊസിറ്റീവ് ആയിരുന്ന ഏഴായിരത്തോളം പേർ രോഗം ഭേദമായി മടങ്ങിയിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു ദിവസങ്ങളിലായി ഇവരിൽ 4,245 പേർക്കു വളരെ ചെറിയ തോതിലുള്ള രോഗലക്ഷണങ്ങൾ കണ്ടു. വീണ്ടും പരിശോധനയ്ക്കു വിധേയരാക്കിയ ഇവരിൽ 91 പേർ പോസിറ്റീവ് ആണെന്നു കണ്ടെത്തിയതാണു കെഎസ്ഡിസിയെ അങ്കലാപ്പിലാക്കിയത്.

കൊറിയയിൽ മാത്രമല്ല, രോഗം ആദ്യം പൊട്ടിപ്പുറപ്പെട്ട ചൈനയിലും രോഗമുക്തി നേടിയ ഒട്ടേറെപ്പേരുടെ പുനഃപരിശോധനയിൽ ഫലം പോസിറ്റീവ് ആണെന്നു കണ്ടെത്തി. എന്നാൽ ഇവരുടെ എണ്ണമോ മറ്റു വിവരങ്ങളോ ചൈന പുറത്തുവിട്ടിട്ടില്ല. വുഹാൻ പട്ടണത്തിൽ മാത്രം ഇത്തരത്തിൽ അഞ്ചു മുതൽ പത്തു വരെ ശതമാനം പേർക്ക് പൊസിറ്റീവ് ലക്ഷണങ്ങൾ കണ്ടു. ഇതേ പ്രവശ്യയിലെ ഗ്വാങ്ഡോങ്ങിൽ പരിശോധനയ്ക്കു വിധേയരാക്കിയ രോഗമുക്തരിൽ 14 ശതമാനം പേരിലും വൈറസിന്റെ സാന്നിധ്യമുണ്ടായിരുന്നു. ജപ്പാനിലെ ഒസാക്കയിൽ ആദ്യം പോസിറ്റീവ് ആണെന്നു കണ്ടെത്തിയ ടൂറിസ്റ്റ് ഗൈഡിനെ രോഗം ഭേദയമായപ്പോൾ വിട്ടയച്ചിരുന്നു. എന്നാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച ഇയാളെ പരിശോധിച്ചപ്പോഴും ഫലം പൊസിറ്റീവ്.

പിസിആർ എന്ന സാങ്കേതിക സംവിധാനമുപയോഗിച്ചാണ് ആവർത്തന പരിശോധനകൾ നടത്തുന്നത്. കൊവിഡ് 19 ബാധിച്ചു ചികിത്സ നേടിയ ആളുകളിൽ രോഗം മാറിയാലും വൈറസിന്റെ അവശിഷ്ടങ്ങൾ നിലനിൽക്കുമെന്ന് ഫ്ളോറിഡ കോളെജ് ഒഫ് മെഡിസിനിലെ മോളിക്യുലാർ ബയോളജിസ്റ്റ് റിച്ചാർഡ് കോണ്ടിറ്റ് പറയുന്നു. ഇത് രോഗസമയത്തെ വൈറസുകളെപ്പോലെ സജീവമായിരിക്കില്ല. എന്നാൽ ഈ അവശിഷ്ടത്തിന്റെ സാന്നിധ്യം പോലും രോഗലക്ഷണങ്ങൾ പ്രകടമാക്കാം. അതുകൊണ്ട്, ചികിത്സ തേടി വീട്ടിലേക്കു മടങ്ങുന്നവരും സുരക്ഷിതമായ സമയത്തേക്ക് പുറത്തിറങ്ങുകയോ പൊതുജന സമ്പർക്കം നടത്തുകയോ ചെയ്യരുതെന്ന് കോണ്ടിറ്റ് പറയുന്നു.

ലോക് ഡൗൺ ലംഘിച്ചു, ബിന്ദു കൃഷ്ണ അറസ്റ്റിൽ

കൊല്ലം: ലോക് ഡൗൺ മാർഗനിർദേശങ്ങൾ ലംഘിച്ചതിന് മഹിളാ കോൺഗ്രസ് അധ്യക്ഷയും കൊല്ലം ഡിസിസി പ്രസിഡന്റുമായ ബിന്ദു കൃഷ്ണ അറസ്റ്റിൽ. ആൾക്കൂട്ടം പാടില്ലെന്ന കർശന നിബന്ധന ലംഘിച്ച് സൈക്കിൾ റാലിയുമായി സഹകരിച്ചുവെന്നു കാണിച്ചാണ് ബിന്ദു കൃഷ്ണയെയും റാലി നടത്തിയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെയും അറസ്റ്റ് ചെയ്തത്.

പ്രവാസികളെ ഉടൻ നാട്ടിലെത്തിക്കണമെന്നാവശ്യപ്പെട്ട് യൂത്ത് കോൺഗ്രസിന്റെ വിവിധ നിയോജക മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ ഒപ്പുശേഖരണം നടത്തിയിരുന്നു. ഇതുമായി സൈക്കിൾ റാലിയായി കലക്റ്ററെ കാണാനെത്തിയ യൂത്ത് കോൺഗ്രസ് സംസ്ഥാന ജില്ലാ നേതാക്കന്മാരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. യൂത്ത് കോൺഗ്രസുകാർക്കൊപ്പം നടന്നതിനാണ് ബിന്ദുവിനെ അറസ്റ്റ് ചെയ്തതെന്ന് പൊലീസ് പറഞ്ഞു.

തന്നെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ബിന്ദു കൃഷ്ണ സ്റ്റേഷനുള്ളിൽ പ്രതിഷേധിച്ചു. മകനെ ആശുപത്രിയിൽ കൊണ്ടുപോകാനെത്തിയ താൻ ഈ സമരത്തിൽ പങ്കെടുത്തില്ലെന്നും അകാരണമായാണ് അറസ്റ്റ് ചെയ്തതെന്നും ബിന്ദു പറയുന്നു. സാമൂഹിക അകലം പാലിച്ചാണ് യൂത്ത് കോൺഗ്രസ് പ്രവർത്തകർ എത്തിയതെന്നും അവർ. പിന്നീട് ബിന്ദുവിനെ സ്റ്റേഷൻ ജ്യാമത്തിൽ വിട്ടയച്ചു.

വിശപ്പ് മൂലം പഴ്സ് മോഷ്ടിച്ചു; പതിനാറുകാരന് സംരക്ഷണമൊരുക്കി കോടതി

പറ്റ്ന: അടച്ചിടലിനെത്തുടർന്നു ജോലി നഷ്ടമായപ്പോൾ അമ്മയ്ക്കും സഹോദരനും ഭക്ഷണമെത്തിക്കാൻ പഴ്സ് മോഷ്ടിച്ച പതിനാറുകാരനോട് അനുകമ്പ കാട്ടി ബിഹാർ കോടതി. കുട്ടിക്കും അമ്മയ്ക്കും സഹോദരനും ഭക്ഷണവും വസ്ത്രവും എത്തിക്കാൻ പൊലീസിനോടു നിർദേശിച്ച കോടതി പതിനാറുകാരനെ വെറുതേവിട്ടു. പറ്റ്ന ജുഡീഷ്യൽ മജിസ്ട്രേറ്റ് മാനവേന്ദ്ര മിശ്രയാണു കണ്ണു മൂടിക്കെട്ടിയ നീതിദേവതയും മാനവികതയുടെ ഉൾക്കണ്ണ് അടച്ചിട്ടില്ലെന്നു തെളിയിച്ചത്.

ടാർപോളിൻ കൊണ്ടു മറച്ച വീടിനു പകരം കുട്ടിയുടെ കുടുംബത്തിന് സർക്കാർ പദ്ധതിയിൽ വീടു വച്ചുകൊടുക്കാനും അമ്മയ്ക്ക് വിധവാ പെൻഷനും മറ്റു സഹായങ്ങളും ഉറപ്പാക്കാനും മിശ്ര, ബിഡിഒ ആർ.പി. പ്രിയദർശിക്കും നിർദേശം നൽകി.

പറ്റ്നയിലെ ഒരു ചന്തയിൽ ഒരു സ്ത്രീയുടെ പഴ്സ് മോഷ്ടിച്ചതിന് അറസ്റ്റിലായ പതിനാറുകാരനോടാണ്, ഭരണകൂടം പുലർത്തേണ്ട കരുതലുകൾ കാണിച്ച് ജഡ്ജി മാതൃക കാട്ടിയത്. സിസിടിവി പരിശോധിച്ചാണു പൊലീസ് കുട്ടിയെ തിരിച്ചറിഞ്ഞത്. തുടർന്നു കോടതിയിലെത്തിച്ച കുട്ടിയോട് എന്തിനാണു മോഷ്ടിച്ചതെന്ന ജഡ്ജിയുടെ ചോദ്യത്തിനു മറുപടി കരളലിയിക്കുന്നതായിരുന്നു. വർഷങ്ങൾക്കു മുൻപ് അച്ഛൻ മരിച്ചുവെന്നും അതോടെ അമ്മയ്ക്കു മാനസിക നില തെറ്റിയെന്നും പറഞ്ഞ കുട്ടി ദിവസങ്ങളായി താനും അനുജനും അമ്മയും പട്ടിണിയിലാണെന്നും അറിയിച്ചു. നഗരത്തിലെ ഹോട്ടലുകളും ധാബകളിലും ജോലി ചെയ്താണ് അമ്മയെയും പതിമൂന്നു വയസുള്ള അനുജനെയും പരിപാലിച്ചിരുന്നത്. അടച്ചിടൽ കാരണം റസ്റ്ററന്റുകൾ അടച്ചപ്പോൾ ജോലിയില്ലാതായി.

ഏതാനും ദിവസങ്ങളായി വീട്ടിൽ ഭക്ഷണമില്ലായിരുന്നു. അമ്മയ്ക്കും അനുജനും എനിക്കും വിശപ്പുണ്ടായിരുന്നു. മറ്റു മാർഗമില്ലാതെയാണ് മോഷ്ടിച്ചത്- കുട്ടിയുടെ കഥകേട്ടു കണ്ണു നിറഞ്ഞ ജഡ്ജി ഇവരുടെ വീടിരിക്കുന്ന ഇസ്‌ലാംപുരിലെ പൊലീസ് ഉദ്യോഗസ്ഥനോട് അടിയന്തരമായി ഇവർക്കു ഭക്ഷണമെത്തിക്കാൻ നിർദേശിച്ചു. കുട്ടിയുടെയും അമ്മയുടെയും അനുജന്റെയും ആധാർ വിവരങ്ങൾ ശേഖരിക്കാൻ നിർദേശിച്ച കോടതി ഇവർക്ക് എല്ലാ സർക്കാർക്കാർ സഹായങ്ങളും ഉറപ്പാക്കാനും നിർദേശിച്ചു. നാലു മാസത്തിനുശേഷം നടപടികളെക്കുറിച്ചും ഇവരുടെ ജീവിതാവസ്ഥയെക്കുറിച്ചും റിപ്പോർട്ടു നൽകാനും മാനവേന്ദ്ര മിശ്ര നിർദേശിച്ചിട്ടുണ്ട്.

"ഇത്തരം കേസുകളിൽ പിടിയിലാകുന്ന പ്രായപൂർത്തിയാകാത്തവരെ ജുവനൈൽ ഹോമിലേക്ക് അയയ്ക്കുകയാണു പതിവ്. പക്ഷേ, നിസാരമായ കുറ്റങ്ങളുടെ പേരിൽ അവിടേക്ക് അയച്ചാൽ അവർ തെറ്റായ കൂട്ടുകെട്ടിൽ ഉൾപ്പെടാനും വലിയ കുറ്റവാളികളായി മാറാനും സാധ്യതയുണ്ട്. ഈ കുട്ടിയുടെ കാര്യത്തിൽ സമൂഹത്തിന് ഉത്തരവാദിത്വമുണ്ട്. ആ ഉത്തരവാദിത്വമാണു ജഡ്ജി കാട്ടിയത്"- കോടതിയിലെ ഒരു ജീവനക്കാരൻ പറഞ്ഞു.

ചെന്നൈയിൽ ആംബുലൻസിന് കല്ലേറ്, ഡോക്റ്ററുടെ സംസ്കാരം തടഞ്ഞു

ചെന്നൈ: കൊവിഡ് 19 ബാധിച്ച് മരിച്ച പ്രമുഖ ഡോക്റ്ററുടെ മൃതദേഹവുമായെത്തിയ ആംബുലൻസിന് നേരെ കല്ലേറ്. ന്യൂഹോപ്പ് ആശുപത്രി സ്ഥാപകനും ആരോഗ്യ സംരംഭകനുമായ ഡോ. സൈമൺ ഹെർക്കുലിസിന്റെ മൃതദേഹവുമായെത്തിയ ആംബൂലൻസിന് നേരെയാണ് ആക്രമണം ഉണ്ടായത്. ആക്രമണത്തിൽ ആംബുലൻസിന്റെ ചില്ലുകൾ തകർന്നു. ഡ്രൈവർക്കും ഒപ്പമുണ്ടായിരുന്ന ശുചീകരണത്തൊഴിലാളിക്കും പരുക്കേറ്റു.

രണ്ടു ശ്മശാനങ്ങളിൽ ആക്രമണമുണ്ടായതിനെത്തുടർന്നു തിരികെ ആശുപത്രിയിലേക്കു കൊണ്ടുപോയ മൃതദേഹം തിങ്കളാഴ്ച പുലർച്ചെ 1.40ന് കനത്ത പൊലീസ് സാന്നിധ്യത്തിൽ അണ്ണാ നഗർ ന്യൂ ആവടി റോഡിലെ വേലങ്ങാട് ശ്മശാനത്തിൽ സംസ്കരിച്ചു.

ചെന്നൈ അപ്പോളോ ആശുപത്രിയിൽ ചികിത്സയിലിരുന്ന ഡോക്റ്റർ ഞായറാഴ്ചയാണു മരിച്ചത്. തുടർന്ന് ആശുപത്രി ജീവനക്കാരും ആരോഗ്യപ്രവർത്തകരും ചേർന്ന് കിൽപ്പോക്കിലെ ടിപി ഛത്രം ശ്മശാനത്തിൽ മൃതദേഹമെത്തിച്ചെങ്കിലും സംഘടിച്ചെത്തിയ പ്രദേശവാസികൾ എതിർത്തു. തുടർന്ന് ഒരു വിഭാഗം ആംബുലൻസിനു നേരേ കല്ലെറിഞ്ഞു. ഇതോടെ, മൃതദേഹവുമായി മടങ്ങിയ സംഘം രാത്രി 12.15ന് വേലങ്ങാട് ശ്മശാനത്തിലെത്തിയെങ്കിലും സമാനമായിരുന്നു അനുഭവം. ഇതേത്തുടർന്നു തിരിച്ചുപോയ സംഘം പൊലീസ് സാന്നിധ്യത്തിൽ പിന്നീടു സംസ്കാരം നടത്തി. ഡോ. സൈമണിന്റെ സുഹൃത്തായ ഒരു ഡോക്റ്ററും ആശുപത്രിയിലെ രണ്ടു ജീവനക്കാരുമാണ് സംസ്കാരച്ചടങ്ങുകൾ നടത്തിയത്. അധികൃതരുടെ അനുമതി വാങ്ങിയാണ് സംസ്കാരചടങ്ങുകൾക്ക് എത്തിയതെന്നു ഡോക്റ്ററുടെ ബന്ധുക്കൾ പറയുന്നു.

ആക്രമിക്കപ്പെട്ട ആംബുലൻസ്.

ഡോ. സൈമൺ ഹെർക്കുലിസ്

കോവിഡ് രോഗിയെ പരിചരിച്ചതിലൂടെ രോഗബാധിതനായി മരിച്ച ഒരു ഡോക്റ്റർക്ക് മാന്യമായ സംസ്കാര ചടങ്ങുകൾക്ക് പോലും അവകാശമില്ലേയെന്നായിരുന്നു ഒപ്പമുണ്ടായിരുന്ന ഒരു ഡോക്റ്ററുടെ പ്രതികരണം. ഇതാദ്യമായല്ല ചെന്നൈയിൽ സംസ്കാര ചടങ്ങിനെത്തിയ ആരോഗ്യ പ്രവർത്തകർക്ക് നേരെ ആക്രമണം ഉണ്ടാകുന്നത്.

നേരത്തെ വാനഗരം മേഖലയിൽ ദഹിപ്പിക്കാനത്തിച്ച ഡോക്റ്ററുടെ മൃതദേഹം പ്രദേശവാസികളുടെ പ്രതിഷേധത്തെ തുടർന്ന് തിരികെ കൊണ്ടു പോയിരുന്നു. കോയമ്പത്തൂരിലെ സിരുമുഗൈയിൽ കൊവിഡ് ബാധിച്ചവര ചികിത്സിച്ചതിനെത്തുടർന്നു രോഗം ബാധിച്ചു മരിച്ച ഡോക്റ്ററുടെ സംസ്കാരവും നാട്ടുകാർ തടഞ്ഞിരുന്നു.

പണി ചെയ്ത് വശംകെട്ട് ഫോണുകൾ, സർവീസിനായി നെട്ടോട്ടം



പി.ബി. ബിച്ചു

ആലപ്പുഴ: ലോക് ഡൗൺ പ്രഖ്യാപിച്ചതിനു ശേഷം ജനങ്ങളെല്ലാം വീട്ടിലിരിപ്പായതോടെ മൊബൈൽ ഫോണുകൾക്ക് ജോലിഭാരം കൂടി. സിനിമകൾ, ഗെയിമുകൾ, വിനോദ ആപ്ലിക്കേഷനുകൾ ഒക്കെയായി നിരന്തരം വർക്ക് ചെയ്യുന്നതിനാൽ ഫോൺ കംപ്ലെയ്ന്റ് കേസുകൾ നിരവധി . ഞായറാഴ്ചകളിൽ മൊബൈൽ ഫോൺ ഷോപ്പുകളും സർവീസ് സെന്ററുകളും തുറന്നതോടെ പരിശോധിക്കാനും തകരാർ പരിഹരിക്കാനുമായി നീണ്ട ക്യൂ ആണ് പലേടത്തും.

പുതിയ ഫോൺ വാങ്ങാനെത്തുന്നനേക്കാൾ കൂടുതൽ ആളുകളാണ് ഇപ്പോൾ സർവീസ് ചെയ്യാനെത്തുന്നതെന്നും ഫുൾ ടൈം വർക്ക് ചെയ്യുന്നതിനെ തുടർന്നുണ്ടാകുന്ന കംപ്ലെന്റുകളാണ് ഭൂരിഭാഗവുമെന്ന് ആലപ്പുഴ നഗരത്തിലെ പ്രമുഖ മൊബൈൽ ഫോൺ സർവീസ് സെന്റർ ടെക്നീഷ്യൻ വിഷ്ണുലാൽ മെട്രൊ വാർത്തയോടു പറഞ്ഞു.

ആഴ്ചയിലൊരു ദിവസം മാത്രം പ്രവർത്തിക്കുന്നതിനാൽ ഞായറാഴ്ച രാവിലെ മുതൽ വലിയ തിരക്കായിരുന്നു. മറ്റു ഷോപ്പുകളിലും ഇതേ അവസ്ഥ. സാമൂഹിക അകലം പാലിച്ചാണ് പ്രവർത്തനം. അതുകൊണ്ടു തന്നെ ഫോൺ വാങ്ങിവച്ച ശേഷം തകരാർ പരിഹരിച്ച് പിന്നീടു കൊടുക്കുകയാണ്. ഒരു ദിവസം പരമാവധി 25 കേസുകളാണ് നോക്കുന്നത്. കഴിഞ്ഞ ഞായറാഴ്ച മാത്രം അറുപതോളം കേസുകളാണ് വന്നത്. ഇതിൽ മുപ്പതോളം കേസുകളിലും ബാറ്ററി ചാർജ് നിൽക്കുന്നില്ലെന്ന പ്രശ്നമായിരുന്നു. തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതും ഫോൺ ചാർജറിലിട്ട് ഉപയോഗിക്കുന്നതുമൊക്കെയാണ് ഇതിനു കാരണം- വിഷ്ണു പറയുന്നു.

ഡിസ്പ്ലേ പൊട്ടിയതും സോഫ്റ്റ്‌വെയർ തകരാറുകളും എത്തുന്നുണ്ട്. പുതിയ ആപ്ലിക്കേഷനുകൾ കാണുമ്പോൾ പരീക്ഷിക്കാനായി ഇൻസ്റ്റാൾ ചെയ്യുന്നതാണ് സോഫ്റ്റ്‌വെയർ തകരാറിന് കാരണം. പ്ലേ സ്റ്റോറിൽ വരുന്നവയുടെ ഗുണനിലവാരം പരിശോധിച്ച് മാത്രം ഉപയോഗിക്കണം.

സ്പെയർ പാർട്സുകളടക്കം ബംഗളൂരു, മൈസൂരു, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെത്തുന്നത്. ലോക് ഡൗൺ മൂലം അവ എത്താതായി. നിലവിലുള്ള സ്റ്റോക്ക് ഉപയോഗിച്ചാണ് തുറക്കുന്ന ദിവസങ്ങളിലെ കച്ചവടം.

ലാപ്ടോപ്പുകളും മറ്റ് ഇലക്ട്രിക് ഉപകരണങ്ങളും ടെക്നീഷ്യൻമാർ വീടുകളിൽ ചെന്നു റിപ്പയർ ചെയ്യാനും തുടങ്ങിയിട്ടുണ്ട്. ലോക് ഡൗണിൽ ഇളവുകൾ ലഭിക്കാത്ത സാഹചര്യത്തിൽ വരും ആഴ്ചകളിലും തിരക്കു തുടരുമെന്നും ഫോണുകളടക്കമുള്ള ഉപകരണങ്ങൾ പരമാവധി ജാഗ്രതയോടെ ഉപയോഗിക്കാൻ ശ്രമിക്കണമെന്നും സർവീസ് സെന്റർ ഉടമകളും അറിയിക്കുന്നു.

ഉനൈസ് കുന്നിക്കൽ വീട്ടിലിരുന്ന് ജോലിയിൽ.

ഓൺ ഡ്യൂട്ടിയിലുള്ളവർക്ക് ഫ്രീ സർവീസുമായി ഉനൈസ്

ലോക്ഡൗണിലും ജോലി ചെയ്യേണ്ടിവരുന്ന പൊലീസുകാർ, ഡോക്റ്റർമാർ, മറ്റ് ആരോഗ്യപ്രവർത്തകർ എന്നിവർക്ക് മൊബൈൽ ഫോൺ കംപ്ലെന്റുകൾ സൗജന്യമായി പരിഹരിച്ചു നൽകി കൈയടി നേടുകയാണ് കോഴിക്കോട് കിഴക്കേ പേരാമ്പ്ര സ്വദേശി ഉനൈസ് കുന്നിക്കൽ. യാത്രാവിലക്കുകളിൽ നിന്നൊഴിവാക്കി പാസ് നൽകി പൊലീസും ഉനൈസിന് പിന്തുണ നൽകി.

മൊബൈൽ ഷോപ്പുകളെല്ലാം അടച്ചുപൂട്ടിയതോടെ ഡ്യൂട്ടിയിലുള്ള ചില ജീവനക്കാരാണ് ഫോൺ നന്നാക്കാൻ മറ്റു വഴികളില്ലാതെ ആദ്യം ഉനൈസിനെ സമീപിച്ചത്. തുടർന്ന് ആ ഡ്യൂട്ടി ഉനൈസ് ഏറ്റെടുക്കുകയായിരുന്നു. സമീപിക്കുന്നവർക്കെല്ലാം സ്വന്തം വീട് സർവീസ് സെന്ററാക്കി ഫോണിലെ തകരാറുകൾ പരിഹരിച്ച് നൽകുന്നതിനൊപ്പം ചികിത്സയ്ക്കുള്ള മരുന്നുകൾ വാങ്ങി ആവശ്യക്കാർക്ക് എത്തിച്ചുനൽകുകയും ചെയ്യുന്നുണ്ട് ഈ 25കാരൻ.

കോഴിക്കോട് ജില്ലയ്ക്കുള്ളിലെ ഏതു തരം കംപ്ലെന്റുകളായാലും സ്ഥലത്തെത്തി വാങ്ങി തകരാർ പരിഹരിച്ചു തിരിച്ചെത്തിക്കുന്നതാണ് ഉനൈസ് ഏറ്റെടുത്ത ദൗത്യം. വലിയൊരു വൈറസ് ബാധയ്ക്കെതിരെ പോരാടുന്നവർക്ക് നമ്മളാൽ കഴിയുന്ന സഹായം. അത്രയേ ഉദ്ദേശിക്കുന്നുള്ളൂ- ഉനൈസ് മെട്രൊ വാർത്തയോടു പറയുന്നു. അതിന് അച്ഛൻ അബ്ദുൾ സലാമിന്റെയും അമ്മ കുഞ്ഞാമിനയുടെയും പൂർണപിന്തുണ. സർവീസിങ്ങിന് വേണ്ട സാധനങ്ങളും സ്വന്തമായി വാങ്ങി തകരാർ പരിഹരിച്ചാണ് സേവനം നൽകുന്നത്.

അവശ്യസർവീസ് ജീവനക്കാരൊഴികെയുള്ളവർക്ക് പതിവു രീതിയിലുള്ള സേവനവും ഇതിനിടെ നൽകുന്നു, ആൽഫാടെക് മൊബൈൽ ഷോപ്പ് ഉടമ ഉനൈസ്. സഹായത്തിനായി ബന്ധു ദിൽഷാദുമുണ്ട്. സാംസങ്ങിന്റെ തിരുവനന്തപുരം യൂണിറ്റിലായിരുന്ന ഉനൈസ് സ്വന്തം ഷോപ്പ് തുറന്നതോടെ പേരാമ്പ്രയിലാണ് ജീവിതം.

ചൈനയിലേക്ക് വിദഗ്ധ സംഘത്തെ അയയ്ക്കേണ്ടി വരും: ട്രംപ്

വാഷിങ്ടൺ: ചൈനയ്ക്കെതിരേ നടത്തുന്ന വാക്പോരിൽ യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ഒരിളവും കാണിക്കുന്നില്ല. പ്രസിഡന്റ് തെരഞ്ഞെടുപ്പ് ആസന്നമായ യുഎസിൽ തനിക്കെതിരേ ഉയരുന്ന വിമർശനങ്ങളുടെ മുനയൊടിക്കാനും ട്രംപ് ചൈനാവിരുദ്ധ നിലപാടുകൾ നിമിത്തമാക്കുന്നു. വുഹാനിൽ പ്രത്യക്ഷപ്പെട്ട സാർസ് കൊവ് 2 എന്ന പുതിയ ഇനം വൈറസുകൾ നൈസർഗികമോ, അതോ മനുഷ്യ നിർമിതിമോ എന്നാണു ട്രംപ് ഉന്നയിക്കുന്ന ചോദ്യം. വുഹാനിലെ മത്സ്യ മാർക്കറ്റിൽ നിന്നല്ല, വുഹാൻ ഇൻസ്റ്റിട്യൂട്ട് ഓഫ് വൈറോളജിയിൽ നിന്ന് അബദ്ധത്തിൽ പുറത്തു ചാടിയതെന്നാണു യുഎസ് ഇന്റലിജൻസ്, സുരക്ഷാ വിഭാഗങ്ങളുടെ നിഗമനം. വുഹാൻ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് വളരെ നേരത്തേ മുതൽ തന്നെ തങ്ങളെ പ്രവേശിപ്പിക്കണമെന്ന് യുഎസ് ആവശ്യപ്പെടുന്നതാണ്. എന്നാൽ ഇതുവരെയും അനുമതി നൽകിയിട്ടില്ല. ഇതിൽ ദുരൂഹതയുണ്ടെന്നു ട്രംപ് കരുതുന്നു.

തങ്ങളുടെ ശാസ്ത്രജ്ഞന്മാരെ വുഹാൻ വൈറോളജി ഇൻസ്റ്റിട്യൂട്ടിൽ പ്രവേശിക്കാൻ അനുവദിക്കണം. അവിടെ കൃത്രിമമായി സൃഷ്ടിക്കപ്പെട്ട കൊവിഡ് വൈറസുകൾ അബദ്ധത്തിൽ പുറത്തുചാടിയതാണു ലോകത്തിനു മുഴുവൻ ഭീഷണിയായത്.

അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ചൈനയ്ക്ക് ഒഴിഞ്ഞുമാറാനാവില്ല. മനഃപൂർവമാണ് ഈ പിഴവ് സംഭവിച്ചതെങ്കിൽ പ്രത്യാഘാതം ഗുരുതരമായിരിക്കുമെന്നു കഴിഞ്ഞ ദിവസം ട്രംപ് മുന്നറിയിപ്പ് നൽകിയിരുന്നു.

ഇരട്ടിപ്പ് ഏഴര ദിവസത്തിലായി: ആരോഗ്യ മന്ത്രാലയം

രോഗികൾ 17,656
മരണം 559

ന്യൂഡൽഹി: രാജ്യത്ത് കൊറോണ വ്യാപനത്തിന്റെ വേഗം കുറഞ്ഞതായി കേന്ദ്ര ആരോഗ്യ മന്ത്രാലയം. രോഗികളുടെ എണ്ണം ഇരട്ടിക്കുന്നത് ഏഴര ദിവസം കൊണ്ടായിട്ടുണ്ട്. ലോക് ഡൗൺ പ്രഖ്യാപിക്കുന്നതിനു മുൻപ് ഇത് 3.4 ദിവസം കൊണ്ടായിരുന്നു- മന്ത്രാലയം ജോയിന്റ് സെക്രട്ടറി ലവ അഗർവാൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഡൽഹിയിൽ എട്ടര ദിവസം കൊണ്ടും കർണാടകയിൽ 9.2 ദിവസം കൊണ്ടും തെലങ്കാനയിൽ 9.4 ദിവസം കൊണ്ടും ആന്ധ്രയിൽ 10.6 ദിവസം കൊണ്ടുമാണ് രോഗികൾ ഇരട്ടിക്കുന്നത്. തമിഴ്നാട്ടിൽ 14ഉം ബിഹാറിൽ 16.4ഉം ദിവസമെടുക്കുന്നു. ഛത്തിസ്ഗഡിൽ 13.3 ദിവസം. ജമ്മു കശ്മീരിൽ 11.5 ദിവസവും പഞ്ചാബിൽ 13.1 ദിവസവുമെടുക്കുന്നുണ്ടെന്നും അദ്ദേഹം. ഇരട്ടിക്കുന്നതിനുള്ള സമയം 30 ദിവസത്തിലേറെയെടുക്കുന്ന സംസ്ഥാനമാണ് ഒഡിശ. കേരളത്തിൽ 72.2 ദിവസമെടുക്കുന്ന വിധമാണിതെന്നും അദ്ദേഹം.

ഇതിനിടെ, രാജ്യത്തെ മൊത്തം കൊവിഡ് ബാധിതർ 17,656 ആയി ഉയർന്നു. മരണം 559 ആയിട്ടുണ്ട്. നാൽപ്പതു പേർ ഇന്നലെ മരിച്ചു. 1,540 പേർക്ക് പുതുതായി രോഗം സ്ഥിരീകരിച്ചു. 283 പേർക്കു കൂടി രോഗം സ്ഥിരീകരിച്ച മഹാരാഷ്ട്രയിലാണ് രാജ്യത്ത് ഏറ്റവും കൂടുതൽ കൊവിഡ് ബാധിതരുള്ളത്- 4,483. സംസ്ഥാനത്ത് മൊത്തം മരിച്ചത് 223 പേർ. ഇതിൽ 12 പേരുടെ മരണം ഇന്നലെയായിരുന്നു. ഗുജറാത്തിൽ ഒമ്പതും ആന്ധ്രയിൽ അഞ്ചും മധ്യപ്രദേശിൽ നാലും രാജസ്ഥാനിലും തെലങ്കാനയിലും മൂന്നു വീതവും ഡൽഹിയിലും കർണാടകയിലും രണ്ടുവീതവും പേർ ഇന്നലെ മരിച്ചിട്ടുണ്ട്. മധ്യപ്രദേശിൽ മൊത്തം 74, ഗുജറാത്തിൽ 67, ഡൽഹിയിൽ 45, തെലങ്കാനയിൽ 21, ആന്ധ്രയിൽ 20.

മുൻ എംഎൽഎ

വി.കെ. ബാബു അന്തരിച്ചു

വൈപ്പിൻ: കോൺഗ്രസ് (എസ്) സംസ്ഥാന വൈസ് പ്രസിഡന്റും മുൻ എംഎൽഎയുമായ വി.കെ. ബാബു (62) അന്തരിച്ചു. കുറച്ചുനാളായി ചികിത്സയിലായിരുന്ന ഇദ്ദേഹം, ഇന്നലെ ഉച്ചയ്ക്ക് ചെറായി ഗൗരീശ്വരത്തെ വസതിൽ വച്ചായിരുന്നു അന്ത്യം. മുളവുകാടാണ് സ്വദേശിയായ ഇദ്ദേഹം 1992 ൽ അന്നത്തെ ഞാറക്കൽ നിയമസഭാ മണ്ഡലത്തിലെ കോൺഗ്രസ് എംഎൽഎ കെ. കുഞ്ഞമ്പു മാസ്റ്ററിന്റെ നിര്യാണത്തെ തുടർന്ന് നടന്ന ഉപതെരഞ്ഞെടുപ്പിലാണ് ഇദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. യുഡിഎഫിനെ കെ.കെ. അനന്തകുമാരായിരുന്നു എതിരാളി. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും കോൺഗ്രസിലെ ഡോ. എം.എ. കുട്ടപ്പനോട് പരാജയപ്പെട്ടു. ഗുരുവായൂർ ദേവസ്വം ബോർഡ് അംഗം, ഷോർണൂർ മെറ്റൽ ഇൻഡസ്ട്രീസ് ചെയർമാൻ, ചെറായി സഹോദരൻ സ്മാരക കമ്മിറ്റി അംഗം തുടങ്ങിയ വിവിധ പദവികൾ വഹിച്ചു, കോൺഗ്രസ് എസ് സംസ്ഥാന സമിതി അംഗമായിരുന്നു സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥയായ എ.ബി. സുശീലയാണ് പത്നി. അനഘ, അഭയ എന്നിവർ മക്കളാണ്. സംസ്കാരം ഇന്ന് രാവിലെ 11ന് ചെറായി ബീച്ച് ശ്മശാനത്തിൽ നടക്കും.

രാധമ്മ

തൃശൂർ: പരേതനായ കൂട്ടുപുഴമലയിൽ കെ.എൻ. രവീന്ദ്രനാഥൻ നായരുടെ ഭാര്യ ഓടത്ത് രാധമ്മ (റിട്ടയേഡ് അധ്യാപിക 84) തിരുവനന്തപുരത്ത് അന്തരിച്ചു. മക്കൾ: രാജേഷ്, മായ (ദേവമാത സ്കൂൾ തൃശൂർ) രേണുക (ചീഫ് സബ് എഡിറ്റർ ജനം ടി.വി. തിരുവനന്തപുരം). മരുമകൻ: രാജഗോപാൽ.



ചന്ദ്രൻ

തിരൂരങ്ങാടി: തൃക്കുളം അമ്പലപ്പടി സ്വദേശി തോട്ടശ്ശേരി ചന്ദ്രൻ (69) അന്തരിച്ചു. ഭാര്യ: ശാരദ, മക്കൾ: ബൈജു, റൈജു, ബബിത. മരുമക്കൾ: ബാലൻ, രജിത, ആതിര, സഹോദരങ്ങൾ: മുണ്ടിയമ്മു, കല്യാണി, ജാനകി. സജീവ സിഎംപി പ്രവർത്തകനും അമ്പലപ്പടി ഹോട്ടൽ ഉടമയുമാണ്.

സഊദ് ലബ്ബ

കഴക്കൂട്ടം: പെരുമാതുറ കുഴിവിളാകം സാഹിറ മൻസിലിൽ സഊദ് ലബ്ബ (70) അന്തരിച്ചു. ഭാര്യ: ഹഫ്സ ഉമ്മാൾ. മക്കൾ: സവാദ്, മിസ്അബ്, മിലാദ്, സാജിദ, സാബിറ, സഫീദ, സാഹിറ, സഫ്ന. മരുമക്കൾ: നാസർ, ഷാനവാസ്, സഫീല, ഹാഷിം (പരേതൻ) എ.എം. റഈസ്, ആദർശ്.

രോഹിണി

തലശേരി: പെരുന്തറ്റിലെ പരേതനായ കുഞ്ഞമ്പുവിന്റെ ഭാര്യ എളമ്പയിൽ നാൽപ്പാടി രോഹിണി (80) അന്തരിച്ചു. മകൾ: പ്രേമി. സഹോദരങ്ങൾ: ശാരദ, നളിനി, പരേതനായ ബാലൻ.

അലക്സ്

കുന്നംകുളം: ഇന്ദിര നഗർ ഫസ്റ്റ് അവന്യൂവിൽ കിടങ്ങൻ ജോർജിന്റെ മകൻ അലക്സ് (66) അന്തരിച്ചു. കുന്നംകുളത്തുണ്ടായിരുന്ന ബൈജു തിയ്യറ്റർ ഉടമയാണ്. ഭാര്യ: ഉഷ. മക്കൾ: ജീക്സ് (ബിസിനസ്), സുജിക്സ് (എൻജിനീയർ). മരുമക്കൾ: രമ്യ, ശ്രീമോൾ. സംസകാരം നടത്തി.

കൃഷ്ണമ്മ

മലയിൻകീഴ്: മലയിൻകീഴ് ചന്തമുക്ക് കിഴക്കുംകര പുത്തൻ വീട്ടിൽ രാധാകൃഷ്ണന്റെ ഭാര്യ കൃഷ്ണമ്മ(55) അന്തരിച്ചു.

അമ്മിണി

അങ്കമാലി: മൂക്കന്നൂർ മൂലൻമുഴ വറീതിന്റെ ഭാര്യ അമ്മിണി (76) അന്തരിച്ചു. സംസ്കാരം നടത്തി. കറുകുറ്റി അയിരൂക്കാരൻ കുടുംബാംഗമാണ്. മക്കൾ: ജോയി, ജോൺസൻ, പോളച്ചൻ, ഡേവിസ്, മാർട്ടിൻ. മരുമക്കൾ: ഷേർളി, ജോസി, ലിഷ, ലിമിറ്റ, ജിസ്മി.

സീതാദേവി

കല്ലമ്പലം: പള്ളിക്കൽ ആരാമം ദേവി സദനത്തിൽ ശിവദാസൻപിള്ള (റിട്ട. എറ്റിഒ, കെഎസ്ആർടിസി) യുടെ ഭാര്യ സീതാദേവി (65) അന്തരിച്ചു.

മക്കൾ: അനൂപ്, ദീപ. മരുമക്കൾ: രമ്യ, നിജി.

ദിനകരൻ

പാവങ്ങാട്: പറമ്പത്ത് ദിനകരൻ (82) അന്തരിച്ചു. ഭാര്യ: ഗിരിജ. മക്കൾ: ധനലക്ഷമി, രഞ്ജിത്ത്, ദീപ, ശുഭ, സുജിത്ത്. മരുമക്കൾ: സുരേഷ് കുമാർ, ജീന, സുപ്രിയ, പരേതരായ ലാൽജിത്ത്, ടി.വി അനിൽകുമാർ. സംസ്കാരം നടത്തി.

ബാബു

പറവൂർ: പല്ലം തുരുത്ത്മാമ്പിള്ളി പാപ്പച്ചൻ മകൻ ബാബു (50) അന്തരിച്ചു. സംസക്കാരം നടത്തി. ഭാര്യ: ഫിൽജോ. മക്കൾ: ആൽബിൻ, ആൽഡിൻ.

അബൂബക്കർ ഹാജി

തിരൂരങ്ങാടി: വെള്ളിയാംപുറം കീരിയാട്ടുപുറായി പരേതനായ മുഹമ്മദ് മകൻ ചിത്രംപള്ളി അബൂബക്കർ ഹാജി (56) അന്തരിച്ചു. ഭാര്യ: സുലൈഖ. മക്കൾ: മുഹമ്മദ് സ്വാദിഖ്, ആസിയ, ഫൗസിയ, ഫാത്തിമ, ഫസീല, ജെസീല. മരുമക്കൾ: നൌഫൽ കൊടിഞ്ഞി, ജംശീർ കൊടിഞ്ഞി, സെമീർ ചുള്ളിപാറ, ഷാഫി കൂരിയാട്, കഫീല.

മറിയം

പഴുവിൽ: വടക്കൻ പരേതനായ ജോസ് ഭാര്യ മറിയം (64) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ജിഷ, ജിജോ. മരുമകൻ: ജസ്റ്റിൻ.

തങ്കപ്പൻ

മാന്ദാമംഗലം: കട്ടിങ്ങ് ചിറകാവുങ്കൽ കൃഷ്ണൻ മകൻ തങ്കപ്പൻ (85) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: രാജമ്മ. മക്കൾ: ബാബു, ഉഷ, ചന്ദ്രൻ, ഷീബ, സുജ, മധു, രമേഷ്. മരുമക്കൾ: ശിതള, അപ്പു, സജിത, തങ്കച്ചൻ, രവി, പുഷ്പ, രേഷ്മ.

ജോയി

വടക്കാഞ്ചേരി: കുറ്റിക്കാടൻ പരേതനായ യാക്കോബ് മകൻ ജോയി (54) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ ഗ്രേസി. മക്കൾ: ജിൻസി, ജിൻസൺ. മരുമകൻ: ലിന്റോ.

പത്രോസ്

അങ്കമാലി: കുറ്റിപ്പുഴ പുതുശ്ശേരി പത്രോസ് (92)അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കണ്ണൂർ കേളകം കൊച്ചുപുരയ്ക്കൽ മറിയം. മക്കൾ: മേരി, ജോസ് (പ്രിൻസിപ്പൽ, ഹിൽസ് ഹൈസ്കൂൾ, ഗുജറാത്ത്), ഓമന (അധ്യാപിക, ക്രിസ്തുരാജ് ഹൈസ്കൂൾ, കുറ്റിപ്പുഴ), ജോൺ (ഹൂസ്റ്റൺ, യുഎസ്എ). മരുമക്കൾ: കുമ്പിടി കുടിലിങ്കൽ ഡേവിഡ് (റേഷൻ ഡീലർ), ലീന (അധ്യാപിക, ഹിൽസ് ഹൈസ്കൂൾ, ഗുജറാത്ത്), സി.പി. തോമസ് ചെമ്പിശ്ശേരി (ചീഫ് അഡൈ്വസർ, എൽഐസി, അങ്കമാലി), സജീന (ഹൂസ്റ്റൺ, യുഎസ്എ).

സുശീലൻ

വടക്കാഞ്ചേരി: പനങ്ങാട്ടുകര പനയ്ക്കൽ സുശീലൻ (48) അന്തരിച്ചു. ഭാര്യ: പ്രീജ. മക്കൾ: സജ്ജയ്, സോന, സ്നേഹ.

രാജൂ

കൊട്ടാരക്കര: മുസ്ലീം സ്ട്രീറ്റ് വിളയിൽ വീട്ടിൽ പരേതനായ തോപ്പിൽ സുലൈമാൻ ഖനി റാവുത്തറുടെ മകൻ തോപ്പിൽ രാജൂ (58) അന്തരിച്ചു. മാതാവ്: പരേതയായ സൈനബ ബീവി. ഭാര്യ: ഷീബ. മക്കൾ: രഹന, ഷഹന. മരുമക്കൾ: മുഹമ്മദ് ഷാ, മുഹമ്മദ് മാഷാഹ്.

പി.എൻ. മാധവൻ

മുഹമ്മ: കമ്മ്യൂണിസ്റ്റ് പാർടിയുടെ ആദ്യകാല പ്രവർത്തകനും നിലത്തെഴുത്താശാനുമായ കഞ്ഞിക്കുഴി 13-ാം വാർഡിൽ വനസ്വർഗം പൊക്കത്ത് പി.എൻ. മാധവൻ (95) അന്തരിച്ചു. എസ്എൻഡിപി ശാഖാ യോഗം സെക്രട്ടറിയും വളവനാട് ദേവീ ക്ഷേത്രത്തിലടക്കം മേൽശാന്തിയുമായിരുന്നു. ഭാര്യ: രുദ്രാണി. മക്കൾ: സുപ്രഭ, ബാലചന്ദ്രൻ (സിപിഎം പാടത്ത് ബ്രാഞ്ചംഗം). മരുമക്കൾ: സുമ (സിപിഎം ചേന്നാം വെളി ബ്രാഞ്ചംഗം), പരേതനായ സുധാകരൻ.

പി. സന്തോഷ് കുമാർ

കല്ലമ്പലം: മുത്താന ടി.വി.എം വില്ലയിൽ പി.സന്തോഷ് കുമാർ (58) അന്തരിച്ചു. ഭാര്യ: ജയശ്രീ. മക്കൾ: വൈശാഖ്, വിശാസ്.

എ.മുഹമ്മദ്കുഞ്ഞ്

വിളക്കുടി:സിപിഎം പത്തനാപുരം ഏരിയ കമ്മിറ്റി മുൻ അംഗവും പഞ്ചായത്ത് മുൻ മെമ്പറുമായിരുന്ന വിളക്കുടി ഷാഹിദാ മൻസിലിൽ എ.മുഹമ്മദ്കുഞ്ഞ് (86) അന്തരിച്ചു. കബറടക്കം നടത്തി. ഭാര്യ: സുലേഖ. മക്കൾ: സലീഹുദ്ദീൻ, ഷംസുദ്ദീൻ, സബിത, സിറാജ്, ഷാഹിദ, സജീന, ഷിഹാബുദ്ദീൻ.

മുഹമ്മദ്

കോഴിക്കോട്: പന്നിയങ്കര മമ്പാട്ട് മുഹമ്മദ് (78) അന്തരിച്ചു. ഭാര്യ: കുറ്റിച്ചിറ മുതിരപറമ്പത്ത് സൈനബി (ഇമ്പി). മക്കൾ: പക്കീസ, ഹാഷിം, സീനത്ത്, റിയാസ്. മരുമക്കൾ: അനീഷ് മാങ്കാവ് , വാഷിദ് (മൈസിലി ഹൗസ് മാത്തോട്ടം), കല്ലൂട്ടിവയൽ ഹർഷിദ, ഹൈറുന്നിസ (മീഞ്ചന്ത). ഖബറടക്കം മുക്കം തണ്ണീർ പൊയിൽ ജുമാ മസ്ജിദ് ഖബർസ്ഥാനിൽ നടത്തി.

മല്ലികാകുമാരി

പനമ്പറ്റ:പത്മാ സ്റ്റുഡിയോ ഉടമ ശ്രീപദ്മത്തിൽ വി.രാധാകൃഷ്ണപിള്ളയുടെ ഭാര്യ മല്ലികാകുമാരി (51) അന്തരിച്ചു.

അമ്മുക്കുട്ടി

ചാത്തന്നൂർ: മാമ്പള്ളിക്കുന്നം പൊയ്കയിൽ വീട്ടിൽ പരേതനായ നാണുവിന്റെ ഭാര്യ അമ്മുക്കുട്ടി (104) അന്തരിച്ചു.

ശശിധരൻ

തട്ടാമല: പിണയ്ക്കൽ പന്ത്രണ്ട് മുറി തൊടിയിൽ പടിഞ്ഞാറ്റതിൽ ശശിധരൻ (76) അന്തരിച്ചു. സംസ്കാരം നടത്തി. ആശ്രാമം അടച്ചുകെട്ടിൽ കുടുംബാംഗമാണ്. ഭാര്യ: സുഷമ. മക്കൾ: ആഷ്മി, അജീഷ്. മരുമകൻ: സനോജ്.

കെ.ഗോമതി അമ്മ

പരവൂർ: കോട്ടപ്പുറം ശിവകൃപയിൽ (കോട്ടമൂല വീട്) കെ.ഗോമതി അമ്മ (78) അന്തരിച്ചു. മക്കൾ: അജിത് കുമാർ, ലേഖാ സുകുമാർ. മരുമക്കൾ: സുനിത, ജനാർദ്ദനൻ പിള്ള (കയർഫെഡ് ഷോറൂം, പരവൂർ).

സിബിച്ചൻ

ചേർത്തല: നഗരസഭ രണ്ടാം വാർഡിൽ കിളികാട്ട് പരേതനായ റാഫേൽ മകൻ സിബിച്ചൻ (45) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് ചേർത്തല മുട്ടം സെന്റ് മേരീസ് ഫൊറോന പള്ളി സെമിത്തേരിയിൽ. മാതാവ്: അന്നക്കുട്ടി. സഹോദരങ്ങൾ: ഗ്രേസിക്കുട്ടി, വൽസമ്മ, തങ്കച്ചൻ.

രാമചന്ദ്രൻ നായർ

കാര്യവട്ടം: എള്ളുവിള മകം വീട്ടിൽ രാമചന്ദ്രൻ നായർ (67) അന്തരിച്ചു. ഭാര്യ: ഇന്ദിര കുമാരി. മകൻ: ഹരിശങ്കർ (ആർമി). മരുമകൾ: സുനിത കുമാരി.

സക്കീർ ഹുസൈൻ

ചാത്തിനാംകുളം: വലിയവിള വീട്ടിൽ അബ്ദുൽ കരീമിന്റെയും ലൈലാ ബീവിയുടെയും മകൻ സക്കീർ ഹുസൈൻ (39) അന്തരിച്ചു.

എൻ.ജനാർദ്ദനൻ നായർ

കരുനാഗപ്പള്ളി: കൊല്ലം ജില്ലാ സഹകരണ ബാങ്ക് റിട്ട.മാനെജർ കൊല്ലക പുല്ലംമ്പള്ളിൽ കൊച്ചുത്തറയിൽ എൻ.ജനാർദ്ദനൻ നായർ (86) അന്തരിച്ചു. ഭാര്യ: കമലമ്മ. മക്കൾ: രഘുനാഥൻ, രേഖ. മരുമക്കൾ: രഘുനാഥൻ പിള്ള, ജിക്കി.

ഡി.ശിവദാസൻ

മയ്യനാട്: കെഎസ്ആർടിസി റിട്ട.ജീവനക്കാരൻ തെക്കുംകര സിന്ധു ഭവനിൽ ഡി.ശിവദാസൻ (80) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ സുനന്ദ (റിട്ട.നഴ്സിങ് സൂപ്രണ്ട്). മക്കൾ: സിന്ധു (കോർപറേഷൻ ബാങ്ക്, വർക്കല), ഇന്ദു. മരുമക്കൾ: എസ്.മധു (അസി.റജിസ്ട്രാർ ജനറൽ, പുനലൂർ), പ്രസാദ് (നായേഴ്സ് ആശുപത്രി, കൊല്ലം).

സോഫിയ ഹബീബ്

പുനലൂർ: എ.ആർ.ഹബീബ് റഹ്മാന്റെ ഭാര്യ സോഫിയ ഹബീബ് (58) അന്തരിച്ചു. സംസ്കാരം യുഎഇയിൽ.

എം.ചെല്ലപ്പൻ പിള്ള

ഇടമുളയ്ക്കൽ:വടക്കുംകര പുത്തൻവീട്ടിൽ എം.ചെല്ലപ്പൻ പിള്ള (92) അന്തരിച്ചു.

മറിയാമ്മ ജോർജ്

പത്തനാപുരം: പൂങ്കുളഞ്ഞി മുരുപ്പേൽ വീട്ടിൽ മറിയാമ്മ ജോർജ് (93) അന്തരിച്ചു.

ഡയറി ജീവനക്കാരൻ ഹൃദയാഘാതംമൂലം മരിച്ചു

വിശാഖ്

വൈപ്പിൻ : പാൽസംഭരണ കേന്ദ്രത്തിലെ ജീവനക്കാരൻ ജോലി കഴിഞ്ഞ് മടങ്ങവേ ഹൃദയാഘാതം മൂലം മരിച്ചു. ചെറായി കൈരളി റോഡിൽ മട്ടക്കൽ ചന്ദ്രൻ മകൻ വിശാഖ് (48) ആണ് മരിച്ചത്. പള്ളിപ്പുറം ക്ഷീരോത്പാദക സഹകരണ സംഘത്തിലെ ജീവനക്കാരനായിരുന്നു. നായരമ്പലം സംഭരണ കേന്ദ്രത്തിൽ നിന്നും മടങ്ങവെ വൈകുന്നേരം മൂന്നുമണിയോടെയാണ് സംഭവം. തുടർന്ന് സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും മരിച്ചു. ഭാര്യ: ദിഷ. മക്കൾ : ദേവി നന്ദന, ചന്ദ്രദേവ് (ഇരുവരും സ്കൂൾ വിദ്യാർഥികൾ). സംസ്കാരം ഇന്ന് രാവിലെ 10ന് ചെറായി ബീച്ച് ശ്മശാനത്തിൽ.

നിർത്തിയിട്ടിരുന്ന ലോറിയുടെ പിറകിൽ മിനി ലോറിയിടിച്ച് യുവാവ് മരിച്ചു

രൺദീപ് രാജ്

അങ്കമാലി: എം.സി. റോഡിൽ അങ്കമാലി വേങ്ങൂരിൽ നിറുത്തിയിട്ടിരുന്ന ലോറിയുടെ പിറകിൽ മിനി ലോറിയിലിടിച്ച് യുവാവ് മരിച്ചു. പാലക്കാട് ആലത്തൂർ കാവശ്ശേരി പഴൂർ മനക്കാട്ട് വീട്ടിൽ രതീന്ദ്രന്റെ മകൻ രൺദീപ് രാജ്(34)ആണ് മരിച്ചത്. ഇന്നലെ പുലർച്ചെ 1.15-നായിരുന്നു അപകടം. മൈസുരിൽ നിന്ന് മൂവാറ്റുപുഴയിലേയ്ക്ക് തക്കാളിയുമായി പോയ മിനിലോറിയാണ് അപകടത്തിൽപ്പെട്ടത്. കാലടി ഭാഗത്തേയ്ക്ക് പോയ ലോറി കേടായതിനെ തുടർന്ന് റോഡരിൽ നിർത്തിയിട്ടിരുന്നു. ഈ ലോറിയുടെ പിന്നിലാണ് മിനിലോറി ഇടിച്ചത്. ഡ്രൈവറായ രൺദീപ് രാജ് മിനിലോറിയിൽ കിടന്ന് ഉറങ്ങുകയായിരുന്നു. മിനി ലോറി ഓടിച്ചിരുന്ന അജിത്ത് പരുക്കുകളില്ലാതെ രക്ഷപ്പെട്ടു. രൺദീപ് ഇരുന്നിരുന്ന ഭാഗമാണ് ലോറിയിൽ ചെന്നിടിച്ചത്. വാഹനത്തിൽ കുടുങ്ങിപ്പോയ രൺദീപിനെ ഒന്നര മണിക്കൂർ നേരത്തെ പരിശ്രമം കൊണ്ടാണ് പുറത്തെടുക്കാനായത്. രൺദീപിനെ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിയിലെത്തിച്ചെങ്കിലും മരിച്ചിരുന്നു. അങ്കമാലി ഫയർഫോഴ്സും പൊലീസും എത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്.

ഗൃഹനാഥൻ കോയമ്പത്തൂരിൽ മരിച്ചു

സുശീലൻ

വടക്കാഞ്ചേരി: കോയമ്പത്തൂരിൽ സ്വർണപ്പണിക്കാരനായ പനങ്ങാട്ടുകര സ്വദേശി പനയ്ക്കൽ സുശീലൻ (51)രക്തസമ്മർദം ഉയർന്നതിനെ തുടർന്ന് മരിച്ചു. ലോക് ഡൗൺ ദിനങ്ങളിൽ നാട്ടിലുള്ള കുടുംബത്തെ കാണാനാകാകെ അതീവ ദുഖിതനായിരുന്നു സുശീലനെന്ന് സഹപ്രവർത്തകർ പറഞ്ഞു. മാനസിക വിഷമം താങ്ങാനാകാതെ രക്തസമ്മർദ്ദം ഉയർന്ന് അവശനിലയിലായി ആശുപത്രിയിൽ പ്രവേശിപ്പിച്ച ഇദ്ദേഹം ചികിത്സയിലിരിക്കെ മരണമടയുകയായിരുന്നു. തുടർന്ന് മൃതദേഹം നാട്ടിലെത്തിക്കാനും പ്രതിസന്ധി നേരിട്ടു. വിവരമറിഞ്ഞ മന്ത്രി എ.സി മൊയ്തീൻ നിർദേശം നൽകിയതനുസരിച്ച് പാലക്കാട്, തൃശൂർ ജില്ല കളക്ടർമാരുടെ ഇടപെടലോടെ അത്താണി പെരിങ്ങണ്ടൂർ സർവീസ് സഹകരണ ബാങ്കിന്റെ ആംബുലൻസിന്റെ സഹകരണത്തോടെ മൃതദേഹം നാട്ടിലെത്തിക്കുകയായിരുന്നു. സംസ്കാരം ചെറുതുരുത്തി പള്ളം പുണ്യതീരത്ത് നടന്നു. ഭാര്യ: പ്രീജ. മക്കൾ: സജ്ജയ്, സോന, സ്നേഹ.

പതിനഞ്ചുക്കാരനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി

ശരത് കുമാർ

പാറശാല: പതിനഞ്ചുക്കാരനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. കാരോട് അയിര പുലിക്കണ്ടം സൂര്യാഭവനിൽ സുരേഷ് കുമാർ ശാന്തിനി ദമ്പതികളുടെ മകൻ ശരത്കുമാറിനെയാ (ഉണ്ണി 15)ണ് വീടിനു പുറകിലുള്ള സമീപ വസിയുടെ റബർ മരത്തിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്. ശരത്തിന്റെ പിതാവായ സുരേഷ് കുമാറിന്റെ ജ്യേഷ്ഠന്റെ വക സ്കൂട്ടറുമായി റോഡിൽ ഇറങ്ങിയതിനു പിതാവ് വഴക്ക് പറഞ്ഞതിന്റെ മനോവിഷമമാണ് ആത്മഹത്യയ്ക്ക് കാരണമായതെന്ന് പൊലീസ് പറഞ്ഞു. പൊഴിയൂർ പൊലീസ് കേസെടുത്തു.

ജനറൽ വാർത്തകൾ

വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാം

wss.kseb.in എന്ന പോർട്ടൽ വഴിയോ, കെഎസ്ഇബിയുടെ മൊബൈൽ അപ്പ് വഴിയോ അടയ്ക്കാം

തിരുവനന്തപുരം: ജൂലയ് 31 വരെ വൈദ്യുതി ബിൽ ഏത് രീതിയിൽ ഓൺലൈൻ പെയ്മെന്റ് നടത്തിയാലും അധിക ചാർജ് (ട്രാൻസാക്ഷൻ ചാർജ്) ഈടാക്കുന്നതല്ലെന്ന് കെഎസ്ഇബി. wss.kseb.in എന്ന പോർട്ടൽ വഴിയോ, കെ എസ് ഇ ബിയുടെ മൊബൈൽ അപ്പ് വഴിയോ BHIM App വഴിയോ, ഏതു ബാങ്കിന്റെയും ബാങ്കിങ് സേവനങ്ങൾക്കായുള്ള മൊബൈൽ ആപ്പ് വഴിയോ, മറ്റ് ഏത് BBPS സംവിധാനം വഴിയോ യാതൊരു അധിക ചാർജും ഇല്ലാതെ കറണ്ട് ചാർജ് അടയ്ക്കാവുന്നതാണെന്ന് കെഎസ്ഇബി.

ഹോട്ട് സ്പോട്ട്; 2 പഞ്ചായത്തുകളെ ഒഴിവാക്കുന്നതിന് കത്തയച്ചു

കോട്ടയം: ജില്ലയിലെ തിരുവാർപ്പ്, വെളിയന്നൂർ ഗ്രാമപഞ്ചായത്തുകളെ കോവിഡ് ഹോട്ട് സ്പോട്ട് പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിന് ജില്ലാ കലക്റ്റർ പി.കെ. സുധീർ ബാബു ആരോഗ്യ വകുപ്പിന് കത്തയച്ചു. ജില്ലയിൽനിന്ന് ഈ പഞ്ചായത്തുകൾ മാത്രമാണ് പട്ടികയിലുള്ളത്. രണ്ടിടത്തും ഹോട്ട് സ്പോട്ടുകളായി പരിഗണിക്കേണ്ട സാഹചര്യം നിലവിലില്ലെന്ന് കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

കേരളത്തെ അഭിനന്ദിച്ച് അംബാനിയും മഹീന്ദ്രയും

തിരുവനന്തപുരം: കേരളത്തിന്റെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ അഭിനന്ദിച്ച് മുകേഷ് അംബാനിയും മഹീന്ദ്ര ഗ്രൂപ്പ് ചെയർമാൻ ആനന്ദ് മഹീന്ദ്രയും. മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് 2,000 കൊവിഡ് പ്രൊട്ടക്ഷൻ ഷീൽഡുകൾ സഹായമായി നൽകും. കൊവിഡ് പ്രതിരോധത്തിൽ കേരളത്തിനൊപ്പമുണ്ടെന്ന് ചെയർമാൻ മുകേഷ് അംബാനിയും ഭാര്യ നീത അംബാനിയും അറിയിച്ചു. റിലയൻസ് ഇൻഡസ്ട്രീസും ഫൗണ്ടേഷനും അഞ്ച് കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു നൽകി.

രാംകോ സിമന്റ്സ് ലിമിറ്റഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 48,31, 681 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ സംഭാവന നൽകിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കായി 500 പിപിഇ കിറ്റുകൾ കൈമാറുമെന്ന് മാധ്യമം ദിനപത്രം സിഇഒ പി.എം. സാലിഹ്, എഡിറ്റർ ഒ. അബ്ദുറഹ്മാൻ എന്നിവർ അറിയിച്ചു. നദ്‌വത്തുൽ മുജാഹിദിൻ പ്രസിഡണ്ട് ടി.പി. അബ്ദുള്ളകോയ മദനി സംഘടനയുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഐസലേഷൻ ആവശ്യങ്ങൾക്ക് വിട്ടുനൽകാമെന്ന് അറിയിച്ചു. അദ്ദേഹം 20 ലക്ഷം രൂപ സംഭാവന നൽകിയിട്ടുമുണ്ട്.

മറ്റ് സംഭാവനകൾ:

- സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ 112.79 കോടി രൂപ. സഹകരണ വകുപ്പ് മുഖാന്തിരം 94.71 കോടി, നേരിട്ട് 18.08 കോടി.
- സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഒരു കോടി രൂപ.
- പെരിന്തൽമണ്ണ അർബൻ സഹകരണ ബാങ്ക് 87 ലക്ഷം രൂപ. കൂടാതെ പ്രവാസി വ്യവസായികൾക്ക് പ്രത്യേക പലിശ രഹിത സ്വർണ വായ്പ അനുവദിക്കുന്നതിന് 100 കോടി മാറ്റിവയ്ക്കും.
- നാടക പ്രവർത്തകരുടെ സംഘടന നാടക് 3.5 ലക്ഷം.
- കേരള കർഷക സംഘം സംസ്ഥാന കമ്മിറ്റി 5 ലക്ഷം.
- കെഎംസിസി മുൻ പ്രസിഡണ്ട് സി.പി.എ. ബാവഹാജി 10 ലക്ഷം.
- കെഎസ്ആർടിസി പേൻഷനേഴ്സ് ഓർഗനൈസേഷൻ 10 ലക്ഷം.
- കോഴിക്കോട് അത്തോളി ഗ്രാമ പഞ്ചായത്ത് 10 ലക്ഷം.
- കോഴിക്കോട് എരഞ്ഞിക്കൽ പിവിഎസ് ഹൈസ്കൂൾ വിദ്യാർഥികൾ 58,350.
- സിപിഎം പേരൂർക്കട ഏരിയ 51,000 രൂപ.
- സുപ്രീം ഏജൻസീസ് കോട്ടക്കൽ, മലപ്പുറം 20 ലക്ഷം.
- കുന്നത്തൂർ ശ്രീദുർഗ ദേവി ക്ഷേത്ര സമിതി, ആലപ്പുഴ 1 ലക്ഷം.
- ജി. വേണുലാൽ അമ്പലപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് 11,220.
- ഡോ. ആർ ശ്രീകുമാർ, അമ്പലപ്പുഴ 7500.
- കരവാളൂർ കൊല്ലം ഗ്രാമ പഞ്ചായത്ത് 7 ലക്ഷം.
- കരവാളൂർ ഗ്രാമപഞ്ചായത്തംഗങ്ങൾ 31,600 രൂപ.
- ഏഴുപുന്ന ഉൾനാടൻ മത്സ്യ തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം അരൂർ ഒരു ലക്ഷം.
- ട്രാൻകൂർ മാറ്റ്സ് ആൻഡ് മാറ്റിങ്സ് കമ്പനി 10 ലക്ഷം.
- കേരള ഗ്രമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റൻസ് ഓർഗനൈസേഷൻ 11.15 ലക്ഷം. സ്വാതി ജി. ആലപ്പുഴ 1,500 രൂപ.

ഷാജിക്കെതിരായ നടപടി പരിശോധനയ്ക്കു ശേഷമെന്ന് നിയമസഭാ സെക്രട്ടറി

തിരുവനന്തപുരം: മുസ്‌ലിം ലീഗ് എംഎൽഎ കെ.എം. ഷാജിക്കെതിരായ പരാതിയിൽ സ്പീക്കറിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിക്കുന്നതിന് മുമ്പ് വിശദമായ പരിശോധന നടത്തിയിരുന്നുവെന്ന് നിയമസഭാ സെക്രട്ടറി.

നടപടിയുടെ കാര്യത്തിൽ മറ്റു യാതൊരു താത്പര്യങ്ങളും ഉണ്ടായിരുന്നില്ല

ഷാജി 25 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന കടുവൻ പദ്മനാഭന്റെ പരാതിയിൽ വിജിലൻസ് കണ്ണൂർ യൂണിറ്റ് നടത്തിയ പ്രാഥമികാന്വേഷണത്തിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിൽ ഷാജിക്കെതിരേ അഴിമതി നിരോധന നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻ സ്പീക്കറുടെ അനുമതി ആവശ്യപ്പെട്ട് നവംബർ 19ന് വിജിലൻസിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറി നിയമസഭാ സെക്രട്ടറിക്ക് കത്ത് നൽകി.

ഇക്കാര്യത്തിൽ 1988ലെ അഴിമതി നിരോധന നിയമത്തിന് 2018ൽ വന്ന ഭേദഗതിയുടെയും ഇതു സംബന്ധിച്ചുണ്ടായിട്ടുള്ള കോടതി വിധികളുടേയും അടിസ്ഥാനത്തിൽ കാര്യങ്ങൾ വിശദമായി പരിശോധിച്ചു. തുടർന്ന് കെ.എം. ഷാജിക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന് നിയമസഭാ സെക്രട്ടറി ശുപാർശ ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിലാണ് 13ന് സ്പീക്കർ തീരുമാനമെടുത്തത്.

ഇതു സംബന്ധിച്ച അറിയിപ്പ് തൊട്ടടുത്ത പ്രവൃത്തി ദിവസം ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുള്ള അണ്ടർസെക്രട്ടറി വിജിലൻസ് വകുപ്പിനെ അറിയിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ മറ്റു യാതൊരു താത്പര്യങ്ങളും ഉണ്ടായിരുന്നില്ലെന്നും മറിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണെന്നും നിയമസഭാ സെക്രട്ടറി വാർത്താക്കുറിപ്പിൽ പറഞ്ഞു.

അളവുതൂക്ക ഉപകരണ പരിശോധന ഇനിയൊരു അറിയിപ്പിനു ശേഷം

തിരുവനന്തപുരം: ലീഗൽ മെട്രോളജി വകുപ്പിന്റെ ഓട്ടോമീറ്റർ ഉൾപ്പെടെയുള്ള അളവുതൂക്ക ഉപകരണങ്ങളുടെ പരിശോധന നടത്തുന്നതിന് പ്രായോഗികബുദ്ധിമുട്ടുള്ളതിനാൽ ഇനിയൊരറിയിപ്പുണ്ടായതിനുശേഷമേ നടത്തുകയുള്ളൂ എന്ന് കൺട്രോളർ അറിയിച്ചു.

ഓപ്പറേഷൻ സാഗർ റാണി: 4612 കിലോ കേടായ മത്സ്യം പിടികൂടി

തിരുവനന്തപുരം: ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ഓപ്പറേഷൻ സാഗർറാണിയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ ഇന്നലെ നടന്ന പരിശോധനകളിൽ 4612.25 കിലോഗ്രാം ഉപയോഗ ശൂന്യമായ മത്സ്യം പിടിച്ചെടുത്തതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. മാർച്ച് 19 ഞായറാഴ്ച നടന്ന പരിശോധനയിൽ 369 കിലോഗ്രാം മത്സ്യമാണ് പിടിച്ചെടുത്തത്.

തിങ്കളാഴ്ച സംസ്ഥാനത്താകെ 198 കേന്ദ്രങ്ങളിൽ നടന്ന പരിശോധനകളിൽ 21 പേർക്കാണ് നോട്ടീസ് നൽകിയത്. തിരുവനന്തപുരം അമരവിളയിൽ നിന്നും കടമ്പാട്ടുകോണത്ത് നിന്നുമാണ് 4350 കിലോഗ്രാം ഉപയോഗ ശൂന്യമായ മത്സ്യം പിടിച്ചെടുത്ത് നശിപ്പിച്ചത്.

ടോം ആൻഡ് ജെറി സംവിധായകൻ ഓർമയായി

ടോം ആൻഡ് ജെറി, പോപേയ് ആനിമേഷൻ ചിത്രങ്ങളുടെ സംവിധായകനും ഓസ്കർ ജേതാവുമായ യൂജീൻ മെറിൽ ഡീച്ച് ഓർമയായി. വാർധക്യസഹജമായ അസുഖങ്ങളെ തുടർന്ന് ഏറെ നാളായി ചികിത്സയിലായിരുന്നു. വ്യാഴാഴ്ച രാത്രിയോടെ പ്രാഗിലെ അപ്പാർട്ട്മെന്റിൽവെച്ചാണ് അന്ത്യം. മൺറോ എന്ന അനിമേറ്റഡ് ഷോർട്ട് ഫിലിമിലൂടെയാണ് അദ്ദേഹത്തിന് ഓസ്കർ ലഭിച്ചത്. ടോം ആൻഡ് ജെറി ഫിലിം സീരീസിലെ 13 ചിത്രങ്ങളും പോപേയ് ദി സെയ്‌ലർ പരമ്പരയിലെ ഏതാനും ചിത്രങ്ങളും ജീൻ സംവിധാനം ചെയ്തിട്ടുണ്ട്. 1924 ൽ ഷിക്കാഗോയിലായിരുന്നു യൂജീൻ മെറിൽ ജനിച്ചത്. വ്യോമസേനയിൽ പൈലറ്റായി ജോലി ചെയ്തതിന് ശേഷമാണ് യൂജീൻ സിനിമാ രംഗത്തേക്കെത്തുന്നത്. ആനിമേഷൻ, ഇലസ്ട്രേഷൻ രംഗത്തെത്തിയ അദ്ദേഹം കുട്ടികളുടെ എക്കാലത്തെയും പ്രിയപ്പെട്ട അനിമേഷൻ ചിത്രങ്ങളുടെ സംവിധായകനായി മാറുകയായിരുന്നു.

സണ്ണിയെ പ്രശംസിച്ച് ഡാനിയൽ

ലോക്ഡൗൺ കാലത്ത് സണ്ണി ലിയോണിന്റെ പാചകത്തെയും വസ്ത്രധാരണത്തെയും പ്രശംസിച്ച് ഭർത്താവ് ഡാനിയൽ വെബർ. സണ്ണിയെയും എന്നെ കുറിച്ചുമുള്ള ചില വിവരങ്ങൾ എന്ന ക്യാപ്ഷനോടെ പങ്കുവച്ച വീഡിയോയിൽ പേപ്പറുകൾ പിടിച്ചാണ് ഡാനിയൽ സംസാരിക്കുന്നത്. എന്നെ രക്ഷിക്കണം.

അവൾ എന്നെ ഭ്രാന്തനാക്കുന്നു. ദിവസം മുഴുവൻ അവൾ ഉറങ്ങും. ഭക്ഷണം ഉണ്ടാക്കും. അവൾ മടിച്ചിയാണ്. പൈജാമ ധരിച്ചാണ് നടപ്പ്. ദിവസം മുഴുവൻ സെൽഫി എടുത്തു കൊണ്ടിരിക്കും" എന്നാണ് പേപ്പറുകളിൽ ഡാനിയൽ കാണിക്കുന്നത്. തുടർന്ന് സണ്ണിയും വീഡിയോയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

നാളെ എന്റെ റിവഞ്ചിനായി കാത്തിരിക്കൂ എന്ന ക്യാപ്ഷനോടെ സണ്ണിയും വീഡിയോ പങ്കുവച്ചിട്ടുണ്ട്.

വീട്ടുവളപ്പിൽ ഒരു കമുകുംചേരി മോഡൽ ഫോട്ടോഷൂട്ട്

മലയാളി പ്രേക്ഷകരുടെ പ്രിയങ്കരിയായ നായികയാണ് അനുശ്രീ. റിയാലിറ്റി ഷോയിലൂടെ മലയാള സിനിമയിലേക്ക് എത്തിയ നടി സോഷ്യൽ മീഡിയയിലും സജീവമാണ്. അനുശ്രീയുടെ ജീവിതത്തിലെ കൊച്ചു കൊച്ചു സന്തോഷങ്ങളും മറ്റും താരം ആരാധകരുമായി പങ്കുവക്കാറുമുണ്ട്.

ഇപ്പോൾ താരം പത്തനാപുരം കമുകുംചേരിയിലെ തന്റെ വീട്ടിലാണുള്ളത്. വീടിനു മുന്നിൽ നിന്ന് ഫോട്ടോഷൂട്ട് നടത്തിയാണ് അനുശ്രീ ആരാധകരുടെ പ്രിയം പിടിച്ചു പറ്റിയിരിക്കുന്നത്.

മുട്ടിനു മുകൾ വരെ ഇറക്കമുള്ള കറുത്ത ടോപ്പ് ധരിച്ചാണ് അനുശ്രീ തന്റെ പുത്തൻ ഫോട്ടോഷൂട്ട് നടത്തിയിരിക്കുന്നത്. ലോക്ക്ഡൌൺ പിരീഡിൽ വീട്ടുവളപ്പിൽ ഒരു കമുകുംചേരി മോഡൽ ഫോട്ടോഷൂട്ട് എന്ന തലക്കെട്ടോടെയാണ് അനുശ്രീ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവച്ചിരിക്കുന്നത്. താരത്തിന്റെ കിടിലൻ ചിത്രങ്ങളേറ്റെടുത്തിരിക്കുകയാണ് ആരാധകരും. താരങ്ങളിൽ മിക്കവരും ഈ ഒഴിവു വേളകൾ തങ്ങളുടെ ഇഷ്ട പരിപാടികൾക്കായി മാറ്റി വെക്കുകയാണ്.

ചിലർ സോഷ്യൽ മീഡിയയിൽ സജീവമായപ്പോൾ മറ്റു ചിലർ പാചകത്തിലും, കരകൗശല വിദ്യകളിലേക്കും കൃഷിത്തിരക്കിലേക്കുമൊക്കെ തിരിഞ്ഞു.

ആര്യയ്ക്കായി കേക്ക് ഉണ്ടാക്കി സയേഷ

തമിഴകത്തിന്റെ പ്രിയപ്പെട്ട താരദമ്പതികളാണ് ആര്യയും സയേഷയും. പ്രണയിച്ച് വിവാഹിതരായവരാണ് ഇരുവരും. സോഷ്യൽ മീഡിയയിൽ വിശേഷങ്ങൾ പങ്കുവെച്ച് ഇരുവരും എത്താറുണ്ട്. ലോക് ഡൗൺ സമയമായതിനാൽ തിരക്കുകളൊന്നുമില്ലാതെ കഴിയുകയാണ് ഇരുവരും. ഇതിനിടയിലാണ് പുതിയ പരീക്ഷണങ്ങളുമായി സയേഷ എത്തിയത്. പുതിയ പോസ്റ്റും ഇതിനകം തന്നെ വൈറലായി മാറിക്കഴിഞ്ഞു. ആര്യയ്ക്കായി കപ്പ് കേക്കൊരുക്കിയിരിക്കുകയാണ് സയേഷ. കേക്കുമായി അരികിലേക്കെത്തിയ സയേഷയെ ചുംബിക്കുന്നതിന്റെ ചിത്രവും ഇരുവരും പങ്കുവച്ചിട്ടുണ്ട്. സ്ക്രീനിൽ മാത്രമല്ല ജീവിതത്തിലും തങ്ങൾ മികച്ച ജോഡികളാണെന്ന് ഇരുവരും തെളിയിച്ചിരുന്നു. ബിരിയാണിയും മാംഗോ കേക്കുമൊക്കെയായാണ് നേരത്തെ സയേഷ എത്തിയത്. ജീവിതത്തിൽ തന്നേക്കാൾ പക്വതയുണ്ട് സയേഷയ്ക്കെന്ന് ആര്യ പറഞ്ഞിരുന്നു. ഗജനികാന്ത്, കാപ്പാൻ ഈ രണ്ട് സിനിമകളിലും ഒരുമിച്ച് അഭിനയിച്ചിട്ടുണ്ട് ആര്യയും സയേഷയും. വിവാഹത്തിന് ശേഷമായിരുന്നു കാപ്പാൻ തിയേറ്ററുകളിലേക്ക് എത്തിയത്. വിവാഹ ശേഷം സയേഷയ്ക്കും ആര്യയ്ക്കും നായികനായകൻമാരായി സിനിമ ചെയ്യാനുള്ള അവസരവും ലഭിച്ചിരുന്നു. ടെഡി എന്ന സിനിമയിലായിരുന്നു ഇരുവരും ഒരുമിച്ച് അഭിനയിച്ചത്. ഗജനീകാന്ത് എന്ന ചിത്രത്തിനിടയിലാണ് ഇരുവരും പ്രണയത്തിലായത്.

ട്രാക്റ്റർ ഓടിച്ച് കീർത്തി പാണ്ഡ്യൻ

ലോക്ക് ഡൗൺ കാലം ക്രിയാത്മകമായി വിനിയോഗിക്കുകയാണ് താരങ്ങൾ. പാചകം ചെയ്യുന്നതിന്റേയും ക്ലീനിങ്ങ് ഉൾപ്പെടെയുള്ള വീട്ടു ജോലികൾ ചെയ്യുന്നതിന്റെ വീഡിയോയും ചിത്രങ്ങളും പങ്കുവച്ച് താരങ്ങൾ രംഗത്തെത്തിയിരുന്നു. വെറുതെ ഇരുന്ന് സമയയം കളയുന്നതിനോട് ആർക്കും ഒരു താത്പര്യമില്ല. വീട്ടിൽ ഇരിക്കാൻ കിട്ടിയ അവസരം വീട്ടിലെ കാര്യങ്ങൾക്കായി ചെലവഴിക്കുകയാണ് താരങ്ങൾ. ഇപ്പേഴിത ലോക്ക് ഡൗൺ കാലത്ത് പാചകവും വർക്കൗട്ടും മാത്രമല്ല കൃഷി പണിയും പറ്റുമെന്ന് നടി കീർത്തി പാണ്ഡ്യൻ. മണ്ണിൽ പണി എടുക്കുന്ന ചിത്രങ്ങൾ പങ്കുവച്ച് കൊണ്ടാണ് കീർത്തി തന്റെ ലോക്ക് ഡൗൺ ദിനങ്ങളെ കുറിച്ച് പറയുന്നത്. കൂടാതെ കൃഷി സ്ഥലത്ത് ട്രാക്റ്റർ ഓടിക്കുന്നതിന്റെ വീഡിയോയും താരം പങ്കുവച്ചിട്ടുണ്ട്. ലാൻഡ് സ്കേപ്പിങ്... കൃഷി ആരംഭിക്കട്ടെ??' എന്നാണ് നടി ട്വിറ്ററിൽ കുറിച്ചിരിക്കുന്നത്.

കൂടെ ക്വാറന്റൈനിലാണെന്നും ഇത് പൊതു സ്ഥലമല്ല വീടിനടുത്ത് തന്നെയാണെന്നുള്ള അടിക്കുറിപ്പോടു കൂടിയാണ് വീഡിയോ പങ്കുവച്ചിരിക്കുന്നത്. താരത്തിനെ അഭിനന്ദിച്ചു കൊണ്ടുള്ള മികച്ച കമന്റുകളാണ് വീഡിയോയ്ക്ക് ലഭിക്കുന്നത്.

നടനും നിർമ്മാതാവുമായ അരുൺ പാണ്ഡ്യന്റെ മകളാണ് കീർത്തി. 'തുംമ്പ' ആണ് കീർത്തി അഭിനയിച്ച ചിത്രം. മലയാള ചിത്രം ഹെലൻന്റെ തമിഴ് റീമേക്കാണ് കീർത്തിയുടെ അടുത്ത റീലിസാനു ള്ള ചിത്രം. അപ്രതീക്ഷിതമായി ലഭിച്ച അവധി ദിനങ്ങൾ കുടുംബത്തോടൊപ്പം വീടുകളിൽ ആഘോഷമാക്കുകയാണ് താരങ്ങൾ.

മാളവികയുടെ സാരി ചിത്രം

വിരലിൽ എണ്ണാവുന്ന ചിത്രങ്ങളിലേ അഭിനയിച്ചിട്ടുള്ളുവെങ്കിലും തെന്നിന്ത്യൻ പ്രേക്ഷകരുടെ പ്രിയങ്കരിയാണ് നടി മാളവിക മോഹനൻ. അഭിനയത്തിനോടൊപ്പം തന്നെ ഫാഷൻ ഷോകളിലും താരം സജീവമാണ്. റാംപുകളിൽ ചുവട് വയ്ക്കുന്ന മാളവികയുടെ ചിത്രങ്ങൾ താരം സമൂഹമാധ്യമങ്ങളിൽ പങ്കുവയ്ക്കാറുണ്ട്. ലോക്ക്ഡൗൺ കാലത്ത് സോഷ്യൽ മീഡിയയിൽ സജീവമാണ് താരം

ഇപ്പോൾ മാളവിക തന്റെ സാരി ലുക്ക് പങ്കുവച്ചിരിക്കുകയാണ്. ചെക്ക് സാരിയിൽ സ്ലീവ് ലെസ് ബ്ലൗസ് ധരിച്ചാണ് താരമെത്തിയിരിക്കുന്നത്. സാരി ഈസ് എ മൂഡ് എന്ന് കുറിച്ചുകൊണ്ടാണ് ഇൻസ്റ്റയിൽ മിറർ ഇമേജ് മാളവിക പങ്കുവച്ചത്.

രസകരമായ കമന്റുകളാണ് മാളവികയുടെ ചിത്രത്തിന് ലഭിക്കുന്നത്. 2013 ൽ പട്ടം പോലെ എന്ന ദുൽഖർ സിനിമയിലൂടെയാണ് മാളവിക സിനിമയിലെത്തിയത്.

പിന്നീട് ഹിന്ദി, തെലുങ്ക്, കന്നഡ, തമിഴ് ചിത്രങ്ങളുടെ ഭാഗമാകുകയായിരുന്നു.

വിജയ് ചിത്രമായ മാസ്റ്ററാണ് മാളവികയുടെ പുറത്തു വരാനിരിക്കുന്ന ചിത്രം.

അതുകൊണ്ട് രോഹിതിന് ഉറക്കം നഷ്ടപ്പെടില്ല: ഗാവസ്കർ

മുംബൈ· ക്രിക്കറ്റിൽ കഴിഞ്ഞ വർഷം ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച താരങ്ങളിലൊരാളായ ഇന്ത്യൻ വൈസ് ക്യാപ്റ്റൻ രോഹിത് ശർമയെ വിസ്ഡൻ ക്രിക്കറ്റേഴ്സ് അൽമനാക്കിന്റെ മികച്ച താരങ്ങളുടെ പട്ടികയിൽനിന്ന് തഴഞ്ഞതിനെതിരേ ഗാവസ്കർ. വസ്തുനിഷ്ഠമല്ലാത്ത വിസ്ഡൻ പുരസ്കാരത്തിൽനിന്ന് തഴയപ്പെട്ടതിന്റെ പേരിൽ രോഹിത് ശർമയ്ക്ക് ഉറക്കമൊന്നും നഷ്ടമാകാൻ പോകുന്നില്ലെന്ന് ഗാവസ്കർ പരിഹസിച്ചു.

'ഏറ്റവും മികച്ചയാൾക്കു പകരം രണ്ടാമത്തെയാളെയോ താരതമ്യേന മോശം പ്രകടനമോ ആണ് വിസ്ഡൻ അംഗീകരിക്കുകയെന്ന് ഇതാ ഒരിക്കൽക്കൂടി വ്യക്തമായിരിക്കുന്നു. താരങ്ങൾ ആയിരക്കണക്കിന് റൺസോ നൂറുകണക്കിന് വിക്കറ്റോ നേടിയാലും അത് ഇംഗ്ലണ്ട് മണ്ണിൽവച്ചല്ലെങ്കിൽ വിഡ്സന്റെ മികച്ച അഞ്ചു താരങ്ങളിൽ ഉൾപ്പെടുമെന്ന് പ്രതീക്ഷിക്കരുത്.

ഇതാണ് വസ്തുതയെന്നിരിക്കെ ആ പുരസ്കാരത്തിനും മാസികയ്ക്കും എന്തിനാണ് നമ്മൾ ഇത്ര പ്രാധാന്യം നൽകുന്നത്? അത് ഇംഗ്ലണ്ടുകാർക്കു വേണ്ടി മാത്രമുള്ളതാണ്' - ഗാവസ്കർ ഡെയ്‌ലി മിഡ്-ഡേയിൽ എഴുതിയ കോളത്തിൽ ചൂണ്ടിക്കാട്ടി.

വിജയങ്ങൾക്കായി ദാഹിക്കുന്ന ഒരു ടീമിന്റെ ഭാഗമായ രോഹിത് ശർമയ്ക്ക്, ഈ പട്ടികയിൽ ഉൾപ്പെടാതെ പോയത് അത്ര വലിയ സംഭവം പോലുമായിരിക്കില്ലെന്ന് ഗാവസ്കർ അഭിപ്രായപ്പെട്ടു.

ഒരു മോഡൽ ഉണ്ടാക്കിയ പൊല്ലാപ്പ്

സി.കെ. രാജേഷ്കുമാർ

കഴിഞ്ഞ ദിവസം ഒരു വാർത്ത കാണാനിടയായി. ബ്രസീലിലെ പ്രശസ്തയായ നടിയും മോഡലുമൊക്കെയായ നിക്കോൾ ബാഹിൽസ് തന്റെ നീട്ടിൽ വളർത്തിയ അഞ്ചു പട്ടികൾക്കൊപ്പം ക്വാറന്റീനിലാണെന്ന്. കൊറോണ ബ്രസീലിൽ പടരുന്ന പശ്ചാത്തലത്തിലാണ് നിക്കോൾ ബാഹിൽസ് സ്വയം ക്വാറന്റീനിലായത്. ഭർത്താവായ മാർസെലോ ബിംബിയും കൂട്ടിനുണ്ട്. നിക്കോൾ ബാഹിൽസിനെ ലോകകപ്പ് സമയത്ത് പരിചയപ്പെടാൻ സാധിച്ചിട്ടുണ്ട്. ആ സന്ദർഭത്തിലേക്ക്..

ലോകകപ്പിലെ മാറക്കാനയിൽ നടക്കുന്ന ഉറുഗ്വെ-കൊളംബിയ മത്സരം തുടങ്ങാൻ സമയമായി. മാധ്യമപ്രവർത്തകർ ഒന്നടങ്കം സ്റ്റേഡിയത്തിലേക്കു പുറപ്പെടാൻ തയാറെടുക്കുന്നു. പെട്ടെന്ന് ഒരു അതിഥി മീഡിയ സെന്ററിലേക്കു പ്രവേശിച്ചു. അവിടെയുണ്ടായിരുന്ന ലാറ്റിനമേരിക്കൻ മാധ്യമപ്രവർത്തകർ, പ്രത്യേകിച്ച് ബ്രസീലിയൻ മാധ്യമപ്രവർത്തകർ ഒന്നടങ്കം വനിതാ അതിഥിയുടെ അടുത്തേക്കോടി. ടെലിവിഷൻ ചാനലുകാർ കാമറയും മൈക്കുമായി അവരുടെ അടുത്തേക്ക്. കാര്യമന്വേഷിച്ചപ്പോഴാണ് മനസിലായത്. ബ്രസീലിലെ ഏറ്റവും ജനപ്രീതിയുള്ള റിയാലിറ്റി ഷോ ആയ ദി ഫാമിലെ പാനികോ എന്ന കഥാപാത്രമായെത്തി വിജയിയായ നിക്കോൾ ബാഹിൽസ് മരിയാന ബർബോസ എന്ന നിക്കോൾ ബാഹിൽസായിരുന്നു അത്.

കൂടാതെ മാധ്യമപ്രവർത്തകയും മോഡലും നടിയുമക്കെയാണവർ. മറ്റൊരു വാക്കിൽപ്പറഞ്ഞാൽ ഇന്ത്യയിലെ രാഖി സാവന്തോ സണ്ണി ലിയോണോ ഒക്കെയാണ് നിക്കോൾ. സിനിമാ താരങ്ങളേക്കാൾ വിലയാണത്രേ അവർക്ക്. കനത്ത സുരക്ഷയുണ്ടെങ്കിൽ മാത്രമേ നിക്കോൾ ബാഹിൽസിനു പുറത്തിറങ്ങാനാകൂ. നിരവധി ആരാധകരുള്ള നിക്കോൾ അന്ന് ബ്രസീലിയൻ ഫുട്ബോൾതാരമായ വിക്ടർ റാമോസിന്റെ കാമുകി കൂടിയായിരുന്നു. എന്നാൽ, ഇപ്പോൾ അവർ മോഡലായ മാർസെലോ ബിംബിയെ വിവാഹം ചെയ്ത് റിയോയുടെ വടക്കൻ പ്രവിശ്യയിൽ താമസത്തിലാണ്.

നീലയും കറുപ്പും കലർന്ന വേഷവിധാനവുമായായിരുന്നു അന്ന് നിക്കോൾ മീഡിയ സെന്ററിലെത്തിയത്. ഒറ്റക്കാഴ്ചയിൽത്തന്നെ ആൾക്കാരുടെ ശ്രദ്ധയാകർഷിക്കും. നോക്കിലും വാക്കിലും നടപ്പിലുമെല്ലാം ഒരു ആനച്ചന്തം. ഫുട്ബോളും നല്ല വശമാണ് കക്ഷിക്ക്. ബ്രസീലിന്റെ ക്വാർട്ടർ പ്രകടനത്തേക്കുറിച്ചായിരുന്നു ഏവരും ചോദിച്ചത്. നിരാശപ്പെടുത്തുന്നു എന്നു മറുപടി. അപ്പോൾത്തന്നെ ബ്രസീലിയൻ ന്യൂസ് ചാനലുകളിൽ ബ്രേക്കിംഗ് ന്യൂസ് വരുന്നു. ബ്രസീലിന്റെ പ്രകടനം നിരാശപ്പെടുത്തുന്നുവെന്ന് നിക്കോൾ. പോരേ കഥ. അത്രയ്ക്കു പ്രശസ്തയാണ് നിക്കോളെന്നു ചുരുക്കം. റിയാലിറ്റി ഷോയിൽ നിക്കോൾ മിന്നും താരമായിരുന്നു. എപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്നവൾ. 2008ൽ തുടങ്ങിയ ദി ഫാം എന്ന റിയാലിറ്റിഷോ ജനശ്രദ്ധ പിടിച്ചുപറ്റിയത് നിക്കോളിന്റെ വരവോടെയാണ്. നിക്കോളിന്റെ കുസൃതിയും കോപ്രായങ്ങളും അഭിപ്രായങ്ങളും തമാശയ്ക്കു തിരികൊളുത്തി. ബ്രസീൽ ഒന്നടങ്കം റിയാലിറ്റി ഷോയുടെ ഭാഗമായി. ഇതോടെ പരിപാടി വൻ ഹിറ്റ്. ചാനലിന്റെ റേറ്റിംഗ് കൂടി. ദി ഫാം ഇപ്പോഴും ബ്രസീലിലെ ഏറ്റവും ജനപ്രീതിയുള്ള റിയാലിറ്റി ഷോയാണ്. എത്രയൊക്കെ മാഡലുകളും നടിമാരും ഒക്കെ വന്നുപോയാലും നിക്കോൾ നിറഞ്ഞുനിന്ന 2009ലെ എപ്പിസോഡുകളായിരുന്നു കെങ്കേമമെന്ന് ഒരു മാധ്യമപ്രവർത്തകന്റെ കമന്റ്. ദി ഫാമിനുശേഷം നിക്കോൾ അഭിനയിച്ച റിയാലിറ്റി ഷോയാണ് 2012ൽ തുടങ്ങിയ എ ഫാസെൻഡ. അതിലും നിക്കോൾ കഥാപാത്രമായി. എന്നാൽ, നാലാം സ്ഥാനത്തെത്താനേ കഴിഞ്ഞുള്ളൂ. എന്നാൽ, ബ്രസീലിലെ പത്രക്കാരുടെ അഭിപ്രായത്തിൽ ആ തവണ ഒന്നാം സ്ഥാനം കിട്ടിയ വിവിയാനി അറൗജോയുമായി നടന്ന നാലാം റൗണ്ട് മത്സരമായിരുന്നു യഥാർഥത്തിൽ ഫൈനൽ.

2013ൽ പിനാകോ നാ ബാൻഡെന്ന റിയാലിറ്റി ഷോയിൽ അവതാരികയായെത്തിയ നിക്കോൾ 2014ൽ സൂപ്പർ പൈ എന്ന സിനിമയിൽ അഭിനയിക്കുകയാണെന്നറിയിച്ചു. 1985ൽ പരാനയിൽ ജനിച്ച നിക്കോൾ പ്രശസ്തമായ പ്ലേബോയ് മാസികയുടെ കവർ പേജിലും പ്രത്യക്ഷപ്പെട്ടതോടെ ലാറ്റിനമേരിക്ക മുഴുവൻ പ്രശസ്തയായി. മാധ്യമപ്രവർത്തകയായിരുന്നപ്പോൾ എറിക് ബാറ്റിസ്റ്റ എന്ന ബില്യണയറുമായി പ്രണയത്തിലായ കക്ഷി പിന്നീട് അദ്ദേഹത്തെ ഉപേക്ഷിച്ചു. പ്രണയത്തകർച്ചയേത്തുടർന്ന് നിരാശയിലായ അവർ ആരാധകന്റെ കരണത്തടിച്ചതും വലിയ വാർത്തയായിരുന്നു. പിന്നീടാണ് വിക്ടർ റാമോസിന്റെ കാമുകിയായത്. എന്തായാലും മാറക്കാന സ്റ്റേഡിയത്തിലേക്കുള്ള മാധ്യമ പ്രവർത്തകരുടെ പോക്ക് വൈകിപ്പിക്കാൻ നിക്കോളിനായി എന്നതു സത്യം.


ബാഹിൽസ് വസതിയിൽ ക്വാറന്റീനിൽ.


നിക്കോൾ ബാഹിൽസ് മീഡിയ സെന്ററിൽ-രാജേഷ്

സ്പോട്ട് കിക്ക്...

ബ്രസീലിൽ സിനിമാ താരങ്ങളേക്കാൾ വലിയ സെലിബ്രിറ്റികളാണ് ചാനൽ പ്രവർത്തകർ. അതുകൊണ്ടുതന്നെ അവരുടെ ചുറ്റും ആരാധകർ കൂടുന്നതു പതിവു കാഴ്ചയാണ്.

ഫാബുലസ് ഫോർ അവതരിപ്പിച്ച് വിസ്ഡണും

മറക്കാനാവാത്ത കാലമെന്ന് ഗാംഗുലി

മുംബൈ: വിസ്ഡൺ വളരെ പ്രശസ്തമായ ഒരു ഫോട്ടോ അപ്‌ലോഡ് ചെയ്തിരിക്കുന്നു. അതാവട്ടെ, ഒരു തലമുറ ഏറെ ആസ്വദിച്ചതും അഭിമാനിച്ചതുമായ ചിത്രം.

90 കളുടെ അവസാനവും 2000 കളുടെ ആദ്യ ദശകവും ഇന്ത്യൻ ക്രിക്കറ്റിന് മികച്ച സമയമായിരുന്നു. കളിക്കളത്തിൽ ടീം നേട്ടങ്ങൾ കൈവരിച്ചിരുന്ന കാലം. ലോക ക്രിക്കറ്റിലെ ഏറ്റവും പ്രഗത്ഭരായ ബാറ്റ്സ്മാൻമാർ അടങ്ങുന്ന ഇന്ത്യൻ ടീമായിരുന്നു അന്ന് ഇന്ത്യക്കുണ്ടായിരുന്നത്.

2003 ൽ ഐസിസി ലോകകപ്പ് ഫൈനലിലെത്തിയ നായകൻ സൗരവ് ഗാംഗുലിയുടെ നേതൃത്വത്തിലുള്ള ആ ടീമിലെ നാല് അതികായന്മാരുടെ ചിത്രമാണ് തിങ്കളാഴ്ച വിസ്ഡൻ ഇന്ത്യ പുറത്തുവിട്ടത്. ഗംഗുലി, സച്ചിൻ ടെൻഡുൽക്കർ, രാഹുൽ ദ്രാവിഡ്, വിവിഎസ് ലക്ഷ്മൺ എന്നിവരടങ്ങിയ ചിത്രമാണ് വിസ്ഡൺ പുറത്തുവിട്ടത്. അതിന് അടിക്കുറിപ്പായി വിസ്ഡൺ ഇങ്ങനെ കുറിച്ചു.

പ്രത്യേക ഫോട്ടോഗ്രാഫിൽ ഇന്ത്യയുടെ അതിശയകരമായ നാല് വശങ്ങളുണ്ടായിരുന്നു, 'കൂടുതൽ ആകർഷണീയമായ ഒരു ക്വാർട്ടറ്റിന്റെ പേര് നൽകുക, ഞങ്ങൾ കാത്തിരിക്കും.' ഫാബുലസ് ഫോർ എന്നാണ് ഈ ചിത്രത്തെ ക്രിക്കറ്റ് ലോകം വിശേഷിപ്പിച്ചത്. സൗരവ് ഗാംഗുലിയാണ് ഫോട്ടോയ്ക്ക് ആദ്യമേ തന്നെ അടിക്കുറിപ്പ് നൽകിയ പ്രമുഖൻ. 'ജീവിതത്തിന്റെ മഹത്തായ സമയം ... അന്നു സംഭവിച്ച എല്ലാ കാര്യങ്ങളും ആസ്വദിച്ചു.' -സൗരവ് ഗാംഗുലി പറഞ്ഞു.

നിലവിൽ ബിസിസിഐ പ്രസിഡന്റായ ഗാംഗുലി, സ്റ്റീവ് വോയുടെ നേതൃത്വത്തിലുള്ള ടീമിനെ പരാജയപ്പെടുത്തി. ചരിത്രപരമായ ടെസ്റ്റ് പരമ്പര വിജയത്തിലേക്കായിരുന്നു ഇന്ത്യയെ ഗാംഗുലി നടത്തിയത്. പാകിസ്ഥാനിൽ ആദ്യമായി ഒരു ടെസ്റ്റ് പരമ്പരയിൽ ഇന്ത്യ പാകിസ്ഥാനെ തോൽപ്പിച്ചപ്പോഴും അദ്ദേഹം ചുമതല വഹിച്ചിരുന്നു. ഇംഗ്ലണ്ടിലെ നാറ്റ്‌വെസ്റ്റ് സീരീസ് ജയം, ശ്രീലങ്കയുമായി ഐസിസി ചാമ്പ്യൻസ് ട്രോഫി പങ്കിടൽ എന്നിവയാണ് മറ്റ് വലിയ വിജയങ്ങൾ.

ഗാംഗുലി, സച്ചിൻ, ദ്രാവിഡ്, ലക്ഷ്മൺ എന്നിവർ ചേർന്ന് മൊത്തം 2,151 അന്താരാഷ്ട്ര മത്സരങ്ങൾ കളിച്ചു. പിറന്നത് 1,00,000 ലധികം അന്താരാഷ്ട്ര റൺസ്. ഇന്ത്യൻ ടീമിനൊപ്പം മൊത്തം 247 അന്താരാഷ്ട്ര സെഞ്ചുറികളും അവർ നേടി.

കളിതുടങ്ങിയാലും ജോക്കോയ്ക്ക് വാക്സിൻ വേണ്ട

ബെൽഗ്രേഡ്· കൊറോണ വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട പ്രതിസന്ധികളെല്ലാം തീർന്ന് കായിക മത്സരങ്ങൾ പുനരാരംഭിക്കുമ്പോൾ, നിർബന്ധിത കൊറോണ വൈറസ് വാക്സിനേഷനെടുക്കാൻ സമ്മതിക്കാനാവില്ലെന്ന് ടെന്നീസ് താരം നൊവാക് ജോക്കോവിച്ച്. ഇത്തരം വാക്സിനേഷനുകൾക്ക് താൻ വ്യക്തിപരമായി എതിരാണെന്ന് ജോക്കോവിച്ച് വ്യക്തമാക്കി.

കളത്തിലേക്കു തിരിച്ചെത്താൻ കൊറോണ വൈറസ് വാക്സിനേഷൻ നിർബന്ധമാക്കില്ലെന്നാണ് പ്രതീക്ഷയെന്നും ജോക്കോവിച്ച് വ്യക്തമാക്കി. കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടെന്നീസ് ടൂർണമെന്റുകളെല്ലാം ഈ വർഷം ജൂലൈ 13 വരെ നിർത്തിവച്ചിരിക്കുകയാണ്. ഈ വർഷം ടെന്നിസ് മത്സരങ്ങൾ പുനഃരാരംഭിക്കണമെങ്കിൽ കൊറോണ വൈറസ് വാക്സിനേഷൻ നിർബന്ധമാക്കണമെന്ന് ആവശ്യപ്പെട്ട് മുൻ ലോക ഒന്നാം നമ്പർ താരം അമേലി മൗറിസ്മോ ഉൾപ്പെടെയുള്ളവർ രംഗത്തെത്തിയിരുന്നു.

നിലവിൽ കൊറോണ വൈറസ് വാക്സിനേഷൻ ഇതുവരെ കണ്ടെത്തിയിട്ടില്ല. ഇതിനിടെയാണ് താൻ വാക്സിനേഷന് എതിരാണെന്ന ലോക ഒന്നാം നമ്പർ താരം കൂടിയായ ജോക്കോവിച്ചിന്റെ പ്രഖ്യാപനം.

'വ്യക്തിപരമായി എനിക്ക് വാക്സിനേഷനോട് താൽപര്യമില്ല. തുടർന്നും കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കില്ലെന്നാണ് പ്രതീക്ഷ' - ജോക്കോവിച്ച് പറഞ്ഞു. സെർബിയയിലെ വിവിധ കായിക താരങ്ങളുമായുള്ള ഫെയ്സ്ബുക് ലൈവ് ചാറ്റിലാണ് ജോക്കോവിച്ച് നിലപാട് വ്യക്തമാക്കിയത്.

'പക്ഷേ, ഇത് (വാക്സിനേഷൻ) നിർബന്ധമാക്കിയാൽ എന്തു ചെയ്യും? അങ്ങനെയെങ്കിൽ തീരുമാനമെടുക്കാൻ ഞാൻ നിർബന്ധിതനാകും. ഈ വിഷയത്തിൽ എനിക്ക് എന്റേതായ ചിന്തകളും നിലപാടുകളുമുണ്ട്. ഭാവിയിൽ അത്തരം നിലപാടുകൾ കൈവിടേണ്ടി വരുമോയെന്നുപോലും എനിക്കറിയില്ല - ജോക്കോവിച്ച് പറഞ്ഞു.

'ഇപ്പോഴത്തെ പ്രതിസന്ധികളെല്ലാം തീർന്ന് ജൂലൈയിലോ ഓഗസ്റ്റിലോ സെപ്റ്റംബറിലോ മത്സരങ്ങൾ പുനഃരാരംഭിച്ചേക്കാം. ചിലപ്പോൾ അതിലും വൈകിയേക്കാം. ഇത്രകാലത്തെ ക്വാറന്റീനുശേഷം വീണ്ടും കളത്തിലിറങ്ങുമ്പോൾ വാക്സിൻ നിർബന്ധമാക്കിയേക്കാം.

പക്ഷേ ഇപ്പോഴും അത്തരമൊരു വാക്സിൻ ഇല്ല എന്നതും പ്രധാനമാണ്' - ജോക്കോവിച്ച് പറഞ്ഞു.

ലീഗുകൾ അടച്ചിട്ട സ്റ്റേഡിയത്തിൽ നടത്തും

ലണ്ടൻ: കൊറോണ വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ നിർത്തിവയ്ക്കപ്പെട്ട ലീഗുകൾ പുനരാരംഭിക്കാനുള്ള നടപടികൾ തുടങ്ങിയതായി സൂചന നൽകി യുവേഫ. മുടങ്ങിക്കിടക്കുന്ന ലിഗുകൾ അടച്ചിട്ട മൈതാനത്തിൽ നടത്താൻ ആലോചിക്കുന്നതായി യുവേഫ പ്രസിഡന്റ് അലക്സാണ്ടർ കഫെറിൻ പറഞ്ഞു.

ലോകത്ത് ഒരു ലക്ഷത്തിലധികം പേർ കൊല്ലപ്പെട്ട പകർച്ചവ്യാധി മൂലം മാർച്ച് പകുതി മുതൽ ഫുട്ബോൾ ലീഗുകൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു

ടീമുകൾക്കുണ്ടാകുന്ന കനത്ത സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനുള്ള ഒരു പ്രധാന പടിയാണ് കളിയെന്ന് യൂറോപ്യൻ ഫുട്ബോൾ തലവൻ വിശ്വസിക്കുന്നു.

ലീഗ് ചാമ്പ്യൻഷിപ്പുകൾ പുനരാരംഭിക്കാനും അവ പൂർത്തിയാക്കാനും മാർഗങ്ങൾ ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു," സെഫെറിൻ ഇറ്റാലിയൻ ദിനപത്രത്തിനു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. "ഞങ്ങൾക്ക് കാണികളില്ലാതെ മത്സരങ്ങൾ പുനരാരംഭിക്കേണ്ടിവരാം, പക്ഷേ ഏറ്റവും പ്രധാനപ്പെട്ട കാര്യം മത്സരങ്ങൾ നടക്കുക എന്നതാണ്.

മത്സരങ്ങൾ ടെലിവിഷനിൽ മാത്രമേ കാണാൻ കഴിയുകയുള്ളൂവെങ്കിലും അത്തരം പ്രയാസകരമായ സമയങ്ങളിൽ ആളുകൾക്ക് സന്തോഷം പ്രദാനം ചെയ്യുന്ന കാര്യമാണത്. മത്സരങ്ങൾ വീണ്ടും ആരംഭിക്കാൻ എല്ലാ പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. എല്ലാവർക്കും അവരവരുടെ ജീവിതം കണ്ടെത്തേണ്ടതുണ്ട്. സുരക്ഷാ നടപടികളെ മാനിക്കുകയും അധികാരികൾ പച്ചക്കൊടി കാട്ടുകയും ചെയ്താൽ ടീമുകളുടെ പരിശീലനം പുനരാരംഭിക്കും.

ലീഗുകൾ "ഉടൻ തന്നെ" തുടങ്ങിയാൽ ചാമ്പ്യൻസ് ലീഗ്, യൂറോപ്പ ലീഗ് മത്സരങ്ങൾ സമാന്തരമായി കളിക്കാൻ കഴിയുമെന്ന് കഫറിൻ പറഞ്ഞു.

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ സീസൺ പൂർത്തിയാക്കാനാകുമെന്നാണ് താൻ കരുതുന്നതെന്ന് അദ്ദേഹം പറഞ്ഞു.

"ആരാധകരുടെയും കളിക്കാരുടെയും പരിശീലകരുടെയും ആരോഗ്യമാണ് മുൻഗണന.

യൂറോ 2020 നീട്ടിവെച്ചത് യുവേഫയ്ക്കു വലിയ സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.



ക്ലൈവ് ലോയ്ഡ് ചോദിച്ചു, വീണ്ടും ഇന്ത്യ ലോകകപ്പ് നേടുന്നത് കാണണോ?

1983 ലായിരുന്നു ഇന്ത്യ ആദ്യമായി ലോകകപ്പ് ഉയർത്തിയ വർഷം. കപിലിന്റെ 'ചെകുത്താന്മാർ' ലോകകപ്പ് നേടുന്ന ചരിത്ര മുഹൂർത്തം വെള്ളിത്തിരയിൽ പുനരാവിഷ്കരിക്കുകയാണ് ബോളിവുഡ് സംവിധായകൻ കബീർ ഖാൻ. മുൻ ഇന്ത്യൻ നായകൻ കപിൽ ദേവായി വേഷമിടുന്ന രൺവീർ സിങ്, '83' ചിത്രത്തെ കുറിച്ചുള്ള പ്രതീക്ഷകൾ വാനോളമുയർത്തുന്നുണ്ട്.

അടുത്തിടെ കബീർ ഖാനും നടൻ ബൊമൻ ഇറാനിയും ഇൻസ്റ്റഗ്രാമിൽ നടത്തിയ സംഭാഷണംമാണ് ഇപ്പോഴ്തതെ ചർച്ചാവിഷയം. ലണ്ടനിൽ സിനിമ ചിത്രീകരിക്കവെ വിൻഡീസ് ഇതിഹാസ നായകൻ ക്ലൈവ് ലോയ്ഡും ഉണ്ടായിരുന്നു സെറ്റിൽ. ടീം ഇന്ത്യ കപ്പുയർത്തുന്ന രംഗമായപ്പോൾ കബീർ ഖാൻ വിൻഡീസ് ഇതിഹാസ നായകനെ കുറച്ചുകൂടി അരികിലേക്ക് ക്ഷണിച്ചു. ഈ സമയം ലോയഡ് ചോദിക്കുകയുണ്ടായി, 'രണ്ടാമതൊരിക്കൽക്കൂടി കപ്പ് നഷ്ടപ്പെടുന്നത് കാണമെന്നാണോ നിങ്ങള് പറയുന്നത്, അതും ഇത്രയടുത്ത് വച്ച്?'. ചിത്രത്തിൽ ക്ലൈവ് ലോയ്ഡിന്റെ മകനും ക്രിക്കറ്റ് താരമായി എത്തുന്നുണ്ട്. '83' സിനിമയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങളും കബീർ ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ചു. മാൽക്കം മാർഷലിന്റെ മകൻ മാലിയാണ് മാൽക്കം മാർഷലായി സിനിമയിൽ. മാലി എറിഞ്ഞ പന്തുകളിൽ നിന്ന് ദിലീപ് വെങ്സർക്കാരായി വേഷമിടുന്ന ആദിനാഥ് എം കൊതാര പലപ്പോഴും ഭാഗ്യം കൊണ്ടുമാത്രമാണ് രക്ഷപ്പെട്ടതെന്ന് കബീർ ഖാൻ പറഞ്ഞു. 83 -ലെ ലോകകപ്പിൽ മാൽക്കം മാർഷലിന്റെ ബൗൺസർ ഏറ്റാണ് വെങ്സർക്കാരിന് പരിക്കേറ്റതും ഫൈനലിൽ കളിക്കാൻ കഴിയാതെ പോയതും.

നേരത്തെ, കപിൽ ദേവിന്റെ വിഖ്യാത 'നടരാജ' ഷോട്ട് കളിക്കുന്ന രൺവീറിന്റെ ചിത്രം അണിയറ പ്രവർത്തകർ പുറത്തുവിട്ടിരുന്നു. ഇന്ത്യയുടെ ആദ്യ ലോകകപ്പ് സംഘത്തെ സൂക്ഷ്മമായി പഠിച്ച് തയ്യാറാക്കിയ സിനിമ കായിക ലോകത്ത് വലിയ പ്രതീക്ഷകൾ നൽകുന്നുണ്ട്. ഇതേസമയം, കൊറോണ വൈറസ് വ്യാപനം അനിശ്ചിതത്വം സൃഷ്ടിക്കുന്ന ഇപ്പോഴത്തെ സാഹചര്യം മുൻനിർത്തി 83 സിനിമയുടെ റിലീസ് നീട്ടിവെച്ചിരിക്കുകയാണ്. ഏപ്രിൽ 10 -നായിരുന്നു സിനിമയുടെ റിലീസ് തീയതി.


ഇന്ത്യ ലോകകപ്പ് ആദ്യമായി നേടിയ ചരിത്രം പറയുന്ന 83 എന്ന സിനിമയിലെ ഒരു രംഗം. കപിലായെത്തുന്നത് രൺവീർ സിങ്ങാണ്.

ടി-20 ലോകകപ്പ്: ഐസിസി ചർച്ച നടത്തും

ദുബായ്: ഈ വർഷം അവസാനം ഓസ്ട്രേലിയയിൽ നടക്കാനിരിക്കുന്ന ടി 20 ലോകകപ്പിന്റെ ഭാവി സംബന്ധിച്ച് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ വിദഗ്ധരുമായും അംഗരാജ്യങ്ങളുമായും ഓസ്ട്രേലിയൻ സർക്കാരുമായും ചർച്ച നടത്തും.കൊവിഡ് -19 ക്രിക്കറ്റിനെ എങ്ങനെ ബാധിച്ചു എന്നത് വിലയിരുത്തുന്നതിനായി 23 ന് വീഡിയോ കോൺഫറൻസ് കോൾ വഴി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേരുമെന്നും ഒക്ടോബറിൽ നടക്കുന്ന ടി 20 ലോകകപ്പിന്റെ ഭാവി ചർച്ചയുടെ ഭാഗമാകുമെന്നും ഐസിസി ചീഫ് എക്സിക്യൂട്ടീവ് മനു സാഹ്നി അറിയിച്ചു.

ടി- 20 ലോകകപ്പ് ഉൾപ്പെടെയുള്ള ഐസിസി ഇവന്റുകളുമായി ബന്ധപ്പെട്ട്, ഓസ്ട്രേലിയൻ സർക്കാർ ഉൾപ്പെടെയുള്ള വിദഗ്ധരുടെയും അധികാരികളുടെയും ഉപദേശം ഞങ്ങൾ തേടും. ഞങ്ങളുടെ മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് ഉത്തരവാദിത്തപരമായ തീരുമാനങ്ങൾ എടുക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നുവെന്നും സാഹ്നി പറഞ്ഞു.

പകർച്ചവ്യാധി കാരണം ക്രിക്കറ്റ് മത്സരങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കായിക പ്രവർത്തനങ്ങളും മാറ്റിവച്ചിട്ടുണ്ട്, കൂടാതെ ഓസ്ട്രേലിയയിൽ നടക്കുന്ന ടി 20 ലോകകപ്പിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും ചോദ്യചിഹ്നമാണ്. ലോകകപ്പ് ഒക്ടോബർ 18 മുതൽ നവംബർ 15 വരെയാണ് തീരുമാനിച്ചിരിക്കുന്നത്.

SENSEX: 31,648.00 (+59.28)

NIFTY: 9,261.85 (-4.90)

വിനിമയ നിരക്ക്

ഡോളർ	76.60
യൂറോ	83.16
പൗണ്ട്	95.29
സ്വിസ്ഫ്രാങ്ക്	79.06
സിംഗപ്പൂർ ഡോളർ	53.82
ഓസ്ട്രേലിയൻ	48.78
കനേഡിയൻ	54.36
ബഹറിൻ ദിനാർ	202.43
കുവൈറ്റ് ദിനാർ	245.63
ഒമാനി റിയാൽ	198.36
സൗദി റിയാൽ	20.38
യു എ ഇ ദിർഹം	20.83
ഖത്തർ	20.86

വിപണിയിൽ സമ്മിശ്രപ്രതികരണം

മുംബൈ: ഇന്ത്യൻ ഓഹരി വിപണിയിൽ ഇന്ന് ദൃശ്യമായത് സമ്മിശ്രപ്രതികരണം. സെൻസെക്സ് 59.28 പോയിന്റിന്റെ നേരിയ നേട്ടത്തോടെ 31648.00 ലും നിഫ്റ്റി 4.90 പോയിന്റ് നഷ്ടത്തോടെ 9261.85 ലുമാണ് ക്ലോസ് ചെയ്തത്.

സെക്ടറുകൾ പരിശോധിച്ചാൽ നിഫ്റ്റി ബാങ്ക് സൂചിക 0.77 ശതമാനത്തിന്റെ ഇടിവുണ്ടാക്കി. നിഫ്റ്റി ഐടി സൂചികയിൽ 1.57 ശതമാനത്തിന്റെ ഉയർച്ചയുണ്ടായി. നിഫ്റ്റി ഓട്ടോ സൂചികകളും താഴ്ചിലായിരുന്നു.

മികച്ച നഴ്സിന് ടോംയാസ് അവാർഡ് ഒരു ലക്ഷം രൂപ

തൃശൂർ: കൊവിഡ് മഹാമാരിക്കെതിരെ പോരാടി ലോക ശ്രദ്ധ പിടിച്ചു പറ്റിയ കേരളത്തിലെ നഴ്സുമാരെ ആദരിക്കുന്നതിനുവേണ്ടി എല്ലാ വർഷവും സംസ്ഥാനത്തെ ഒരു മികച്ച നഴ്സിനു ടോംയാസ് അവാർഡ് ഒരു ലക്ഷം രൂപ.

തൃശൂരിലെ ടോംയാസ് പരസ്യ ഏജൻസി ഉടമ തോമസ് പാവറട്ടിയുടെ മാതാവ് ട്രീസ ഇഗ്നേഷ്യസിന്റെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ പുരസ്കാരം. എല്ലാ വർഷവും ഫ്ളോറൻസ് നൈറ്റിംഗേലിന്റെ ചരമദിനമായ ഓഗസ്റ്റ് 13നു ആയിരിക്കും അവാർഡ് ദാനം.

ഗോദ്റെജ് ഇന്റീരിയോ പോസ്ചർ ഗൈഡ്

കൊച്ചി: പ്രമുഖ ഫർണീച്ചർ സൊല്യൂഷൻസ് ബ്രാൻഡായ ഗോദ്റെജ് ഇന്റീരിയോ വീട്ടിൽ നിന്ന് ജോലിചെയ്യുന്നവർക്ക് ശരിയായ ക്രമവും ശരീര സ്ഥാനവും സ്വീകരിക്കുന്നതിനുള്ള നുറുങ്ങുകൾ പങ്കിടുന്ന എക്സ്ക്ലൂസീവ് ഗൈഡ് പുറത്തിറക്കി. ഹോം-ഓഫിസ് സജ്ജീകരണത്തിൽ ജോലിചെയ്യുമ്പോഴുള്ള വെല്ലുവിളികളും അതിനുള്ള പരിഹാരങ്ങളും ഗൈഡിൽ പ്രതിപാദിക്കുന്നുണ്ട്.

സുഖമായി പ്രവർത്തിക്കുകയും അനാവശ്യമായ സമ്മർദവും ഒഴിവാക്കുകയും ചെയ്യുന്നതിലൂടെ പ്രൊഫഷണലുകളെ അവരുടെ കാര്യക്ഷതമയും ഉത്പാദനക്ഷമതയും മെച്ചപ്പെടുത്താൻ ഗോദ്റെജ് ഇന്റീരിയോ പുറത്തിറക്കിയ ഗൈഡ് സഹായിക്കും. ദീർഘനേരം ജോലി ചെയ്യുമ്പോൾ വിശ്രമ വേളകൾ എടുക്കേണ്ടതിന്റെ പ്രാധാന്യം, സുരക്ഷിതമായ രീതിയിലുള്ള ലാപ്ടോപ് ഉപയോഗം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം ഗൈഡിൽ വിശദീകരിക്കുന്നുണ്ട്.

ഗൾഫ് നേരിടാനൊരുങ്ങുന്നത് വൻ സാമ്പത്തിക ഇടിവ്

വ്യവസായ മേഖലയിൽ വലിയ സ്തംഭനാവസ്ഥയാണ് നിലനിൽക്കുന്നത്. മലയാളികൾ ഉൾപ്പടെ നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ടേക്കുമോയെന്ന ആശങ്കയിലാണ് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്നത്

ന്യൂഡൽഹി: കൊവിഡ് വ്യാപനത്തെ തുടർന്ന് ലോകമെമ്പാടും അനുഭവിക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി ഗൾഫ് രാജ്യങ്ങളെയും പിടിമുറുക്കിയിട്ടുണ്ട്. ലോക്ഡൗൺ നിലനിൽക്കുന്നതിനാൽ വ്യാവസായ മേഖലയിൽ വലിയ സ്തംഭനാവസ്ഥയാണ് നിലനിൽക്കുന്നത്.

മലയാളികൾ ഉൾപ്പടെ നിരവധി പ്രവാസികൾ തൊഴിൽ നഷ്ടപ്പെട്ടേക്കുമോയെന്ന ആശങ്കയിലാണ് ഗൾഫ് രാജ്യങ്ങളിൽ കഴിയുന്നത്. കൊവിഡിനു പിന്നാലെ ഗൾഫ് രാജ്യങ്ങളിൽ വൻ സാമ്പത്തിക തകർച്ചയുണ്ടാകുമെന്ന് അന്താരാഷ്ട്ര നാണയ നിധിയുടെ (ഐഎംഎഫ്) റിപ്പോർട്ടും പുറത്തുവരുകയാണ്.

കൊറോണ വൈറസ് വ്യാപനത്തിന് പിന്നാലെ ഗൾഫ് മേഖലയിലും പശ്ചിമേഷ്യൻ രാജ്യങ്ങളിലും സാമ്പത്തിക തകർച്ച അനുഭവപ്പെടുമെന്നും സമ്പദ് വ്യവസ്ഥ ഈ വർഷം 3.3 ശതമാനമായി ചുരുങ്ങുമെന്നുമാണ് ഐഎംഎഫിന്റെ മുന്നറിയിപ്പ്. 40 വർഷത്തെ ഏറ്റവും വലിയ ഇടിവായിരിക്കും മേഖല നേരിടാൻ പോവുന്നത്. എണ്ണയുടെ വിലയിടിവ് കൂടിയാകുമ്പോൾ അറബ് രാജ്യങ്ങളും ഇറാനും ഉൾപ്പെടുന്ന പ്രദേശത്ത് 1978നു ശേഷം ഉണ്ടാകുന്ന ഏറ്റവും മോശം സാമ്പത്തിക പ്രകടനമായിരിക്കും നേരിടേണ്ടി വരിക. ഒപെക്, ഒപെക് ഇതര രാജ്യങ്ങൾ എണ്ണ ഉത്പാദനം വെട്ടിക്കുറച്ചത് 2019ൽ 0.3 ശതമാനം വളർച്ച കൈവരിച്ച സൗദിയുടെ നിലവിലെ വാണിജ്യ സാഹചര്യങ്ങളെ കൂടുതൽ പ്രതികൂലമായി ബാധിക്കുമെന്നും ഐഎംഎഫിന്റെ റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ ഇറാനിലെ സമ്പദ്വ്യസ്ഥ 2020ൽ 6.0 ശതമാനം ചുരുങ്ങുമെന്നാണ് പ്രവചനം. യുഎഇയുടെ സമ്പദ്വ്യവസ്ഥ 3.5 ശതമാനമായും ഗൾഫിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായ ഖത്തറിന്റെ സമ്പദ്വ്യവസ്ഥയിൽ 4.3 ശതമാനത്തിന്റെ ഇടിവുമാണ് പ്രതീക്ഷിക്കുന്നത്.

കുവൈറ്റ് 1.1%, ഒമാൻ 2.8% എന്നിങ്ങനെയാവും മറ്റു രാജ്യങ്ങളിലെ തകർച്ച. എന്നിരുന്നാലും 2021ന്റെ ആദ്യം മുതൽ കരകയറി തുടങ്ങുമെന്ന റിപ്പോർട്ടും ഐഎംഎഫ് പുറത്തു വിടുന്നുണ്ട്.

പിഎഫ് വിഹിതം അടയ്ക്കാനുള്ള പദ്ധതി കേന്ദ്രം വിപുലമാക്കും

കൊച്ചി: ചെറു സംരംഭങ്ങളിലെ ജീവനക്കാരും തൊഴിലുടമകളും അടയ്ക്കേണ്ട പ്രതിമാസ പിഎഫ് വിഹിതം മൂന്നു മാസം നൽകാനുള്ള കേന്ദ്ര സർക്കാർ പദ്ധതി വിപുലമാക്കുമെന്നു സൂചന. കൂടുതൽ എംഎസ്എംഇ ഉടമകൾക്കും തൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കാനുതകുന്ന വിപുലീകരണത്തിനാണ് സർക്കാർ തയാറെടുക്കുന്നതെന്നും ഇത് സംബന്ധിച്ച പ്രഖ്യാപനം അടുത്ത സാമ്പത്തിക പാക്കെജിന്റെ ഭാഗമായേക്കുമെന്നും ഉന്നത സർക്കാർ ഉദ്യോഗസ്ഥർ പറഞ്ഞു.

നൂറിൽ താഴെ ജീവനക്കാരുള്ളതും അതിൽ 90 ശതമാനം പേർക്കും 15,000 രൂപയോ അതിൽ താഴെയോ ശമ്പളമുള്ളതുമായ സ്ഥാപനങ്ങൾക്കാണ് ഈ ആനുകൂല്യം പ്രഖ്യാപിച്ചിരുന്നത്. 12 ശതമാനം വീതമാണ് ജീവനക്കാരുടെയും തൊഴിലുടമയുടെയും പിഎഫ് വിഹിതം. അതായത്, 15,000 രൂപ ശമ്പളമുള്ള ജീവനക്കാരന് പ്രതിമാസം 1800 രൂപവീതം കൂടുതൽ ലഭിക്കും. മൂന്നു മാസംകൊണ്ട് 5400 രൂപയാണ് അവരുടെ കൈകളിലേക്ക് എത്തുന്നത്. തൊഴിലുടമയ്ക്കും ഏതാണ്ട് ഇത്ര തന്നെ നേട്ടം ലഭിക്കും.

ലോക്ഡൗൺ ഏറ്റവും രൂക്ഷമായി ബാധിച്ച എംഎസ്എംഇകൾക്ക് ആശ്വാസം നൽകുകയെന്ന ലക്ഷ്യത്തോടെയായിരുന്നു സർക്കാർ ഈ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ വിപുലീകരണത്തിനായി അടിസ്ഥാനതല വിലയിരുത്തൽ നടത്താനും ഉന്നത നയരൂപീകരണ വിദഗ്ധരുടെ മുമ്പാകെ സമർപ്പിക്കാൻ കഴിയുന്ന ഒരു റിപ്പോർട്ട് തയാറാക്കാനും തൊഴിൽ മന്ത്രാലയം ഇപിഎഫ്ഒയോട് പിന്നീട് ആവശ്യപ്പെട്ടിരുന്നു. പിഎഫ് വിഹിതം മൂന്നു മാസം നൽകാനുള്ള കേന്ദ്ര സർക്കാർ പദ്ധതി തൊഴിൽ വെട്ടിക്കുറവ് തടയാനും വിപണിയിലെ പണലഭ്യത ഉയരാനും സഹായിക്കുമെന്ന് 1.7 ലക്ഷം കോടി പാക്കെജിന്റെ ഭാഗമായി ഇക്കാര്യം പ്രഖ്യാപിക്കവേ മാർച്ച് 26ന് ധനകാര്യമന്ത്രി നിർമല സീതാരാമൻ ചൂണ്ടിക്കാട്ടിയിരുന്നു.

ആകെ 4,800 കോടി രൂപ ഇതിനായി കണക്കാക്കിയിരുന്നു. എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന് ആറ് കോടി വരിക്കാരാണുള്ളത്. 15,000 രൂപയ്ക്കു മേൽ ശമ്പളം വാങ്ങുന്നവരാണെന്നതിനാൽ ഭൂരിഭാഗം പേരും ഇതിന്റെ ഗുണഭോക്താക്കളാകില്ല.

നിലവിലെ നിർദേശത്തിലെ 100 തൊഴിലാളികളെന്ന പരിധിയിൽ ഇളവ് വരുത്താനും 90% തൊഴിലാളികൾ പ്രതിമാസം 15,000 രൂപയിൽ താഴെ ശമ്പളം ലഭിക്കുന്നവരായിരിക്കണമെന്ന വ്യവസ്ഥ എടുത്തുകളയാനുമാണ് ആലോചന. എംഎസ്എംഇ മേഖലയ്ക്കായിരിക്കും പ്രധാനമായും ഇതിന്റെ ഗുണം ലഭിക്കുക. പിഎഫ് സംഭാവന തൊഴിലാളിയുടെ അടിസ്ഥാന ശമ്പളത്തിന്റെ 24% ആണ്. അതിൽ 12% ജീവനക്കാരനിൽ നിന്നും ബാക്കി തൊഴിലുടമയിൽ നിന്നും ഈടാക്കുന്നു.

കൊറോണക്കാലത്ത് അടിയന്തരസാഹചര്യം നേരിടാൻ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം പിൻവലിക്കാൻ അവസരം നൽകിയത് ലക്ഷക്കണക്കിന് ജീവനക്കാർക്ക് ആശ്വാസമായിരുന്നു. മൂന്നു മാസത്തെ ശമ്പളത്തിന് തുല്യമായ തുകയോ പിഎഫിലുള്ള തുകയുടെ 75 ശതമാനമോ, ഏതാണ് കുറവ് അതാണ് പിൻവലിക്കാനാകുക. ഇതനുസരിച്ച് മാസം 25,000 രൂപ ശമ്പളമുള്ളയാളിന് 75,000 രൂപ വരെ പിൻവലിക്കാം. നിലവിൽ ഭവന നിർമാണം, വിവാഹം തുടങ്ങിയ അടിന്തര ആവശ്യങ്ങൾക്കേ പിഎഫ് തുക പിൻവലിക്കാൻ അനുവദിച്ചിരുന്നുള്ളൂ.

ആളെ കുറയ്ക്കാൻ ഐടി കമ്പനികൾ

തിരുവനന്തപുരം: കൊവിഡ് സാമ്പത്തിക ഞെരുക്കത്തിനെ പശ്ചാത്തലത്തിൽ ഏകദേശം 52 ശതമാനം ഐടി കമ്പനികൾ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കേണ്ടിവരുമെന്ന് കേരളത്തിലെ ഐടി കമ്പനികളുടെ കൂട്ടായ്മയായ ജിടെക് (ഗ്രൂപ്പ് ഒഫ് ടെക്നോളജി കമ്പനീസ്) മുഖ്യമന്ത്രി പിണറായി വിജയന് നൽകിയ കത്തിൽ വ്യക്തമാക്കി.

300 കമ്പനികൾ അംഗങ്ങളായ ജിടെക് നടത്തിയ സർവേയിൽ പങ്കെടുത്ത 200 കമ്പനികളിൽ 75 ശതമാനവും ഉടനടി ബിസിനസ് മാന്ദ്യം പ്രതീക്ഷിക്കുന്നു. ഇക്കാരണത്താൽ സർക്കാർ ഐടി പാർക്കുകളിൽ അടുത്ത 6 മാസത്തേക്കുള്ള വാടക ഒഴിവാക്കി നൽകണമെന്നുൾപ്പടെ ആവശ്യങ്ങളാണ് നിവേദനമായി മുഖ്യമന്ത്രിക്ക് ജിടെക് സമർപ്പിച്ചിരിക്കുന്നത്. അടുത്ത 12 മാസം ഐടി വ്യവസായത്തിന് നിർണായകമാണെന്നും നിവേദനം ചൂണ്ടിക്കാട്ടുന്നു. പ്രതിസന്ധിയിലാകുന്ന ഐടി വ്യവസായത്തിന് പിന്തുണയേകുന്ന നിർദേശങ്ങൾ ഐടി പാർക്സ് സിഇഒ പി. എം. ശശി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഉടൻ തീരുമാനമുണ്ടായേക്കും.

ഐടി കമ്പനികളുടെ ആവശ്യങ്ങൾ

ഐടി പാർക്കുകളിലെ വാടകയിലുണ്ടാകുന്ന 5 ശതമാനം വാർഷിക വർധന ഒഴിവാക്കുക.

ആറ് മാസത്തേക്ക് വൈദ്യുതി ഉപഭോഗത്തിൽ സബ്സിഡി

സർക്കാർ പദ്ധതികൾ ഏറ്റെടുത്തു ചെയ്യാനുള്ള നിബന്ധനകളിൽ ഇളവ്. പൂർത്തിയായ പ്രൊജക്റ്റുകളുടെ കുടിശിക ഉടൻ നൽകുക.

എല്ലാത്തരം വായ്പകൾക്കും മൂന്ന് മാസത്തെ മൊറട്ടോറിയം. പലിശയും ഒഴിവാക്കണം.

പ്രതിസന്ധിഘട്ടം തരണം ചെയ്യാൻ തൊഴിൽനയം നടപ്പാക്കുന്നതിൽ അനുഭാവപൂർണമായ സമീപനം

ശമ്പളച്ചെലവിന് സർക്കാർ സബ്സിഡി

പുതിയ ഐടിആർ ഫോം ഏപ്രിൽ അവസാനം

കൊച്ചി: ആദായനികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള പുതിയ ഐടിആർ ഫോം കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് ഈ മാസം അവസാനം പുറത്തിറക്കുമെന്ന് വാർത്താകുറിപ്പിൽ അറിയിച്ചു. കൊവിഡ് വ്യാപനത്തെത്തുടർന്ന് പല നിക്ഷേപങ്ങൾക്കും ജൂൺ 30 വരെ കാലാവധി നീട്ടി നൽകിയിരുന്നു. അവ കൂടി ഉൾപ്പെടുത്തുന്ന റിട്ടേൺ ഫോമുകളാണ് പുറത്തിറക്കുക.

2019-20 സാമ്പത്തിക വർഷത്തെ റിട്ടേൺ ഫയൽ ചെയ്യുന്നതിന് ഐടിആർ1 (സഹജ്), ഐടിആർ4 (സുഗം) എന്നിവ ജനുവരിയിൽ തന്നെ പുറത്തിറക്കിയിരുന്നു. എന്നാൽ ഇതിനു ശേഷമാണ് കൊറോണ വൈറസ് ബാധ സ്ഥിരീകരിച്ചതും സാമ്പത്തിക വ്യതിയാനവും പുതിയ മാറ്റങ്ങളും തീയതി നീട്ടലും വന്നത്.

80 സി (എൽഐസി, പിപിപി, എൻഎസ്സി), 80ഡി (മെഡിക്ലെയിം), 80 ജി (സംഭാവനകൾ) എന്നിവ ജൂൺ 30 വരെയാണ് നീട്ടിയിട്ടുള്ളത്. ക്യാപിറ്റൽ ഗെയിൻ ടാക്സിന് സെക്ഷൻ 54, 54 ജിബി എന്നിവ പ്രകാരമുള്ള ഇളവുകൾക്കും കാലാവധി നീട്ടി. ഇവയെല്ലാം ഉൾപ്പെടുത്തിയ ഫോമാകും ഏപ്രിൽ അവസാനം ഇറങ്ങുക.

ലേബർ വെൽഫെയർ ഫണ്ട് ബോർഡ് തൊഴിലാളികൾക്ക് 30.42 കോടി രൂപയുടെ ധനസഹായം

ന്യൂഡൽഹി: ലേബർ വെൽഫെയർ ഫണ്ട് ബോർഡ് തൊഴിലാളികൾക്ക് 30.42 കോടി രൂപയുടെ ധനസഹായം. ബോർഡിന്റെ പരിധിയിൽ വരുന്നതും കൊവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ലോക്ഡൗണിനെ തുടർന്ന് ബുദ്ധിമുട്ടുന്ന ചെറുകിട/വൻകിട ഫാക്റ്ററി തൊഴിലാളികൾ, സഹകരണ ആശുപത്രിയിലെ ജീവനക്കാർ മറ്റ് സഹകരണ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, തോട്ടങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ ലഭിക്കാത്ത തൊഴിലാളികൾ ഉൾപ്പെടെ 3,04,226 തൊഴിലാളികൾക്കാണ് 1000/ രൂപ വീതം ധനസഹായം അനുവദിക്കുന്നത്. ഇതിന് 30,42,26,000/ രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

ആനുകൂല്യം ലഭിക്കുന്നതിനായി തൊഴിലാളികളുടെ പേര് വിവരങ്ങൾ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ അതത് സ്ഥാപനങ്ങൾ ലേബർ വെൽഫെയർഫണ്ട് ബോർഡിന്റെ വെബ്സൈറ്റായ www.labourwelfarefund.in യിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഉടൻ ലഭ്യമാക്കുമെന്ന് ലേബർ വെൽഫെയർ ഫണ്ട് കമ്മീഷണർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 04712463769 എന്ന നമ്പറിൽ ബന്ധപ്പെടുക.

കൊവിഡ്-19ന്റെ ഭാഗമായി ആനുകൂല്യം ലഭിച്ചിട്ടുള്ള തൊഴിലാളികൾ സർക്കാർ പൊതുമേഖലയിൽ മാസവേതനം ലഭിച്ചിട്ടുള്ളവർ, മറ്റ് സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിച്ചിട്ടുള്ളവർ എന്നിവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഇൻഡിഗോ, വിസ്താര ബുക്കിങ് നിർത്തി

കൊച്ചി: മെയ് 31 വരെ ടിക്കറ്റ് ബുക്കിങ് നിർത്തിവച്ചതായി ഇൻഡിഗോ എയർലൈൻസും വിസ്താരയും അറിയിച്ചു. ലോക്ഡൗൺ പശ്ചാത്തലത്തിൽ സർവീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തതിന് ശേഷം മാത്രമേ വിമാന കമ്പനികൾ ബുക്കിങ് ആരംഭിക്കാൻ പാടുള്ളൂവെന്ന് കേന്ദ്ര വ്യോമയാന മന്ത്രി ഹർദീപ് സിംഗ് പുരി നിർദേശിച്ചതിനെ തുടർന്ന് എയർ ഇന്ത്യ ബുക്കിങ് നിർത്തി വച്ചതിനു പിന്നാലെയാണിത്.

തെരഞ്ഞെടുത്ത ആഭ്യന്തര, രാജ്യാന്തര സർവീസുകൾ പുനരാരംഭിക്കുമെന്ന് അറിയിച്ചതോടൊപ്പം എയർ ഇന്ത്യ ശനിയാഴ്ച ബുക്കിങ് പുനരാരംഭിക്കാൻ നടപടിയെടുത്തെങ്കിലും വ്യോമയാന മന്ത്രായത്തിന്റെ നിർദേശം വന്നയുടൻ തീരുമാനം മാറ്റുകയായിരുന്നു. മെയ് 4 മുതൽ തെരഞ്ഞെടുത്ത ആഭ്യന്തര വിമാനങ്ങളിലും ജൂൺ 1 മുതൽ തെരഞ്ഞെടുത്ത അന്താരാഷ്ട്ര വിമാനങ്ങളിലും ബുക്കിങ് ആരംഭിച്ചതായാണ് എയർ ഇന്ത്യ ആദ്യം അറിയിച്ചത്.

എല്ലാ ബുക്കിങുകളും നിർത്തിവച്ചുവെന്നും ടിക്കറ്റ് ബുക്ക് ചെയ്ത എല്ലാ യാത്രക്കാർക്കും റദ്ദാക്കിയ ടിക്കറ്റിന്റെ തുക ക്രെഡിറ്റ് വൗച്ചറായി ലഭിക്കുമെന്നും എയർ ഇന്ത്യ ഇന്നലെ വ്യക്തമാക്കി. ഏപ്രിൽ 3ന് ലോക്ഡൗണിന്റെ ആദ്യ ഘട്ടത്തിൽ എയർ ഇന്ത്യ ഏപ്രിൽ 30 വരെ ആഭ്യന്തര, അന്തർദേശീയ വിമാന സർവീസുകളുടെ ബുക്കിങ് നിർത്തിയതായി അറിയിച്ചിരുന്നു. ബുക്കിങ് നടത്തിയ മുഴുവൻ യാത്രക്കാർക്കും മുഴുവൻ റീഫണ്ടും നൽകണമെന്ന് സിവിൽ ഏവിയേഷൻ മന്ത്രാലയം നിർദേശം നൽകിയിരുന്നു. ലോക്ഡൗൺ കാലയളവിൽ കാർഗോ ഫ്ളൈറ്റുകളും ഏവിയേഷൻ റഗുലേറ്റർ ഡിജിസിഎ അംഗീകരിച്ച പ്രത്യേക ഫ്ളൈറ്റുകളും മാത്രമേ അനുവദിച്ചിട്ടുള്ളൂ.

സ്വർണം 33,200

വെളിച്ചെണ്ണ : മില്ലിങ്	17,400	മുതിര	4000
വെളിച്ചെണ്ണ	16,000	എള്ള്	14,000- 15,000
കൊപ്ര	10,710-11,500	മല്ലി	7600-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	30,900		
പുതിയ കുരുമുളക്	29,900	ജാതിക്ക തൊണ്ടൻ (കിലോ)	150-175
കുരുമുളക് ഗാർബിൾഡ്	32,900	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	
ചുക്ക് മീഡിയം	26,500		350-380
ചുക്ക് ബെസ്റ്റ്	27,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	
മഞ്ഞൾ നാടൻ	ഇല്ല		800- 850
സേലം - ഈറോഡ്	7200-7700	ഗ്രാമ്പൂ (കിലോ)	550
കാഞ്ഞിരക്കുരു	1850		
അടയ്ക്ക ന്യൂ	24,000- 25,000	റബർആർ എസ് എസ് 5 ഗ്രേഡ്	ഇല്ല
അടയ്ക്ക ഓൾഡ്	25,000- 26,000	റബർആർ എസ് എസ് 4 ഗ്രേഡ്	ഇല്ല
പഞ്ചസാര	3720	ഒട്ടുപാൽ	ഇല്ല
മുളക്	15,000-27,000	ലാറ്റക്സ്	ഇല്ല
ഉഴുന്ന്	11,500-12,000		
ചെറുപയർ	11,500-13,000	സ്വർണം	33,200
കടല	5500-6500	പാം ഓയിൽ	8350

ലോക്ക്ഡൗൺ: സാമ്പത്തിക ഫലങ്ങൾ പുറത്തുവിടാനാകാതെ കമ്പനികൾ

മുംബൈ: രാജ്യത്തെ ലിസ്റ്റഡ് കമ്പനികളുടെ ഫലങ്ങളും ലോക്ഡൗണിൽ കുടുങ്ങിയിരിക്കുന്നു. മാർച്ച് അവസാനത്തിൽ രാജ്യം മുഴുവൻ സമ്പൂർണ അടച്ചുപൂട്ടൽ പ്രഖ്യാപിച്ചതോടെ കമ്പനികളുടെ ഫിനാൻഷ്യൽ റിസൾട്ട് തയാറാക്കുന്ന ജോലികളും തടസപ്പെട്ടു.

ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന 3,947 സജീവ കമ്പനികളിൽ വെറും 41 എണ്ണം മാത്രമാണ് ഏപ്രിൽ 19ലെ വിവരപ്രകാരം വാർഷിക ഫലങ്ങൾ പ്രഖ്യാപിക്കുന്ന തിയതി പ്രഖ്യാപിച്ചിട്ടുള്ളൂ. വിപ്രോ, ടിസിഎസ്, എച്ച്ഡിഎഫ്സി ബാങ്ക് എന്നീ മൂന്ന് കമ്പനികൾ മാത്രമാണ് പ്രോഫിറ്റ് ആൻഡ് ലോസ് അക്കൗണ്ട്സ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റായ റിലയൻസ് ഇൻഡസ്ട്രീസും ഇതവരെ റിസൾട്ട് പ്രഖ്യാപിക്കുന്ന തിയതി പുറത്തുവിട്ടിട്ടില്ല.

ലോക്ഡൗണിനെ തുടർന്ന് കമ്പനികൾക്കൊന്നും ഔപചാരികമായ ബോർഡ് മീറ്റിങ് നടത്താൻ സാധിക്കുന്നില്ല. ഇതാണ് റിസൾട്ടുകൾ വൈകുന്നതിന്റെ ഒരു കാരണം. മാനുഫാക്ച്ചറിങ് രംഗത്തെ കമ്പനികൾക്ക് വാർഷിക കണക്കുകൾ അന്തിമമായി എടുക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. 2019 - 2020 സാമ്പത്തിക വർഷത്തെയും അവസാന പാദത്തിലെയും ഫലങ്ങളാണ് ഇതുവരെ പുറപ്പെടുവിക്കാൻ സാധിക്കാത്തത്.

അക്ഷയത്രിതീയയ്ക്ക് ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റുമായി കല്യാൺ ജ്വല്ലേഴ്സ്

തൃശൂർ: അക്ഷയത്രിതീയ ദിനത്തിൽ സ്വർണസ്പർശം സ്വന്തമാക്കുന്നതിനായി ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റുമായി കല്യാൺ ജ്വല്ലേഴ്സ്. ഇതുപ്രകാരം അക്ഷയത്രിതീയ ദിനത്തിലോ അതിന് മുമ്പോ കല്യാൺ ജ്വല്ലേഴ്സിന്റെ വെബ്സൈറ്റിലൂടെ (https://at.kalyanjewellers.net/goc) ഉപഭോക്താക്കൾക്ക് ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സ്വന്തമാക്കാം. ഏപ്രിൽ 21 മുതൽ 2 ഗ്രാം മുതൽ മുകളിലേക്ക് ഈ സർട്ടിഫിക്കറ്റ് ലഭ്യമാണ്. ഇത് അക്ഷയത്രിതീയ ദിനത്തിൽ ഇ-മെയിലിലൂടെയോ വാട്സ് ആപ്പിലൂടെയോ ഉപഭോക്താവ് നിർദേശിക്കുന്ന മറ്റ് പ്ലാറ്റ്ഫോമുകളിലൂടെയോ കൈകളിലെത്തും.

ലോക്ഡൗണിന് ശേഷം ഷോറൂമുകൾ തുറക്കുമ്പോൾ ഈ ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റുമായി ചെന്ന് അതിന്റെ മൂല്യത്തിലുള്ള സ്വർണാഭരണം സ്വന്തമാക്കാം. 2020 ഡിസംബർ 31 വരെ ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സ്വർണമായി മാറ്റിയെടുക്കുന്നതിനുള്ള സൗകര്യമുണ്ടാകും. ഗോൾഡ് റേറ്റ് പ്രൊട്ടക്ഷൻ ഓഫറുള്ളതിനാൽ സ്വർണവിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഉപഭോക്താവിനെ ബാധിക്കുകയില്ലെന്ന ആനുകൂല്യവുമുണ്ട്. വെബ്സൈറ്റിലൂടെ സർട്ടിഫിക്കറ്റ് ബുക്ക്ചെയ്ത ദിവസത്തെ സ്വർണവിലയേക്കാൾ കൂടുതലാണ് സ്വർണമായി മാറ്റിയെടുക്കുന്ന ദിവസത്തെ വിലയെങ്കിൽ സർട്ടിഫിക്കറ്റ് ബുക്ക് ചെയ്ത ദിവസത്തെ വില നൽകിയാൽ മതിയാകും. മറിച്ച്, ബുക്കിങ് ദിവസത്തേതിനേക്കാൾ കുറവാണ് വിലയെങ്കിൽ അത് നൽകിയാൽ മതി.

അക്ഷയത്രിതീയ ദിനത്തിൽ ഇതാദ്യമായാണ് സ്വർണാഭരണശാലകൾ അടഞ്ഞുകിടക്കുന്നതെന്ന് കല്യാൺ ജ്വല്ലേഴ്സ് ചെയർമാനും മാനെജിങ് ഡയറക്റ്ററുമായ ടി.എസ്. കല്യാണരാമൻ പറഞ്ഞു. കല്യാൺ ജ്വല്ലേഴ്സ് വെബ്സൈറ്റിലൂടെ ഉപഭോക്താക്കൾക്ക് ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് സ്വന്തമാക്കാം. വെബ്സൈറ്റിൽ ലോഗ് ഇൻ ചെയ്യുക, പട്ടണം തെരഞ്ഞെടുക്കുക, സർട്ടിഫിക്കറ്റ് സ്വന്തമാക്കുക. കല്യാണ ആവശ്യങ്ങൾക്കായി അക്ഷയ ത്രിതീയ ദിനത്തിൽ സ്വർണം വാങ്ങാൻ നിശ്ചയിച്ചിരുന്നവർക്കും കല്യാൺ ജ്വല്ലേഴ്സിന്റെ ഗോൾഡ് ഓണർഷിപ്പ് സർട്ടിഫിക്കറ്റ് അനുഗ്രഹമാകും.

ഉപഭോക്താക്കൾക്ക് ക്രെഡിറ്റ് കാർഡ് ഉപയോഗിക്കുമ്പോൾ അധിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വിവിധ ബാങ്കുകളുമായി കല്യാൺ ജ്വല്ലേഴ്സ് കൈകോർത്തിട്ടുമുണ്ട്.

ഉപവാസം നടത്തി

പള്ളുരുത്തി: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പള്ളുരുത്തി യൂണിറ്റ് ഉപവാസ സമരം സംഘടിപ്പിച്ചു. ഡെപ്യൂട്ടി മേയർ കെ.ആർ.പ്രേമകുമാർ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് കെ.പി.ദേവാനന്ദ്, ജനറൽ സെക്രട്ടറി പി.സി.സുനിൽകുമാർ, ട്രഷറർ കെ.പി.ജയിൻ, വനിതാ വിങ് പ്രസിഡന്റ് അന്നാ ബാബു എന്നിവർ ഉപവാസം അനുഷ്ഠിച്ചു.

സൗജന്യ ചികിത്സ

അങ്കമാലി: മേയ് മൂന്നു വരെയുള്ള ദിവസങ്ങളിൽ നായത്തോട് ഡിവൈൻ ഹോസ്പിറ്റലിൽ രാവിലെ 7 മുതൽ അലോപ്പതി, ആയുർവേദി ഡോക്റ്റർമാരുടെ സൗജന്യ ചികിത്സ ലഭിക്കും. ടെസ്റ്റുകൾക്ക് 50 ശതമാനം ഇളവുകളും ലഭിക്കുന്നതാണ്.ഫോൺ: 0484-2961102

മാസ്ക് വിതരണം

അങ്കമാലി: കേന്ദ്ര സർക്കാർ പൊതുനിരത്തുകളിൽ മാസ്ക് നിർബന്ധമാക്കിയ സാഹചര്യത്തിൽ ചമ്പന്നൂർ പ്രദേശത്തെ അറുനൂറ് വീടുകളിലേക്ക് മാസ്ക് വിതരണം ചെയ്തു. രണ്ടെണ്ണം വീതം ആയിരത്തി ഇരുനൂറ് മാസ്കാണ് നഗരസഭ വാർഡ് കൗൺസിലർ സാജി ജോസഫ് വിതരണം ചെയ്തത്. കഴുകി ഉപയോഗിക്കാവുന്ന മാസ്കും ഉണ്ട്.

എംഎൽഎ സന്ദർശിച്ചു

പറവൂർ: കഴിഞ്ഞ ദിവസം ഉണ്ടായ ചുഴലിക്കാറ്റിൽ മരം വീണ് വീട് തകർന്ന ഏഴിക്കര കടക്കര ജയകുമാറിന്റെ വീട് വി.ഡി. സതീശൻ എംഎൽഎ സന്ദർശിച്ചു. രണ്ട് കുട്ടികളും മാനസിക രോഗിയായ സഹോദരിയും അടങ്ങുന്ന നിർധന കുടുംബമാണ് ജയകുമാറിന്റേത്. ന്യായമായ നഷ്ട പരിഹാരം ലഭ്യമാക്കാൻ അധികൃതരിൽ സമ്മർദംചെലുത്തുമെന്ന് എംഎൽഎ അറിയിച്ചു. ഏഴിക്കര മണ്ഡലം കോൺഗ്രസ് പ്രസിഡന്റ് എം.എ. നസീർ, കെ.എസ്. ബിനോയ് തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.

പന്തം കൊളുത്തി പ്രതിഷേധിച്ചു

പറവൂർ: കേരള ജനതയെ ഒറ്റുകൊടുക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജി വെക്കുക, സ്പ്രിങ്ക്ളർ അഴിമതി സിബിഐ അന്വേഷിക്കുക, കെ.എം.ഷാജി എംഎൽഎക്കെതിരെയുള്ള വ്യാജ വിജിലൻസ് കേസ് പിൻവലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് മുസ്‌ലിം ലീഗ് ചിറ്റാറ്റുകര പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ നട്ടുച്ച പ്രതിഷേധ പന്തം സംഘടിപ്പിച്ചു. പൊലീസ് സാന്നിദ്ധ്യത്തിൽ നീണ്ടൂർ, ചിറ്റാറ്റുകര ജുമാ മസ്ജിദിന് സമീപം നടന്ന പരിപാടിയിൽ നാല് പേർ സാമൂഹ്യ അകലം പാലിച്ച് പങ്കെടുത്തു. ലീഗ് പറവൂർ നിയോജക മണ്ഡലം ജനറൽ സെക്രട്ടറി കെ.എ.അബ്ദുൽ കരിം പന്തം കൊളുത്തി ഉദ്ഘാടനം ചെയ്തു.

വീടിന് മുകളിൽ മരം വീണു

പറവൂർ: കഴിഞ്ഞ ദിവസമുണ്ടായ കാറ്റിൽ കെടാമംഗലം ചിറപ്പുറത്ത് തങ്കമണിയുടെ വീടിനു മുകളിലേക്കു മരം കടപുഴകി വീണു. വീടിന്റെ ഓടുകൾ പൊട്ടി. തളർന്നു കിടക്കുന്ന തങ്കമണി, മകൻ, മരുമകൾ, പേരക്കുട്ടികൾ എന്നിവർ വീട്ടിലുണ്ടായിരുന്നു. ആർക്കും പരുക്കില്ല.തങ്കമണിയുടെ കുടുംബത്തിന് അർഹമായ നഷ്ട പരിഹാരം അടിയന്തിരമായി അനുവദിയ്ക്കണമെന്നു കോൺഗ്രസ് ഏഴിക്കര മണ്ഡലം പ്രസിഡന്റ് എ.എം.നസീർ അഭ്യർഥിച്ചു.

യൂത്ത് ലീഗിന്റെ നട്ടുച്ചപ്പന്തം പ്രതിഷേധം

മൂവാറ്റുപുഴ: മഹാമാരിയുടെ മറവിൽ മലയാളിയുടെ ആരോഗ്യ വിവരങ്ങൾ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ളറിന് വിറ്റ പിണറായി വിജയൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് മുസ്‌ലീം യൂത്ത് ലീഗ് സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം നട്ടുച്ച പന്തം സമരത്തിന്റെ ഭാഗമായി മൂവാറ്റുപുഴ കീച്ചേരിപടിയിൽ നടന്ന പ്രതിഷേധ സമരം യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അൻസാർ മുണ്ടാട്ട് പന്തം കത്തിച്ചു ഉദ്ഘാടനം ചെയ്തു.

എം.എം.സാലിഹ്, പി.എ. ആരിഫ് അമീറലി, സിയാദ് പെരുമറ്റം, റംഷാദ് കിഴക്കേക്കര എന്നിവർ പ്ലക്കാർഡ് പിടിച്ച് സമരത്തിൽ പങ്കാളികളായി.

കാറ്റിൽ വ്യാപക കൃഷി നാശം

കളമശേരി: ഞായറാഴ്ച വൈകിട്ട് വീശിയ കാറ്റിൽ വ്യാപക കൃഷി നാശം. കങ്ങരപ്പടി വട്ടപ്പുറുതയിൽ വീട്ടിൽ അബ്ദുൾ റഹിമാന്റെ ഏത്തവാഴകളാണ് കാറ്റിൽ ഒടിഞ്ഞ് വീണത്.

മാസ്കുകൾ കൈമാറി

പറവൂർ: പറവൂർ ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കോട്ടുവള്ളി, ഏഴിക്കര, ചിറ്റാറ്റുകര, വടക്കേക്കര, ചേന്ദമംഗലം എന്നീ പഞ്ചായത്തുകളിലെ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് പറവൂർ വടക്കേക്കര സഹകരണ ബാങ്ക് നിർമ്മിച്ച 5000 മാസ്കുകൾ ബാങ്ക് പ്രസിഡന്റ് എ.ബി മനോജിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് യേശുദാസ് പറപ്പിള്ളി ഏറ്റുവാങ്ങി.ബാങ്കിന് കീഴിലുള്ള മാസ്ക് നിർമ്മാണ യൂണിറ്റിൽ നിന്നും ആരോഗ്യ പ്രവർത്തകർക്കും, കെഎസ്ഇബി, പൊലീസ് അടക്കമുള്ള മറ്റ് സർക്കാർ ഓഫീസുകളിലേക്കും ഇതിനകം 20000 ത്തോളം മാസ്കുകൾ ബാങ്ക് കൈമാറിയിട്ടുണ്ട്. 50000 മാസ്കുകൾ നിർമ്മിക്കാനാണ് ബാങ്കിന്റെ പദ്ധതി.

കൊച്ചി കോർപ്പറേഷനിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ അടിയന്തര നടപടി

കൊച്ചി: കോർപ്പറേഷൻ പരിധിയിൽ വെള്ളക്കെട്ടൊഴിവാക്കാൻ അടിയന്തരമായി അറ്റകുറ്റപ്പണികൾ പൂർത്തിയാക്കണമെന്ന് മന്ത്രി വി.എസ് സുനിൽകുമാർ.

വെള്ളക്കെട്ടു സംബന്ധിച്ച് കൊച്ചി കോർപ്പറേഷൻ പരിധിയിലെ ജനപ്രതിനിധികളും മേയറും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിലാണ് അടിയന്തരമായി ജോലികൾ ആരംഭിക്കാൻ മന്ത്രി നിർദേശം നൽകിയത്. കൊച്ചി കോർപ്പറേഷനിൽ 24 ന് ശേഷവും ലോക്ക് ഡൗൺ തുടരുന്നതിനാൽ ജോലികൾ ആരംഭിക്കാനായി പ്രത്യേക അനുവാദം സംസ്ഥാന സർക്കാരിൽ നിന്ന് സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

എംജി റോഡ്, പനമ്പിള്ളി നഗർ, കലൂർ, തുടങ്ങിയ മേഖലകളിലെ വെള്ളക്കെട്ടിന് പരിഹാരം കാണാനായി കൊച്ചി മെട്രൊ, പിഡബ്ല്യു ഡി, സ്മാർട്ട് സിറ്റി പ്രോജക്റ്റ് തുടങ്ങിയവരുമായി ചർച്ച നടത്താനും യോഗത്തിൽ തീരുമാനമായി.

ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതിയും കോർപ്പറേഷന്റെ വാർഷിക അറ്റകുറ്റപ്പണികളും സംയുക്തമായി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. നഗരത്തിൽ വെള്ളക്കെട്ടുണ്ടാവുന്ന മേഖലകൾ നേരത്തെ കണ്ടെത്തിയിട്ടുണ്ട്.

ഈ മേഖലകളിൽ ശാസ്ത്രീയമായി പഠനം നടത്തിയ ശേഷം മാത്രമേ ചില നിർമാണങ്ങൾ നടത്താനാവു എന്ന് ജില്ല കലക്റ്റർ എസ്.സുഹാസ് വ്യക്തമാക്കി. അത്തരം സ്ഥലങ്ങളിൽ താത്കാലികമായ പ്രശ്നപരിഹാര നടപടികൾ സ്വീകരിക്കും. വെള്ളക്കെട്ടുണ്ടാവുന്ന ഹോട്സ്പോട്ടുകൾ കണ്ടെത്തി ആ പ്രദേശങ്ങളിൽ അടിയന്തര നടപടികൾ സ്വീകരിക്കാനാണ് മന്ത്രി നിർദേശം നൽകിയിരിക്കുന്നത്. കൊവിഡ് പശ്ചാത്തലത്തിൽ സാമൂഹിക അകലം പാലിച്ചും സാനിറ്റൈസെഷൻ ഉറപ്പാക്കിയും മാത്രമേ ജോലികൾ അനുവദിക്കു എന്ന മന്ത്രി വ്യക്തമാക്കി. എം.എൽഎമാരായ പി.ടി.തോമസ്, ടി.ജെ.വിനോദ്, കെ.ജെ. മാക്സി, എം.സ്വരാജ്, മേയർ സൗമിനി ജെയിൻ, സ്ഥിര സമിതി ചെയർമാൻ പി.എം. ഹാരിസ് തുടങ്ങിയവർ പങ്കെടുത്തു.

ഇന്നലെ നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചത് ഏഴു പേരെ

ജില്ലാ കലക്റ്ററേറ്റിൽ കൊവിഡ് അവലോകന യോഗത്തിനു ശേഷം പുറത്തേക്ക് വരുന്ന മന്ത്രി വി.എസ്.സുനിൽകുമാർ. എസ്പി കെ.കാർത്തിക്ക്, ഡിഎസ്പി ജി.പൂങ്കുഴലി, കലക്റ്റർ എസ്.സുഹാസ് എന്നിവർ സമീപം.

കൊച്ചി: ജില്ലയിൽ ഇന്നലെ പുതിയതായി വീടുകളിലും ആശുപത്രികളിലുമായി നിരീക്ഷണത്തിൽ പ്രവേശിപ്പിച്ചത് ഏഴു പേരെ മാത്രം. വീടുകളിൽ 4 പേരെയും ആശുപത്രികളിൽ 3 പേരെയുമാണു പ്രവേശിപ്പിച്ചത്.

ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ ആകെ എണ്ണം 173 ആയി കുറഞ്ഞു.

ഇതിൽ 62 പേർ ഹൈ റിസ്ക്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 28 ദിവസത്തെ നിരീക്ഷണത്തിലും 111 പേർ ലോ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ 14 ദിവസത്തെ നിരീക്ഷണത്തിലുമാണ്. ആശുപത്രിയിൽ പ്രവേശിപ്പിച്ചവരിൽ ഒരാൾ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലും രണ്ടു പേർ സ്വകാര്യ ആശുപത്രിയിലുമാണുള്ളത്. എട്ടു പേരെ ഡിസ്ചാർജ് ചെയ്തു. ഇവരെല്ലാവരും സ്വകാര്യ ആശുപത്രികളിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്നവരാണ്.നിലവിൽ 13 പേരാണ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ കഴിയുന്നത്.

കളമശേരി മെഡിക്കൽ കോളെജിൽ 4 പേരാണുള്ളത്. ഇതിൽ 2 പേരാണ് കൊവിഡ് ബാധിച്ച് ചികിത്സയിലുള്ളത്. മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ 2 പേരും ആലുവ ജില്ലാ ആശുപത്രിയിൽ ഒരാളും കരുവേലിപ്പടി താലൂക്ക് ആശുപത്രിയിൽ 2 പേരും സ്വകാര്യ ആശുപത്രികളിലായി 4 പേരും നിരീക്ഷണത്തിൽ ഉണ്ട്.

ജില്ലയിൽ നിന്നും 30 സാംപിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്. ഇന്നലെ 44 പരിശോധന ഫലങ്ങൾ ലഭിച്ചതെല്ലാം കൊവിഡ് നെഗറ്റീവ് ആണ്.

ഇനി 33 സാംപിൾ പരിശോധന ഫലങ്ങൾ കൂടി ലഭിക്കാനുണ്ട്. 1332 സാംപിളുകൾ ജില്ലയിൽ നിന്ന് ഇത് വരെ അയച്ചു. ഇതിൽ 25 എണ്ണം പോസറ്റീവ് ആയി. നിലവിൽ രണ്ടു പേർ മാത്രമാണ് കൊവിഡ് പൊസിറ്റീവിന് ചികിത്സയിലുള്ളത്.

ചാരായ നിർമാണത്തിനിടെ നാലംഗ സംഘം അറസ്റ്റിൽ

ചെങ്ങമനാട്: ലോക് ഡൗണിനിടെ വ്യാജ ചാരായ നിർമാണത്തിൽ ഏർപ്പെട്ട നാലംഗ സംഘത്തെ ചെങ്ങമനാട് പോലീസ് അറസ്റ്റ് ചെയ്തു. കുന്നുകര തെക്കേ അടുവാശേരി കരയിൽ പള്ളികുന്നത്ത് വീട്ടിൽ ബാലചന്ദ്രൻ(50), കീഴ്മാട് മഠത്തിലകം വീട്ടിൽ അഖിൽ(27), കുന്നുകര തെക്കേ അടുവാശേരി കരയിൽ കളരിക്കൽ അമ്പലത്തിന് സമീപം കൃഷ്ണവിഹാർ വീട്ടിൽ ശരത്ത്(24),സഹോദരൻ ശ്യാം ശങ്കർ(26) എന്നിവരെയാണ് ചെങ്ങമനാട് എസ്ഐ ആർ.രഗീഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തത്. ഒന്നാം പ്രതി ബാലചന്ദ്രൻ വീട്ടിൽ തനിച്ചാണ് താമസിക്കുന്നത്. ലോക് ഡൗണിൽ മദ്യം ലഭിക്കാത്തതിനെ തുടർന്നു സുഹൃത്തുക്കളായ മറ്റു പ്രതികളെ വീട്ടിലേക്ക് വിളിച്ചുവരുത്തിയാണു വ്യാജചാരായം നിർമിച്ചത്. 600 മില്ലിയോളം ചാരായവും വാറ്റാനുപയോഗിച്ച ഉപകരണങ്ങളും പിടിച്ചെടുത്തു.

കൊവിഡ് കാലത്തെ കരുതലിന് നന്ദി പറഞ്ഞ് ഇതര സംസ്ഥാന തൊഴിലാളികൾ

കൊച്ചി: കൊവിഡ് മൂലം പ്രഖ്യാപിച്ച അടച്ചിടലിൽ കരുതലോടെ ഒപ്പം നിന്നവർക്ക് നന്ദിയർപ്പിച്ച് സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾ. ജില്ലയിൽ ഏറ്റവും കൂടുതൽ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പെരുമ്പാവൂരിലെ ബംഗാൾ കോളനിയിൽ അഡീഷണൽ ലേബർ കമ്മീഷണർ കെ.ശ്രീലാലിന്റെ നേതൃത്വത്തിൽ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഡി.സുരേഷ്കുമാർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഹരികുമാർ, അസിസ്റ്റന്റ് ലേബർ ഓഫിസർ ടി.കെ.നാസർ എന്നിവർ സന്ദർശനത്തിനായി എത്തിയപ്പോഴാണ് കൊവിഡ് കാലത്തും കരുതലോടെ സേവനങ്ങൾ ഒരുക്കിയ എല്ലാവരോടുമുള്ള നന്ദി തൊഴിലാളികൾ അറിയിച്ചത്. ലോക് ഡൗണിന്റെ ആദ്യ ദിവസം മുതൽ ഇതര തൊഴിലാളികളുടെ താമസവും ആരോഗ്യപരി രക്ഷയും ഉറപ്പു വരുത്തിയാണ് ലേബർ വകുപ്പിന്റെ പ്രവർത്തനങ്ങൾ. ജില്ലാ ലേബർ ഓഫീസിൽ ആരംഭിച്ച 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിൽ വരുന്ന പരാതികൾക്ക് അടിയന്തിരമായി പരിഹാരം കാണാൻ അസിസ്റ്റന്റ് ലേബർ ഓഫിസർ തലത്തിൽ സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ലോക് ഡൗൺ കാലം പൂർത്തിയാകുന്നതു വരെ എല്ലാ തൊഴിലാളികൾക്ക് എല്ലാ തരത്തിലുള്ള സുരക്ഷയും മറ്റ് സൗകര്യങ്ങളും ഉറപ്പുവരുത്തിയാണ് അഡീഷണൽ ലേബർ കമ്മീഷണർ മടങ്ങിയത്.

നിരാഹാര സമരം

മൂവാറ്റുപുഴ: മൂവാറ്റുപുഴ മർച്ചന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ നിരാഹാര സമരം നടത്തി. അസോസിയേഷൻ പ്രസിഡന്റ് അജ്മൽ ചക്കുങ്ങൽ, ജനറൽ സെക്രട്ടറി ഗോപകുമാർ കലൂർ, സെക്രട്ടറി പി.യു.ഷംസുദ്ദീൻ, കമ്മിറ്റി അംഗങ്ങൾ ആയ ജെയ്സൺ ജോയ്, പി. എം.ടി. ഫൈസൽ എന്നിവർ പങ്കെടുത്തു. ചെറുകിട വ്യാപാരികൾ കൊറോണ നിയന്ത്രണം മൂലം കടകൾ അടച്ചിട്ടിരിക്കെ ഓൺലൈൻ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തനം നടത്താനും കേന്ദ്ര സർക്കാർ നിയമത്തിൽ പ്രതിഷേധിച്ചും വാറ്റ് നിയമത്തിന്റെ പേരിൽ വ്യാപാരികൾക്ക് നോട്ടീസ് അയച്ച് ദ്രോഹിക്കുന്ന നടപടികൾക്ക് എതിരെയും ചെറുകിട വ്യാപാരികൾക്ക് സാമ്പത്തിക സഹായ സംവിധാനം ചെയ്യുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കേരളത്തിൽ നടന്ന നിരാഹാര സമരത്തിന്റെ ഭാഗമായി കൊവിഡ് 19ന്റെ പശ്ചാത്തലത്തിൽ സാമൂഹിക അകലം പാലിച്ചാണ് സമരം നടത്തിയത്.

മരുന്ന് മുടങ്ങി; വൃക്ക രോഗിയായ ജോയലിന് സഹായ ഹസ്തവുമായി റവന്യൂ അധികൃതരെത്തി

ജോയലിനെ ആശുപത്രിയിലേക്ക് കൊണ്ട് പോകുന്നു.

മട്ടാഞ്ചേരി: ആഴ്ചയിൽ ചെയ്യേണ്ട കുത്തിവെയ്പ്പ് നടത്തിയിട്ട് ഇപ്പോൾ മൂന്നാഴ്ച കഴിഞ്ഞു.ബ്ലാഡറിലെ ട്യൂബ് മാറ്റാണ്ട സമയവും കഴിഞ്ഞു. ഇതിനുള്ള സഹായം ചെയ്തിരുന്നതാകട്ടെ സമീപത്തെ കട നടത്തിയിരുന്ന ഒരു സുമനസും. ലോക്ക് ഡൗണിനെ തുടർന്ന് കട തുറക്കാതായതോടെ സഹായം മുടങ്ങി. ഇനി എന്ത് ചെയ്യുമെന്ന വിഷമത്തിൽ ജാസ്മിന്റെ മുന്നിൽ റവന്യൂ ജീവനക്കാർ എത്തുന്നത്. തോപ്പുംപടി സാന്തോം കോളനിയിൽ ജാസ്മിടെ മകൻ പതിനെട്ട് വയസുകാരൻ വൃക്ക രോഗിയായ ജോയലിന് വേണ്ടി അമ്മ കരളുരുകി പ്രാർഥിക്കുന്നതിനിടെയാണ് കൊച്ചി താലൂക്ക് ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ് കോളനിയിലെത്തിയത്. കഴിഞ്ഞ ജനുവരിയിലാണ് വിട്ട് മാറാത്ത പനിയെ തുടർന്ന് കോട്ടയം മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചത്. വൃക്കകൾ തകരാറിലായതിനെ തുടർന്ന് ഇവിടെ ചികിൽസയിലായിരുന്നു. ആഴ്ചയിൽ ആയിരത്തിയറുന്നൂറ് രൂപ വിലയുള്ള ഇഞ്ചക്ഷൻ എടുക്കണം. ശരീരത്തിന്റെ പുറമേ ബ്ലാഡർ ഇടുകയും ചെയ്തു.ഇതിന്റെ ട്യൂബ് മാസത്തിൽ ഒരിക്കൽ മാറ്റുകയും വേണം. പിതാവ് നിക്സൻ ഒമ്പത് വർഷം മുമ്പ് മരിച്ച് പോയതിനാൽ അമ്മ ജാസ്മിൻ ഹോം നേഴ്സ് ജോലി നോക്കിയാണ് കുടുംബം പുലർത്തിയിരുന്നത്.ജോയൽ അസുഖ ബാധിതനായതോടെ ജോലിയും നിർത്തി.ലോക്ക് ഡൗണിനെ തുടർന്ന് സഹായിച്ചവർ നിസഹായരാകുകയും ചെയ്തു. ഈ അവസരത്തിലാണ് കൊച്ചി താലൂക്കിലെ ജീവനക്കാർ ഭക്ഷ്യ കിറ്റുമായി കോളനിയിലെത്തിയത്. ജോയലിന്റെ സഹോദരി കാര്യങ്ങൾ ധരിപ്പിക്കുകയും തുടർന്ന് രാമേശ്വരം വില്ലെജ് ഓഫിസർ ഫൈസലിന്റെ സഹായത്തോടെ മരുന്ന് എത്തിക്കുകയും ചെയ്തു. എന്നാൽ മരുന്ന് ചെയ്തിരുന്നത് കോട്ടയം മെഡിക്കൽ കോളെജിലെ ഡോക്റ്ററായിരുന്നു. അത്രയും ദൂരം പോകാൻ കഴിയാത്ത സാഹചര്യത്തിൽ കൊച്ചി തഹസിൽദാർ എ.ജെ.തോമസ് ജനറൽ ആശുപത്രിയിലെ യൂറോളജി ഡോക്റ്റർ അനൂപുമായി ബന്ധപെടുകയും ഇന്നലെ രാവിലെ ഡെപ്യൂട്ടി തഹസിൽദാർ ജോസഫ് ആന്റണി ഹെർട്ടിസ് ജോയലിനെ ആശുപത്രിയിൽ എത്തിക്കുകയും ട്യൂബ് മാറ്റുകയും ചെയ്തു. കിഡ്നി മാറ്റി വെക്കുക മാത്രമാണ് ചികിത്സക്കുള്ള ഏക പോംവഴിയെന്നാണ് ഡോക്റ്റർമാർ പറയുന്നത്. നിർധനയായ ജാസ്മിന് ഇത് ചിന്തിക്കാവുന്നതിലും അപ്പുറമാണ്.

മാലിന്യനീക്കം പുനഃരാരംഭിച്ചു; ലോറികൾക്ക് പാസ്

ചോറ്റാനിക്കരയിൽ മാലിന്യ നീക്കത്തിന് തയാറെടുത്ത ലോറികൾ.

കൊച്ചി: ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ ശേഖരിച്ചിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു തുടങ്ങി. ലോക് ഡൗണിനെ തുടർന്ന് തദ്ദേശസ്ഥാപനങ്ങളുടെ മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ സൂക്ഷിച്ചിരുന്ന മാലിന്യങ്ങളാണു നീക്കം ചെയ്ത് തുടങ്ങിയത്. തരംതിരിച്ചതും അല്ലാത്തതുമായ പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ സർക്കാർ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ഹരിത കേരളം മിഷന്റെയും ക്ലീൻ കേരള കമ്പനിയുടെയും നേതൃത്വത്തിലാണു നീക്കം ചെയ്യുന്നത്.

ചോറ്റാനിക്കര പഞ്ചായത്തിൽ നിന്നു നാല് ലോഡ് അജൈവ മാലിന്യങ്ങളാണ് ശാസ്ത്രീയ സംസ്കരണത്തിനായി ആദ്യഘട്ടത്തിൽ ക്ലീൻ കേരള കമ്പനി ഏർപ്പെടുത്തിയ ലോറികളിൽ മാറ്റിയത്.ഹരിത കേരളം പദ്ധതിയുടെ ഭാഗമായി, ഹരിത കർമസേന വീടുകളിൽ നിന്നു ശേഖരിച്ചവയാണിത്. ലോക് ഡൗണിനെ തുടർന്നു കഴിഞ്ഞ ഒരു മാസം ശേഖരിച്ച പ്ലാസ്റ്റിക് അടക്കമുള്ള വസ്തുക്കൾ തരം തിരിക്കുവാനോ ശാസ്ത്രീയ സംസ്കരണത്തിന് കൈമാറുന്നതിനോ സാധിക്കാത്ത നിലയിലായിരുന്നു .ചോറ്റാനിക്കരയിൽ മാത്രം വീടുകളിൽ നിന്നു ശേഖരിച്ച 40 ടണ്ണോളം പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ സംഭരണ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ശുചിത്വ മിഷൻ തയ്യാറാക്കിയ പട്ടിക പ്രകാരം ജില്ലയിലെ 25 തദ്ദേശസ്ഥാപനങ്ങളുടെ സെന്ററുകൾ നിലവിൽ നിറഞ്ഞിട്ടുണ്ട്. വാഹന നിയന്ത്രണമുള്ളതിനാൽ ജില്ലാ കലക്റ്റർ ഇതിനായി മാത്രം പത്തു ലോറികൾക്ക് പ്രത്യേക പാസ് നൽകി.

ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്ററിൽ നിന്നും പുറപ്പെട്ട ലോറികളുടെ ഫ്ലാഗ് ഓഫ് പഞ്ചായത്ത് പ്രസിഡന്റ് രമണി ജനകൻ നിർവഹിച്ചു.

ഹരിത കേരളം മിഷൻ ജില്ലാ കോർഡിനേറ്റർ സുജിത് കരുൺ, വൈസ് പ്രസിഡന്റ് റിസ് പുത്തൻ വീടൻ, ഹരിത കർമ സേനാംഗങ്ങൾ എന്നിവർ പങ്കെടുത്തു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളുടെയും ശേഖരണ കേന്ദ്രങ്ങളിൽ നിറഞ്ഞിട്ടുള്ള പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുമെന്ന് ക്ലീൻ കേരളാ കമ്പനി അസിസ്റ്റന്റ് മാനെജർ ശ്രീലാൽ അറിയിച്ചു.

ബാംബൂ കോർപ്പറേഷന്റെ ഈറ്റ വിപണന കേന്ദ്രങ്ങൾ തുറക്കണം

പെരുമ്പാവൂർ: പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കായി ബാംബൂ കോർപ്പറേഷന്റെ ഈറ്റ വിപണന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കണമെന്ന് ആവശ്യം ശക്തമാകുന്നു. കൊവിഡ് - 19 നിയന്ത്രണം ആരംഭിക്കുന്നതിനു മുൻപു മാർച്ച് അവസാനമാണ് ബാംബു കോർപ്പറേഷൻ പനമ്പുകൾ ശേഖരിച്ചത്. നിയന്ത്രണം അവസാനിക്കുമ്പോൾ നൽകാമെന്ന ധാരണയിൽ ആയിരക്കണക്കിന് പനമ്പുകൾ ആണ് തൊഴിലാളികൾ നിർമിച്ചു വീടുകളിൽ സൂക്ഷിച്ചിരിക്കുന്നത്.

ബാംബൂ കോർപ്പറേഷൻ ഈ പനമ്പുകൾ സംഭരിക്കുകയും ഉല്പന്നമാക്കി മാറ്റി വിതരണം ചെയ്യുകയും ചെയ്തില്ലെങ്കിൽ നിയോജക മണ്ഡലത്തിലെ കൂടാലപ്പാട്, കൊടുവേലിപ്പടി, മങ്കുഴി, തോട്ടുവ, താന്നിപ്പുഴ, ആയത്തുപടി, ഒക്കൽ, ചേരാനല്ലൂർ, കോടനാട് പ്രദേശത്തെ നൂറുകണക്കിനു കുടുംബങ്ങൾ പട്ടിണിയിലാകും. കൊവിഡ് നിയന്ത്രണങ്ങൾ ഉള്ളതിനാൽ കർശന സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കുന്നു എന്നുറപ്പു വരുത്തി ആഴ്ചയിൽ രണ്ട് ദിവസം എങ്കിലും ഡിപ്പോകൾ തുറന്നു പ്രവർത്തിപ്പിക്കണമെന്നും ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കണം.

എസ്എൻഡിപി യോഗത്തിന്റെ ഭക്ഷ്യ വിതരണം

കോതമംഗലം: എസ്എൻഡിപി യോഗം കരിങ്ങഴ ശാഖയിലെ മുഴുവൻ കുടുംബാംഗങ്ങൾക്കും ശാഖയിൽ നിന്നും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു. കോവിഡ് 19നെ തുടർന്നു വീടിനു പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ ശാഖാ കുടുംബാംഗങ്ങൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടു പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണു ശാഖയിലെ മുഴുവൻ വീടുകളിലേക്കും ഭക്ഷ്യധാന്യ കിറ്റ് നൽകിയത്. കോതമംഗലം യൂണിയൻ പ്രസിഡന്റ് അജി നാരായണൻ ഉദ്ഘാടനം ചെയ്തു.കിറ്റുകൾ മുഴുവൻ വീടുകളിലും എത്തിച്ചു നൽകി. ശാഖാ പ്രസിഡന്റ് കെ.ഇ.രാമകൃഷ്ണൻ, വൈസ് പ്രസിഡന്റ് കെ.എൻ.ബിജു, സെക്രട്ടറി എം.ബി.തിലകൻ, സി.വി.ബാലൻ, എം.ആർ.ബിനു, ഒ.എൻ.ശശി, കെ.ജി.സന്തോഷ്, ടി.വി.ശിവൻ, കെ.കെ.ബിനോയി, കെ.കെ.നാരായണൻ, ബിന്ദു മോഹൻ ദാസ് നേതൃത്വം നൽകി.

സഹായഹസ്തവുമായി കാൻകോർ

അങ്കമാലി: നഗരസഭ കമ്യൂണിറ്റി കിച്ചന്റെ നടത്തിപ്പിലേക്കായി കാൻകോർ ഇൻഗ്രീഡിയൻസ് ലിമിറ്റഡ് 50,000 രൂപയുടെ ധനസഹായം നൽകി. പലവ്യഞ്ജനങ്ങളും പച്ചക്കറിയുമുൾപ്പെടെ പല സ്ഥാപനങ്ങളും വ്യക്തികളും ഇത്തരത്തിൽ സഹായിക്കുന്നുണ്ട്. അങ്കമാലി റോട്ടറി ക്ലബ് 25,000 രൂപയും കൊച്ചിൻ റിഫൈനറി ഓഫീസേഴ്സ് അസോസിയേഷൻ 15,000 രൂപയും അങ്കമാലി സിവിആർ ട്രേയ്ഡ് സെന്റർ 20,000രൂപയും നൽകി. ഫെഡറൽ ബാങ്കിന്റെ സിഎസ്ആർ ഫണ്ടിൽ നിന്നു ലോക്ക് ഡൗൺ ആദ്യ ഘട്ടത്തിൽ 10 ദിവസത്തേക്കുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും ലഭിക്കുകയുണ്ടായി.

പച്ചക്കറി ചന്ത രാത്രി 12 മുതൽ രാവിലെ 8 വരെ

പറവൂർ: മാർക്കറ്റിലെ പച്ചക്കറി ചന്ത ചൊവ്വ, വെള്ളി ദിവസങ്ങളിൽ പുലർച്ചെ 12 മുതൽ 8 വരെയാക്കിയതായി നഗരസഭ ചെയർമാൻ ഡി രാജ്കുമാർ അറിയിച്ചു. പറവൂർ കോട്ടപ്പുറം വെജിറ്റബിൾ മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളുമായി നഗരസഭാധികൃതർ നടത്തിയ ചർച്ചയിലാണു തീരുമാനിച്ചത്. മൊത്തകച്ചവടക്കാർക്കു മാത്രമാണു വിൽപനയ്ക്ക് അനുമതി. ചന്തയിൽ എത്തുന്നവരെല്ലാം മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും വേണം. കടകളിൽ സാനിറ്റൈസർ നിർബന്ധമാക്കിയിട്ടുണ്ടെന്നു ചെയർമാൻ പറഞ്ഞു.

റസിഡൻസ് അസോസിയേഷൻ ധനസഹായം

പറവൂർ: കൊവിഡ് 19 ദുരിതാശ്വാസ ധനസഹായമായി പുത്തൻവേലിക്കര ചിറ്റാര ആവേത്ത് റസിഡൻസ് അസോസിയേഷൻ എല്ലാ വീടുകൾക്കും ആയിരം രൂപ വീതം സഹായമായി വീടുകളിൽ എത്തിച്ചു. വിതരോണോദ്ഘാടനം പുത്തൻ വേലിക്കര വില്ലെജ് ഓഫിസർ പി.വി.ഹുസൈൻ നിർവഹിച്ചു. ആവേത്ത് റസിഡൻസ് അസോസിയേഷൻ പ്രസിഡന്റ് വി.എ.പോൾ, സമിതി പ്രസിഡന്റ് പി.ജെ.തോമസ്, വൈസ് പ്രസിഡന്റ് പി.എസ്.ബൈജു, സമിതി ജനറൽ സെക്രട്ടറി മായാ നടേശൻ, പ്രീതിനി ശ്രീനിവാസൻ, ഇ.കെ.അനിരുദ്ധൻ സംസാരിച്ചു.

കരിക്ക് വിതരണം 20 ദിവസം പൂർത്തിയായി

പറവൂർ: കെ.കരുണാകരൻ സ്റ്റഡി സെന്റർ എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ പറവൂരിൽ പകൽ സമയങ്ങളിൽ ഡ്യൂട്ടിയിലുള്ള മുഴുവൻ പൊലീസുകാർക്കും ക്ഷീണമകറ്റാൻ കരിയ്ക്ക് വിതരണം നടത്താൻ തുടങ്ങിയിട്ടു 20 ദിവസങ്ങൾ പിന്നിട്ടു. പൊള്ളുന്ന വെയിലത്ത് നിൽക്കുന്ന പൊലീസുകാർക്ക് ഇത് അനുഗ്രഹമായി.വെടിമറ ജംക്ഷൻ, മുനി: ജംക്ഷൻ, കെഎംകെ തുടങ്ങിയ സ്ഥലങ്ങളിൽ നടക്കുന്ന ഇളനീർ വിതരണത്തിന് ജില്ലാ സെക്രട്ടറി ടോബി മാമ്പിളി, കെ.ആർ. പ്രതാപൻ, ജഹാംഗീർ എന്നിവരാണ് നേതൃത്വം നൽകുന്നത്.

കുടുംബശ്രീ വായ്പയിൽ വിവേചനം: ബിജെപി

പറവൂർ: കൊവിഡിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ അംഗങ്ങൾക്ക് അനുവദിച്ച വായ്പകൾ നൽകുന്നതിൽ പഞ്ചായത്ത് ഭരണാധികാരികൾ രാഷ്ട്രീയ വിവേചനം കാണിക്കുന്നതായി ബിജെപി പറവൂർ നിയോജക മണ്ഡലം വൈസ് പ്രസിഡന്റ് ടി.എ.ദിലീപ്. ഭരണപക്ഷത്തോട് അനുഭാവം ഉള്ളവരുടെ അപേക്ഷകൾ പരിഗണിക്കുന്നതിൽ സിഡിഎസ്, എഡിഎസ് അധികൃതർ വലിയ താൽപര്യം കാണിക്കുകയും ഇതര രാഷ്ട്രീയ പാർട്ടികളോട് അനുഭാവം ഉള്ളവരുടെ അപേക്ഷകൾ മുടന്തൻ ന്യായങ്ങളും സാങ്കേതികത്വങ്ങളും പറഞ്ഞ് നിരുത്സാഹപ്പെടുത്തുന്ന സമീപനമാണ് സ്വീകരിക്കുന്നത്.

മരടിൽ തെരുവു നായ്ക്കളുടെ വിളയാട്ടം

മരട്: ഒരിടവേളയ്ക്ക് ശേഷം മരട് പ്രദേശത്ത് തെരുവ് നായ ശല്യം രൂക്ഷമായി. ജില്ലാ കോൺഗ്രസ് സെക്രട്ടറിയും മരട് നഗരസഭ കൗൺസിലറും ആയ ആർ.കെ.സുരേഷ് ബാബുവിന്റെ പിതാവ് രാമകൃഷ്ണനടക്കം (65) മൂന്നു പേർക്ക് മാരകമായി കടിയേറ്റു.

അങ്കമാലി നഗരസഭയും താലൂക്ക് ആശുപത്രിയും ഫിസാറ്റ് എൻജിനീയറിങ് കോളെജും സംയുക്തമായി ആരംഭിച്ച കമ്യൂണിറ്റി മൊബൈൽ ക്ലിനിക് മന്ത്രി വി.എസ്.സുനിൽ കുമാർ ഫ്ലാഗ് ഓഫ് ചെയുന്നു.

അങ്കമാലി നഗരസഭയിൽ മൊബൈൽ മെഡിക്കൽ ക്ലിനിക്

അങ്കമാലി: സംസ്ഥാന സർക്കാരിന്റെ കൊവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി അങ്കമാലി നഗരസഭയും താലൂക്ക് ആശുപത്രിയും ഫിസാറ്റ് എൻജിനീയറിംഗ് കോളെജും സംയുക്തമായി സംഘടിപ്പിച്ചിട്ടുള്ള കമ്യൂണിറ്റി മൊബൈൽ മെഡിക്കൽ ക്ലിനിക്കിന്റെ പ്രവർത്തനം തുടങ്ങി. മന്ത്രി വി.എസ്.സുനിൽ കുമാർ മൊബൈൽ ക്ലിനിക്കിന്റെ ഫ്ലാഗ് ഓഫ് നിർവഹിച്ചു. റോജി.എം.ജോൺ എംഎൽഎ അധ്യക്ഷത വഹിച്ചു. രോഗികൾക്കാവശ്യമായ പ്രാഥമിക പരിശോധനകൾ, അവശ്യ മരുന്നുകൾ, ടെലി മെഡിസിൻ, വീഡിയോ കോൺഫ്രൻസ് സംവിധാനം, വിവിധ ബോധ വത്കരണ പരിപാടികൾ തുടങ്ങിവയവയാണ് മൊബൈൽ മെഡിക്കൽ ക്ലിനിക്കിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ. മുതിർന്ന പൗരന്മാർക്കായി പ്രത്യേകം തയാറാക്കിയ മൊബൈൽ മെഡിക്കൽ ക്ലിനിക് ഫിസാറ്റിലെ മൊബൈൽ ഫാബ് ലാബ് രൂപാന്തര പെടുത്തി നിർമ്മിച്ചതാണ്. മൊബൈൽ മെഡിക്കൽ ക്ലിനിക്കിൽ താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ.നസീമ നജീബിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽസംഘവും സാങ്കേതിക സഹായത്തിനായി ഫിസാറ്റിലെ എൻഎസ് എസ് കോ-ഓർഡിനേറ്റർ പ്രഫ.ജിബി വർഗീസിന്റെ നേതൃത്വത്തിലുള്ള സംഘവും പ്രവർത്തിക്കുന്നു. ഓരോ ദിവസവും വിവിധ പഞ്ചായത്തുകളിലെയും നഗര സഭയിലെയും രണ്ടു വാർഡുകൾ കേന്ദ്രീകരിച്ചാണ് ക്ലിനിക്ക് പ്രവർത്തിക്കുക. ഓരോ വാർഡിലും ജനപ്രതിനിധികൾ മേൽനോട്ടം വഹിക്കും. വിദഗ്ധചികിത്സ ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രഗൽഭ ഡോക്റ്റർമാർ വീഡിയോ കോൺഫ്രൻസ് വഴി ചികിത്സക്ക് മാർഗ നിർദേശങ്ങൾ നൽകുന്നതിനുള്ള സൗകര്യവും ക്ലിനിക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.108 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from **Vaartha News Network Pvt. Ltd,** Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

കൈത്താങ്ങായി ജെപിഎച്ച്എസ്എസ്

വെള്ളറട: കൊവിഡ് 19ന്റെ പ്രതോരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മുന്നൊരുക്കങ്ങളില്ലാതെ സർക്കാർ നടപ്പിലാക്കിയ ലോക് ഡൗൺ പ്രഖ്യാപനത്തിൽ സ്കൂൾ അടയ്ക്കേണ്ടി വന്നതോടെ അപ്രതീക്ഷിതമായി ബുദ്ധിമുട്ടിലായ നിരവധി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും സഹായ ഹസ്തവുമായി ഒറ്റശേഖരമംഗലം ജെപിഎച്ച്എസ് ഹയർ സെക്കൻഡറി സ്കൂൾ. ഇതിലേക്കായി സ്കൂൾ മാനേജ്മെന്റും ജീവനക്കാരും പിടിഎയും ഒറ്റക്കെട്ടായി 'കൊവിഡ് 19 കൈത്താങ്ങ്' എന്ന പദ്ധതി രൂപീകരിച്ചു. പദ്ധതിയുടെ ഭാഗമായി വാട്ട്സ്ആപ്പ് കൂട്ടായ്മയിലൂടെ സ്വരൂപിക്കുന്ന പണം ഉപയോഗിച്ച് നിത്യേന ഇരുപത്തി അഞ്ച് വിദ്യാർത്ഥികളുടെ വീടുകളിൽ നിത്യോപയോഗ സാധനങ്ങൾ സ്കൂൾ ജീവനക്കാർ നേരിട്ടെത്തിച്ച് കൊടുക്കുന്നു. ദുരിതമനുഭവിക്കുന്ന മുഴുവൻ വീടുകളിലും സഹായം എത്തിക്കാനാണ് കൂട്ടായ്മയുടെ തീരുമാനമെന്ന് സംഘാടകർ പറഞ്ഞു.

അജ്മലിന്റെ നിര്യാണത്തിൽ അനുശോചിച്ചു

നെയ്യാറ്റിൻകര: കിസാൻ കോൺഗ്രസ് തിരുവനന്തപുരം ജില്ലാ സെക്രട്ടറി അജ്മലിന്റെ അകാല നിര്യാണത്തിൽ ജില്ലാ പ്രസിഡന്റ് മാരായമുട്ടം എം. എസ്. അനിലിന്റെ നേതൃത്വത്തിൽ അനുശോചിച്ചു. കൊവിഡ് 19ന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ലോക് ഡൗൺ നിലനിൽക്കുന്നതിനാൽ ഒത്തു ചേരാനുള്ള നിയമ തടസ്സം കണക്കിലെടുത്ത് ആദരസൂചകമായി ജില്ലയിലെ സംസ്ഥാന ഭാരവാഹികളും ജില്ലാ ഭാരവാഹികളും നിയോജകമണ്ഡലം ഭാരവാഹികളും ഉൾപ്പെടെയുള്ള മുഴുവൻ പ്രവർത്തകരും അജ്മലിന്റെ ഫോട്ടോ അവരവരുടെ മൊബൈലുകളിൽ അപ്‌ലോഡ് ചെയ്തു. അതിനു മുന്നിൽ അവരവരുടെ വീടുകളിൽ ഇരുന്നാണ് ഇന്നലെ രാവിലെ 10ന് ഒരു നിമിഷം മൗന പ്രാർഥനയോടെഅനുശോചനം രേഖപ്പെടുത്തിയത്.

ചികിത്സ സഹായം വിതരണം ചെയ്തു

കഴക്കൂട്ടം: കഴക്കൂട്ടം 2525-ാം നമ്പർ എൻഎസ്എസ് കരയോഗ പ്രവർത്തന പരിധിക്കുള്ളിലെ ജാതിമത ഭേദമെന്യേ നിർദ്ധനരായ 300 പേർക്ക് ആയിരം രൂപ വില വരുന്ന ഭക്ഷ്യ ധാന്യ കിറ്റുകളും 1000 മാസ്ക്കുകളും ചികിത്സാ ധനസഹായവും വിതരണം ചെയ്തു. താലൂക്ക് യൂണിയൻ കമ്മിറ്റി അംഗം എസ്. ഗോപിനാഥൻ നായർ, കരയോഗം പ്രസിഡന്റ് ആർ. പരമേശ്വരൻ നായർ, സെക്രട്ടറി ജെ. ബാബുക്കുട്ടൻ നായർ, ട്രഷറർ പി. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി അനിൽ കുമാർ. പി, വനിതാ സമാജം പ്രസിഡന്റ് ഷൈലാ മോഹൻ, മറ്റ് കരയോഗം ഭാരവാഹികളും, വനിതാ സമാജം ഭാരവാഹികളും നേതൃത്വം നൽകി.

മാലിന്യം തള്ളിയതായി പരാതി

കരുനാഗപ്പള്ളി: രാത്രി കാലത്ത് ശൗചാലയത്തിൽ നിന്നുള്ള മാലിന്യം തള്ളുന്നതായി പരാതി. പന്മന ആണുവേലിൽ ക്ഷേത്രത്തിന് തെക്കുവശത്തെ ഒരു വർക്ക് ഷോപ്പിന് സമീപത്താണ് മാലിന്യം തള്ളിയിരിക്കുന്നത്. തിങ്കഴാഴ്ച പുലർച്ചെയാണ് സാമൂഹിക വിരുദ്ധർ ഇത്തരത്തിൽ മാലിന്യം തള്ളിയത്. രാവിലെ പ്രദേശത്ത് നിന്നും ദുർഗന്ധം വന്നതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ മാലിന്യം തള്ളിയ നിലയിൽ കണ്ടെത്തുകയായിരുന്നു എന്ന് പ്രദേശവാസികൾ പറയുന്നു. നേരത്തെയും ഇത്തരത്തിൽ ഇവിടെ മാലിന്യം തള്ളിയിരുന്നു. സംഭവവുമായി ബന്ധപ്പെട്ട് ചവറ പൊലീസിൽ പരാതി നൽകി.

മദ്യമാഫിയാ സംഘം അക്രമിച്ചു

വെള്ളറട: അനധികൃത വാറ്റു കേന്ദ്രത്തിൽ നിന്നും വാറ്റുകാരനെ പിടികൂടിയ എക്സൈസ് ഉദ്യോഗസ്ഥർക്ക് മദ്യമാഫിയാ സംഘത്തിന്റെ ക്രൂര മർദ്ദനം. എക്സൈസ് സംഘത്തിന്റെ വാൻ അടിച്ചുതകർത്ത് വിലങ്ങിട്ട പ്രതിയെ മോചിപ്പിച്ച സംഘം പ്രതിയിൽ നിന്നും പിടിച്ചെടുത്ത 30 ലിറ്റർ ചാരായവുമായാണ് കടന്നത്.

ഒറ്റശേഖരമംഗലം വട്ടപ്പറമ്പ് കടവൻകുഴിയിൽ ഞായറാഴ്ച രാത്രിയിലായിരുന്നു സംഭവം. അറസ്റ്റു ചെയ്ത പ്രതിയുമായി പോകുകയായിരുന്ന എക്സൈസ് സംഘത്തെ തടഞ്ഞു നിറുത്തിയ മഫിയാ സംഘം വടിവാളും ദണ്ഡുകളും ഉപയോഗിച്ചായിരുന്നു ആക്രമണം. എസ്ഐ സ്വരൂപ്, മറ്റ് ഓഫീസർമാരായ ഹർഷകുമാർ, രഞ്ജിത്ത്, രാജീവ്, പോൾജയൻ എന്നിവർക്കാണ് മർദ്ദനമേറ്റത്. ഇവരെ നെയ്യാറ്റിൻകര ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

സൗജന്യ ഭക്ഷ്യ ധാന്യ കിറ്റ് വിതരണം ജില്ലയിൽ പുരോഗമിക്കുന്നു

തിരുവനന്തപുരം: കൊവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യ ധാന്യ കിറ്റിന്റെ വിതരണം ജില്ലയിൽ പുരോഗമിക്കുന്നു. ജില്ലയിൽ ആകെ 9,46,866 റേഷൻ കാർഡുകളാണുള്ളത്. ഇതിൽ 62921 എഎവൈ (മഞ്ഞ) കാർഡുകളിൽ 60968 കാർഡുകാർക്ക് ഇതിനോടകം സൗജന്യ ഭക്ഷ്യധാന്യ കിറ്റ് നൽകിക്കഴിഞ്ഞു. 3,91,701 പിഎച്ച്എച്ച് കാർഡുകളുടെ സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം നാളെ മുതൽ ആരംഭിക്കും.

കൊറോണക്കാലത്ത് ആർക്കും ഭക്ഷണത്തിനുവേണ്ടി ബുദ്ധിമുട്ടരുതെന്ന സർക്കാരിന്റെ ദൃഢനിശ്ചയത്തിന്റെ ഭാഗമായിട്ടാണ് ഭക്ഷ്യവിഭവങ്ങൾ സപ്ലൈകോ റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്നത്. പഞ്ചസാര, ചായപ്പൊടി, ഉപ്പ്, ചെറുപയർ, കടല, വെളിച്ചെണ്ണ, ആട്ട, റവ, മുളകുപൊടി, മല്ലിപ്പൊടി, പരിപ്പ്, മഞ്ഞൾപ്പൊടി, ഉലുവ, കടുക്, സോപ്പ്, സൺ ഫ്ളവർ ഓയിൽ, ഉഴുന്ന് എന്നിങ്ങനെ 17 ഇനം നിത്യോപയോഗ സാധനങ്ങൾ അടങ്ങുന്നതാണ് കിറ്റ്. ഇവ ആവശ്യമില്ലാത്തവർക്ക് സിവിൽ സപ്ലൈസിന്റെ വെബ്സൈറ്റ് സന്ദർശിച്ച് ഡൊണേറ്റ് മൈ കിറ്റ് എന്ന ഓപ്ഷൻ വഴി സംഭാവന ചെയ്യാനും സൗകര്യമുണ്ട്.

ലോക് ഡൗണിൽ ഇളവ് അനുവദിച്ച സാഹചര്യത്തിൽ ഊരുട്ടമ്പലം എസ്ബിഐക്ക് മുന്നിൽ തടിച്ചു കൂടിയ ഇടപാടുകാർ. രാവിലെ 8 മുതൽ തുടങ്ങിയ ക്യൂ ഉച്ചയ്ക്ക് 12 യായിട്ടും ഒരു മാറ്റവുമില്ലാതെ തുടരുകയായിരുന്നു.

കൊവിഡ് പ്രതിരോധ ബോധവത്കരണ സന്ദേശവുമായി എസ്എടി ആശുപത്രിയിലെ ഡോക്ടർമാരും മറ്റു ജീവനക്കാരും.

കൊവിഡ് പ്രതിരോധ ബോധവത്കരണ സന്ദേശവുമായി എസ്എടി ആശുപത്രി

തിരുവനന്തപുരം: കൊറോണ വ്യാപനത്തിനെതിരായ പോരാട്ടങ്ങൾ അവസാനിപ്പിക്കാറായിട്ടില്ല എന്ന സന്ദേശമുയർത്തി എസ്എടി ആശുപത്രി അധികൃതരും ജീവനക്കാരും ചേർന്ന് തയ്യാറാക്കിയ ബോധവത്കരണ പോസ്റ്റർ ശ്രദ്ധേയമാകുന്നു. 'വി സ്റ്റേ ഹിയർ ഫോർ യു, പ്ലീസ് സ്റ്റേ ഹോം ഫോർ അസ്' എന്നെഴുതിയ പ്ലക്കാർഡുകളുമേന്തി ആശുപത്രി സൂപ്രണ്ടു മുതൽ സെക്യൂരിറ്റി വിഭാഗം വരെയുള്ളവർ അണിനിരന്ന് തയ്യാറാക്കിയ പോസ്റ്റർ സമൂഹമാധ്യമങ്ങളിൽ വൻ പ്രചാരം നേടിക്കഴിഞ്ഞു.

രണ്ടാഴ്ചയിലധികമായി തുടരുന്ന ലോക്ക് ഡൗണിന് ജനങ്ങളുടെ ഭാഗത്തു നിന്നും വലിയ തോതിലുള്ള സഹകരണമാണ് ലഭിച്ചു വരുന്നത്. എന്നാൽ ആശുപത്രിയിൽ ഒപിയിലടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും ആൾക്കാർ കൂട്ടമായി എത്തുന്നത് ശ്രദ്ധയിൽ പെട്ടിരുന്നു.

ഈ സാഹചര്യത്തിലാണ് എസ് എ ടി ആശുപത്രിയിലെ ഡോക്ടർമാരും നേഴ്സുമാരും ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരും പ്ലക്കാർഡുകൾ കയ്യിലേന്തിയുള്ള ചിത്രം പ്രചരിപ്പിച്ചത്.

ഇതു വഴി കോവിഡ് പ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കുകൊള്ളാനായതിൽ ജീവനക്കാർ സംതൃപ്തി പ്രകടിപ്പിച്ചു.

ലോക് ഡൗൺ അയവ്: കടകൾ തുറന്നു, ജനം പുറത്തിറങ്ങി; പരിശോധന ശക്തമാക്കി പൊലീസ്

സ്വന്തം ലേഖകൻ

നെയ്യാറ്റിൻകര : ലോക് ഡൗണിൽ അയവ് വരുത്തി എന്ന ധാരണയിൽ ഇന്നലെ രാവിലെ മുതൽ താലൂക്കിലെ നിരവധി പ്രദേശങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ തുറക്കുകയും തോന്നുംപടി വാഹനങ്ങൾ നിലത്തിറക്കുകയും ചെയ്തത് പൊലീസിനെ അകെ വെട്ടിലാക്കി.

സംഭവം പന്തി കേടാണെന്നു മനസ്സിലാക്കിയ പൊലീസ് ലോക് ഡൗൺ നിർദ്ദേശപ്രകാരം നിബന്ധനകൾ കർക്കശമാക്കി നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഇന്നലെ രാവിലെ ഒൻപതോടെ പാറശാല മുതൽ നെയ്യാറ്റിൻകര, ബാലരാമപുരം ദേശീയ പാതയിലും പൂവ്വാർ മേഖലയിലും മലയോര പ്രദേശമായ വെള്ളറട, കുന്നത്തുകാൽ, ആര്യംകോട്, പെരുങ്കടവിള തുടങ്ങിയ സ്ഥലങ്ങളിലും വാഹനങ്ങളുടെ വൻ തിരക്കനുഭവപ്പെട്ടു. കടകമ്പോളങ്ങൾ പൂർണ്ണമായും തുറന്ന നിലയിലായിരുന്നു.

അതിർത്തി പ്രദേശമായതിനാൽ കടകൾ തുറക്കുന്നതിനെ കുറിച്ചോ വാഹനങ്ങൾ നിലത്തിറങ്ങുന്നതിനെ കുറിച്ചോ സർക്കാരിൽ നിന്നും യാതൊരു നിർദ്ദേശവും ലഭിച്ചിരുന്നില്ല.

ഇതോടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുറന്ന കടകൾ അടിയന്തിരമായി അടപ്പിക്കുവാനും വാഹനഗതാഗതം നിയന്ത്രിക്കുവാനും നെയ്യാറ്റിൻകര ഡിവൈഎസ്പി അനിൽ കുമാർ നെയ്യാറ്റിൻകര പൊലീസ് സബ് ഡിവിഷനിലെ എല്ലാ സിഐമാർക്കും എസ്ഐമാർക്കും നിർദ്ദേശം നൽകി. തുടർന്ന്

ലോക് ഡൗൺ കലയളവിൽ തുറന്നിരുന്ന കടകളൊഴികെ മറ്റെല്ലാ സ്ഥാപനങ്ങളും വ്യാപാരികളെ പറഞ്ഞു മനസ്സിലാക്കി അടപ്പിക്കുകയായിരുന്നു. സർക്കാർ നിർദ്ദേശിച്ചിരുന്ന പ്രകാരം ഒറ്റ അക്കങ്ങളിലുള്ള വാഹനങ്ങൾ മാത്രമേ നിരത്തിലിറക്കാൻ പൊലീസ് അനുവദിച്ചുള്ളു. ഒറ്റ അക്കമുള്ള വാഹനങ്ങളുലും മാസ്ക് ധരിക്കാതെ എത്തിയ യാത്രികരുടെ വാഹനങ്ങളും കടന്നു പോകാൻ അനുവാദിച്ചില്ല.

ലോക്ഡൗൺ കഴിഞ്ഞുവെന്ന് ധരിച്ച് ഇന്നലെ ദേശീയ പാതയിൽ വാഹനങ്ങൾ ഇറങ്ങിയപ്പോൾ നെയ്യാറ്റിൻകര ആലുമ്മൂട് ജംഗ്ഷനിലെ ദൃശ്യം.

നിർദ്ദേശങ്ങൾ അനുസരിക്കാത്ത 50 ഓളം വാഹനങ്ങൾ പൊലീസ് കസ്റ്റഡിയിൽയെടുത്തു. ഇന്ന് ഇരട്ട നമ്പറുകൾ ഉള്ള വാഹനങ്ങൾക്ക് മാത്രമേ നിരത്തിൽ ഇറങ്ങാൻ അനുവാദമുള്ളുവെന്നും സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് കടകൾ തുറക്കുവാൻ അനുവദിക്കുമെന്നും നെയ്യാറ്റിൻകര ഡിവൈഎസ്പി അനിൽകുമാർ മാധ്യമങ്ങളോട് പറഞ്ഞു.

കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ദേശീയ പാത ഉപരോധിച്ചു

ചവറ നിയോജക മണ്ഡലം യൂത്ത് കോൺഗ്രസ് പ്രവർത്തകരെ പോലീസ് തടഞ്ഞതിൽ പ്രതിഷേധിച്ച് പോലീസും പ്രവർത്തകരും തമ്മിൽ നടന്ന വാക്കേറ്റം.

കരുനാഗപ്പള്ളി: ജില്ലാ കലക്റ്റർക്ക് നിവേദനം നൽകാൻ പോയ യൂത്ത് കോൺഗ്രസ് പ്രവർത്തകരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് പ്രവർത്തകർ ദേശീയ പാത ഉപരോധിച്ചു. ഇന്നലെ രാവിലെ എട്ടോടെയാണ് സംഭവങ്ങളുടെ തുടക്കം. ചവറ നിയോജക മണ്ഡലം യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ശരത് പട്ടത്താനം, ജില്ലാ വൈസ് പ്രസിഡന്റ് വിനു, കെഎസ്‌യു ജില്ലാ സെക്രട്ടറി അതുൽ എസ്. പി എന്നിവരുൾപ്പെട്ട പതിനൊന്ന് പേരടങ്ങുന്ന സംഘം സൈക്കിളിൽ പ്രവാസികളെ തിരിച്ച് കൊണ്ടുവരാൻ ആവശ്യമായ നടപടി സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകണം എന്നാവശ്യപ്പെട്ട് ജില്ലാ കലക്റ്റർക്ക്നിവേദനം നൽകാൻ പോയ പ്രവർത്തകരെ ചവറ പാലത്തിന് സമീപത്ത് നിന്ന പൊലീസ് സംഘം തടഞ്ഞു. ലോക് ഡൗണായതിനാൽ ഇത്രയും പേരെ കടത്തി വിടാൻ പറ്റില്ല എന്ന് പൊലീസ് അറിയച്ചതിനെ തുടർന്ന് പ്രവർത്തകരും പൊലീസും തമ്മിൽ വാക്കേറ്റം നടന്നു. പ്രവർത്തകരുടെ സൈക്കിൾ കസ്റ്റഡയിലെടുത്ത് ഇവരെ അറസ്റ്റ് ചെയ്തു. ഇതിനിടയിൽ ജില്ലാ കലക്റ്ററെ കാണാൻ എത്തിയ ഡിസിസി പ്രസിഡന്റ് ബിന്ദുകൃഷ്ണ, യൂത്ത് കോൺഗ്രസ് ജില്ലാ പ്രസിഡന്റ് അരുൺരാജ് എന്നിവരെ കൊല്ലത്ത് വെച്ച് പൊലീസ് തടഞ്ഞു എന്നറിഞ്ഞ പ്രവർത്തകർ ശങ്കരമംഗലത്ത് ദേശീയപാത ഉപരോധിച്ചു. ജില്ലാ സെക്രട്ടറി നിഷ സുനീഷ്, മഹേഷ്, മുഹ്സിൻ, ഷബീർഖാൻ, ഗോപു, പന്മന മുനീർ, ആനന്ദൻ, റിനോഷാ എന്നിവരുടെ നേതൃത്വത്തിലായിരുന്നു ഉപരോധം. എല്ലാ മാനദണ്ഡങ്ങളും അനുസരിച്ച് പോയ തങ്ങളെ യാതൊരു കാരണവും ഇല്ലാതെ പൊലീസ് തടയുകയായിരുന്നു എന്ന് പ്രവർത്തകർ പറയുന്നു. സൈക്കിൾ യാത്ര നടത്തിയതിനും ദേശീയപാത ഉപരോധിച്ചതിന്റെ പേരിലും പ്രവർത്തകർക്കെതിരെ കേസെടുത്തു.

'കൊറോണ വൈറസിന് ദൃശ്യഭാഷ്യമൊരുക്കി ശാന്തിഗിരി വിദ്യാഭവൻ'

വെഞ്ഞാറമൂട്: 'എന്നെ മനസ്സിലായോ? ഞാനാണ് കൊറോണ വൈറസ് വുഹാനിൽ നിന്നും ലോകത്തെ ആകെ മഹാമാരിയിലാക്കിയ വിരുതൻ. ഇത്തിരി പോന്ന എന്നോട് നീ യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണല്ലോ...' അട്ടഹസിച്ചു കൊണ്ട് മനുഷ്യരാശിയോട് കൊറോണ വൈറസ് സംവദിക്കുകയാണ്. ശാന്തിഗിരി വിദ്യാഭവനിലെ ഏഴാം ക്ലാസ് വിദ്യാർഥിനി സ്നേഹ മോഹനാണ് കൊവിഡ് വൈറസായി ദൃശ്യാവിഷ്കാരം നടത്തിയിരിക്കുന്നത്. അദ്ധ്യാപിക ബിന്ദു നന്ദനയാണ് സ്ക്രിപ്റ്റ് എഴുതിയിരിക്കുന്നത്. കൊവിഡുയുമായി ബന്ധപ്പെട്ട് നിരവധി വീഡിയോകൾ ഉണ്ടായെങ്കിലും കൊവിഡ് വൈറസിന്റെ കാഴ്ചപ്പാടിലൂടെ ഈ ലോകത്തെ കാണുക എന്ന സങ്കൽപ്പം ഉണ്ടായില്ല. അത്തരം ചിന്തയാണ് ഇങ്ങനെയൊരു സ്ക്രിപ്റ്റ് എഴുതുവാൻ പ്രേരിപ്പിച്ചതെന്ന് ബിന്ദു നന്ദന പറഞ്ഞു. കൊവിഡ് വൈറസ് മനുഷ്യരോട് സംസാരിക്കുന്ന രീതിയിലാണ് ഏകാഭിനയം ആവിഷ്കരിച്ചിരിക്കുന്നത്. തനിക്കെതിരെ പോരാടാൻ ഈ ലോകം മുഴുവൻ ഒരുമിക്കുന്നത് സുന്ദരമായ കാഴ്ചയാണ് എന്നാൽപ്പിന്നെ ദൈവത്തിന്റെ സ്വന്തം നാട്ടിൻ തന്റെ കാലിടറുന്നു. സ്വയം അർപ്പിച്ചു പ്രവർത്തിക്കുന്ന ആരോഗ്യ പ്രവർത്തവർക്കും, പൊലീസുകാർക്കും മെല്ലാം കൊറോണ അഭിനന്ദനങ്ങളും അറിയിക്കുന്നുണ്ട്. എല്ലാവരും വീട്ടിമുള്ളിലായതോടെ പ്രകൃതി കൂടുതൽ സുന്ദരി ആയിരിക്കുന്നു. 'ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നതാകട്ടെ ഇനി നിന്റെ ആപ്തവാക്യം.

ശാന്തിഗിരി വിദ്യാഭവൻ ഒരുക്കിയ ദൃശ്യഭാഷ്യ.

തമിഴ്നാട്ടിൽ നിന്നും മത്സ്യതൊഴിലാളികളെ എത്തിച്ചയാൾ ക്വാറന്റൈനിൽ

കരുനാഗപ്പള്ളി: സർക്കാർ മത്സ്യ ബന്ധനത്തിന് ഇളവുകൾ നൽകിയപ്പോൾ ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് തമിഴ്നാട് തേങ്ങാ പട്ടണത്തിൽ നിന്നും മൂന്ന് മത്സ്യ തൊഴിലാളികളെ ചെറുവള്ളത്തിൽ നീണ്ടകരയിൽ എത്തിച്ച് മത്സ്യ ബന്ധനം നടത്തിയ നീണ്ടകര സ്വദേശി ആന്റണിയെ ക്വാറന്റൈയിൻ ചെയ്തു. കോസ്റ്റൽ സർക്കിൾ ഇൻസ്പെക്ടർ ഷരീഫിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ പൊലീസ് ആന്റണിയുടെ വീട് പരിശോധിച്ചങ്കിലും ആരെയും കണ്ടത്താനായില്ല. ഇന്നലെ പുലർച്ചെ മത്സ്യവുമായി എത്തുന്ന വള്ളങ്ങളിൽ നടത്തിയ പരിശോധനയിലാണ് ആന്റണി പിടിയിലായത്. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന മത്സ്യതൊഴിലാളികളെ ഇതിനകം മറ്റൊരു വള്ളത്തിൽ ആന്റണി തമിഴ്നാട്ടിലേക്ക് അയച്ചിരുന്നു. വള്ളങ്ങളും ചെറു ബോട്ടുകളിലും തമിഴ്നാട്ടിലുള്ള മത്സ്യതൊഴിലാളികളെ കേരളത്തിൽ എത്തിച്ച് മത്സ്യ ബന്ധനം നടത്തുന്നതിനായി പ്രത്യേക ലോബി തന്നെ സജീവമായി പ്രവർത്തിച്ചു വരുന്നുവെന്ന സൂചനയുണ്ട്. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ കോവിഡ് പടരാനുള്ള സാധ്യത ഏറെയാണ് എന്നാണ് അധികൃതരുടെ നിഗമനം. കോസ്റ്റൽ സിഐ എസ്. ഷരീഫിന്റെ നേതൃത്വത്തിൽ എസ്ഐമാരായ ഭുവനദാസ്, എം. സി. പ്രശാന്തൻ, മോഹൻകുമാർ, സജയൻ എഎസ്ഐമാരായ ഡി. ശ്രീകുമാർ, സെബാസ്റ്റ്യൻ, സിപിഒ അനിൽകുമാർ എന്നിവരാണ് പരിശോധന നടത്തിയത്. സിറ്റി പൊലീസ് കമ്മീഷണർ റ്റി. നാരായണന്റെ നിർദ്ദേശാനുസരണം ലോക്ക് ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് എത്തുന്ന അന്യ സംസ്ഥാന തൊഴിലാളികളെ കണ്ടെത്തുന്നതിനായി പ്രത്യേക സ്കാഡ് രൂപികരിച്ച് കർശന പരിശോധന നടത്തി വരുന്നതായി പൊലീസ് അറിയിച്ചു.

നിർധന യുവതികളുടെ വിവാഹം നടത്തി മാതൃകയായി

വെഞ്ഞാറമൂട്. മകളുടെ വിവാഹത്തോടൊപ്പം രണ്ട് നിർധന കുടുംബങ്ങളിലെ യുവതികളുടെ വിവാഹവും ഒരാൾക്ക് വിവാഹ ധനസഹായവും നല്കി വ്യവസായ സംരംഭകൻ മാതൃകയായി. വെഞ്ഞാറമൂട് മൈലയ്ക്കൽ ഗ്രൂപ്പ് സ്ഥാപനങ്ങളുടെ ഉടമ മൈലയ്ക്കൽ ഗാർഡൻസിൽ നിസാറാണ് തന്റെ മകളുടെ വിവാഹ ദിനത്തിൽ രണ്ട് യുവതികളുടെ വിവാഹം കൂടി നടത്തിക്കൊടുക്കുകയും മറ്റൊരു യുവതിയുടെ വിവാഹത്തിന് സഹായവും നല്കിയത്. ഞായറാഴ്ച നിസാറിന്റെയും ഷജീലയുടെയും മകളായ സാദിയയുടെയും വാമനപുരം കരുവയൽ ഫവാസ് മൻസിലിൽ സൈനുല്ലാബ്ദീന്റെയും ജമീലാ ഹക്കിമിന്റെയും മകനായ ഫൈസലുമായുള്ള വിവാഹത്തോടൊപ്പം പാരിപ്പള്ളി എഴിപ്പുറം ലക്ഷം വീട് കോളനിയിൽ സലിമിന്റെയും ഷാഹിദയുടെ മകൾ ഖദീജയുടെയും പെരുമാതുറ തെരുവിൽ തൈവിളാകത്ത് വീട്ടിൽ അഷറഫ് നൂർജഹാൻ ദമ്പതികളുടെ മകൻ ഷഹീനുമായുള്ള വിവാഹവും വെഞ്ഞാറമൂട് കോട്ടറക്കോണം വൈഷ്ണുവ ഭവനിൽ പരേതനായ രഘുവിന്റെയും ശാലിനിയുടെ മകൾ രജിതയുടെയും ഇടുക്കി വാഗമൺ ചെറിയകാവിൽ ഹൗസിൽ മനോജിന്റെയും ഉഷയുടെയും മകൻ മജുവിന്റെയും വിവാഹവുമാണ് നടന്നത്. മറ്റൊരു വിവാഹവും കൂടി നടക്കേണ്ടതുണ്ടായിരുന്നുവെങ്കിലും വരന് ലോക് ഡൗൺ കാരണം നാട്ടിലെത്താൻ കഴിയാത്തതിനാൽ മറ്റൊരവസരത്തിലേക്ക് മാറ്റി. എന്നാൽ ഇവർക്കുള്ള വിവാഹ ധന സഹായം നല്കുകയുണ്ടായി. പുറമെ നിന്നുള്ള രണ്ട് വിവാഹത്തിലെയും യുവതികൾക്ക് അഞ്ച് പവൻ സ്വർണ്ണാഭരണങ്ങളും വിവാഹ വസ്ത്രങ്ങളും 10,000 രൂപയും ഭക്ഷണ ചിലവുകളും ജീവനോപാധി എന്ന നിലയിൽ വരൻമാർക്ക് ഓരോ ഓട്ടോ റിക്ഷകളും സംഭാവനയായി നല്കുകയും കൂടി നിസാർ നല്കി.

ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ വിവാഹങ്ങൾ അവരവരുടെ വീടുകളിൽ വച്ചാണ് നടന്നത്. വിവാഹ ശേഷം വധൂവരൻമാർ കീഴായിക്കോണത്തെ സമൂഹ അടുക്കളയിലെത്തി ഭക്ഷണ വിതരണണത്തിൽ പങ്കാളികളായി. ഇവിടെ വച്ച് മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നിസാർ 10,000 ഡി.കെ. മുരളി എംഎൽഎയെ ഏല്പിക്കുകയും ചെയ്തു. നെല്ലനാട് പഞ്ചായത്ത് പ്രസിഡന്റ് സുജിത് എസ്. കുറുപ്പ്, പഞ്ചായത്തംഗങ്ങളായ എസ്. അനിൽ, അൽ സജീർ വ്യാപാരി വ്യവസായി ഏകോപന സമിതി വെഞ്ഞാറമൂട് യൂണിറ്റ് പ്രസിഡന്റ് സിതാരാ ബാബു എന്നിവർ ചടങ്ങുകളിൽ സംബന്ധിച്ചു.

നായകൾക്ക് ആഹാരവുമായി ജനപ്രതിനിധികൾ

തെരുവ് നായകൾക്ക് ഭക്ഷണവുമായി മംഗലപുരം ഗ്രാമ പഞ്ചായത്ത് അംഗങ്ങളായ മംഗലപുരം ഷാഫി, മെമ്പർമാരായ എം.ഷാനവാസ്, വി.അജി കുമാർ എന്നിവർ.

മംഗലപുരം: ഭക്ഷണം കിട്ടാതെ അലഞ്ഞു തിരിയുന്ന തെരുവ് നായകൾക്ക് ഭക്ഷണവുമായി മംഗലപുരം ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ ഇറങ്ങി. വികസനകാര്യ ചെയർമാൻ മംഗലപുരം ഷാഫി, മെമ്പർമാരായ എം. ഷാനവാസ്, വി. അജി കുമാർ എന്നിവരുടെ നേതൃത്വത്തിലാണ് ബക്കറ്റിൽ ഭക്ഷണവുമായി പല ഭാഗങ്ങളിലുമായി അലഞ്ഞു തിരിയുന്ന നായകൾക്ക് എത്തിച്ചു കൊടുത്തത്. ആളുകളെ കാണുമ്പോൾ ഓടി അകലുന്ന നായകൾ ഭക്ഷണം വിളമ്പുന്നത് കണ്ടപ്പോൾ അടുത്തേയ്ക്ക് ഓടിയെത്തുകയായിരുന്നു. ലോക്ഡൗണിൻന്റെ പശ്ചാത്തലത്തിൽ ഭക്ഷണം കിട്ടാതെ വരുന്ന തെരുവ് നായകൾ വീടുകളിൽ കെട്ടിയിട്ടിരിക്കുന്ന വളർത്തു മൃഗങ്ങളെയും മനുഷ്യരെയും ആക്രമിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുമെന്നുള്ളത് കൊണ്ടാണ് അവയ്ക്ക് ഭക്ഷണം നൽകാൻ തയ്യാറായതെന്ന് വികസനകാര്യ ചെയർമാൻ മംഗലപുരം ഷാഫി പറഞ്ഞു.

ബൈക്കിലെത്തിയ സംഘം നടത്തിയ കല്ലേറിൽ പൊലീസുകാരന് പരുക്ക്

കരുനാഗപ്പള്ളി: കുലശേഖരപുരത്ത് പിക്കറ്റ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസുകാർക്കുനേരെ ബൈക്കിലെത്തിയ സംഘം നടത്തിയ കല്ലേറിൽ പൊലീസുകാരന് പരുക്കേറ്റു. കാലിന് സാരമായി പരിക്കേറ്റ പൊലീസുകാരൻ കൊല്ലത്ത് എൻഎസ് ആശുപത്രിയിൽ ചികിത്സയിലാണ്. കൊല്ലം എ ആർ ക്യാമ്പിലെ പൊലീസുകാരൻ വിശാന്തിനാണ് ആക്രമണത്തിൽ പരിക്കേറ്റത്. പരിക്കേറ്റ വിശാന്തിനെ ഉടൻ കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ എത്തിച്ചു.

എന്നാൽ പരിക്ക് ഗുരുതരമായതിനാൽ കൊല്ലത്തെ ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു. കാലിന്റെ എല്ലിന് പൊട്ടലുണ്ട്. കരുനാഗപ്പള്ളി കുലശേഖരപുരം, കുഴുവേലിമുക്കിനു സമീപം കഴിഞ്ഞ ദിവസം രാത്രി പത്തരയോടെയാണ് സംഭവം. ബൈക്കിലെത്തിയ മൂന്നംഗ സംഘമാണ് കല്ലെറിഞ്ഞതെന്ന് പൊലീസ് പറഞ്ഞു. കല്ലെറിഞ്ഞ സംഘം ഞായറാഴ്ച വൈകുന്നേരം മുതൽ ബൈക്കിൽ ഇതുവഴി കറങ്ങി നടക്കുകയായിരുന്നു. രാത്രിയോടെ വീണ്ടും ബൈക്കിലെത്തിയ രണ്ടംഗ സംഘം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസുകാരനെ ചീത്തവിളിച്ചു. ഇവർ പിന്നീട് തിരികെവരുമ്പോൾ പൊലീസ് തടയാൻ ശ്രമിച്ചെങ്കിലും മറ്റൊരു വഴിയിലൂടെ രക്ഷപ്പെടുകയായിരുന്നു. പിന്നീട് എത്തിയാണ് കല്ലെറിഞ്ഞത്.

മാസങ്ങൾക്ക് മുമ്പ് ഈ സ്ഥലത്തിന് സമീപം നടന്ന കൊലപാതകത്തെ തുടർന്നാണ് സ്ഥലത്ത് പിക്കറ്റ് ഏർപ്പെടുത്തിയിരുന്നത്. സംഭവവുമായി ബന്ധപ്പെട്ട് കണ്ടാലറിയാവുന്ന മൂന്ന് യുവാക്കൾക്കെതിരെ കൊലപാതക ശ്രമത്തിന് കേസെടുത്തിട്ടുണ്ട്. സമീപത്തെ സിസിടിവി ദൃശ്യങ്ങൾ ഉൾപ്പടെ പരിശോധിച്ച പൊലീസ് ഇവരെ തിരിച്ചറിഞ്ഞിട്ടുണ്ട്. ലോക് ഡൗണുമായി ബന്ധപ്പെട്ട് പുതിയകാവിൽ വച്ച് പൊലീസിനെ അക്രമിച്ച സംഘത്തിൽപ്പെട്ടവർ ഇപ്പോഴത്തെ സംഭവത്തിലും ഉണ്ടെന്ന് കരുതപ്പെടുന്നു. അക്രമികളെ ഉടൻ കസ്റ്റഡിയിലെടുക്കുമെന്നാണ് പൊലീസ് വൃത്തങ്ങൾ നൽകുന്ന വിവരം.

സമൂഹഅടുക്കളയ്ക്ക് അങ്കണവാടി ജീവനക്കാർ 10,000 രൂപ നൽകി

മംഗലപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും കൂടി സമാഹരിച്ച 10,000 രൂപ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വേങ്ങോട് മധു ഏറ്റു വാങ്ങുന്നു.

കഴക്കൂട്ടം: മംഗലപുരം ഗ്രാമ പഞ്ചായത്തിൽ തുടങ്ങിയ കമ്മ്യൂണിറ്റി കിച്ചണിലേയ്ക്ക് മംഗലപുരം ഗ്രാമപഞ്ചായത്തിലെ അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും 10,000 രൂപ സംഭാവന നൽകി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വേങ്ങോട് മധു ഏറ്റു വാങ്ങി. വൈസ് പ്രസിഡന്റ് സുമ ഇടവിളാകം, വികസനകാര്യ ചെയർമാൻ മംഗലപുരം ഷാഫി, ആരോഗ്യകാര്യ ചെയർമാൻ വേണു ഗോപാലൻ നായർ, ക്ഷേമകാര്യ ചെയർപേഴ്സൺ എസ്.ജയ, മെമ്പർമാരായ വി.അജികുമാർ, എം.ഷാനവാസ്, കെ.ഗോപിനാഥൻ, സിന്ധു. സി.പി, സെക്രട്ടറി ജി.എൻ.ഹരികുമാർ എന്നിവർ സന്നിഹിതരായിരുന്നു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C. P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor),Vol 13, Issue No. 107 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

മാസ്ക് വിതരണം

വടക്കാഞ്ചേരി: നഗരസഭയിലെ മാരാത്ത്കുന്ന് ഡിവിഷനിൽ കൊവിഡ് - 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മുഴുവൻ വീടുകളിലും മാസ്കുകൾ വിതരണം ചെയ്തു. നഗരസഭ വൈസ് ചെയർമാൻ എം .ആർ സോമനാരായണൻ വിതരണോൽഘാടനം നിർവ്വഹിച്ചു. വടക്കാഞ്ചേരി സർവീസ് സഹകരണ ബാങ്ക് ഡയറക്റ്റർ ഷീല മോഹനൻ, കെ കെ സുരേന്ദ്രൻ,സി. രഘു എന്നിവർ പങ്കെടുത്തു.

മന്ത്രി സന്ദർശിച്ചു

വടക്കാഞ്ചേരി: കൊവിഡ് 19മായി ബന്ധപ്പെട്ട് സർക്കാർ സൗജന്യമായി റേഷൻകട വഴി നൽകുന്ന ഭക്ഷ്യകിറ്റ് പാക്കിംങ് സ്ഥലം മന്ത്രി എ.സി.മൊയ്തീൻ സന്ദർശിച്ചു. തെക്കുംകര പഞ്ചായത്തിലെ മുഴുവൻ റേഷൻ കടകളിലേക്കുള്ള കിറ്റുകൾ പാക്കിംഗ് നടത്തുന്ന പുന്നംപറമ്പ് പ്രിയ ഓഡിറ്റോറിയത്തിലാണ് ഇന്നലെമന്ത്രി എ.സി. മൊയ്തീൻ സന്ദർശിച്ചത്.പഞ്ചായത്തിലെ സന്നദ്ധ സേനാംഗങ്ങളാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

പാലിയേക്കര ടോൾ പ്ലാസയിൽ യൂത്ത് കോൺഗ്രസ് പ്രതിഷേധം

പുതുക്കാട്: പാലിയേക്കര ടോൾ പ്ലാസയിൽ ടോൾ പിരിവു ആരംഭിച്ചതിനു എതിരെ യൂത്ത് കോൺഗ്രസ്സ് പുതുക്കാട് നിയോജകമണ്ഡലം കമ്മിറ്റി ടോൾ പ്ലാസ തുറന്നു വിട്ടു സമരം നടത്തി. സമരക്കാരെ പോലീസ് അറസ്റ്റ് ചെയ്തു നീക്കി. തുടർന്ന് ടോൾ പിരിവ് നിർത്തി വെച്ചു യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ് അഡ്വ ഓ ജെ ജനീഷ്,ജില്ലാ ജനറൽ സെക്രട്ടറിമാരായ ജെറോൺ വട്ടക്കുഴി, സുധിഷ് തട്ടിൽ, വി എസ് സജീർ ബാബു, നിയോജകമണ്ഡലം പ്രസിഡന്റ് ലിന്റോ പള്ളിപറമ്പൻ , പ്രശാന്ത് പറപ്പൂക്കര, സോജൻ പെരുമ്പിള്ളിക്കാടൻ, ലിനോ മൈക്കിൾ എന്നിവർ അറസ്റ്റ് വരിച്ചു. ലോക്ക് ഡൌൺ കാലയളവായ മൂന്നാം തിയ്യതി വരെ ടോൾ പിരിവിൽ നിന്ന് പിന്തിരിയണം ജനങ്ങളുടെ ബുദ്ധിമുട്ട് സർക്കാർ മനസിലാക്കണം എന്നും യൂത്ത് കോൺഗ്രസ് ആവശ്യപ്പെട്ടു.

മാസ്കുകൾ ഏറ്റുവാങ്ങി

ഒല്ലൂർ: ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഹോസ്പിറ്റലുകളിൽ ഡോക്റ്റർമാർക്കും നഴ്സുമാർക്കും ആവശ്യമായ എൻ 95 മാസ്ക്കുകൾ ചീഫ്‌വിപ്പ് കെ രാജൻ ഏറ്റുവാങ്ങി. മണ്ഡലത്തിൽ അത്യാവശ്യമായ ലഭിക്കേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ചേർന്ന ഡോക്റ്റർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും യോഗത്തിൽ എടുത്തിരുന്നു. ഒല്ലൂർ മണ്ഡലത്തിലെ പിഎച്ച്സികളിലും,സിഎച്ച്സികളിലെയും ഡോക്റ്റർമാർക്കും ആവശ്യമായ എൻ95 മാസ്ക്കുകൾ ഒല്ലൂർ പൂവത്തിങ്കൽ ജോർജ്ജ് നൽകി. കൗൺസിലർ സി പി പൊളി, പൊതുപ്രവർത്തകരായ ബാബു തചനാടൻ, എൻ.കെ ബിജു, കെ വി ബിജു എന്നിവർ സന്നിഹിതരായിരുന്നു

സമരം വിജയം കണ്ടു; മുരിയാട് മൂന്നു നേരവും ഭക്ഷണം നൽകുന്നു

ഇരിങ്ങാലക്കുട: മുരിയാട് കോൺഗ്രസ് നടത്തിയ ഉപവാസ സമരത്തിന് വിജയം കണ്ടു. പഞ്ചായത്ത് ആരംഭിച്ചിട്ടുള്ള സമൂഹ അടുക്കളയിൽ നിന്നും സൗജന്യ ഭക്ഷണം നൽകികൊണ്ടിരിക്കുന്ന വ്യക്തികൾക്ക് ഇന്ന് മുതൽ മൂന്നു നേരവും ഭക്ഷണം നൽകുന്നതിന് തീരുമാനം. ഇന്നലെ ചേർന്ന പഞ്ചായത്ത് യോഗത്തിലാണ് തീരുമാനമെടുത്തത്. ഇത് വരെ ഉച്ചക്ക് മാത്രമാണ് ഭക്ഷണം നൽകി കൊണ്ടിരുന്നത്. ഇവർക്ക് മൂന്നു നേരവും ഭക്ഷണം നൽകണമെന്നാവശ്യപെട്ട് കഴിഞ്ഞ ദിവസം കോൺഗ്രസ് അംഗങ്ങൾ പഞ്ചായത്തിന് മുന്നിൽ ഉപവാസ സമരം നടത്തിയിരുന്നു.

ചീട്ടുകളി സംഘം പിടിയിൽ

കുന്നംകുളം: പണം വച്ച് ചീട്ടുകളിച്ചിരുന്ന ഏട്ടംഗ സംഘത്തെ കുന്നംകുളം പൊലീസ് പിടികൂടി. പഴഞ്ഞി അരുവായിയിൽ നിന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർ കെ.ജി.സുരേഷിന്റെ നേതൃത്വത്തിലാണ് ചീട്ടുകളി സംഘത്തെ പിടികൂടിയത്.

അരുവായി സ്വദേശികളായ പെന്നരാശ്ശേരി രാജൻ, കണ്ടിരുത്തി രാജൻ, ആത്രപ്പുള്ളി പുഷ്പരാജൻ, കണ്ടിരുത്തി സുരേഷ്, കണ്ടിരുത്തി പ്രകാശൻ, കണ്ടിരുത്തി തിലകൻ, കണ്ടിരുത്തി സജി, കാട്ടകാമ്പാൽ ചിറക്കൽ വലിയവീട്ടിൽ ഹനീഫ എന്നിവരാണ് പിടിയിലായത്. ഇവരിൽ നിന്ന് 21520 രൂപ പിടിച്ചെടുത്തു. സബ് ഇൻസ്പെക്റ്റർമാരായ ഇ.ബാബു, വി.എസ്. സന്തോഷ്, സിവിൽ പൊലീസ് ഓഫീസർമാരായ വൈശാഖ്, മെൽവിൻ, ഹംദ് എന്നിവരും പ്രതികളെ പിടി കൂടിയ സംഘത്തിലുണ്ടായിരുന്നു.

ലോക് ഡൗണിൽ ഇളവുകൾ ലഭിച്ചതിനെ തുടർന്ന് തുറക്കുന്ന നഗരത്തിലെ കടയും പാർക്കിങ് ഏരിയയും ഉടമയും സഹായികളും ചേർന്ന് വൃത്തിയാക്കുന്നു. - കെ.കെ. നജീബ്

തൃശൂരിൽ 971 പേർ മാത്രം നിരീക്ഷണത്തിൽ

തൃശൂർ: ജില്ലയിൽ നിലവിൽ കൊവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി നിരീക്ഷണത്തിലുള്ളവരുടെ ഏണ്ണം 971 ആയി കുറഞ്ഞു. രോഗവ്യാപനത്തിന്റെ ഒരു ഘട്ടത്തിൽ 22000 ഓളം പേർ വരെ നിരീക്ഷണത്തിൽ ഉണ്ടായിരുന്ന ജില്ലയാണ് തൃശൂർ. വീടുകളിൽ 963 പേരും ആശുപത്രികളിൽ 8 പേരും ഉൾപ്പെടെ ആകെ 971 പേരാണ് നിരീക്ഷണത്തിലുളളത്. രോഗബാധ സ്ഥിരീകരിച്ചവരെല്ലാം തന്നെ രോഗവിമുക്തരായ സാഹചര്യത്തിലും പ്രതിരോധ പ്രവർത്തനങ്ങൾ ജാഗ്രതയോടെ തുടരുന്നു. തിങ്കളാഴ്ച ഒരാളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിഞ്ഞിരുന്ന ഒരാളെ വിടുതൽ ചെയ്തു.തിങ്കളാഴ്ചസാമ്പിളുകൾ ഒന്നും തന്നെ പരിശോധനയ്ക്ക് അയച്ചിട്ടില്ല. ഇതു വരെ 942 സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. അതിൽ 941 സാമ്പിളുകളുടെ ഫലം വന്നിട്ടുണ്ട്. ഒരെണ്ണത്തിന്റെ ഫലം ലഭിക്കാനുണ്ട്. 184 ഫോൺ കോളുകൾ ജില്ലാ കൺട്രോൾ സെല്ലിൽ ലഭിച്ചു. നിരീക്ഷണത്തിലുള്ളവർക്ക് മാനസിക പിന്തുണയേകുന്നതിനായി സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ സേവനം തുടരുന്നുണ്ട്. തിങ്കളാഴ്ച 19 പേർക്ക് കൗൺസലിംഗ് നൽകി.ദ്രുതകർമ്മസേനയുടെ നേതൃത്വത്തിൽ ഗൃഹസന്ദർശനം നടത്തി. നിരീക്ഷണത്തിലുള്ളവർക്ക് നിർദ്ദേശങ്ങളും ബോധവൽക്കരണവും നൽകി. തിങ്കളാഴ്ച 1025 വീടുകൾ ദ്രുതകർമ്മ സേന സന്ദർശിച്ചു.

പാലക്കാട് നഗരത്തിലേക്കുള്ള വഴികൾ മുന്നറിയിപ്പില്ലാതെ അടച്ച് പൊലീസ്

പാലക്കാട്: പാലക്കാട് നഗരസഭയെ ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ചതോടെ നഗരത്തിലേക്കുള്ള പാതകളെല്ലാം മുന്നറിയിപ്പില്ലാതെ അടച്ചത് ജനത്തെ വെട്ടിലാക്കി. ലോക്ക് ഡൗൺ തുടങ്ങിയ സമയത്തും ഇല്ലാതിരുന്ന വിലക്കുകളാണ് ഇന്നലെയോടെ നഗരത്തിൽ പൊലീസ് നടപ്പിലാക്കിയത്. വഴികൾ അടക്കുന്നത് സംബന്ധിച്ച് യാതൊരു മുന്നറിയിപ്പും നൽകാതെ വഴികളടച്ചതോടെ നിരവധി പേർക്ക് നഗരത്തിൽ എത്താനായില്ല.നഗരത്തിലേക്ക് കൽമണ്ഡപം ഭാഗത്തു കൂടിയും മേപ്പറമ്പ് ഭാഗത്തു കൂടിയും മാത്രമാക്കി മറ്റു വഴികളെല്ലാം പൊലീസ് അടച്ചു. ഒലവക്കോട് ഭാഗത്ത് നിന്ന് വരുന്ന എല്ലാ വാഹനങ്ങളും മലമ്പുഴ, പുത്തൂർ, കല്പ്പാത്തി, കല്ലേപ്പുള്ളി, ചിറ്റൂർ ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്കും കൽമണ്ഡപം വഴി മാത്രമാണ് പ്രവേശനം. കല്ലേക്കാട്, കൊടുന്തിരപ്പുള്ളി, പുടൂർ,തിരുനെല്ലായ് ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾക്ക് മേപ്പറമ്പ് വഴിയുമാക്കി നഗരത്തിലേക്കുള്ള പ്രവേശനം. രോഗികളുമായി വരുന്ന ആംബുലൻസുകൾക്കും മറ്റ് അത്യാവശ്യ വാഹനങ്ങൾക്കും മാത്രമാണ് പ്രവേശനം അനുവദിച്ചിട്ടുള്ളത്.

മാള പഞ്ചായത്തിനെതിരേ പ്രതിഷേധം; ആരോഗ്യ മന്ത്രിയ്ക്ക് പരാതി നല്കി

മാള: പ്രധാനമന്ത്രിയുടെ ആയുഷ് പദ്ധതിയിൽ ജില്ല മെഡിക്കൽ ഓഫീസറുടെ ഉത്തരവ് പ്രകാരം പകച്ചവ്യാധി വ്യാപനം തടയുന്നതിനായി രോഗ പ്രതിരോധശേഷി വർധിപ്പിക്കുന്ന ഹോമിയോ മരുന്ന് വിതരണം ചെയ്യാൻ മാള പഞ്ചായത്ത് ഭരണസമിതി നടപടി എടുക്കാത്തതിൽ പ്രതിഷേധം. മാള ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ള ഹോമിയോ ഡിസ്പൻസറിയിൽ നിന്നും മാർച്ച് 20ലും ഏപ്രിൽ 3 ലും മാള പഞ്ചായത്തിലേക്ക് അറിയിപ്പ് നൽകിയിട്ടും നാളിതുവരെ പഞ്ചായത്ത് ഇതിനുവേണ്ടി യാതൊരു പ്രാരംഭ നടപടികളും സ്വീകരിച്ചില്ല. പരാതികളും പ്രതിഷേധങ്ങളും ഉയർന്ന് വന്നിട്ടുണ്ട്. ജനങ്ങളുടെ ജീവന് വില കല്പിക്കാത്ത പഞ്ചായത്ത് പ്രസിഡന്റും ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാനും രാജിവയ്ക്കണമെന്നും മരുന്ന് വിതരണം അടിയന്തരമായി പൂർത്തീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പൊതു പ്രവർത്തകനും ഐഎൻടിയുസി നിയോജകമണ്ഡലം പ്രസിഡന്റുമായ വിനോദ് വിതയത്തിൽ മാള പഞ്ചായത്ത് പടിക്കൽ കുത്തിയിരിപ്പ് സമരം നടത്തി. ഇതുമായി ബന്ധപ്പെട്ടു ആരോഗ്യമന്ത്രിക്കും ജില്ല കലക്റ്റർക്കും പരാതി നൽകിയിട്ടുണ്ട്.

പൊതുപ്രവർത്തകനായ വിനോദ് വിതയത്തിൽ കുത്തിയിരിപ്പ് സമരം നടത്തുന്നു.

വാഷ് പിടിക്കൂടി

ഇരിങ്ങാലക്കുട: റബർ തോട്ടത്തിൽ നിന്നും ചാരായം വാറ്റാൻ തയ്യാറാക്കിയ 500 ലിറ്റർ വാഷ് ഇരിങ്ങാലക്കുട എക്സൈസ് റേഞ്ച് ഇൻസ്പെക്റ്റർ എം ആർ മനോജും സംഘവും പിടിച്ചെടുത്തു. വെള്ളിക്കുളങ്ങര വില്ലേജിൽ എരുമക്കാടൻ രവിയുടെ വീടിന്റെ പുറക് വശത്തുള്ള റബർ തോട്ടത്തിൽ നിന്നാണ് വാഷ് പിടിച്ചെടുത്തത്.

വ്യാപാരം നിർത്താൻ ഉത്തരവ്

ഇരിങ്ങാലക്കുട: ലോക്ക് ഡൗൺക്കാലത്തെ നിയന്ത്രണങ്ങൾ ലംഘിച്ച് നഗരഹൃദയത്തിൽ പുകയില ഉൽപ്പന്നങ്ങളുടെ വ്യാപാരം നടത്തിയ കടയുടമയോട് വ്യാപാരം നിറുത്തി വയ്ക്കാൻ നഗരസഭ ആരോഗ്യ വിഭാഗം ഉത്തരവിട്ടു. ലോക്ക് ഡൗൺ നിയന്ത്രണങ്ങളിലെ ഇളവുകളുടെ മറവിലാണ് രാവിലെ മുതൽ തന്നെ ഇവിടെ വ്യാപാരം ആരംഭിച്ചത്. ചുങ്കം സ്വദേശി വർഗീസ് കണ്ടംകുളത്തിയുടെ ലൈസൻസിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

ബലാത്സംഗം, പണം തട്ടൽ: പ്രതി പിടിയിൽ

ചാലക്കുടി: ഫെയ്സ്ബുക്ക് വഴി പരിചയപ്പെട്ട വീട്ടമ്മയുമായി സൗഹൃദത്തിലാവുകയും പിന്നീട് ഭീഷണപ്പെടുത്തി ബലാത്സംഘം ചെയ്യുകയും പണം തട്ടിയെടുത്ത കേസിലെ പ്രതിയെ പിടികൂടി. കൊരട്ടി കവലക്കാട്ട് ഷൈജു പോൾ (45) ആണ് പിടിയിലായത്. സംഭവത്തെ കുറിച്ച് പൊലീസ് പറയുന്നത്. കൊരട്ടി സ്വദേശിയായ വീട്ടമ്മയുമായി കുടുതൽ അടുക്കുകയും ഇവരെ കൊരട്ടിയിലും ആലുവയിലുമെല്ലാം കൊണ്ട് പോയി ഭീഷണിപ്പെടുത്തി മാനഭംഗപ്പെടുത്തുകയായിരുന്നു. പലപ്പോഴായി എടുത്ത നഗ്ന ചിത്രങ്ങൾ വീട്ടുകാരേയും ഭർത്താവിനേയും മറ്റും കാണിക്കുമെന്ന് ഭീഷണിപ്പെടുത്തിയാണ് വീട്ടമ്മയിൽ നിന്ന് സ്വർണവും പണവുമായി ഏകദേശം ഒരു ലക്ഷത്തോളം രൂപ പ്രതി കൈപ്പറ്റിയതായാണ് പറയുന്നത്. നിരന്തരം ഭീഷണിപ്പെടുത്തുന്നത് തുടർന്നപ്പോൾ മാനസിക സംഘർഷത്തെ തുടർന്ന് യുവതി ഭർത്താവിനോട് കാര്യങ്ങൾ പറഞ്ഞതിനെ തുടർന്ന് ഭർത്താവ് കൊരട്ടി പൊലീസിൽ നൽകിയ പരാതിയെ തുടർന്നാണ് പ്രതിയെ പിടികൂടിയത്. നിരവധി ഷോട്ട് ഫിലുമകളുടെ നിർമാതാവു കൂടിയാണ്. ഈ രംഗത്തും ഇത്തരത്തിലുള്ള ഇടപാടുകൾ ഷൈജുവിനുണ്ടായിരുന്നതായി കാണിച്ച് പൊലീസിനെ പലരും വിളിക്കുന്നതായും സി. ഐ പറഞ്ഞു. ഈ കേസുമായി ബന്ധപ്പെട്ട് കൂടുതൽ അന്വേഷണം നടന്നു വരികയാണ്.സി. ഐ. കെ. ബി. അരുൺ കുമാർ, എസ്.ഐ രാമു ബാല ചന്ദ്രബോസ്. എ. എസ്.ഐമാരായ ഷിബു, ഭാഷി, സിപിഎ ദിനേശൻ പി.എം എന്നിവരുടെ നേതൃത്വത്തിലായുരുന്നു അന്വേഷണം നടത്തി പ്രതിയെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി.

അറസ്റ്റിലായ പ്രതി

കരൾരോഗം ബാധിച്ചയാൾക്ക് മരുന്നെത്തിച്ച് വനിതാ പൊലീസ്

ഇരിങ്ങാലക്കുട: കരൾ രോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്ന ഇരിങ്ങാലക്കുട സ്വദേശിക്ക് വനിതാ പൊലീസ് സഹായവുമായെത്തി. ലോക്ക് ഡൗണിൽ അവശതയനുഭവിക്കുന്നവർക്ക് സഹായമെത്തിക്കുന്നതിനുള്ള അന്വേഷണത്തിലാണ് കരൾ രോഗിയായ സുബ്രഹ്മണ്യന്റെ നിസ്സഹായാവസ്ഥ ഇരിങ്ങാലക്കുട വനിതാ പൊലീസ് എസ്ഐ. പി.ആർ. ഉഷയുടെ ശ്രദ്ധയിൽ പെട്ടത്. ഇരിങ്ങാലക്കുടയിലും പരിസരങ്ങളിലും ലഭ്യമാകാത്ത മരുന്ന് തൃശൂർ മെഡിക്കൽ കോളെജിൽ നിന്നാണ് എത്തിച്ച് കൊടുത്തത്.

എല്ലാ വീടുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ വേണം

കൊടുങ്ങല്ലൂർ: നഗരസഭയിലെ എല്ലാ വീടുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങൾ നിർബന്ധമായും ഉണ്ടാകണമെന്ന് നഗരസഭ ചെയർമാൻ കെ.ആർ.ജൈത്രൻ ആവശ്യപ്പെട്ടു. ഇത് സ്ഥാപനങ്ങൾക്കും ബാധകമാണെന്നും ഈ നിയമം കർശനമായി നടപ്പിലാക്കുമെന്നും ചെയർമാൻ പറഞ്ഞു. വീടുകളിൽ ഉണ്ടാകുന്ന ജൈവ മാലിന്യം വീടുകളിൽ തന്നെ സംസ്ക്കരിക്കണം. അതിനാവശ്യമായ ബയോ ഡൈജസ്റ്റർ പോട്ടുകൾ നഗരസഭ ചെറിയ വിലയ്ക്ക് നൽകും. 1550 രൂപ വിലയുള്ള ഈ ഉപകരണത്തിൻറെ 90 ശതമാനം സബ്സിഡി തുകയായ 1395 രൂപ നഗരസഭ നൽകും. ബാക്കി 155 രൂപ ഗുണഭോക്താവ് നൽകിയാൽ മതിയാകും. ബയോഗ്യാസ് പ്ലാൻറുകളും സബ്സിഡി നിരക്കിൽ നൽകും. 13,500 രൂപ വിലയുള്ള പ്ലാൻറ് 12,150 രൂപ സബ്സിഡി കഴിച്ച് ബാക്കി 1350 രൂപയ്ക്ക് നൽകും. ഇവയിലേതെങ്കിലും ഒരെണ്ണം എല്ലാ വീടുകളിലും നിർബന്ധമായി വെക്കണം. ആവശ്യമുള്ളവർ വാർഡ് കൗൺസിലർമാരുമായി ബന്ധപ്പെടുകയോ നഗരസഭയിലെ ആരോഗ്യ വിഭാഗത്തിൽ ബന്ധപ്പെട്ട് അപേക്ഷ പൂരിപ്പിച്ച് പണമടയക്കുകയോ ചെയ്യണം. ലോക്ഡൗണിൽ ഇളവുകൾ വന്നതിനെ തുടർന്ന് അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് ഹരിത കർമ്മ സേന ശേഖരിച്ചു തുടങ്ങിയതായും ചെയർമാൻ അറിയിച്ചു. മഴക്കാല പൂർവ ശുചീകരണത്തിന്റെ ഭാഗമായി എല്ലാ വീടുകളും പരിസരവും ശുചീകരിക്കണം.

മരുന്നുകൾ എംഎൽഎക്ക് കൈമാറി

കുന്നംകുളം : ഡ്രഗ് ബാങ്ക് പദ്ധതിയുടെ ഭാഗമായി ഷെയർ ഏന്റ് കെയർ ചാരിറ്റബിൾ സൊസൈറ്റി ശേഖരിച്ച മരുന്നുകൾ അനിൽ അക്കര എം.എൽ.എക്ക് ഷെയർ ഏന്റ് കെയർ പ്രസിഡന്റ് ലെബീബ് ഹസൻ കൈമാറി. ലോക്ക്ഡൗണിന്റെ ഭാഗമായി എം.എൽ.എയുടെ നേതൃത്വത്തിൽ നടത്തുന്ന സൗജന്യ മരുന്ന് വിതരണ പദ്ധതിയിൽ ഉപയോഗിക്കുന്നതിനാണ് മരുന്നുകൾ കൈമാറിയത്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ അംഗങ്ങളിൽ നിന്ന് ശേഖരിച്ച മരുന്നുകൾ കേരള പ്രൈവറ്റ് ഫാർമസിസ്റ്റ് അസോസിയേഷൻ അംഗങ്ങളുടെ സഹായത്തോടെ ഉപയോഗിക്കാൻ കഴിയുന്നവ തരംതിരിച്ച് വിതരണം ചെയ്യുന്ന പദ്ധതിയാണ് ഡ്രഗ് ബാങ്ക് .എം. ബിജുബാൽ, ഗ്രിഗറി പി. ചാക്കോച്ചൻ, ഷമീർ ഇഞ്ചിക്കാലയിൽ, വർഗീസ് ചൊവ്വന്നൂർ, അജിത്ത് എം.ചീരൻ,ജിഷാർ ഇഞ്ചിക്കാലയിൽ,എ.എം കണ്ണൻ എന്നിവർ സന്നിഹിതരായിരുന്നു. ഇത്തരത്തിൽ ശേഖരിച്ച മരുന്നുകൾ കഴിഞ്ഞ മാസം പഴഞ്ഞി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനും കൈമാറിയിരുന്നു.

ഓൺലൈൻ ഫുട്ബോൾ കോച്ചിങ്ങുമായി മാള രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ

മാള: ലോക് ഡൗൺ കാലത്തു വീടിന്റെ മതിൽ കെട്ടിൽ അകപ്പെട്ട വിദ്യാർഥികൾക്കായി മാളയിലെ ഡോ.രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ ഫുട്ബോൾ കോച്ചിങ് ക്യാംപ് സംഘടിപ്പിച്ചിരിക്കുന്നു. വെക്കേഷനിൽ ലണ്ടനിലുള്ള ആന്റണി, ഡൽഹിക്കാരനായ ഷുഭം സിംഗ്, എന്നിവരടക്കം ഗൾഫിലും ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലുമുള്ള നൂറ്റിഇരുപതോളം വിദ്യാർഥികൾ ഫുട്ബോളുമായി വൈകിട്ട് നാലുമണിക്ക് അവരവരുടെ വീട്ടുമുറ്റത്ത് കോച്ചിങ്ങിനു തയ്യാറാകുന്നു. സ്കൂൾ ഫുട്ബോൾ കോച്ചും സംസ്ഥാന അണ്ടർ 22 ടീമംഗവും കേരള ബ്ലാസ്റ്റേഴ്സിന്റെ അണ്ടർ 13 ന്റെ കോച്ചുമായിരുന്ന മുഹമ്മദ് റാഫി ആലുവയിലെ വീട്ടിൽ നിന്നും ഇന്റർനെറ്റിലെ സൂം ആപ്ലിക്കേഷനിലൂടെ കൊടുക്കുന്ന ഇരുപത് മിനിറ്റ് തിയറി ക്ലാസിലൂടെ ലഭിച്ച നിർദ്ദേശമനുസരിച് അവരവരുടെ വീട്ടുമുറ്റത്ത് പ്രാക്റ്റീസ് ആരംഭിക്കുകയായി. 6. 30 ന് തുടരുന്ന പ്രാക്റ്റിസിൽ പന്തടക്കത്തിന്റെയും മെയ് വഴക്കത്തിന്റെയും ബോഡി ഫിറ്റ്നസിന്റെയും ക്ലാസുകളാണ് പ്രധാനമായി നടത്തുന്നത്.അവധി തുടങ്ങിയപ്പോൾ തന്നെ എല്ലാ ക്ലാസുകളിലേയ്ക്കും ഓൺലൈൻ ക്ലാസുകളും പരീക്ഷകളും ആരംഭിച്ച ഡോ.രാജു ഡേവിസ് ഇന്റർനാഷണൽ സ്കൂൾ, ഫുട്ബോൾ കോച്ചിങ് കൂടാതെ 35 ഓളം ഇനങ്ങളിൽ കൊവിഡുമായി ബന്ധപ്പെട്ട ഓൺലൈൻ മത്സരങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. പെൺകുട്ടികളുടെ അവധിക്കാല വ്യായാമത്തെ കണക്കിലെടുത്തു സുംബാ ഡാൻസാണ് മറ്റൊരിനം. എല്ലാദിവസവും ഉച്ചക്ക് 12 മണിക്ക് കൊവിഡിനെക്കുറിച്ചുള്ള ലോക വിശേഷങ്ങൾ അടങ്ങുന്ന ക്വിസ് മത്സരവും രാത്രി 7 മണിക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കി 'സൂം' കോൺഫെറൻസുമാണ് മറ്റൊരു പ്രത്യേകത. ഓരോ ഇനത്തിന്റെയും 2 മിനിറ്റ് വീഡിയോ സ്കൂളിലെയെക്ക് അയക്കുകയും ആയത് സ്കൂളിന്റെ ഫേസ്ബുക് പേജിൽ അപ്ലോഡ് ചെയ്യുന്നു.വിജയികൾക്ക് സമ്മാനങ്ങളും നൽകുന്നു. ഇതിനകം ഇരുന്നൂറോളം വീഡിയോകൾ ലഭിച്ചു കഴിഞ്ഞു. രണ്ടായിരത്തോളം വീഡിയോകളാണ് പ്രതീക്ഷിക്കുന്നതെന്ന് ചെയർമാൻ ഡോ.രാജു ഡേവിസ് പെരേപ്പാടൻ അറിയിച്ചു.

പച്ചക്കറികൃഷിയുടെ വിളവെടുപ്പ് ഉദ്ഘാടനം കടങ്ങോട് പഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ നിർവഹിക്കുന്നു

കാർഷിക വിളവെടുപ്പ് നടത്തി

എരുമപ്പെട്ടി: വെള്ളറക്കാട് സഹകരണ ബാങ്കിന്റെ ഹരിതം സഹകരണം പദ്ധതിയുടേയും കടങ്ങോട് കൃഷിഭവൻ ജീവനി പദ്ധതിയുടേയും ഭാഗമായി ചിറമനങ്ങാട് മഹിമ ഗ്രൂപ്പിന്റെ വിളവെടുപ്പ് ഉദ്ഘാടനം കടങ്ങോട് പഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് എം.ടി വേലായുധൻ, കൃഷി ഓഫീസർ ബിന്ദു, ബാങ്ക് സെക്രട്ടറി പി.എസ്.പ്രസാദ്, ഡയറക്റ്റർമാരായ ഫ്രാൻസിസ് കൊള്ളന്നൂർ, മീന സാജൻ, കെ.എം അഷറഫ്, ഗ്രൂപ്പ് കൺവീനർ ഷനിൽ മാസ്റ്റർ, മറ്റു കൃഷിക്കാർതുടങ്ങിയവർ പങ്കെടുത്തു.

വ്യാജ മദ്യ കേസിൽ നാലുപേർ അറസ്റ്റിൽ

ചാലക്കുടി: കൊലപാതക കേസിലെ പ്രതിയടക്കം നാലുപേർ വ്യാജ മദ്യകേസിൽ കൊരട്ടിയിൽ പിടിയിലായി.കൊരട്ടി പാലപ്പിള്ളിയിൽ കഴിഞ്ഞ ദിവസം രാത്രി കൊരട്ടി സി. ഐ. ബി. കെ അരുണും സ്ഘവും നടത്തിയ റെയ്ഡിൽ നാലു ലിറ്റർ ചാരായവും വാറ്റുപകരണങ്ങളും പിടിച്ചെടുത്തു. പാലപ്പിള്ളി സ്വദേശികളായ പനംക്കൂട്ടത്തിൽ സദാനന്ദൻ (49),കവരപറമ്പ് വീട്ടിൽ പ്രതാപൻ (29),ഓട്ടുങ്ങൽ വീട്ടിൽ മഹേഷ് (30), കണ്ണംമ്പിള്ളി വിനോജ് (30) എന്നിവരാണ് പിടിയിലായത്. ലോക് ഡൗണിന്റെ പാശ്ചാത്തലത്തില# മദ്യശാലകളും മറ്റും അടച്ചു പൂട്ടിയത്തിനെ തുടർന്ന് വ്യാജ മദ്യ നിർമ്മാണവും വിതരണവും തടയുക എന്ന ലക്ഷ്യത്തോടെ കൊരട്ടി സർക്കിൾ ഇൻസ്പെക്റ്റർ നടത്തുന്ന പ്രത്യേക ക്യാംപയിന്റെ ഭാഗമായിട്ടായിരുന്നു റെയ്ഡ്.പാലപ്പിള്ളി മേഖലയിൽ വ്യാജമദ്യം സുലഭമായി ലഭിക്കുന്നുണ്ടെന്ന വിവിരത്തെ തുടർന്ന് ഈ മേഖലയിൽ പൊലീസ് നിരീക്ഷണംശക്തമായിരുന്നു.കഴിഞ്ഞ ദിവസം പൊലീസ് നടത്തിയ തെരച്ചിലിനിടയിലാണ് പോർക്കിനെ വളർത്തുന്ന ഫാമിൽ വ്യാജ വാറ്റ് നടത്തി കൊണ്ടിരിക്കുകയായിരുന്നു പ്രതികളായ നാലുപേരും. രാത്രിയിൽ ചാരായം വാറ്റുന്നത്തിനിടിയിൽ പൊലീസ് ചെന്നത് പോലും പ്രതികൾ അറിഞ്ഞില്ല. കേസിലെ പ്രതി പ്രതാപൻ രണ്ടായിരത്തിനാലിൽ ബന്ധുവിനെ മുൻ വൈരഗ്യത്തിന്റെ പേരിൽ വെട്ടി കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ്. വ്യാജ വാറ്റ് വലിയ വിപുലമായ രീതിയിലായിരുന്നു നടത്തിയിരുന്നത്. സംഭവത്തിൽ കൂടുതൽ പേർ ഉൾപ്പെട്ടിടുണ്ടോയെന്ന് അന്വേഷിക്കുമെന്ന സി. ഐ ബി. കെ. അരുൺ പറഞ്ഞു. എസ്. ഐ. രാമു ബാല ചന്ദ്ര ബോസ്,എഎസ്ഐമാരായ പ്രദീപ് എം.എസ്, സജീവ്, കെ. വി. തമ്പി, പി. സുധീർ, സീനിയർ സിപിഒ രജ്ജിത് വി. ആർ., ദിനേശൻ പി. എം, ഹോം ഗാർഡ് രവി എന്നിവരുടെ നേതൃത്വത്തിലാണ് പ്രതികളെ പിടികൂടിയത്. നടപടിക്രമങ്ങൾക്ക് ശേഷം പ്രതികളെ കോടതിയിൽ ഹാജരാക്കും.

അറസ്റ്റിലായ പ്രതികൾ

പൊലീസുകാർക്ക് എംപിയുടെ കൈത്താങ്ങ്

പാലക്കാട് : ജില്ലയിലെ പൊലീസുകാർക്ക് വീണ്ടും പാലക്കാട് എംപി വി.കെ ശ്രീകണ്ഠന്റെ കരുതൽ കൈത്താങ്ങ്. എംപിയുടെ നിർദ്ദേശാനുസരണം ഷൊർണൂർ കേരളീയ ആയുർവേദ സമാജം ആശുപത്രിയുടെ നേതൃത്വത്തിൽ പ്രതിരോധ ശേഷി വർദ്ധിപ്പിക്കാനുള്ള മരുന്നുകൾ ജില്ലയിലെ പൊലീസ് ഉദ്യോഗസ്ഥർക്ക് നൽകി. ലോക്ക് ഡൗൺ സമയത്ത് ചുട്ടുപൊള്ളുന്ന വെയിലിൽ വാഹന പരിശോധന ഉൾപ്പെടെയുള്ള ജോലി ചെയ്യുന്ന പൊലീസ് ഉദ്യോഗസ്ഥർക്ക് മറ്റു അസുഖങ്ങൾ വരാതിരിക്കാൻ വേണ്ടിയാണ് എംപിയുടെ കരുതൽ എന്ന നിലയിൽ പ്രതിരോധ ശേഷി വർധിപ്പിക്കാൻ ഉള്ള മരുന്നുകൾ നൽകിയത്. എംപിയുടെ നേതൃത്വത്തിൽ ആഴ്ചകൾക്ക് മുൻപ് പൊലീസ് ഉദ്യോഗസ്ഥർക്ക് മുഖാവരണങ്ങളും കയ്യുറകളും നൽകിയിരുന്നു. സമാജം ഡയറക്റ്റർമാരായ കെ കൃഷ്ണകുമാർ, പി എം മുരളീധരൻ, സമാജം പാലക്കാട് ബ്രാഞ്ച് ഡോ. സുജീധര പ്രസാദ്, ശ്രീദേവി എന്നിവർ ചേർന്ന് ജില്ലാ പൊലീസ് മേധാവി ജിശിവവിക്രമിന് മരുന്നുകൾ കൈമാറി.

ചാലക്കുടിയിൽ ലോക് ഡൗൺ നിയന്ത്രണം തുടരും

ചാലക്കുടി: ചാലക്കുടി നഗരസഭ ഹോട്ട് സ്പോട്ടായി തുടരുന്നതിനാൽ നഗരസഭ പ്രദേശത്ത് ലോക് ഡൗൺ കാലത്തെ നിയന്ത്രണങ്ങൾ തുടരുമെന്ന് അധികൃതർ അറിയിച്ചു. സമീപ പഞ്ചായത്തുകളിൽ ഓറഞ്ച് സോണിൽ പറയുന്ന ഇളവുകൾ ഉണ്ടായിരിക്കും. നഗരസഭയിൽ ഇപ്പോഴും നാലപ്പത്തിയേഴ് പേർ നിരീക്ഷണത്തിലുണ്ടെന്നും അതിൽ ഇരുപത്തിമൂന്ന് പേർ താലൂക്ക് ആശുപത്രിയിലെ ഡോക്റ്റർമാരും., നേഴ്സുമാരും ആണെന്ന് നഗരസഭയിൽ നടന്ന അവലോക യോഗത്തിൽ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ പതിനേഴാം തീയതിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നഗരസഭയെ ഹോട്ട് സ്പോട്ടായി പ്രഖ്യാപ്പിച്ചിരിക്കുന്നത്.ഈ തീരുമാനം മാറണമെങ്കിൽ അടുത്ത യോഗത്തിൽ മാത്രമെ മാറ്റുവാൻ സാധിക്കു സാധരണയായി ഏഴ് ദീവസം കൂടമ്പോഴാണ് യോഗം നടക്കുന്നത് അങ്ങിനെ എങ്കിൽ 24 തീയതി വരെ നഗരസഭയിൽ ലോക് ഡൗൺ സമയത്തെ പോലെ അവശ്യ സർവീസുകളും, സാധനങ്ങളും വിൽക്കുന്ന സ്ഥാപനങ്ങൾ മാത്രമെ തുറന്ന് പ്രവർത്തിക്കുവാൻ സാധിക്കു. ഓറഞ്ച് സോണിൽ പറയുന്ന ഇളവനുസരിച്ച നഗരത്തിൽ തുറന്നിരുന്ന നൂറോളം വ്യാപാര സ്ഥാപനങ്ങൾ മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളും സഹകരണത്തോടെ പൊലീസ് അടപ്പിച്ചു. നഗരത്തിലേക്ക് സമീപ പഞ്ചായത്തുകളിൽ നിന്നും മറ്റും വരുന്ന പതിനൊന്ന് കേന്ദ്രങ്ങളിൽ പൊലീസ് പരിശോധന കർശനമാക്കി. അനാവശ്യ യാത്രകൾ ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ്. ചാലക്കുടിയിൽ നിലവിൽ സ്ഥിത ശാന്തമാണെന്ന കാര്യം നഗരസഭ സെക്രട്ടറി സർക്കാരിനെ രേഖമൂലം അറിയിക്കും.ജില്ലയിലെ മന്ത്രിയടക്കമുള്ളവരെ നഗരസഭയിലെ സ്ഥിതിഗതികൾ അറിയിക്കുകയും ഹോട്ട് സ്പോട്ട് മാറ്റുവാൻ വേണ്ട കാര്യങ്ങൾ സ്വീകരിക്കുവാൻ അഭ്യർഥിച്ചു. ഹോട്ട് സ്പോട്ട് തീരുമാനങ്ങൾ കേന്ദ്ര സംസ്ഥാന സര്ക്കാരുകളുടെ നിയന്ത്രണത്തിലായത്തിനാൽ ബന്ധപ്പെട്ട അധികൃതരെ പുതിയ കണക്കുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അധികൃതർ പറഞ്ഞു. എന്നാൽ കൊറോണ സ്ഥിരീകരിച്ച കോടശ്ശേരി പഞ്ചായത്തും. മാള പഞ്ചായത്തും ഹോട്ട് സ്പോട്ടിൽ വന്നിട്ടുമില്ല.ബി. ഡി. ദേവസി എംഎൽഎ, നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺ കുമാർ, വൈസ് ചെയർമാൻ വിൻസെന്റ് പാണാട്ടു പറമ്പൻ, സെക്രട്ടറി എം. എസ്. ആകാശ്, സി. ഐ. കെ.എസ്. സന്ദീപ്. ആശുപത്രി സൂപ്രണ്ട് ഡോ. എൻ. എ. ഷീജ, ആരോഗ്യവിഭാഗം അധികൃതർ തുടങ്ങിയവർ പങ്കെടുത്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor ,* Responsible for selection of news under PRB Act), E. Rudran Warrier (Executive Editor), Vol 13, Issue No.108 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from **Vaartha News Network Pvt.Ltd,** Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

വൈദ്യുതി മുടങ്ങും

മുഹമ്മ: കെ.എസ്ഇ.ബി പാതിരപ്പള്ളി സെക്ഷൻ പരിധി യിൽ എൻ.എസ്.എസ്, മാർക്കറ്റ്, വില്ലേജ്, ഐഡിയ, റിലയൻസ്, ബി.എസ്.എൻ.എൽ റാണി എന്നീ ട്രാൻസ്ഫോർമറുകളിൽ രാവിലെ 9 മുതൽ 2 വരെയും ജോബ്, രാമവർമ്മ ,അയ്യൻകാളി, എവർഷൈൻ, സാംസ്ക്കാരിക നിലയം, നെഹ്റു ,വ്യാസപുരം ,ഇന്ദിര കോളനി, ഇറാണ്ടിയ, കോളേജ് ജംഗ്ഷൻ എന്നീ ട്രാൻസ്ഫോർമറുകളിൽ ഉച്ചയ്ക്ക് ഒന്ന് മുതൽ വൈകുന്നേരം 6 വരെയും വൈദ്യുതി മുടങ്ങും.

ഡ്രോൺ പരിശോധനയുമായി കുത്തിയതോട് എക്സൈസും

തുറവൂർ. വ്യാജവാറ്റ് പിടികൂടുവാനായി ഡ്രോൺ പരിശോധനയുമായി കുത്തിയ തോട് എക്സൈസ്.

.ലോക്ക് ഡൗൺ സാഹചര്യം നിലനിൽക്കുന്നതിനാൽവ്യാജവാറ്റു തടയുന്നതിനായി കുത്തിയതോട് റേഞ്ചിലെ ചെറിയ തുരുത്തുകളായ വളമംഗലം കോളേജിന് കിഴക്ക് ഭാഗം ,ചൂർണ്ണിമംഗലം ഭാഗത്തുള്ള തുരുത്ത് ,കാക്കത്തുരുത്തിൻ്റെ കുറച്ച് ഭാഗങ്ങൾ, ചമ്മനാട് എന്നീ സ്ഥലങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തി. പരാതി ഉള്ളതും, വ്യാജ വാറ്റു നടത്തുവാൻ സാധ്യത ഉള്ളതും , എളുപ്പം എത്തിപ്പെടുവാൻ സാധിക്കാത്തതുമായ ചെറു തുരുത്തകളിലും, ചെമ്മീൻ കെട്ടുള്ള പ്രദേശങ്ങളിലും, കായൽ ചിറകളിലും ആണ് ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തിയത്.

നിരീക്ഷണത്തിൽ വ്യാജങ്ങളെ കുറിച്ച് ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. തുടർന്നും റെയ്ഞ്ചിൻ്റെ മറ്റു പ്രദേശങ്ങളിലും ഡ്രോൺ സംവിധാനം ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതാണ്. കുത്തിയതോട് എക്സൈസ് ഇൻസ്പെക്ടർ പി എസ് സുജിത്തിൻ്റെ നേതൃത്വത്തിലായിരുന്നു പരിശോധന പാർട്ടിയിൽ പ്രിവൻ്റീവ് ഓഫീസർ സബിനേഷ് ജിത്ത് സിവിൽ എക്സൈസ് ഓഫീസർ മാരായ സാജൻ ജോസഫ് ,പി കെ സുധി കുമാർ എന്നിവരും പരിശോധനാ സംഘത്തിൽ ഉണ്ടായിരുന്നു. ഡ്രോൺ ഓപ്പറേറ്ററുടെ സേവനം ഉപയോഗിച്ചാണ് ഡ്രോൺ പറത്തിയത്.

ശുചിമുറി മാലിന്യം തള്ളിയവർ പിടിയിൽ

മുഹമ്മ : കഴിഞ്ഞ ദിവസം റോഡരുകിൽ ശുചി മുറി മാലിന്യം തള്ളിയ കേസിൽ മുഹമ്മ സ്വദേശികളായ നാലു പേരെ മുഹമ്മ പൊലീസ് അറസ്റ്റു ചെയ്തു.വാഹന ഉടമ മുഹമ്മ തുണ്ടുചിറയിൽ ലിനോദാസ് , കായിച്ചിറയിൽ പ്രശാന്ത്, നികർത്തിൽ വിനു , കഞ്ഞിക്കുഴി ഒമ്പതാം വാർഡിൽ തോട്ടുങ്കൽ മിഥുൻ എന്നിവരെയാണ് അറസ്റ്റു ചെയ്തത്. മുഹമ്മ- ആലപ്പുഴ റോഡിലും എലിപ്പനംറോഡിലും പൊന്നാട്- മുഹമ്മ റോഡരുകിലുമാണ് മാലിന്യം ഒഴുക്കിയത്.പ്രതികളെ ജാമ്യത്തിൽ വിട്ടയച്ചു.

ഹ്രസ്വചിത്രം പ്രകാശനം ചെയ്തു

ചേർത്തല: ലോക്ക്ഡൗൺ വേളയിൽ ചേർത്തലയിലെ വിവിധ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുപ്പക്കാർ ചേർന്ന് അഭിനയിച്ച കോവിഡ് 19 നെ പ്രതിരോധിക്കുന്നതിനായ് ദൈവത്തിൻ്റെ നാട് എന്ന പേരിൽ പത്ത് മിനിട്ട് ദൈർഘ്യമുള്ള ഹ്രസ്വ ചിത്രം പ്രകാശനം ചെയ്തു. നാട്ടിൻ പുറങ്ങളിൽ ചെറുപ്പക്കാരുടെ ഇടയിൽ മദ്യപാന ആസക്തിയും കൊറോണക്കാലത്ത് അത് ലഭിക്കാത്തത് കൊണ്ടുള്ള വിരസതയും ഈ ഹ്രസ്വ ചിത്രത്തിൽ പ്രമേയമാകുന്നുണ്ട്.

ഗൾഫിൽ ജോലിചെയ്യുന്ന ഇവരുടെ സുഹൃത്ത് മലയാളികളുടെ കൊറോണക്കാലത്തെ നൊമ്പരങ്ങൾ അടച്ചിട്ട മുറിയിൽ ഇരുന്ന് വീഡിയോ കോളിലൂടെ സുഹൃത്തുക്കളോട് വിവരിക്കുന്നതിലൂടെ ഇനി കൂട്ടം കൂടുകയില്ലെന്നും സാമൂഹ്യ അകലം പാലിച്ച് വീട്ടിൽ ഇരുന്ന് കോവിഡിനെ പ്രതിരോധിക്കുമെന്ന് പ്രതിജ്ഞ ചെയ്താണ് ഈ ഹ്രസ്വ ചിത്രം അവസാനിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ ഹെൽത്ത് ഇൻസ്പെക്ടറായി ജോലി ചെയ്യുന്ന ലാൽ ചേർത്തല രചനയും അദ്ദേഹത്തിൻ്റെ അനുജൻ ദീപു ചേർത്തല സംവിധാനവും ചേർത്തല രഘുവും ദിലീപും ചേർന്ന് വീഡിയോ ഗ്രാഫിയും നിർവ്വഹിച്ച ഈ ചിത്രത്തിൽ രാജേഷ് രാധാകൃഷ്ണൻ, ബാബു കളരിവെളി, ഫിജോ ജോസഫ് , രജനീകാന്ത് , വിനോദ് കുമാർ എന്നിവരാണ് അഭിനയിച്ചിരിക്കുന്നത്.

എം.പി സന്ദർശിച്ചു

ചേർത്തല: തൈക്കാട്ടുശേരി ഗ്രാമപഞ്ചായത്തിലെ സമൂഹ അടുക്കള അഡ്വ. എ എം ആരിഫ് എം.പി സന്ദർശിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡൻ്റ് ശാന്തമ്മ പ്രകാശ്, വൈസ് പ്രസിഡൻ്റ് കെ ആർ പുഷ്കരൻ, പി ശശികല എന്നിവർ ഒപ്പമുണ്ടായിരുന്നു.

യുവാക്കളുടെ കൂട്ടായ്മയിൽ വിരിഞ്ഞത് പരിമളം പരത്തുന്ന ശലഭോദ്യാനം

കൗതുക കാഴ്ചയായ മണ്ണഞ്ചേരി മംഗളാപുരം മാർക്കറ്റിനു സമീപത്തെ പൂന്തോട്ടം

മുഹമ്മ: ആരൊരാളിലും സന്തോഷത്തിൻ്റെ നിലാവ് വിരിക്കും ശലഭോദ്യാനം. പുത്തനമ്പലം -ആശ്രമം റോഡിൽ മണ്ണഞ്ചേരി മംഗളാപുരം മാർക്കറ്റിലാണ് കാഴ്ചയുടെ അഴകായി പൂന്തോട്ടം ഒരുക്കിയിരിക്കുന്നത്.

മംഗളാപുരത്തെ ചൊരിമണൽ വേനൽക്കാലമായൽ വറുത്തിട്ട മണൽപോലെ ചുട്ടുപൊള്ളും .അവിടെയാണ് ഏതാനും ചെറുപ്പക്കാരുടെ ശ്രമഫലമായി പരിമളം പരത്തുന്ന പൂക്കളും പൂക്കളെപ്പോലുള്ള പൂമ്പാറ്റകളും നിറഞ്ഞ നല്ലൊരു മലർവാടി ഒരുക്കിയിട്ടുള്ളത്. പാഴ്വസ്തുക്കളിലും മണലിലും ചുറ്റു വേലികളിലുമായാണ് ചെടി നട്ടു പരിപാലിക്കുന്നത്. ഇവിടെ ചെത്തിയും ചെമ്പരത്തിയും അരളിയും നിത്യ കല്യാണിയും ചെണ്ടുമുല്ലയും വാടാമുല്ലയും പത്തു മണിപ്പൂക്കളും ഓർക്കിഡും . പൂത്തു വിരിഞ്ഞ് അഴകാനന്ദം ചൊരിയുകയാണ് .

കഴിഞ്ഞ കന്നി -5 ന് സമാധി ദിനാചരണ ചടങ്ങുകൾ കഴിഞ്ഞ് വിശ്രമിക്കുമ്പോഴാണ് ഇങ്ങനെയൊരു ആശയം ചെറുപ്പക്കാരുടെ മനസ്സിൽ പൂവിട്ടത്. ഉടൻ തന്നെ പൂന്തോട്ട നിർമ്മാണത്തിന് തുടക്കം കുറിക്കുകയായിരുന്നു.

പ്രദേശത്തുകാരായ അമൽ ,സച്ചു, സൂരജ് ,അജയ് ഘോഷ്, യദു ,ആദർശ് ,പ്രവീൺ ,അക്ഷയ് ,മധു ,ഹരികൃഷ്ണൻ ,വിപിൻ തുടങ്ങിവരാണ് പൂന്തോട്ടം ഒരുക്കിയത്. പൂന്തോട്ടം പൂവണിഞ്ഞപ്പോൾ സംരക്ഷിക്കാൻ സമീപത്തെ കച്ചവടക്കാരും നാട്ടുകാരും രംഗത്തുണ്ട്. മംഗളാപുരം ദേശത്തിൻ്റെ പേര് അന്വർത്ഥമാകുകയാണ് ഈ പൂന്തോട്ടം.

തീരുമാനം ആരോഗ്യവകുപ്പുദ്യോഗസ്ഥരുടെ യോഗത്തിൽ

കൊറോണ പ്രതിരോധം: ബോധവത്കരണം ശക്തിപ്പെടുത്താൻ നടപടികൾ

ആലപ്പുഴ:ലോക്ഡൗൺ ഇളവുകൾ ജില്ലയിൽ നടപ്പിലാക്കിയ സാഹചര്യത്തിൽ, ജാഗ്രത കൈവിടാതിരിക്കാൻ ബോധവത്കരണം കൂടുതൽ ശക്തിപ്പെടുത്തും. ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കലക്ടറേറ്റിൽ നടന്ന ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് തീരുമാനം.

കൊറോണ പ്രതിരോധം ഭരണകൂടത്തിൻറെ മാത്രമല്ല ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണെന്ന് ഓർമിപ്പിക്കൽ കൂടി ബോധവത്കരണത്തിൻറെ ലക്ഷ്യമാണ്. ഇതിനായി ഫലപ്രദമായ ക്യാമ്പയിൻ ആവിഷ്കരിക്കും.നിയന്ത്രണങ്ങൾ പൂർണ്ണമായും നീക്കുമ്പോൾ, സംസ്ഥാനത്തിനു പുറത്തു നിന്നും, രാജ്യത്തിന് പുറത്തു നിന്നും ജില്ലയിൽ എത്താൻ സാധ്യതയുള്ള വ്യക്തികളുടെ വിവരങ്ങൾ ശേഖരിക്കാനും ജില്ലാ കലക്ടർ നിർദേശം നൽകി. ഓരോ വീട്ടിലും തിരിച്ചെത്താൻ സാധ്യതയുള്ള പ്രവാസികളുടെ വിവരങ്ങളും, ഓരോ വീട്ടിലും ഐസൊലേഷനിലിരിക്കാനുള്ള സൗകര്യവും അടക്കമുള്ള വിവരശേഖരണം ആണ് നടത്തുന്നത്. കോവിഡ് പ്രതിരോധത്തിൻ്റെ അടുത്തഘട്ടത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഈ വിവരശേഖരണം സഹായിക്കും.

ലോക്ഡൗൺ ഇളവ് നൽകിയ സാഹചര്യത്തിൽ, പ്രവർത്തിക്കാൻ അനുവാദം നൽകിയ വാണിജ്യ, വ്യവസായ സ്ഥാപനങ്ങളിൽ കൈ കഴുകൽ, സാനി റൈറസർ ഉപയോഗം, സാമൂഹ്യ അകലം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രസ്താവിക്കുന്ന ബോർഡുകൾ സ്ഥാപിക്കും. കൊറോണ പ്രതിരോധ ബോധവൽക്കരണത്തിൻറെ ഭാഗമായാണിത്ആരോഗ്യപ്രവർത്തകർ ഒരോ വീടുകളും സന്ദർശിച്ചു നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തും.

പൊതുഗതാഗതം പുന: സ്ഥാപിക്കുമ്പോൾ, റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാൻഡുകളിലും നിരീക്ഷണ സംവിധാനം ശക്തമാക്കണമെന്നും ജില്ലാ കലക്ടർ ആരോഗ്യവകുപ്പിന് നിർദേശം നൽകി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ അനിതകുമാരി, മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോക്ടർ സൈറു ഫിലിപ്പ്, ഡെപ്യൂട്ടി ഡിഎംഒ ഡോ. അനു വർഗീസ്, തുടങ്ങിയവർ പങ്കെടുത്തു.

വസ്ത്രവ്യാപാരശാലകളും ചെരുപ്പുകടകളും തുറക്കരുത്

വസ്ത്ര വ്യാപാര ശാലകൾ, ചെരുപ്പു കടകൾ, ലേഡീസ് സ്റ്റോർ, ജ്വല്ലറികൾ, ബാർബർ ഷോപ്പുകൾ, ബ്യൂട്ടിപാർലറുകൾ എന്നിവ തുറന്നു പ്രവർത്തിക്കരുതെന്ന് ജില്ലാ കലക്ടർ എം അഞ്ജന അറിയിച്ചു.

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഇന്നലെ തുറന്നു പ്രവർത്തിച്ചതായി ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിലാണ്, ലോക് ഡൗൺ ഇളവുകൾ ഇവയ്ക്ക് ബാധകമല്ലെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ കലക്ടറുടെ അറിയിപ്പ്. റസ്റ്റോറൻറുകളിൽ സന്ദർശകർക്ക് ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അനുവാദവും ഇല്ല. അന്തർ ജില്ലാ യാത്രകൾ സർക്കാർ നിഷ്കർഷിച്ച ഇളവുള്ള ഗ്രൂപ്പുകൾക്ക് മാത്രമായിരിക്കും.

ചേർത്തലയിൽ ആർദ്ര ഹാബിറ്റാറ്റിൻ്റെയും ജനമൈത്രി പോലീസിൻ്റേയും പ്രസ് ക്ലബിൻ്റേയും ആഭിമുഖ്യത്തിൽ നടന്ന സൗജന്യ ഭക്ഷ്യധാന്യ കിറ്റ് വിതരണം എറണാകുളം മേഖല ഡി.ഐ.ജി കാളിരാജ് മഹേശ്വർ നിർവഹിക്കുന്നു

ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു

ചേർത്തല: ചേർത്തല ആർദ്ര ഹാബിറ്റാറ്റിൻ്റെ ആഭിമുഖ്യത്തിൽ ജനമൈത്രി പോലീസിൻ്റെയും ചേർത്തല പ്രസ് ക്ലബിൻ്റെയും സഹകരണത്തോടെ നിർധനരായ ലോട്ടറി വിൽപ്പനക്കാർക്കും ഓട്ടോ തൊഴിലാളികൾക്കും സൗജന്യമായി ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്തു.

ചേർത്തല നഗരസഭ ഷോപ്പിങ് കോംപ്ലക്സിൽ നടന്ന ചടങ്ങിൽ എറണാകുളം മേഖല ഡി.ഐ.ജി കാളിരാജ് മഹേശ്വർ വിതരണം നിർവഹിച്ചു. പ്രസ് ക്ലബ് പ്രസിഡൻ്റ് ടി.പി സുന്ദരേശൻ അധ്യക്ഷത വഹിച്ചു. ആർദ്ര ഹാബിറ്റാറ്റ് എം.ഡി പി.ഡി ലക്കി മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പോലീസ് മേധാവി ജെയിംസ് ജോസഫ്, ഡിവൈ.എസ്.പി എ.ജി ലാൽ, പൂച്ചാക്കൽ ശ്രീകൺഠേശ്വരം ശ്രീനാരായണ എച്ച്.എസ്.എസ് മാനേജർ കെ.എൽ അശോകൻ, പ്രസ് ക്ലബ് സെക്രട്ടറി കെ.എൻ.എ ഖാദർ എന്നിവർ പങ്കെടുത്തു. ലോക് ഡൗൺ മൂലം കാലടി വനത്തിൽ അകപ്പെട്ട അതിഥി തൊഴിലാളികൾക്കും ഇതര വിഭാഗങ്ങൾക്കും ഭക്ഷ്യകിറ്റുകളും പൊലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യ പ്രവർത്തകർക്കും പഴവർഗങ്ങളും ശീതള പാനീയങ്ങളും മാസ്കും നേരത്തെ വിതരണം ചെയ്തിരുന്നു.

വാഹന സവാരി നടത്തിയാൽ പിടിവീഴും

മാവേലിക്കര:ലോക് ഡൗൺ ഇളവുകളിൽ വീഴ്ചവരുത്തി വാഹന സവാരി നടത്തിയാൽ പിടിവീഴും. മോട്ടോർ വാഹന വകുപ്പാണ് ഇന്നലെ ഇരട്ട അക്കനമ്പരിൽ അവസാനിക്കുന്ന വാഹനങ്ങൾ നിരത്തിലിറക്കിയവരെ കുടുക്കിയത്. ജോ.ആർ.ടി.ഓ എം.ജി മനോജിൻ്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ 34 വാഹനങ്ങൾക്കെതിരെയാണ് കേസ് എടുത്തത്. ഇതിൽ കൂടുതലും സ്വകാര്യ വാഹനങ്ങളാണ്. കേസ് എടുത്ത വാഹന ഉടമകൾ ലോക് ഡൗൺ അവസാനിക്കുന്ന 3ന് ശേഷം 7 ദിവസങ്ങൾക്കകം വാഹനം പുറത്തിറക്കിയതിനുള്ള കാരണം ബോധിപ്പിക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഇളവുകൾ പ്രഖ്യാപിച്ചതിൻ്റെ അടിസ്ഥാനത്തിൽ അവശ്യഘട്ടങ്ങളിൽ ഒറ്റ അക്കങ്ങളിൽ അവസാനിക്കുന്ന നമ്പുരുകൾ ഉള്ള വാഹനങ്ങൾ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിലും ഇരട്ട അക്കങ്ങളിൽ അവസാനിക്കുന്ന നമ്പുരുകൾ ഉള്ള വാഹനങ്ങൾ ചൊവ്വാ, വ്യാഴം, ശനി ദിവസങ്ങളിലുമാണ് നിരത്തിലിറക്കാൻ അനുവാദമുള്ളത്. എന്നാൽ ഇളവുകൾ നിലവിൽ വന്ന ഇന്നലെ വാഹനങ്ങൾ നിയന്ത്രണമില്ലാതെ റോഡിൽ ഇറക്കിയതിൻ്റെ അടിസ്ഥാനത്തിൽ ആർ.ടി.ഓ പി.ആർ.സുമേഷിൻ്റെ പ്രത്യേക നിർദ്ദേശത്തിൻ്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. പരിശോധനയിൽ എം.വി.ഐമാരായ എസ്.സുബി, ഷൈജി ബിജു, എ.എം.വി.ഐമാരായ കുര്യൻ ജോൺ, ശ്യാംകുമാർ, ജയറാം എന്നിവർ പങ്കെടുത്തു.

അരൂക്കുറ്റിയിലെ ഹോമിയോയിലെ ആരോഗ്യ പ്രവർത്തകർക്കും, പൂച്ചക്കൽ പോലീസ് ഉദ്യോഗസ്ഥർക്കും, ആയുർവേദ ആസ്പത്രി ജീവനക്കാർക്കും അരൂർ ഡി എസ് എസ് മറൈൻ കമ്പിനി മാനേജിംഗ് പാർട്ട്ണറും ക്ലീൻ അരൂക്കുറ്റി ഫൗൺഡേഷൻ രക്ഷാധികാരിയുമായ ഷറഫുദ്ധീൻ ഡി എസ് എസ് കിറ്റുകൾ വിതരണം ചെയ്യുന്നു

പൊലീസുകാർക്കും ആരോഗ്യ വകുപ്പിനും സമ്മാന കിറ്റുകൾ വിതരണം ചെയ്തു

ചേർത്തല: മനുഷ്യരുടെ ജീവന് വേണ്ടിയും നാടിന് വേണ്ടിയും രാപകലില്ലാതെ കഷ്ടപ്പെടുന്ന ഏറ്റവും വലിയ വിഭാഗമാണ് ആരോഗ്യ പ്രവർത്തകരും പൊലീസ് ഇവരുടെ പ്രയത്നങ്ങളെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല.

അരൂക്കുറ്റിയിലെ ഹോമിയോയിലെ ആരോഗ്യ പ്രവർത്തകർക്കും, പൂച്ചക്കൽ പോലീസ് ഉദ്യോഗസ്ഥർക്കും, ആയുർവേദ ആസ്പത്രി ജീവനക്കാർക്കും ഇവരുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കാൻ അരൂർ ഡി എസ് എസ് മറൈൻ കമ്പിനി മാനേജിംഗ് പാർട്ട്ണറും ക്ലീൻ അരൂക്കുറ്റി ഫൗൺഡേഷൻ രക്ഷാധികാരിയുമായ ഷറഫുദ്ധീൻ ഡി എസ് എസ് കിറ്റുകൾ വിതരണം ചെയ്തു. സമ്മാനമായി കിട്ടിയ കിറ്റുകൾ നിർദ്ദനരായ വീടുകളിൽ എത്തിച്ച് കൊടുത്ത് ആരോഗ്യ വകുപ്പും പൊലീസും മാതൃകയാവുകയും ചെയ്തു. ക്ലീൻ അരൂക്കുറ്റി ചെയർമാനും ,വാർഡ് മെമ്പറുമായ ഒ കെ ബഷീർ, കോ ഓർഡിനേറ്റർ സുബൈർ പി.എം. എന്നിവർ പങ്കെടുത്തു.

കൊയ്ത നെല്ല് പാടത്ത് കെട്ടി കിടക്കുന്നു

ഇത്തിത്താനം കൃഷ്ണങ്കരി കട്ടക്കുഴി പാടശേഖരത്ത് കൊയ്ത നെല്ല് കൂട്ടിയിട്ടിരിക്കുന്നു

ചങ്ങനാശേരി: ഇത്തിത്താനം കൃഷ്ണങ്കരി കട്ടക്കുഴി പാടശേഖരത്തിലെ നെൽകർഷകർക്ക് ദുർവിധികൾ തുടരുകയാണ്. റെയിൽവേ സ്ഥാപിച്ചിരുന്ന ഫെൻസിംഗ് എന്ന തടസ്സം ജില്ല കളക്ടർ ഇടപെട്ട് നീക്കിയിരുന്നു.പിന്നീട് കൊയ്തുയന്ത്രം ലഭിക്കാത്ത സാഹചര്യം ആയിരുന്നതും പരിഹരിക്കപ്പെട്ടു.

പാടം കൊയ്ത സന്തോഷം കർഷകർക്ക് അധികം നീണ്ടു നിൽക്കാത്ത സ്ഥിതിയിലാണ്. കൊയ്ത നെല്ല് പാടത്ത് കെട്ടി കിടക്കുകയാണ്. വേനൽ മഴ പെയ്യുന്നതാണ് ഇപ്പോൾ ഭീഷണി.നൂറ് ഏക്കറോളം വരുന്ന പാടശേഖരത്തിലെ നെല്ലാണ് മില്ലുടമകൾ കാലതാമസം വരുത്തുന്നതിനാൽ കിളിർത്ത് നഷ്ടമാകാൻ പാകത്തിന് കെട്ടി കിടക്കുന്നത്. ഇനിയും മഴ പെയ്താൽ നെല്ല് നശിച്ചു പോകും.കർഷകർ പാടി ഓഫീസറുമായി ബന്ധപ്പെടുമ്പോൾ പറയുന്നത് മില്ലുടമയെ ഏർപ്പെടുത്തി എന്നാണ്. എന്നാൽ ഇതുവെരെ ആയിട്ടും മില്ലുടമകൾ എത്തിയിട്ടില്ല.കടുത്ത ആശങ്കയിലാണ് കർഷകർ.

അധികാരപെട്ടവർ ഇടപെട്ട് നെല്ല് കയറ്റുവാൻ ആവശ്യമായ നടപടികൾ ഉണ്ടാവണമെന്നതാണ് കർഷകരുടെ ആവശ്യം. അടിയന്തിരമായി പ്രശ്ന പരിഹാരം ഉണ്ടാവണമെന്ന് പഞ്ചായത്ത് മെമ്പർ ബി ആർ മഞ്ജീഷ് ആവശ്യെട്ടു.കർഷക സമിതി പ്രസിഡണ്ട് കെ ജി രാജ്മോഹൻ,നാരായണൻ നായർ, ശശികുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

ചേർത്തല തെക്ക് സർവീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന സ്വർണ്ണപ്പണയ വായ്പയുടെ വിതരണോദ്ഘാടനം മുൻ.കയർ കോർപ്പറേഷൻ ചെയർമാൻ ആർ.നാസർ ഉദ്ഘാടനം ചെയ്യുന്നു

സ്വർണ്ണപ്പണയ വായ്പ വിതരണോദ്ഘാടനം

ചേർത്തല: കോവിഡ് - 19 അതിജീവനത്തിനായുള്ള പോരട്ടത്തിൽ ചേർത്തല തെക്ക് സർവീസ് സഹകരണ ബാങ്ക് നടപ്പിലാക്കുന്ന സ്വർണ്ണപ്പണയ വായ്പയുടെ വിതരണോദ്ഘാടനം മുൻ.കയർ കോർപ്പറേഷൻ ചെയർമാൻ ആർ.നാസർ ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡൻ്റ് ജി. ദുർഗ്ഗാദാസ് ഇലഞ്ഞിയിൽ അധ്യക്ഷത വഹിച്ചു.ഡി.പ്രകാശൻ, ബി.സലിം ,കെ.പി.മോഹനൻ, വി.വിനോദ് ,ബോർഡ് അംഗങ്ങളായ കെ.രമേശൻ, ജി.രാജേശ്വരി എന്നിവർ പങ്കെടുത്തു. സെക്രട്ടറി ഡി. ബാബു നന്ദി പറഞ്ഞു.

അടക്കാനും തുറക്കാനും പറഞ്ഞ് വ്യാപാരികളെ അധിക്ഷേപിക്കരുത്:വ്യാപാരി വ്യവസായി ഏകോപന സമിതി

ആലപ്പുഴ: നാലാഴ്ചത്തെ ഇടവേളക്ക് ശേഷം ലോക്ക് ഡൗണിൽ ഇളവ് അനുവദിച്ച് പ്രഖ്യാപനമുണ്ടാവുകയും, തുറക്കാവുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് പുറത്ത് വിടുകയും ചെയ്ത സർക്കാർ അതിൻ പ്രകാരം സ്ഥാപനങ്ങൾ തുറന്ന് വെച്ചവ്യാപാരികളെ പോലീസിനെ വിട്ട് അടച്ച് പൂട്ടിച്ചതിൽ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി വി.സബിൽരാജ് ശക്തിയായ് പ്രതിഷേധിച്ചു. ഹോട്ടൽ വ്യാപാരികൾ വളരെയധികം മുന്നൊരുക്കം നടത്തിയാണ് തങ്ങളുടെ സ്ഥാപനങ്ങൾ തുറന്നത്. അതെല്ലാം അടക്കേണ്ടി വന്നതിൽ സാരമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഞങ്ങൾ സർക്കാർ പറയുന്ന കാലയളവുകൾ വരെ ഈ നാടിൻ്റെ നന്മക്ക് വേണ്ടി പട്ടിണി കിടന്നിട്ടാണെങ്കിലും ഞങ്ങളുടെ സ്ഥാപനങ്ങൾ അടച്ചിടാൻ തയ്യാറാണ്. എന്നാൽ ഇളവുകൾ പ്രഖ്യാപിച്ച് തുറപ്പിച്ച ശേഷം ബലം പ്രയോഗിച്ച് അടപ്പിച്ച് ഞങ്ങളെ അധിക്ഷേപിക്കരുത് എന്നും സബിൽ രാജ് പറഞ്ഞു.

തൈയ്ക്കാട്ടുശേരി മണ്ഡലംകോൺഗ്രസ് കമ്മറ്റിയുടെ സൗജന്യ കിറ്റു വിതരണം ജനറൽ സെക്രട്ടറി കെ.പി സുരേഷ് ബാബു നിർവ്വഹിക്കുന്നു

ഹോട്ട്സ്പോപോട്ട് ലിസ്റ്റിലെ അപാകത; അന്വേഷണം നടത്തണമെന്ന് ബിജെപി

ചെങ്ങന്നൂർ:ഹോട്ട് സ്പോട്ട് ലിസ്റ്റിലെ അപാകത അന്വേഷണം നടത്തി കുറ്റക്കാർക്ക് എതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണമെന്ന് ബിജെപി ദക്ഷിണമേഖലാ സെക്രട്ടറി ബി. കൃഷ്ണ കുമാർ ആവശ്യപ്പെട്ടു.

സംസ്ഥാന സർക്കാർ ഇന്നലെ പുറത്തിറക്കിയ ഹോസ്പോട്ട് ലിസ്റ്റിൽ ഒരിക്കലും ഒരു കോവിഡ് - 19 പോലും റിപ്പോർട്ട് ചെയ്യാത്ത ചെങ്ങന്നൂർ നഗരസഭ എങ്ങനെ ഉൾപ്പെട്ടു എന്നത് ഏറെ ആശങ്ക നിറഞ്ഞതാണ്. എന്നാൽ രോഗം റിപ്പോർട്ട് ചെയ്യ്ത മുളക്കുഴയെ ലിസ്റ്റിൽ നിന്നും ഒഴിവാകുകയും ചെയ്തു.

ഏത് മാനദണ്ഡത്തിലാണ് ചെങ്ങന്നൂർ നഗരസഭ വന്നെതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി പറയാൻ തയ്യറാകണം. ഇത്തരത്തിൽലാണ് ലിസ്റ്റ് തയ്യാറാക്കുന്നതെങ്കിൽ എങ്ങനെ ജനങ്ങളുടെ ആശങ്ക ദൂരികരിക്കാനാകും, ലിസ്റ്റ് തയ്യാറാക്കുന്നതിൽ വീഴ്ച്ച വന്നിട്ടുണ്ടങ്കിൽ അന്വേഷിച്ച് കുറ്റക്കാർക്ക് എതിരെ കർശന നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും ആവശ്യപ്പെടുന്നു.

യുവ കർഷക കൂട്ടായ്മ എസ്എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയൻ സെക്രട്ടറി കെ. കെ. മഹേശൻ പച്ചക്കറി തൈകൾ നൽകി ഉദ്ഘാടനം നിർവഹിക്കുന്നു

യുവ കർഷക കൂട്ടായ്മയ്ക്ക് രൂപം നൽകി

ചേർത്തല: നാടിന്റെ നന്മ യുവത്വങ്ങളിലൂടെ എന്ന സന്ദേശം ഉയർത്തിക്കൊണ്ട് എസ്എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയൻ യൂത്ത്മൂവ്മെൻ്റ് കമ്മിറ്റിയുടെ നേതൃത്വത്തിൽ യുവ കർഷക കൂട്ടായ്മയ്ക്ക് രൂപം നൽകി.

എസ്എൻഡിപി യോഗം കണിച്ചുകുളങ്ങര യൂണിയൻ സെക്രട്ടറി കെ. കെ. മഹേശൻ പച്ചക്കറി തൈകൾ നൽകി ഉദ്ഘാടനം നിർവഹിച്ചു. കർഷക കൂട്ടായ്മയുടെ കോർഡിനേറ്റർ സുമേഷ് തങ്കപ്പൻ ഏറ്റുവാങ്ങി.യോഗം ഡയറക്ടർ ബോർഡ് അംഗം കെ. കെ. പുരുഷോത്തമൻ, യൂത്ത് മൂവ് മെൻ്റ് പ്രസിഡൻ്റ് ടി. കെ. അനിലാൽ, സെക്രട്ടറി അജിത്ത് മുഹമ്മ, കമ്മിറ്റി അംഗങ്ങളായ പ്രസന്നൻ, ഷിബു പുതുക്കാട്, സുധി. കെ.പി. സിബി അർത്തുങ്കൽ, അജിത് സോമൻ, അജയൻ, സുനിൽ, അജീഷ് ഗംഗാധരൻ, കെ കെ ഹരിറാം തുടങ്ങിവർ പങ്കെടുത്തു. കർഷക കൂട്ടായ്മയിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർ 9744844044 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഐഡിയ പണിമുടക്കുന്നത് ഗുണഭോക്താക്കളെ വലക്കുന്നു

തലയോലപ്പറമ്പ്: ഐഡിയ കമ്പനി പണിമുടക്കുന്നത് ഗുണഭോക്താക്കളെ വലക്കുന്നു. ഇൻകമിങ് കോളുകൾ ലഭിക്കുന്നില്ലെന്ന പരാതികളാണേറെയും. ലോക്ക് ഡൗൺ കാലത്ത് ഇതുമൂലം ഏറ്റവുമധികം പ്രശ്നം നേരിടുന്നത്

മാധ്യമങ്ങളിൽ ജോലി ചെയ്യുന്നവർക്ക്. ഇതുസംബന്ധിച്ച് ഐഡിയയിൽ വിളിച്ചു പരാതിപ്പെട്ടപ്പോൾ മൂന്നു മാസം കഴിഞ്ഞേ പുതിയ വർക്കുകൾ തുടങ്ങൂ എന്ന മറുപടിയാണ് ലഭിച്ചത്. ഇതോടെ ഗുണഭോക്താക്കൾ മറ്റു കണക്ഷനുകളിലേക്ക് മാറാൻ തയ്യാറെടുക്കുകയാണ്. ഉത്തരവാദിത്തപെട്ടവരുടെ അനാസ്ഥയാണ് ഇതിനു കാരണമെന്ന് പോസ്റ്റ് പെയ്ഡ് കണക്ഷൻകാർ കുറ്റപ്പെടുത്തി.

മണ്ണഞ്ചേരിയിൽ വാർഡ്തല വിവര ശേഖരണവും മാസ്ക് വിതരണവും നടത്തും

മുഹമ്മ : കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിൻ്റെ ഭാഗമായി വാർഡ്തല വിവര ശേഖരണത്തിനൊരുങ്ങി മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്. ലോക്ക് ഡൗൺ അവസാനിക്കുമ്പോൾ വിദേശത്ത് നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവരുടെ കൃത്യമായ കണക്കുകൾ കണ്ടെത്താനും കാറൻ്റയിൻ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് പഞ്ചായത്തിലെ 23 വാർഡുകളിലും വിവര ശേഖരണം നടത്തുന്നത്.

വീടുകളിൽ ഐസൊലേഷനിൽ കഴിയാനുള്ള സൗകര്യങ്ങൾ ഉണ്ടോയെന്നും അല്ലാത്ത പക്ഷം മറ്റു സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള തയ്യാറെടുപ്പാണ് വിവര ശേഖരണമെന്നും ഇതിനായി നിശ്ചിത ഫോം തയ്യാറാക്കിയിട്ടുണ്ടെന്നും പ ഞ്ചായത്ത് പ്രസിഡൻ്റ് എം എസ് സന്തോഷ് പറഞ്ഞു.

Edited, Printed and Published by K.S.Sasikumar , Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R.Gopikrishnan (Chief Editor), C.P. Rajasekharan* (Controlling Editor,* responsible for selection of news under PRB Act), E.Rudran Warrier (Executive Editor), Vol. 3, Issue No. 117.RNI No.KERMAL/2018/76414 Printed at M/s S.T. Reddiar & Sons, Veekshanam Road, Kochi- 682035 and Published from Vaartha News Network Pvt.Ltd No. 33 / 758, Vijis Complex, Kallupalam, Iron Bridge P.O., Alappuzha - 688011. Phone - 0477 2252534, E-mail: info@metrovaartha.com

my Family

കുഞ്ഞാപ്പുവും കുട്ടി ദിനോസറും

ടോമയ്യ അപ്രത്യക്ഷനായി

ഏതെങ്കിലും തരത്തിൽ ഒരു പോംവഴി കണ്ടെത്തിയേ മതിയാവൂ എന്നു തീരുമാനിച്ചുറച്ചാണ് കുഞ്ഞാപ്പു മുറിക്കുള്ളിൽ കയറിയത്.

കട്ടിലിൽ നോക്കിയപ്പോൾ ടോമയ്യയില്ല. കട്ടിലിനടിയിലും ശൂന്യം. കുഞ്ഞാപ്പു ടോയിലറ്റിൽ നോക്കി, അവിടെയുമില്ല.

ഇതെവിടെപ്പോയി?

കുഞ്ഞാപ്പു പരിഭ്രാന്തനായി പുറത്തേക്കിറങ്ങി. വീടിനു ചുറ്റുപാടും നടന്നു. ടോമയ്യയുടെ പൊടിപോലുമില്ല.

സംഗതികൾ മണത്തറിഞ്ഞ ടോമയ്യ സ്ഥലം വിട്ടോ? പക്ഷെ എങ്ങനെ പുറത്തു കടക്കും? ആരുടേയെങ്കിലും കണ്ണിൽപ്പെടാതിരിക്കുമോ? ദൈവമേ ഇനി എന്തു ചെയ്യും?

ഈ സമയത്താണ് പൊലീസ് ജീപ്പ് വീണ്ടും വന്നത്.

രണ്ടു പൊലീസുകാർ വീടിനുള്ളിലേക്ക് വന്നു. അവർ അച്ഛനോട് എന്തൊക്കെയോ സംസാരിക്കുന്നു. പിന്നീട് മുറിക്കുള്ളിലൊക്കെ കയറി നോക്കുന്നു. എല്ലായിടവും പരതി നോക്കുന്നതു കണ്ടു. പിന്നീട് മുറ്റത്തേക്കിറങ്ങി വീണ്ടും അച്ഛനോട് എന്തോ പറഞ്ഞിട്ട് പെട്ടെന്നു തന്നെ ജീപ്പിൽ കയറി സ്ഥലം വിട്ടു.

ചേട്ടനേയും കൂട്ടി സ്റ്റേഷനിൽ ചെല്ലാൻ പറഞ്ഞുവെന്ന് അച്ഛൻ അമ്മയോടു പറയുന്നതു കേട്ടു.

സ്റ്റേഷനിലേക്ക് ചെല്ലാൻ പറഞ്ഞത് എന്തിനാണ് എന്നതിനേക്കൾ, ഈ നിർണായക നിമിഷത്തിൽ ടോമയ്യ എവിടെപ്പോയി മറഞ്ഞു നിന്നു എന്നതാണ് കുഞ്ഞാപ്പുവിന് അത്ഭുതമായി തോന്നിയത്. ഈ ദിനോസറുകൾക്ക് അങ്ങനെ വല്ല അത്ഭുത സിദ്ധി വല്ലതുമുണ്ടോ? ദുരന്തങ്ങൾ ഉണ്ടാവും മുമ്പ് മൃഗങ്ങൾക്ക് അതിന്റെ സൂചന കിട്ടുമെന്ന് അമ്മ മുമ്പ് പഞ്ഞത് ഓർമ്മ വന്നു. കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്തിനു മുമ്പ് റിച്ചാർഡ് പാർക്കർ അസ്വസ്ഥനായതും മറ്റും കുഞ്ഞാപ്പു ഓർത്തു. അതുപോലെ എന്തെങ്കിലും ദുരന്തം ഇനി വരാനിരിക്കുന്നുണ്ടോ എന്നാലോചിച്ചപ്പോൾ കുഞ്ഞാപ്പു ശരിക്കും വിരണ്ടു.

കൊറോണ പടർന്നു ലോകം മുഴുവൻ ഭീതിയിൽ ആയതിലും വലിയത് ഇനി എന്താണ് വരാനിരിക്കുന്നത്? എന്തായാലും ടോമയ്യയെ കണ്ടു പിടിച്ചേ മതിയാവൂ. എന്താണൊരു പോംവഴി ?

കുഞ്ഞാപ്പു തല പുകഞ്ഞ് ആലോചിച്ചപ്പോഴാണ് ഒരാശയം തോന്നിയത്. സംഗതി അല്പം കൈവിട്ട കളിയാണ്. എന്നാലും ഒന്നു ശ്രമിച്ചു നോക്കുന്നതിൽ തെറ്റില്ല.

പൊലീസ് നായ മണം പിടിച്ച് കണ്ടു പിടിക്കുന്നതു പോലെ ഏതൊരു നായയ്ക്കും അതിനുള്ള കഴിവ് ഉണ്ടായിരിക്കില്ലേ? അങ്ങനെയെങ്കിൽ റിച്ചാർഡ് പാർക്കറിനും മണം പിടിക്കാനുള്ള കഴിവുണ്ടായിരിക്കില്ലേ? ഇതുവരെ അതു പരീക്ഷിച്ചു നോക്കിയിട്ടില്ലല്ലോ. മുമ്പ് അവൻ കുതറി ഓടി മുറിക്കു മുന്നിൽ വന്ന രംഗം കുഞ്ഞാപ്പു ഓർത്തു. അന്ന് മുറിയിൽ കയറിയിരുന്നെങ്കിൽ ടോമയ്യയെ പുറത്തു കൊണ്ടു വന്നേനെ. ആ നിലയ്ക്ക് ഒന്നുകൂടി പരീക്ഷിക്കുന്നതിൽ തെറ്റില്ല. പക്ഷെ, വളരെ കരുതലോടെ വേണം പദ്ധതി നടപ്പാക്കാൻ.

കുഞ്ഞാപ്പു വീടിന്റെ പിന്നിൽ റിച്ചാർഡ് പാർക്കറെ കെട്ടിയിരിക്കുന്ന സ്ഥലത്തു ചെന്നു. അവൻ കണ്ണടച്ചു കിടക്കുകയാണ്. കുഞ്ഞാപ്പുവിനെ ഇടയ്ക്ക് ഒളികണ്ണിട്ടു നോക്കി. കുഞ്ഞാപ്പു തൊടലുപൂട്ടിയിരിക്കുന്നത് അഴിക്കാൻ തീരുമാനിച്ചു. അതിനിടെ നാലുപാടും നോക്കി. അമ്മ അടുക്കളയിലാണ്. അച്ഛനും മുറിയിൽ എന്തോ തപ്പുന്ന തിരക്കിലാണ്.

കുഞ്ഞാപ്പു തുടലിൽ പിടിച്ചപ്പോൾ റിച്ചാർഡ് പാർക്കർ ചാടിയെഴുന്നേറ്റു. അവൻ നാക്കു പുറത്തിട്ട് കുഞ്ഞാപ്പുവിനെ നക്കുകയും പിൻകാലിൽ ഊന്നി നിവർന്നു നിൽക്കാൻ ശ്രമവും നടത്തി.

കുഞ്ഞാപ്പു തുടൽ പൂട്ടിയിരിക്കുന്ന ഭാഗം മെല്ലെ തുറന്നു.

(നാളെ: ടോമയ്യയെ കണ്ടെത്തിയോ?)

ഇന്നലെത്തെ ചോദ്യത്തിന് ശരി ഉത്തരം ആരും അയച്ചില്ല. കഴിഞ്ഞ ദിവസങ്ങളിലെ ശരിയുത്തരം അയച്ച ഒരാളുടെ ചിത്രം ഇതോടൊപ്പം ചേർക്കുന്നു.

Asjad bin sabir
Class 1
M G M Central public school
Aakulam, Trivandrum
Address: Nishus
North side
Kazhakuttom po
Trivandrum

ഇന്നലെത്തെ ചോദ്യം ഇതായിരുന്നു: ദിനോസർ കഥയിൽ കുഞ്ഞാപ്പുവിന്റെ അച്ഛൻ പറഞ്ഞ ജപ്പാനിലെ നായക്കഥ ഹോളിവുഡിൽ ഒരു സിനിമയായിട്ടുണ്ട്. ഏതാണ് ആ സിനിമ ?

ഉത്തരം:

ഇന്നത്തെ ചോദ്യം: നായ മുഖ്യ കഥാപാത്രമാവുന്ന മലയാളത്തിലെ ഒരു നോവൽ ഏതെന്നു പറയാമോ? അതിന്റെ രചയിതാവ് ആരെന്നും പറയണം?

ഉത്തരം അയക്കേണ്ട വാട്ട്സ് ആപ് നമ്പർ: 7034041234

ഹോംം കുക്കിങ്

ബിനിത ദേവസീ

പാൽ കേക്ക്

വേണ്ടത്

ആട്ടപ്പൊടി - 1 കപ്പ്
പഞ്ചസാര - അര കപ്പ്
വെള്ളം - 1 കപ്പ്
മുട്ട - 1 എണ്ണം
നെയ്യ് - 2 ടേബിൾസ്പൂൺ
പാൽ/ പാൽപ്പൊടി - 2 ടേബിൾസ്പൂൺ
വെളിച്ചെണ്ണ - ആവശ്യത്തിന്

തയാറാക്കേണ്ടത്

ഫ്രൈ പാനിൽ അര കപ്പ് പഞ്ചസാരയും ഒരു കപ്പ് വെള്ളവും ചേർത്ത് തിളപ്പിച്ചു മാറ്റിവയ്ക്കുക. ശേഷം ഒരു പാത്രത്തിലേക്ക് ഒരു മുട്ട കൊത്തിഒഴിക്കുക, അതിലേക്ക് 2 ടേബിൾസ്പൂൺ നെയ്യും 2 ടേബിൾസ്പൂൺ പഞ്ചസാരയും ചേർത്ത് നന്നായി ഇളക്കുക, അതിലേക്ക് കുറച്ച് ഉപ്പ്, കാൽ ടീസ്പൂൺ ബേക്കിങ് സോഡ, കാൽ ടീസ്പൂൺ ഏലയ്ക്ക പൊടിച്ചതും ചേർത്ത് നന്നായി ഇളക്കുക. അതിലേക്ക് ഒരു കപ്പ് ആട്ടപ്പൊടിയും കുറച്ച് പാലും ചേർത്ത് കൈകൊണ്ട് നന്നായി കുഴയ്ക്കുക. ശേഷം ചെറിയ കഷണങ്ങളാക്കി തിളച്ച വെളിച്ചെണ്ണയിലേക്കിട്ട് വറുത്തെടുക്കുക. തേനൂറും പാൽ കേക്ക് റെഡി.

ഇവർ ഒരുക്കി കൊറോണയ്ക്കെതിരെ നൃത്തം

കൊറോണയെ ചികിത്സിച്ച് മാത്രമല്ല , വേണമെങ്കിൽ ജനങ്ങളെ ബോധവത്ക്കരിക്കാൻ നൃത്തം ചെയ്തു കൊവിഡിനെതിരെ പ്രവർത്തിക്കാൻ ഔക്കമാണന്ന് തെളിയിച്ചിരിക്കുകയാണ് ഒരു സംഘം ഡോക്റ്റർമാർ.

കൊവിഡിന് എതിരെ പൊരുതുന്ന ആരോഗ്യ പ്രവർത്തകർക്ക് പ്രതീക്ഷയേകിക്കൊണ്ടുള്ള വനിതാ ഡോക്റ്റർമാരുടെ നൃത്തം വൈറൽ. ഇടപ്പഴിഞ്ഞി എസ്കെ ഹോസ്പിറ്റലിലെ 24 വനിതാ ഡോക്റ്റർമാരാണ് ആരോഗ്യ പ്രവർത്തകർക്ക് ധൈര്യം പകരുന്നതിന്റെ ഭാഗമായി 'ലോകം മുഴുവൻ സുഖം പകരാനായി സ്നേഹദീപമേ മിഴി തുറക്കൂ' എന്ന ഗാനത്തിന്റെ നൃത്താവിഷ്കാരമാണ് നടത്തിയത്.

24 പേരും അവരവരുടെ വീടുകളിൽ വച്ച് ചിത്രീകരിച്ച ചെറു വിഡിയോകൾ എഡിറ്റ് ചെയ്ത് ഒന്നാക്കി മാറ്റുകയായിരുന്നു. 25 മുതൽ 60 വരെ പ്രായമുള്ളവരാണ് വീഡിയോയിലുള്ള ഈ ഡോക്ടർമാർ. ഇതിൽ എട്ടുപേരാണ് നൃത്തം ചെയ്തത്. ബാക്കിയുള്ളവർ വിളക്ക് തെളിച്ചും ഈ ശ്രമത്തിന്റ ഭാഗമായത്.

അനസ്തെറ്റിസ്റ്റും നർത്തകിയുമായ ഡോ.ശരണ്യയാണ് നൃത്തസംവിധാനം നിർവഹിച്ചത്. ഇവിടുത്തെ തന്നെ മറ്റൊരു ഡോക്ടറായ കുക്കുവാണ് ഇത്തരമൊരു ആശയം മുന്നോട്ടുവച്ചത്. കൊവിഡിന്റെ ഭീതിയൊഴിഞ്ഞ് ആരോഗ്യകരമായ ലോകം എത്രയും വേഗം സാധ്യമാവട്ടെ എന്ന് പ്രതീക്ഷ നൽകുകയും ആരോഗ്യ പ്രവർത്തകർക്ക് പ്രചോദനമേകുകയുമായിരുന്നു ലക്ഷ്യം.

സഹപാഠികളുടെയും സുഹൃത്തുക്കളുടെയും ഗ്രൂപ്പുകളിൽ പങ്കുവെച്ചാണ് ഇത് പുറം ലോകത്തേക്ക് എത്തിയത്. ഇതികനിടെ ചിലർ വാട്സാപ്പിലൂടെ സംഗതി വൈറലാക്കി.

ഇതോടെ വാർത്തിലെ താരങ്ങളുമായിരിക്കുകയാണ് ഇവർ.

Entertainment

മനീഷയുടെ ഓർമകൾ

ലോക്ക്ഡൗൺ നാലാഴ്ച പിന്നിടുകാണ്. ഓരോരുത്തർക്കും വിത്യസ്തങ്ങളായ അനുഭവങ്ങളാണ് ലോക്ക്ഡൗൺ കാലത്ത് പറയാനുള്ളത്. അത്തരത്തിൽ ലോക്ക്ഡൗൺ കാലം തന്നെ ഓർമിപ്പിക്കുന്നത് ക്യാൻസർ ചികിത്സയ്ക്കായി അടച്ചിട്ട നാളുകളാണെന്ന് പറയുകയാണ് ബോളിവുഡ് താരം മനീഷ കൊയ്രാള. ന്യൂയോർക്കിലെ ചികിത്സാ കാലത്തെ കുറിച്ചാണ് മനീഷ പറയുന്നത്.

'ന്യൂയോർക്കിലെ ട്രീറ്റ്മെന്റിനിടെ ആറ് മാസത്തോളം അപ്പാർട്ട്മെന്റിൽ അച്ചിട്ട അവസ്ഥയായിരുന്നു. ഈ സമയത്തേക്കാൾ ആയിരം മടങ്ങ് മോശമായിരുന്നു അന്നെനിക്ക്. ഇപ്പോൾ രണ്ടു മാസത്തേക്ക് ലോക്ക്ഡൗൺ ആണെങ്കിലും എല്ലാ നിർദേശങ്ങളും പാലിച്ചാൽ കാര്യങ്ങൾ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവരും ബോറടിച്ച് പിരിമുറുക്കത്തിലായിരിക്കും എന്നറിയാം. എങ്കിലും മുൻകാല അനുഭവങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊള്ളണമെന്ന് കരുതുന്നു'- മനീഷ കൊയ്രാള പറയുന്നു.

ആരോഗ്യ വിദഗ്ധരും സർക്കാരും നൽകുന്ന നിർദേശങ്ങൾ താൻ പിന്തുടരുകയാണെന്നും മനീഷ കൊയ്രാള പറഞ്ഞു. മാതാപിതാക്കളായ പ്രകാശ്, സുഷമ എന്നിവരോടൊപ്പം മുംബൈയിലാണ് മനീഷ ഇപ്പോൾ താമസിക്കുന്നത്. 2012ലായിരുന്നു മനീഷ കൊയ്രാളക്ക് ക്യാൻസർ ബാധിച്ചത്.

തൈമൂറിന്റെ പെയിന്റിങ്ങ്

ലോക്ഡൗൺ കാലത്ത് സെയ്ഫ് അലിഖാന്റെയും മകൻ തൈമൂറിന്റെയും കഴിവുകൾ പങ്കുവക്കുകയാണ് കരീന കപൂർ. ബാൽക്കണിയിൽ പൂക്കൾ വരക്കുന്ന സെയ്ഫിന്റെയും ഒപ്പം പെയിന്റടിക്കുന്ന കുഞ്ഞു തൈമൂറിന്റെയും ചിത്രങ്ങളാണ് സോഷ്യൽ മീഡിയയിൽ ആരാധകരുടെ ഹൃദയം കവരുന്നത്.

നിങ്ങളുടെ ക്രിയേറ്റിവിറ്റിയെ തടയുന്ന ഒരു മതിലുണ്ടെങ്കിൽ... അതിൽ പെയ്ന്റ് ചെയ്ത് പരീക്ഷിക്കാം. ക്വാറന്റൈൻ ഡയറീസ്, വീട്ടിലെ പിക്കാസോ എന്നാണ് തൈമൂറിന്റെ ചിത്രത്തിന് കരീന കുറിച്ചിരിക്കുന്നത്.

പൂക്കൾ കിട്ടിയെന്ന് പറഞ്ഞപ്പോൾ എന്റെ മനസിൽ മറ്റു പലതുമായിരുന്നു. ക്വാറന്റൈൻ സമ്മാനങ്ങൾ ഇങ്ങനെയായിരിക്കും എന്നാണ് സെയ്ഫിന്റെ ചിത്രം പങ്കുവച്ച് കരീന കുറിച്ചത്.

അച്ഛനേക്കാൾ നന്നായി കുഞ്ഞു തൈമൂർ വരക്കുന്നുണ്ടെന്നാണ് മറ്റുമാണ് ആരാധകരുടെ കമന്റുകൾ വരുന്നത്.

വിവാഹിതരായി

Ashish Jacob
S/o Mrs. Lucy Joy &
Late Joy Jacob
Chammanattu House
Irinjalakkuda

Cinta Varghese
D/o Mrs. Cicy Varghese &
Mr. C S Varghese (Zonal Manager, Metrovaartha Daily)
Caliankara House,
Irinjalakkuda

ഇരിഞ്ഞാലക്കുട സെൻറ് തോമസ് കത്തീഡ്രലിൽ വച്ച് 2020 ഏപ്രിൽ 18 ന് വിവാഹിതരായി